Vol. 9 വാല്യം – 9

Issue-4 ലക്കം – 4

# ക്ഷാത്രസ്പന്ദനം

## KSHATRA SPANDANAM

### ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

### TRIMONTHLY NEWS MAGAZINE OF KSHATRIYA KSHEMA SABHA

October 2023 ഒക്ടോബർ 2023

1199 Thulam 1199 തുലാം

ഐശ്വര്യത്തിന്റെയും
പ്രത്യാശയുടെയും
പുതു ദീപനാളങ്ങൾ തെളിയട്ടെ





VIJAY
TOURS & TRAVELS
CHENNITHALA
8281244594
9656382918
vijaykumarvarmar@gmail.com
YouTube gopus kitchen vlog
North Indian & South Indian Tour Packages
Tour Outside India
Our Features
High Tech A/c Bus | Twin Sharing Accommodation
Guide | Escort | Catering Unit (South Indian Food)
Insurance
Booking started for
VARANASI & NEPAL
which will be on March 2024
We take responsibility from ticket booking till end

Kshatraspandanam
News Magazine of Kshatriya Kshema Sabha
October 2023
M.E.1199 Thulam
Volume 9 Issue 4

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ഒക്ടോബർ 2023
കൊ.വ.1199 തുലാം
വാല്യം 9 ലക്കം 4

"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)

# വിഷയവിവരം

**REACT** ........................................................ 04
**പത്രാധിപക്കുറിപ്പ്** ........................................................ 08
**കേന്ദ്രസഭാ വാർത്തകൾ** .................................... 09
**പ്രൊഫ. (ഡോ.) സി.കെ. രാമവർമ്മ** ...................... 13
ഡോ. ആർ.പി. രാജ, ഇന്ദിര അനിയൻ, ആർ. രാമവർമ്മ
**കേരള ക്ഷത്രിയ ക്ഷേമസഭയുടെ തുടക്കവും വളർച്ചയും** 17
**പരമ്പര: മുൻകാല സാരഥികൾ – 7, ആർ. രാമവർമ്മ**
**യൂണിറ്റുകൾ – 7, കുറ്റിലഞ്ഞി ക്ഷേമസഭ** .................. 21
**പഴമയും മാറ്റവും** ........................................ 25
ഡോ. സി.കെ. കൃഷ്ണദാസ്
**ഗീതോപദേശം – മായ** ........................................ 31
കെ.സി. രാമവർമ്മ രാജ, വലിയരാജ, നീലേശ്വരം
**ബ്രഹ്മകമലം** ........................................................ 33
ഗായത്രി വർമ്മ
**നാസ്തികൻ** ........................................................ 36
ഡോ. കെ.സി.എം. രാജ
**തൃപ്പൂണിത്തുറ വലിയ ഉത്സവം ചില പ്രത്യേകതകൾ** .... 42
അനുജൻ എസ്.
**ധന്യമീ യാത്ര (കവിത)** ........................................ 44
കെ.എൽ. ശ്രീകൃഷ്ണദാസ്
**Abraham Lincoln** ........................................ 45
ഡോ. ആർ.പി. രാജ
**അത്തംനാൾ ഭവാനിത്തമ്പുരാട്ടി** ........................... 46
(സമ്പാ: ഡോ. ആർ.പി. രാജ)
**അങ്ങാടിപ്പുറം ശ്രീ തിരുമാന്ധാംകുന്ന് ഭഗവതി** .......... 47
ഇ. രാമവർമ്മരാജ
**കാന്താരതാരകം (കവിത)** .................................... 48
ടി.എൻ. ആദിത്യവർമ്മ
**ബൃഹദേശ്വരം മുതൽ ജംബുകേശ്വരം വരെ** ............. 49
ഡോ. കെ.സി. മനോരമ തമ്പുരാട്ടി
**ഭൂമിയുടെ അവകാശികൾ (കവിത)** ........................... 56
കെ.സി. ഗിരീഷ്കുമാർ
**വിഷാദഗീതം** ........................................................ 57
ധനഞ്ജയ വർമ്മ
**ഒരു സൗന്ദര്യ ചിന്ത** ........................................ 72
ഡോ. ശിവപ്രസാദ്
**അല്പം ഐതിഹ്യം** ........................................ 72
മധുകുമാർ വർമ്മ
**യാത്ര** ........................................................ 76
ശ്രീദേവി വിജയൻ
**സ്നേഹത്തിന്റെ അടയാളം** .................................... 75
യു. അപർണ്ണ മുള്ളത്ത്
**ഒരു ഭൂട്ടാൻ യാത്ര** ........................................ 78
പ്രൊഫ. ആർ. രാമരാജ വർമ്മ
**കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം** .................. 81
വേലൂർ പരമേശ്വരൻ നമ്പൂതിരി
**പടവുകൾ (കവിത)** ........................................ 82
ജ്യോതി വർമ്മ എൽ.ആർ.
**പഞ്ചാബ് – ഹിമാചൽ (യാത്രകൾ – 19)** ..................... 83
കെ. ഹരികൃഷ്ണവർമ്മ
**ഗോകുല ബാലലീല** ........................................ 86
രാജേന്ദ്ര വർമ്മ
**ജ്വാല – മഹാജ്വാല (കവിത)** ................................ 87
ലളിത കെ. വർമ്മ
**SREEKRISHNA BALALEELA - 5** .................. 88
Dr. Kumuda Bai
**അവിരാമം (കവിത)** ........................................ 89
കുമാരി വർമ്മ
**റായ്പ്പൂരിലെ സൂര്യതേജസ്** .................................... 90
രമേഷ്ചന്ദ്ര വർമ്മ ആർ./ ഡോ. ഗായത്രി വർമ്മ ആർ.
**പുസ്തകജാലകം** ........................................ 92
ആർ. മനോജ് വർമ്മ
**ബാലവേദി/വളരുന്ന പ്രതിഭകൾ** ........................... 96
**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** .................. 107
**ചരമം** ........................................................ 118
**വൈവാഹികം** ........................................................ 121

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർമാർ :* കെ.എൽ. ശ്രീകൃഷ്ണദാസ്, പി.ജി. ശശികുമാർ വർമ്മ
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി: റ്റി. എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ :* പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

മുഖചിത്രം: പുരാവസ്തു സംരക്ഷണത്തിലേക്ക് ഒരു ചുവടുവയ്പ്പ് - ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരം
നർത്തകിമാർ: മീനാക്ഷി വർമ്മ (എറണാകുളം), ശിശിര വർമ്മ (പന്തളം), കാഞ്ചന വർമ്മ (പന്തളം)

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008-ൽ പ്രവർത്തനമാരംഭിച്ച REACT (ക്ഷത്രിയ ക്ഷേമസഭയുടെ സർവീസ് വിങ്) ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ബന്ധുജനങ്ങൾക്കും സ്നേഹിതർക്കും അഭ്യുദയകാംക്ഷികൾക്കും ഇതിന്റെ പ്രാധാന്യം മനസ്സിലാകുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ് REACT ന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. വിഷമതകൾ അനുഭവിക്കുന്നവരെ സഹായിക്കുന്നത് നമ്മുടെ ധർമ്മമാണ്... കടമയാണ് എന്നു വേണം നാം എപ്പോഴും ഓർമ്മിക്കേണ്ടത്.

താമസിക്കാൻ സ്വന്തമായൊരിടം എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുവാനും സ്വയം തൊഴിൽ കണ്ടെത്താനും വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാനും രോഗചികിത്സയ്ക്കും സഹായമാകാൻ REACT നു കഴിയുന്നു എന്നത് ആശ്വാസകരമാണ്.

2023 ജൂലായ് മുതൽ ഒക്ടോബർ വരെ REACT നു ലഭിച്ച സംഭാവനകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## DONATIONS RECEIVED DURING JULY - OCTOBER 2023

| Sl. No. | Name of the Donor | Amount (Rs.) |
|---|---|---|
| 1 | Well Wishers | 5,11,000.00 |
| 2 | Jayakumar P R, Varandarappilly | 1,40,000.00 |
| 3 | Sara Chandy, Tvpm | 1,00,000.00 |
| 4 | R Sasikumar Varma, Tvpm | 60,000.00 |
| 5 | R Prem Kumar Varma, Kilimanoor Palace | 50,000.00 |
| 6 | Suma Varma, Tvpm | 40,000.00 |
| 7 | Cdr. (Retd.) Kishen Chandar Varma, Kochi | 40,000.00 |
| 8 | Valsala Ravi Varma Raja, Thiruvananthapuram | 30,000.00 |
| 9 | Santhosh Kumar V K, Alappuzha | 30,000.00 |
| 10 | Ramesh Puthiya Kovilakam, Tvpm | 25,001.00 |
| 11 | Sanjay Varma, Tripunithura | 25,000.00 |
| 12 | Dr. Sudheeran, Thrissur | 25,000.00 |
| 13 | P.C. Sanath Kumar, Thrissur | 25,000.00 |
| 14 | K.L. Sreekrishna Das, Tvpm | 15,000.00 |
| 15 | Kshatriya Kshema Sabha, Thiruvalla | 15,000.00 |
| 16 | K.A. Thampuran, Tvpm | 12,000.00 |
| 17 | K.K. Asokan | 10,000.00 |
| 18 | M. Sreekumar, Kowdiar, Tvpm | 10,000.00 |
| 19 | Sachin Varma V K, Thrissur | 10,000.00 |
| 20 | Dr. Shakunthala Ravi Varma, Thrissur | 10,000.00 |

| | | |
|---|---|---|
| 21 | G. Pradeep Varma, Kozhikode | 10,000.00 |
| 22 | Rajendra Varma Thampuran A.R., Thiruvalla | 10,000.00 |
| 23 | Sanjay Varma, Thiruvalla | 10,000.00 |
| 24 | Kshatriya Kshema Sabha, Pandalam | 10,000.00 |
| 25 | Vijayan Dhananjayan, Chennai | 5,000.00 |
| 26 | Radhakrishnan Nair K.G. | 5,000.00 |
| 27 | Kerala Varma Raja | 5,000.00 |
| 28 | Sreedevi R. Varma, Keezhvaipur | 4,000.00 |
| 29 | R. Krishna Kumar, Chalakudy | 2,500.00 |
| 30 | Ram Kumar Varma, Chalakudy | 2,000.00 |
| 31 | Ravi Varma Thampuran, Pandalam | 1,500.00 |
| 32 | Ramanathan Thampuran, Chalakudy | 1,000.00 |
| 33 | Santha Prathapan Thampuran, Chalakudy | 1,000.00 |
| 34 | Balakrishna Raja, Chalakudy | 600.00 |
| 35 | Goda Varma P.C., Chalakudy | 500.00 |
| 36 | Jayasree Asokan, Chalakudy | 500.00 |
| 37 | Mukunda Varma K., Chalakudy | 500.00 |
| 38 | Balarama Varma, Chalakudy | 500.00 |
| 39 | Navami Suthev, Chalakudy | 500.00 |
| 40 | Mukundan Kizhakke Madam, Chalakudy | 500.00 |
| 41 | Dr. Murali Kizhakke Madam, Chalakudy | 500.00 |
| 42 | Murari Kizhakke Madam, Chalakudy | 500.00 |
| 43 | Ravi Varma Kizhakke Madam, Chalakudy | 500.00 |
| 44 | Muthulakshmy, Chalakudy | 500.00 |
| 45 | Bindu Sudarsan, Chalakudy | 400.00 |
| 46 | Girija Mukundan, Chalakudy | 250.00 |
| 47 | Rama Varma (Dhananjayan), Chalakudy | 250.00 |
| 48 | Sreedevi Suresh, Chalakudy | 250.00 |
| 49 | Ravi Varma (Krishnan), Chalakudy | 200.00 |
| 50 | Nandakumar Varma, Chalakudy | 200.00 |
| 51 | Indira R. Varma, Chalakudy | 200.00 |
| 52 | Raja Varma Kottarathil, Chalakudy | 150.00 |
| 53 | Sreelekha Varma, Chalakudy | 100.00 |
| 54 | Ajith Kumar, Chalakudy | 100.00 |
| | **Total** | **12,57,701.00** |

**(Rupees Twelve Lakh Fifty Seven Thousand Seven Hundred and One only)**

## FINANCIAL ASSISITANCE DURING JULY - OCTOBER 2023

| Sl. No. | Payments | Amount (Rs.) |
|---|---|---|
| 1 | Recurring Monthly payments (Medical, Educational) | 84,000.00 |
| 2 | House Construction at Kanjikode, Palakkad | 7,00,000.00 |
| 2 | Medical aid, Education, Self Employment | 5,57,530.00 |
| | **Total** | **13,41,530.00** |

(Rupees Thirteen Lakh Forty One Thousand Five Hundred and Thirty only)

ഇതുവരെ (18-07-2008 മുതൽ 31-10-2023 വരെ) ₹ 1,69,44,962/- (ഒരു കോടി അറുപത്തി ഒൻപത് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി തൊള്ളായിരത്തി അറുപത്തി രണ്ടു രൂപ) വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**എല്ലാവർക്കും REACT ന്റെ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

A/c No: 40052210014950

IFS Code CNRB 0014005

Canara Bank, Fort Branch, Thiruvananthapuram - 695023

### അറിയിപ്പ്

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് പേജ് 7, 12 കാണുക)*




ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ ഒക്ടോബർ 29 ന് നടന്ന സംസ്ഥാന കമ്മറ്റിയിൽ വച്ച് സംസ്ഥാന പ്രസിഡന്റ് ഡോ.എം. ലളിതാംബിക റിയാക്ടിലേക്ക് 1,00,000/- (ഒരു ലക്ഷം രൂപ) സംഭാവന നൽകി. ചെക്ക് ഏറ്റുവാങ്ങുന്നത് റിയാക്ട് സെക്രട്ടറി പി.കെ. രഘു വർമ്മ.

# റിയാക്ടിന്... സ്നേഹപൂർവ്വം



തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയിലെ മുതിർന്ന അംഗവും കൊച്ചി രാജകുടുംബാംഗവുമായ കൊച്ചുണ്ണിയപ്പൻ തമ്പുരാൻ (ബംഗ്ലാവ് അമ്മവീട്, പുന്നയ്ക്കൽ റോഡ്, കോട്ടയ്ക്കകം, തിരുവനന്തപുരം) റിയാക്ടിലേയ്ക്ക് സംഭാവനയായി നൽകിയ പതിനായിരം രൂപയുടെ ചെക്ക് തിരുവനന്തപുരം സഭാ പ്രസിഡന്റ് കെ. രാഘവവർമ്മയെ ഏൽപ്പിക്കുന്നു.



ക്ഷത്രിയ ക്ഷേമസഭയുടെ തിരുവനന്തപുരം യൂണിറ്റ് മുൻ അധ്യക്ഷനും ക്ഷാത്രസ്പന്ദനം എഡിറ്റോറിയൽ അഡ്വൈസറും പ്രശസ്ത കവിയും എഴുത്തുകാരനുമായ കെ.എൽ. ശ്രീകൃഷ്ണദാസ് റിയാക്ടിലേക്ക് നൽകിയ 15,000 രൂപയുടെ ചെക്ക് റിയാക്ട് സെക്രട്ടറി പി. കെ. രഘു വർമ്മയ്ക്ക് കൈമാറുന്നു.



ക്ഷത്രിയ ക്ഷേമ സഭ ദക്ഷിണമേഖലാ സെക്രട്ടറി സഞ്ജയ് വർമ്മ റിയാക്ടിലേക്ക് നൽകിയ 10,000 രൂപയുടെ ചെക്ക് റിയാക്ട് പ്രസിഡന്റ് ഡോ. ലളിതാംബിക ഏറ്റു വാങ്ങുന്നു.



## പത്രാധിപക്കുറിപ്പ്



# ഇൻഡ്യയുടെ G20 പ്രസിഡൻസി

G20 എന്നാൽ 'A group of 20' എന്നാണ് വിവക്ഷ. 1997–'98 ലെ സാമ്പത്തിക മാന്ദ്യതയ്ക്കു ശേഷം ലോക രാഷ്ട്രങ്ങളെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളെ മനസ്സിലാക്കാനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താനുമുള്ള ഒരു സഹകരണമായിരുന്നു G20. 'A group of 20' എന്നു പറഞ്ഞാലും അംഗരാജ്യ സംഖ്യ കൃത്യം 20 ആക്കി നിർത്തണമെന്ന് നിർബന്ധമില്ല. ചെറിയ വ്യത്യാസങ്ങൾ അനുവദനീയമാണ്. ഉദാ: ഇപ്പോൾ അംഗരാജ്യങ്ങളുടെ സംഖ്യ 21 ആണ്. അർജന്റീന, ആസ്ത്രേലിയ, ബ്രസീൽ, കാനഡ, ചൈന, ഫ്രാൻസ്, ജർമ്മനി, ഇൻഡ്യ, ഇൻഡോനേഷ്യ, ഇറ്റലി, ജപ്പാൻ, മെക്സിക്കോ, സൗത്ത് കൊറിയ, റഷ്യ, സൗദി അറേബ്യ, സൗത്ത് ആഫ്രിക്ക, ടർക്കി, യു.കെ., യു. എസ്സ്, ആഫ്രിക്കൻ യൂണിയൻ, യൂറോപ്യൻ യൂണിയൻ എന്നിവയാണ് ഈ രാജ്യങ്ങൾ.

സിംഗപ്പൂരും സ്പെയിനും എല്ലാ G20 മീറ്റിംഗുകളിലും സ്ഥിരം ക്ഷണിതാക്കളാണ്. കൂടാതെ ആതിഥേയ രാജ്യത്തിന്റെ തീരുമാനമനുസരിച്ച് മറ്റു ക്ഷണിതാക്കളുമുണ്ടാകാം. ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങൾ ഈ കൊല്ലത്തെ മീറ്റിംഗിൽ ക്ഷണിതാക്കളായിരുന്നു.

2023 സെപ്റ്റംബർ 8, 9 തീയതികളിൽ ഇൻഡ്യയുടെ തലസ്ഥാനമായ ഡൽഹിയിലെ പേരുകേട്ട പ്രഗതി മൈദാനിൽ പടുത്തുയർത്തിയ മനോഹരമായ ഭാരത് മണ്ഡപ് ആയിരുന്നു ഈ ഉച്ചകോടി സമ്മേളനത്തിന്റെ വേദി. ഈ സമ്മേളനത്തിന്റെ തീം 'വസുധൈവ കുടുംബകം' (One earth, One family, One future) എന്നതായിരുന്നു. എല്ലാ രാജ്യങ്ങൾക്കും ഒരുപോലെ ഇഷ്ടപ്പെട്ട തീം.

എല്ലാ രാജ്യങ്ങളുടെയും പ്രസിഡൻസി കാലാവധി ഒരു കൊല്ലമാണ്. അതായത് അംഗരാജ്യങ്ങൾക്കെല്ലാം 'പ്രസിഡൻസി' ചുമതല എപ്പോഴെങ്കിലും ഏറ്റെടുക്കേണ്ടിവരും. ഇൻഡോനേഷ്യയാണ് ഇൻഡ്യയ്ക്ക് പ്രസിഡൻസി കൈമാറിയത്. ഇൻഡ്യ ഈ ഉത്തരവാദിത്തം കൈമാറുന്നത് ബ്രസീലിനും (Ist December 2023 ൽ). ഇൻഡ്യ ഈ അദ്ധ്യക്ഷ സ്ഥാനത്തിന് തുടക്കം മുതലേ വലിയ പ്രാധാന്യം കൊടുത്തിരുന്നു. ഇതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ:

1. അന്താരാഷ്ട്ര സാമ്പത്തിക സ്ഥിരത കൈവരിക്കുക.

2. കാലാവസ്ഥാ വ്യതിയാനത്തെ ആവുന്നത്ര ചെറുക്കുക.

3. സുസ്ഥിര വികസനത്തിനു കളമൊരുക്കുക.

4. ഒരു രാജ്യത്തിനു മാത്രം ചെയ്യാൻ സാധിക്കാത്ത ക്രിപ്റ്റോ കറൻസി എന്ന പണമിടപാടിന് ഇന്റർനാഷണൽ മോണിറ്ററി ഫണ്ടുമായി ചേർന്ന് ഒരു അടിത്തറയൊരുക്കുക.

5. ചൈന-പാക് ഇടനാഴിക്കു ബദലായി ഇൻഡ്യ-മദ്ധ്യേഷ്യ-യൂറോപ്പ് സാമ്പത്തിക ഇടനാഴി (IMEC); അതായത് റെയിൽ-കപ്പൽ മാർഗ്ഗം വഴി ഈ രാജ്യങ്ങളെ ബന്ധിപ്പിക്കുക. ഇതിന് അമേരിക്ക, ഇൻഡ്യ, സൗദി അറേബ്യ, യൂറോപ്യൻ യൂണിയൻ, ഫ്രാൻസ് എന്നീ രാജ്യങ്ങൾ ചേർന്ന് ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുക.

6. ഇതിനെല്ലാമുപരിയായി ഏറിയ നയതന്ത്ര പ്രാധാന്യമുള്ള യുക്രെയിൻ-റഷ്യ പ്രശ്നം അവധാനതയോടെ കൈകാര്യം ചെയ്യുക.

*ശേഷം പേജ് 20 ൽ*

# കേന്ദ്ര സഭാ വാർത്തകൾ



## സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ...

എല്ലാ ക്ഷത്രിയ കുടുംബാംഗങ്ങൾക്കും സ്നേഹംനിറഞ്ഞ നവരാത്രി ആശംസകൾ നേരുന്നു. ഈ വിജയദശമിക്ക് വിദ്യാരംഭം കുറിക്കുന്ന കുരുന്നുകൾക്ക് വിദ്യാദേവതയായ സരസ്വതി ദേവിയുടെ അനുഗ്രഹം ഉണ്ടാകുവാനായി പ്രാർത്ഥിക്കുന്നു.

ഇക്കഴിഞ്ഞ മൂന്നു മാസം സഭയ്ക്ക് നന്നായി പ്രവർത്തിക്കുവാനായി എന്നുള്ളത് സന്തോഷമേകുന്ന ഒന്നാണ്. വരും നാളുകളിൽ കൂടുതൽ ചെയ്യുവാനാവട്ടെ എന്നാഗ്രഹിക്കുന്നു.

**1. യൂണിറ്റുകളുടെ വാർഷികം/ ഓണാഘോഷം**

നിരവധി യൂണിറ്റുകളുടെ വാർഷിക പൊതുയോഗങ്ങളും ഓണാഘോഷം തുടങ്ങി വിവിധങ്ങളായ ഒത്തു ചേരലുകൾ നടന്ന ഒരു സമയമാണിത്. മിക്കവാറും എല്ലാ യൂണിറ്റുകളിലും കേന്ദ്ര ഭാരവാഹികൾക്ക് എത്തിച്ചേരാനായി എന്നുള്ളത് ചാരിതാർത്ഥ്യം നൽക്കുന്നതാണ്. ഒത്തു ചേരലുകളും, ഗൃഹസന്ദർശനങ്ങളും സഭയുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നവയാണ്.

**2. മഹാറാണി സേതു പാർവതിബായി സ്കോളർഷിപ്പ്**

2022 അദ്ധ്യയന വർഷം വിവിധ കോളേജുകളിൽ വിദ്യാഭ്യാസത്തിനു ചേർന്നവർക്കും വിദ്യാഭ്യാസം തുടരുന്നവർക്കുമായുള്ള സ്കോളർഷിപ്പ് വിതരണം ചെയ്തു. 2023 ലേക്കുള്ള അപേക്ഷകൾ നൽകുവാനുള്ള അറിയിപ്പ് ഉടൻ ലഭിക്കുന്നതാണ്.

**3. സരസിജ തമ്പുരാൻ മെമ്മോറിയൽ സ്കോളർഷിപ്പ്.**

ഇക്കൊല്ലം പുതുതായാരംഭിച്ച, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ ഏറ്റവും മികച്ച റാങ്ക് ലഭിച്ച വിദ്യാർത്ഥിക്കായുള്ള സ്കോളർഷിപ്പ് തിരുവനന്തപുരത്തു വച്ച് ഡോ: ആശാലത തമ്പുരാൻ നൽകി.

**4. പുതിയ യൂണിറ്റ്**

പാലക്കാട്ട് കുറച്ചു വർഷങ്ങൾക്കുമുൻപ് നിലച്ചുപോയ യൂണിറ്റ് നവംബർ മാസത്തിൽ പുനരാരംഭിയ്ക്കുന്നതാണ്.

**5. യൂത്ത് ഫോറം**

വിവിധങ്ങളായ നല്ല പരിപാടികൾ യൂത്ത് ഫോറം നടത്തി. അംഗങ്ങളുടെ ഒരു ഒത്തു ചേരൽ നവംബർ മാസം നടത്താൻ പദ്ധതിയുണ്ട്. നേരിൽ കണ്ട് പരിചയപ്പെട്ടാൽ മാത്രമേ ഉദ്ദേശിക്കുന്ന രീതിയിൽ പ്രവർത്തിക്കാനാവൂ.

**6. ക്ഷാത്രസ്പന്ദനം**

നമ്മുടെ ത്രൈമാസിക 'ക്ഷാത്രസ്പന്ദനം' കെട്ടിലും മട്ടിലും നല്ല മാറ്റങ്ങൾ വന്നു എന്ന് അംഗങ്ങൾ അറിയിക്കുമ്പോൾ തികച്ചും സന്തോഷം. ടീം 'ക്ഷാത്രസ്പന്ദന'ത്തിന് അനുമോദനങ്ങൾ.

**7. റിയാക്ട്**

റിയാക്ടിന്റെ സഹായഹസ്തം ആവശ്യമുള്ളവരിലേക്ക് കൃത്യമായി എത്തിച്ചേരുന്നുണ്ട്. കൃത്യമായി പരിശോധിച്ച് സുതാര്യതയോടെയാണ് എല്ലാ സഹായങ്ങളും നൽകി വരുന്നത്. പാലക്കാട് കഞ്ചിക്കോട്ട് പണിതു വരുന്ന ഭവനം നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. ടീം റിയാക്ടിന് എല്ലാവിധ ആശംസകളും നേരുന്നു.

യൂണിറ്റുകളുടെ പ്രവർത്തനങ്ങളിൽ സഹകരിക്കാനും അംഗങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിയ്ക്കുവാനും കേന്ദ്ര ഭാരവാഹികൾ എപ്പോഴും ഉണ്ടാവും എന്നറിയിക്കുന്നു.

# ക്ഷത്രിയക്ഷേമസഭ സംസ്ഥാന കമ്മറ്റി യോഗം-റിപ്പോർട്ട്

**തീയതി : 29/10/2023 സമയം : രാവിലെ 10 മണി സ്ഥലം : ചെമ്പ്രോൽ കൊട്ടാരം ഹരിപ്പാട്**

സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ യോഗം ആരംഭിയ്ക്കുന്നതായി അറിയിച്ചു. പ്രാർത്ഥനാഗീതത്തോടെ യോഗനടപടികൾ ആരംഭിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് കൃഷ്ണകുമാരി സ്വാഗതം ആശംസിച്ചു.

ചെമ്പ്രോൽ കൊട്ടാരത്തിലെ വലിയ തമ്പുരാട്ടി മാലതിത്തമ്പുരാട്ടി നിലവിളക്ക് കൊളുത്തി യോഗം ഔപചാരികമായി ഉൽഘാടനം ചെയ്തു. തുടർന്ന് ഹ്രസ്വവും, ഹൃദയത്തിൽ തട്ടുന്നതുമായ വാക്കുകളാണ് അവിടുന്ന് ലഭിച്ചത്. മഹത്തായ പാരമ്പര്യമുള്ള ചെമ്പ്രോൽ കൊട്ടാര സമുച്ചയത്തിൽ ഇപ്പോൾ ആരും താമസമില്ല; കേടുപാടുകൾ വന്നുതുടങ്ങി എന്നും അതിനാൽ ക്ഷത്രിയ കുടുംബാംഗങ്ങൾക്കും മറ്റു സമാന ചിന്താഗതിയുള്ളവർക്കും ഉപകാരപ്രദമായ രീതിയിൽ കൊട്ടാരത്തിന്റെ പേരും പെരുമയും ചിരകാലം നിലനില്ക്കുവാനുമായി ക്ഷത്രിയ ക്ഷേമസഭ മുൻകൈയെടുത്ത് അത് സംരക്ഷിച്ച് മുമ്പോട്ടു കൊണ്ടുപോകാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും അതിനായി എല്ലാ ആശംസകളും അനുഗ്രഹങ്ങളും നേരുകയും ചെയ്തു. ക്ഷത്രിയ ക്ഷേമസഭയുടെ ചിരകാല ആഗ്രഹം നിറവേറ്റപ്പെടുന്ന ഒരവസരമായി ഇതിനെ വിലയിരുത്താം.

സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ സംക്ഷിപ്തമായ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കാനെത്തി. ക്ഷത്രിയ ക്ഷേമസഭയിൽ വിശ്വാസമർപ്പിച്ച വലിയതമ്പുരാട്ടിയ്ക്ക് നന്ദിയും കടപ്പാടും രേഖപ്പെടുത്തി. കമ്മറ്റിയംഗങ്ങളുടെ അഭിപ്രായം അറിയിക്കണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു.

സഭാംഗങ്ങൾക്കും സാധാരണക്കാരായ ബഹുജനങ്ങൾക്കും ഉപകാരപ്രദമായ പദ്ധതികൾ ചെയ്യുന്നതായും, സ്നേഹസന്ദേശയാത്രയിലൂടെയും പൊതുയോഗങ്ങളിൽ പങ്കെടുക്കാനായും സഭാനേതൃത്വം മിക്കവാറും എല്ലായൂണിറ്റുകളും സന്ദർശിച്ചു എന്നറിയിച്ചു.

അതിനു ശേഷം, സംസ്ഥാന പ്രസിഡന്റ് ഡോ: ലളിതാംബിക ഉപക്രമപ്രസംഗം നടത്തി. വലിയ തമ്പുരാട്ടിയ്ക്ക് അവരുടെ വലിയ മനസ്സിന് നന്ദിയും നമസ്ക്കാരവും നൽകി. മേഖലാതലത്തിലും യൂണിറ്റ് തലത്തിലുമുള്ള ഭാരവാഹികൾ യൂണിറ്റ് വിഷയങ്ങൾക്ക് പുറമേ നേരത്തേ അറിയിച്ചതനുസരിച്ച് താഴെ പറയുന്ന വിഷയങ്ങൾ കൂടി ഉൾപ്പെടുത്തണമെന്ന് ഓർമ്മിപ്പിച്ചു.

1. സഭയ്ക്ക് ഒരു ആസ്ഥാന മന്ദിരം/ മന്ദിരത്തിൽ ചെയ്യേണ്ട പ്രവൃത്തി മേഖല, അതിനുള്ള ഫണ്ട് രൂപീകരണം.

2. പാലക്കാട് യൂണിറ്റിന്റെ പുനർ രൂപീകരണം/ ഉൽഘാടന തീയതി നിശ്ചയിക്കൽ





3. സഭയിലെ യുവാക്കളുടെ ഊർജ്ജസ്വലമായ പങ്കുചേരൽ

4. ക്ഷാത്ര സ്പന്ദനം

5. റിയാക്ട്

പിന്നീട്, സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ 2023 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ വരവുചിലവു കണക്കും ബാക്കി പത്രവും അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്കു ശേഷം അംഗങ്ങൾ കൈയ്യടിച്ച് പാസ്സാക്കി.

തുടർന്ന് പി.കെ. രഘുവർമ്മ റിയാക്ടിന്റെ നടത്തിപ്പിനെക്കുറിച്ച് ഒരു ലഘു വിവരണം നൽകി. വേദിയിൽ വച്ച് ഡോ. ലളിതാംബിക റിയാക്ടിലേക്ക് ഒരു ലക്ഷം രൂപാ സംഭാവന നൽകി.

അതിനുശേഷം റിപ്പോർട്ട് അവതരണത്തിനും ചർച്ചകൾക്കുമായി വേദി തുറന്നു.

വടക്കൻ മേഖലാ സെക്രട്ടറി വി. സി. കൃഷ്ണവർമ്മ രാജായും മദ്ധ്യ മേഖലാ സെക്രട്ടറി ശങ്കർ വർമ്മയും അതത് മേഖലകളിൽ നടന്നു വരുന്ന പ്രവൃത്തികളെ സംബന്ധിച്ചും മറ്റു വിഷയങ്ങളെക്കുറിച്ചും വിശദീകരിച്ചു.

തുടർന്ന് എല്ലാ യൂണിറ്റുകളിലേയും ഭാരവാഹികൾ അവരവരുടെ യൂണിറ്റുകളിലെ പ്രവർത്തന റിപ്പോർട്ട് വായിക്കുകയും മേൽ സൂചിപ്പിച്ച വിഷയങ്ങളിന്മേലുള്ള അഭിപ്രായങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. വളരെ ഫലപ്രദമായ ചർച്ചയാണ് നടന്നത്.

യുവാക്കളുടെ പ്രതിനിധിയായി ഡോ. ആദർശ് വർമ്മ വിശദമായി സംസാരിച്ചു. വെർചൽ മീറ്റിംഗ് അല്ലാതെ ഒത്തു ചേർന്നുള്ള മീറ്റിംഗുകളുടെ ഗുണഗണത്തെക്കുറിച്ച് എടുത്തുപറഞ്ഞു. തിരുവല്ല യൂണിറ്റിൽ നിന്നും ഹൃഷികേശ് വർമ്മയും, അഡ്വ. ഉമാവർമ്മയും അവരുടെ അഭിപ്രായങ്ങൾ പറഞ്ഞു. പിന്നീട് നടന്ന വിശദമായ ചർച്ചകൾക്കുശേഷം എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. ആസ്ഥാന മന്ദിരം/ അവിടെ ചെയ്യേണ്ട പ്രവൃത്തി മേഖല

ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരം എന്ന പൈതൃക സമ്പത്ത് ക്ഷത്രിയ ക്ഷേമ ഏറ്റെടുത്ത് ഏറ്റവും നല്ലരീതിയിൽ സംരക്ഷിച്ച്, വരുമാനം നേടാവുന്ന മാർഗ്ഗം പഠിച്ച് ഏറ്റവും വേഗത്തിൽ പ്രവർത്തനം തുടങ്ങണമെന്നും അതിനായി ഒരു കോർ കമ്മറ്റി രൂപീകരിക്കണമെന്നും തീരുമാനിച്ചു. അതിന്റെ സമ്മത സൂചകമായി ചെമ്പ്രോൽ കൊട്ടാരം വലിയ തമ്പുരാട്ടിയെ ഭാരവാഹികൾ ചേർന്ന് പൊന്നാട അണിയിച്ച് ആദരിച്ചു.

2. പാലക്കാട് യൂണിറ്റ് ഡിസംബർ ആദ്യ പാദത്തിനു മുൻപ് ഔപചാരികമായി പുനരാരംഭിക്കണമെന്നും, പാലക്കാട് യൂണിറ്റ് അഡ്ഹോക്ക് കമ്മറ്റി തീയതി നിശ്ചയിച്ച് 15 ദിവസത്തിനുള്ളിൽ അറിയിക്കണമെന്നും തീരുമാനിച്ചു.

ക്ഷത്രിയ കുടുംബാംഗങ്ങൾ ഇനിയും സഭയുടെ ഏതെങ്കിലും യൂണിറ്റുകളിൽ അംഗങ്ങളായിട്ടില്ലെങ്കിൽ അവരെ ചേർക്കുവാനുള്ള പരിശ്രമം തുടരണമെന്നും തീരുമാനിച്ചു.

3. യുവാക്കളുടെ ഊർജ്ജസ്വലമായ പങ്കുചേരൽ

യുവാക്കളുടെ ഒരു മീറ്റിംഗ് നടത്താൻ തീരുമാനിച്ചു. യൂണിറ്റുകളിൽ കമ്മറ്റിയെ തിരഞ്ഞെടുക്കുമ്പോൾ അതിൽ നിശ്ചയമായും യുവാക്കളേയും ഉൾപ്പെടുത്തണമെന്നും നിശ്ചയിച്ചു.

4. ക്ഷാത്രസ്പന്ദനം

ത്രൈമാസികയുടെ കെട്ടിലും മട്ടിലും വന്ന നല്ല മാറ്റങ്ങളെ എല്ലാവരും പ്രകീർത്തിക്കുകയും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവരെ പ്രശംസിക്കുകയും ചെയ്തു.

5. റിയാക്ട്.

റിയാക്ടിന്റെ വളരെ സുതാര്യവും കൃത്യവുമായുള്ള സേവന പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാവരും നല്ല വാക്കുകളോടെ അഭിനന്ദിക്കുകയും ചെയ്തു.

6. സംസ്ഥാന വാർഷിക യോഗം

സംസ്ഥാന വാർഷിക യോഗം ഭംഗിയായ രീതിയിൽ നടത്തുവാൻ തീരുമാനിക്കുകയും, തീയതിയും സ്ഥലവും രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനിച്ച് എല്ലാവരേയും അറിയിക്കണമെന്നും നിശ്ചയിച്ചു.

സംസ്ഥാന കമ്മറ്റി യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും തിരുവല്ല യൂണിറ്റ് സെക്രട്ടറി ജയകുമാർ വർമ്മ കൃതജ്ഞത രേഖപ്പെടുത്തി.

ഉച്ചക്ക് 1.40 ന് മീറ്റിംഗ് അവസാനിച്ചു. മീറ്റിംഗിനു ശേഷം സ്വാദിഷ്ഠമായ ഉച്ചഭക്ഷണവും നടന്നു.

വിനയപൂർവ്വം,

**മധുകുമാർ വർമ്മ**

ജന. സെക്രട്ടറി

# റിയാക്ട് ധനസഹായം



മുച്ചാടൻ സൈക്കിളിൽ ഭാഗ്യക്കുറി ടിക്കറ്റ് വിറ്റ് ഉപജീവനം കഴിച്ചു വന്നിരുന്ന ഡി. പ്രഭാകരൻ, മുക്കോല, തിരുവനന്തപുരം എന്നയാളിന് അപക ടത്തെതുടർന്ന് രണ്ടു കാലുകൾക്കും ക്ഷതം നേരി ടുകയും സൈക്കിളിന് കേടുപാടുകൾ സംഭവിക്കു കയും ചെയ്തു. ചികിത്സയ്ക്കും സൈക്കിൾ നന്നാക്കുന്നതിനുമായി റിയാക്ട് അനുവദിച്ച ധന സഹായം സെക്രട്ടറി പി.കെ. രഘുവർമ്മ കൈമാ റുന്നു.




തിരുവനന്തപുരം കൊടുങ്ങാനൂർ വാടകയ്ക്ക് താമസിക്കുന്ന നിത്യകല്യാണി എന്ന വിധവയുടെ 7 വയസ്സുള്ള മകൾ മഹാലക്ഷ്മിക്ക് ഹൃദയ സംബന്ധമായ ചികിത്സയ്ക്കായി ധനസഹായ ത്തിനുള്ള ചെക്ക് ട്രഷറർ കെ.എൻ. രാമവർമ്മ കൈമാറുന്നു.



കുട്ടികളുടെ വിദ്യാഭ്യാസം, രോഗചികിത്സ, നിത്യവൃത്തി എല്ലാംകൂടി സാമ്പത്തിക പ്രതിസ ന്ധിയിലാക്കിയ തിരുവനന്തപുരം നിവാസിയായ സുകുമാരിക്ക് റിയാക്ട് അനുവദിച്ച ധനസഹായം തിരുവനന്തപുരം യൂണിറ്റിലെ മുതിർന്ന അംഗമായ എൻ.കെ. കേരളവർമ്മ രാജാ സ്വഭവനത്തിൽ വച്ച് കൈമാറി.

# പ്രൊഫ. (ഡോ.) സി.കെ. രാമവർമ്മ
## 100–ാം ജന്മവാർഷികം–ഒരനുസ്മരണം

ഹരിപ്പാട്ട് ചെമ്പ്രോൽ കൊട്ടാരത്തിൽ അംബ തമ്പുരാട്ടിയുടെയും പട്ടാമ്പി അണ്ടലാടി മനയിൽ ദിവാകരൻ നമ്പൂതിരിപ്പാടിന്റെയും മകനായി 1923 ജൂൺ 21 ന് ഭൂജാതനായി. അമ്മയുടെ ഏറ്റവും ഇളയ മകനായിരുന്ന അദ്ദേഹത്തിന് നാലു സഹോദരന്മാരും ഒരു സഹോദരിയുമാണ് ഉണ്ടായിരുന്നത്. ദുഃഖകരമെന്നു പറയട്ടെ, രാമവർമ്മയ്ക്ക് അഞ്ചു വയസ്സുള്ളപ്പോൾ അമ്മ ദിവംഗതയായി. പക്ഷെ സ്നേഹത്തിനൊരു കുറവും വരുത്താതെ എല്ലാവരുടെയും അരുമയായി ആ ബാലൻ കൊട്ടാരക്കെട്ടിൽ വളർന്നു. 'രാമഭദ്രൻ' എന്നായിരുന്നു വിളിപ്പേര്.



*ഡോ. ആർ. രാമവർമ്മയും പത്നി ഓമന തമ്പുരാനും*

അദ്ദേഹവുമായി അടുപ്പമുണ്ടായിരുന്ന മൂന്നു വ്യക്തികൾ അവരുടെ ഓർമ്മകൾ ഇവിടെ പങ്കുവയ്ക്കുന്നു:

### രാമഭദ്രൻ ചിറ്റപ്പൻ

**ഡോ. ആർ.പി. രാജ**
തിരുവനന്തപുരം

ചെമ്പ്രോൽ കൊട്ടാരത്തിൽ സി.കെ. രാമവർമ്മ, എന്റെ അച്ഛൻ സി.കെ. കേരളവർമ്മയുടെ ഏറ്റവും ഇളയ അനുജനാണ്. കുടുംബവൃത്തങ്ങളിൽ, 'രാമഭദ്രൻ' എന്നാണ് അറിയപ്പെട്ടിരുന്നത്. ഞാൻ 'രാമഭദ്രൻ ചിറ്റപ്പൻ' എന്നാണ് വിളിച്ചിരുന്നത്.

ചിറ്റപ്പനെക്കുറിച്ചുള്ള എന്റെ ആദ്യത്തെ ഓർമ്മകൾ അച്ഛനും, അമ്മയും, വല്യച്ഛനും (പൂഞ്ഞാറ്റിൽ കാഞ്ഞിരമറ്റം കൊട്ടാരത്തിൽ അവിട്ടം നാൾ പി. ആർ. രാമവർമ്മ രാജാ–വലിയ രാജാവായി പിൽക്കാലത്ത് 'ആലക്കോട്ട് രാജാവ്' എന്നും പ്രസിദ്ധനായി), ഭവാനി വല്യമ്മയും (എന്റെ അമ്മയുടെ തൊട്ടു മുകളിലത്തെ ജ്യേഷ്ഠത്തി), അമ്മൂമ്മയും (തിരുവാതിര തിരുനാൾ ഭാഗീരഥി അമ്മ തമ്പുരാൻ – കിളിമാനൂർ രാജാ രവിവർമ്മയുടെ രണ്ടാമത്തെ മകൾ – മഹാറാണി സേതു പാർവ്വതി ഭായിയുടെ മാതാവ്) അപ്പൂപ്പനും (തിരുവല്ല പാലിയേക്കര കിഴക്കെ കൊട്ടാരത്തിൽ തിരുവോണം തിരുനാൾ കേരളവർമ്മ 'ഭഗവാൻ' കോയിത്തമ്പുരാൻ), വല്യമ്മയുടെ മകൾ 'അമ്പിളി' എന്നിവരോടൊപ്പം നന്തൻകോട് കൊട്ടാരത്തിൽ (ഇപ്പോഴത്തെ 'തിരുവിതാകൂർ ദേവസ്വം ബോർഡ് ഓഫീസ്') താമസിക്കുമ്പോഴാണ്. അക്കാലത്ത് ചിറ്റപ്പൻ യൂണിവേഴ്സിറ്റി കോളേജിൽ പഠിക്കുകയായിരുന്നു. (താമസിച്ചിരുന്നത് 'തിരുവല്ലാ മൂടത്തു മഠത്തിൽ' ആയിരുന്നു എന്ന് പിൽക്കാലത്ത് അറിഞ്ഞിട്ടുണ്ട്. അക്കാലത്ത് അവിടെ വേറെ രണ്ടു തമ്പുരാക്കന്മാരും ഒരു തിരുമുൽപ്പാടും ഉണ്ടായിരുന്നു. ആ തിരുമുൽപ്പാട് ഇംഗ്ലീഷ് ഭാഷയിൽ അഗാധ പണ്ഡിതനും, അതിമനോഹരമായി ആംഗ്ലേയ ഭാഷയിൽ ഗദ്യരചനകൾ സൃഷ്ടിക്കുകയും ചെയ്യുമായിരുന്നുവെന്ന് ചിറ്റപ്പൻ പറയുകയുണ്ടായി. ചിറ്റപ്പന്റെ 'ഓർമ്മശക്തി' അതിശയകരമായിരുന്നതിനാൽ, തിരുമുൽപ്പാട് എഴുതിയ ലേഖനങ്ങളുടെയോ ഉപന്യാസങ്ങളുടെയോ പല വരികളും ചിറ്റപ്പൻ കാണാതെ പറയുമായിരുന്നു. ഇതെല്ലാം വളരെക്കാലം കഴിഞ്ഞ് അറിഞ്ഞിട്ടുള്ളതാണ്. ഓർത്തപ്പോൾ, മറക്കാതിരിക്കാൻ ഇവിടെ കുറിച്ചുവെന്നേയുള്ളൂ). നന്തൻകോട്ട് പാർത്തിരുന്നത് 1946–കൾക്കു മുൻപാണെന്നേ ഓർക്കുന്നുള്ളൂ. അക്കാലത്ത് വല്ലപ്പോഴുമൊക്കെ ചിറ്റപ്പൻ അച്ഛനെ കാണാൻ വരുമായിരുന്നു. ഞാൻ ചിറ്റപ്പന്റെ അടുക്കൽ പോവുകയോ, സംസാരിക്കുകയോ ഒന്നും പതിവില്ലായിരുന്നു. കാരണം ഞാൻ

വല്ല കളികളിലും ഏർപ്പെട്ടിരുന്ന സമയത്തായിരിക്കും ചിറ്റപ്പൻ വന്നിരുന്നത്. കോളേജ് ഫീസ് വാങ്ങാനും, മറ്റ് ചിലവുകൾക്കായി പണം വാങ്ങുവാനുമായിരുന്നു വരുന്നത്. അച്ഛനും ചിറ്റപ്പനും ഒരുപാട് സംസാരിച്ചിരിക്കാറില്ലായിരുന്നു. കുറച്ചു കുശലം പറയും, പിന്നെ ചിറ്റപ്പൻ പോകും, അത്ര തന്നെ.

അത്യദ്ഭുതമെന്നു പറയട്ടെ, അതി ബുദ്ധിമാനും പരിശ്രമിയും ആയിരുന്ന രാമഭദ്രൻ ചിറ്റപ്പൻ പരീക്ഷയ്ക്ക് അത്ര ശോഭിക്കാൻ പറ്റിയില്ല. അത് ചിറ്റപ്പനെ വല്ലാതെ വിഷമിപ്പിക്കുകയും, ദുഃഖിപ്പിക്കുകയും ചെയ്തു. പിന്നീടുള്ള പരീക്ഷയ്ക്കുള്ള പഠിത്തം ഒരു 'വൈരാഗ്യ'ത്തോടു കൂടി ആയിരുന്നു. ചെമ്പ്രോൽ കൊട്ടാരത്തിലെ 'തെക്കേപ്പുര' ആയിരുന്നു പഠനമുറി. പലപ്പോഴും പഠനത്തിൽ മുഴുകിയിരിക്കുമ്പോൾ, ആഹാരം സമയത്ത് കഴിക്കാൻ പോലും പോകാറില്ലായിരുന്നു. ആ സമയങ്ങളിൽ, സ്നേഹനിധിയായിരുന്ന ജ്യേഷ്ഠത്തി- ശ്രീമതി ചിറ്റമ്മ- വരാൻ വിളിക്കുകയോ ശാസിക്കുകയോ ഒന്നും ചെയ്യാതെ, കൊച്ചനുജന് ആഹാരം തെക്കേപ്പുരയിൽ കൊണ്ടു കൊടുക്കുമായിരുന്നു. ചില അവസരങ്ങളിൽ വാരിക്കൊടുത്തിട്ടുണ്ടെന്നു വരെ ഈ ലേഖകനോട് ചിറ്റമ്മ തന്നെ പറഞ്ഞിട്ടുണ്ട്. ഏതായാലും ഇന്റർമീഡിയേറ്റ് പരീക്ഷ വളരെ പ്രശസ്തമായിത്തന്നെ ജയിച്ചു. ബി.എ. പഠനവും തിരുവനന്തപുരത്ത് തന്നെ ആയിരുന്നു. 'ഫിസിക്സ്' (ഊർജ്ജതന്ത്രം) ആയിരുന്നു വലിയ ഇഷ്ടമുള്ള വിഷയം. ആ വിഷയത്തിൽ ഉപരിപഠനം നടത്താൻ തീരുമാനിച്ച് അപേക്ഷകൾ അയയ്ച്ചു. 'ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി'യിൽ അഡ്മിഷൻ ലഭിച്ചു. അങ്ങനെ എം.എസ്സ്.സിക്ക് ബനാറസിലേക്ക് പോയി.

1944 നവംബർ. അച്ഛൻ ചങ്ങനാശ്ശേരിയിൽ തഹസീൽദാർ. എനിക്ക് 11 വയസ്സ്. ഞാൻ ചങ്ങനാശ്ശേരി എൻ.എസ്.എസ്. സ്കൂളിൽ തേർഡ് ഫോമിൽ പഠിക്കുന്നു. ആ മാസം തുടങ്ങി അൽപ്പ ദിവസം കഴിഞ്ഞപ്പോൾ എനിക്ക് കലശലായ മഞ്ഞപ്പിത്തം പിടിപെട്ടു അവിടെ വീട്ടിൽ അരിവയ്പ്പിന് ഒരു പോറ്റിയും ഒരു വേലക്കാരനും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകാരണം അച്ഛന് ഒരു മനസ്സമാധാനവുമില്ലായിരുന്നു. അപ്പോഴാണ് അത് സംഭവിച്ചത്...

അച്ഛനും സഹോദരന്മാർക്കുമായി ഏക സഹോദരിയാണുണ്ടായിരുന്നത്. അശ്വതിനാൾ ശ്രീമതി തമ്പുരാട്ടി. പരമ സാത്വികയും സ്നേഹസമ്പന്നയും സൗമ്യയും വിദുഷിയും കവയിത്രിയും ആയിരുന്നു. വിവാഹം കഴിച്ചിരുന്നത് പൂഞ്ഞാർ കൊട്ടാരത്തിൽ അശ്വതി നാൾ ഗോദവർമ്മ രാജാ (കുട്ടനമ്മാവൻ) ആയിരുന്നു. അദ്ദേഹവും സൗമ്യനും സാത്വികനും ആയിരുന്നു. അദ്ദേഹം ട്രാവൻകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിൽ ഇൻസ്പെക്ടർ ആയിരുന്നു. തിരുവനന്തപുരത്ത് ദേവസ്വം ബോർഡിനടുത്ത് പൂഞ്ഞാർ ഹൗസിൽ ആയിരുന്നു താമസം. കൂടെ ഹരിപ്പാട്ടുനിന്നും 'പപ്പു' എന്നൊരു വേലക്കാരനും മാത്രം. പെട്ടെന്ന് ഒരുദിവസം കുട്ടനമ്മാവന് 'അതിസാരം' ബാധിച്ചു. മൂന്നാംദിവസം ദിവംഗതനായി.

അതൊരു ആഘാതമായിരുന്നു, ശ്രീമതി ചിറ്റമ്മയ്ക്കു മാത്രമല്ല അച്ഛനും. ശ്രീമതി ചിറ്റമ്മ ഹരിപ്പാട്ടും ഞാൻ ചങ്ങനാശ്ശേരിയിലും. അച്ഛൻ എന്തു ചെയ്യും? മുട്ടാറ്റിൽ ആറു പറ സ്കറിയ ഹരിപ്പാട്ടെ പാട്ടക്കാരനാണ്. അവരുടെ ചുരുളൻ വള്ളം നല്ല വേഗതയുള്ള വള്ളമാണ്. അവരുടെ ഒരു വള്ളക്കാരൻ, 'പദ്മനാഭൻ' ഒന്നാന്തരം ഊന്നുകാരനും. വള്ളം വരുത്തി, എന്തും വരട്ടെ എന്ന് വിചാരിച്ച് അച്ഛൻ ഉടൻ ഹരിപ്പാട്ടേക്ക് തിരിച്ചു. അവിടെ ചിറ്റമ്മ ചേതനയറ്റ് കിടക്കുകയായിരുന്നു. ഡോക്ടർ ഇടിച്ചാണ്ടിയെ ഏൽപ്പിച്ചിട്ട് അച്ഛൻ തിരിച്ചു. പരീക്ഷയെല്ലാം കഴിഞ്ഞ് രാമഭദ്രൻ ചിറ്റപ്പനും അവിടെ ഉണ്ടായിരുന്നു. ചിറ്റപ്പനേയും കൂട്ടിക്കൊണ്ടാണ് അച്ഛൻ ചങ്ങനാശ്ശേരിയിലേക്ക് വന്നത്. ഒന്നിരാടം ദിവസം അച്ഛൻ വള്ളത്തിൽ ഹരിപ്പാട്ടേക്ക് പോകും. എന്റെ സംരക്ഷണത്തിനായിട്ടാണ് ചിറ്റപ്പൻ ചങ്ങനാശ്ശേരിയിൽ വന്നത്. അക്കാലത്താണ് ഞാൻ ഏറ്റവും കൂടുതൽ സമയം ചിറ്റപ്പനോടൊപ്പം ചിലവഴിച്ചിട്ടുള്ളത്.

എനിക്ക് സമയാസമയങ്ങളിൽ ആഹാരവും മരുന്നുകളും തന്നിരുന്നതും ചിറ്റപ്പനായിരുന്നു. ചിറ്റപ്പൻ ഹിന്ദിപാട്ടുകൾ നന്നായി പാടും. കൂടെക്കൂടെ പാടും. ഞാനും അക്കാലത്ത് ഹിന്ദിപാട്ടുകൾ കുറേശ്ശെ പാടുമായിരുന്നു. "ധീരെ, ധീരെ ആരെ ബാദലു ധീരെ" എന്നൊക്കെയുള്ള പാട്ടുകൾ ചിറ്റപ്പൻ പഠിപ്പിച്ചു തന്നതാണ്. എന്നാൽ ഏറ്റവും കൂടുതൽ ഓർക്കുന്നത് ഒരു പ്രത്യേക പാട്ടിനെയാണ്. അത് ഒരു ബംഗാളി പാട്ടാണ്. പാടിയിരിക്കുന്നത് കെ.എൽ. സൈഗാളിന്റെ ശബ്ദരൂപത്തിൽ പാടു

മായിരുന്ന സി.എച്ച്. ആത്മ ആയിരുന്നുവെന്നാണ് ഓർമ്മ. "നായി ബ ഗുമാലെ പ്രിയോ രെജനിയെ ഗോമു" എന്നും മറ്റുമായിരുന്നു വരികൾ എന്നു തോന്നുന്നു. ആ പാട്ട് എനിക്ക് വളരെ ഇഷ്ടമായി. അത് കുറച്ച് നീണ്ട പാട്ടാണ്. അതുകൊണ്ട് അതിന്റെ 'റെക്കോർഡ്' (അന്നൊക്കെ ഗ്രാമഫോണിൽ പ്ലേ ചെയ്യുന്ന റെക്കോർഡുകളാണ്) കിട്ടുമോ എന്ന് ഞാൻ ചിറ്റപ്പനോട് ചോദിച്ചു. ചിറ്റപ്പന്റെ മറുപടി ഇങ്ങനെയായിരുന്നു: "ഓ, അതു വേണ്ട. സി. എച്ച്. ആത്മ ഇതുപോലെ തന്നെയാണ് പാടിയിരിക്കുന്നത്." അവിടെ 11 വയസ്സുള്ള എന്റെ ആവശ്യവും തീർന്നു. പിൽക്കാലത്ത് ഈ സംഭവം ആലോചിക്കുമ്പോൾ, സി.എച്ച്. ആത്മ ചിറ്റപ്പൻ പാടുന്നതു കേട്ടിട്ടാണോ അതുപോലെ പാടിയത് എന്നൊരു കുസൃതിച്ചോദ്യം ചോദിക്കാൻ തോന്നിയിട്ടുണ്ട്, ചോദിച്ചില്ല, ചോദിക്കയുമില്ല.


ദർഭംഗയിൽ, സി.എം. കോളേജിൽ ഫിസിക്സ് പ്രൊഫസറായാണ് ചിറ്റപ്പൻ ജോലി ചെയ്തിരുന്നത്. പിന്നീട് തൃപ്പൂണിത്തുറയിൽ സ്ഥിരതാമസമായി.

നമുക്ക് സാത്വികന്മാരും സംസ്കാര സമ്പന്നന്മാരും പണ്ഡിതന്മാരും അതേസമയം യാഥാസ്ഥിതിക സാഹചര്യങ്ങളിൽ വളർന്നു വന്നതിന്റെ ശിക്ഷണവും ഒക്കെ ഉണ്ടായിരുന്ന ഒരു തലമുറയുണ്ടായിരുന്നു. അതൊരു സംസ്കാരം. അവരിൽപ്പെട്ട ഒരാളായിരുന്നു എന്റെ എത്രയും പ്രിയപ്പെട്ട രാമഭദ്രൻ ചിറ്റപ്പൻ.

## കുടുംബജീവിതവും ഔദ്യോഗിക ജീവിതവും

### ഇന്ദിര അനിയൻ
തൃപ്പൂണിത്തുറ

അച്ഛൻ, ഞങ്ങളുടെ പ്രിയപ്പെട്ട 'ബാബുജി' ഞങ്ങളെ വിട്ടുപോയിട്ട് ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞു. ഞങ്ങളുടെ കുട്ടിക്കാലവും ചെറുപ്പകാലവും ബീഹാറിൽ ദർഭംഗ എന്ന സ്ഥലത്തായിരുന്നു. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ 'മാസ്റ്റേഴ്സ്' കഴിഞ്ഞതിനുശേഷം അച്ഛൻ ബീഹാറിൽ ദർഭംഗയിലെ ചന്ദ്രധാരി മിഥിലാ സയൻസ് കോളേജിൽ (സി.എം. കോളേജ്) അദ്ധ്യാപകനായി ജോലി ഏറ്റെടുത്തു. അമ്മ ഓമന തമ്പുരാൻ, ദർഭംഗയിൽ തന്നെയുള്ള മറ്റൊരു കോളേജിൽ (എം.ആർ.എൻ മഹിളാ കോളേജ്) ബോട്ടണി പ്രൊഫസറായി ജോലി നോക്കിയിരുന്നു. ഞങ്ങൾ രണ്ടു കുട്ടികൾ ഇന്ദിര, വിവേക്.



*പുത്രി ഇന്ദിര, പുത്രൻ വിവേക്, മരുമകൻ അനിയൻ രാമവർമ്മ, മരുമകൾ സുനിത, പേരക്കിടാങ്ങൾ*

സി.എം. കോളേജിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന കാലം തന്നെ അദ്ദേഹം ലണ്ടനിലെ റോയൽ ഹാലോവേ കോളേജിൽ ഗവേഷണ വിദ്യാർത്ഥിയായി ചേർന്നു. ഡോ. സാമുവൽ ടൊളൻസ്കി ആയിരുന്നു അദ്ദേഹത്തിന്റെ 'റിസർച്ച് ഗൈഡ്'. 'ഓപ്ടിക്സ്' എന്ന ശാസ്ത്രശാഖയിലായിരുന്നു അദ്ദേഹത്തിന്റെ പിഎച്ച്.ഡി പ്രബന്ധം. ഭൂമിയിൽ വജ്രമുണ്ടാകുന്നതിന്റെ 'മെക്കാനിസ'ത്തെപ്പറ്റി അദ്ദേഹം വളരെ ആഴത്തിൽ പഠിച്ചു. "Deformation twinning in diamonds and the identification of the twinning plate" എന്ന ലേഖനം "Scripta Metallurgica" എന്ന അമേരിക്കൻ ജേർണലിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഡയമണ്ടിന്റെ crystal growth, crystal morphology, crystal deformation, crystal twinning എന്നിവയെപ്പറ്റിയൊക്കെ ആധികാരികമായ പല നിഗമനങ്ങളിലും അദ്ദേഹം എത്തിച്ചേർന്നിരുന്നു. ആ കാലത്ത് സർ ഫ്രെഡറിക് ചാൾസ് ഫ്രാങ്ക് എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ ഡോ. വർമ്മയുടെ നിഗമനങ്ങളോട് പൂർണ്ണമായി യോജിച്ചിരുന്നില്ല. ആരുടെ നിഗമനങ്ങളാണ് പിന്നീട് ശാസ്ത്രസമൂഹം അംഗീകരിച്ചത് എന്ന് ഇപ്പോൾ വ്യക്തമല്ല. ശാസ്ത്രത്തിന്റെ ഗതി എപ്പോഴും ഇങ്ങനെയാണ്.

അദ്ദേഹം ലണ്ടനിൽ നിന്നു തിരിച്ചുവന്ന് സി. എം. കോളേജിൽ അദ്ധ്യാപകനായി തുടർന്നു. ഫിസിക്സ് ഡിപ്പാർട്ടുമെന്റിന്റെയും കോളേജിന്റെയും യശസ്സ് ഉയർത്തി. നല്ല അദ്ധ്യാപകരുണ്ടാകുമ്പോഴാണല്ലോ ആ കോളേജിന് പ്രശസ്തി വരിക.

1974-ൽ ജപ്പാനിലെ 'കിയോട്ടോ' സർവ്വകലാശാലയിൽ നടന്ന "Material Science Conference" ൽ അദ്ദേഹം പങ്കെടുക്കുകയുണ്ടായി.

സി.എം. കോളേജിൽ നിന്നു വിരമിച്ചശേഷം ഏഴുവർഷത്തോളം ഗുജറാത്തിലെ സർദാർ പട്ടേൽ യൂണിവേഴ്സിറ്റിയിൽ വിസിറ്റിങ് പ്രൊഫസറായും ജോലിനോക്കി. അതിനുശേഷം ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിച്ച് തൃപ്പൂണിത്തുറയിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

## ഡോ. സി.കെ. രാമവർമ്മ- ബഹിരാകാശ ശാസ്ത്ര പഠനങ്ങൾ

**ആർ. രാമവർമ്മ**
തിരുവനന്തപുരം

അദ്ദേഹം ഇംഗ്ലണ്ടിൽ ഗവേഷണത്തിനും മറ്റുമായി ഉണ്ടായിരുന്ന സമയത്ത് അമേരിക്കയുടെ ശൂന്യാകാശ ഗവേഷണ സ്ഥാപനമായ നാസയുമായി സമ്പർക്കം പുലർത്താൻ ഇടയായി. അമേരിക്കയുടെ ചാന്ദ്ര പര്യവേഷണത്തിൽ ആകൃഷ്ടനായ അദ്ദേഹം അതിന്റെ വിശദാംശങ്ങൾ കൂടുതൽ പഠിക്കുകയും ചന്ദ്രനിൽ നിന്നും അമേരിക്ക ശേഖരിച്ച പദാർത്ഥങ്ങളിൽ ചിലത് കൂടുതൽ വിശകലനം ചെയ്യാൻ ശ്രമിക്കുകയും ആ ഫലങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഇപ്രകാരമുള്ള പരീക്ഷണ നിരീക്ഷണ സാമർത്ഥ്യവും, ബുദ്ധിശക്തിയുമെല്ലാം വളരെയേറെ പ്രകീർത്തിക്കപ്പെടേണ്ട ഒന്നാണ്.

ഇന്ത്യയുടെ ചാന്ദ്ര പര്യവേഷണ വാഹനമായ ആയ ചന്ദ്രയാൻ-രണ്ട് ദൗത്യത്തിൽ ചന്ദ്രനിലേക്ക് ഇറങ്ങിയ പേടകത്തിന് അവസാന നിമിഷം സംഭവിച്ച പിഴവിനെപ്പറ്റി അദ്ദേഹം കണ്ടെത്തിയ ചില നിഗമനങ്ങൾ ഐ.എസ്.ആർ.ഒ. ഔട്ട്സ്റ്റാൻഡിങ്ങ് സയന്റിസ്റ്റും തിരുവനന്തപുരം വിക്രം സാരാഭായി സെന്ററിന്റെ ഡെപ്യൂട്ടി ഡയറക്ടറും ആയിരുന്ന ആർ. രാമവർമ്മയും ആയി വിശദമായി ചർച്ചചെയ്യുകയും, കണ്ടെത്തിയ നിഗമനങ്ങൾ ബന്ധപ്പെട്ട അധികാരികൾക്ക് ആർ. രാമവർമ്മ മുഖാന്തിരം എത്തിച്ചു കൊടുക്കുകയും ചെയ്തു.

ആ സമയത്ത് അദ്ദേഹത്തിന്റെ പ്രായം 97 കഴിഞ്ഞു എന്നുകൂടി ഓർക്കുമ്പോഴാണ് അദ്ദേഹത്തിന്റെ അന്വേഷണത്വരയും, അർപ്പണബോധവും, സ്ഥിരോത്സാഹവും, ഓർമ്മശക്തിയും എല്ലാം നമുക്ക് ബോധ്യപ്പെടുക. ●



## മീനാക്ഷിപുരം: ഡോക്യുമെന്ററി പൂർത്തിയായി

600 പേർ താമസിച്ചിരുന്ന മീനാക്ഷിപുരം ഗ്രാമം. ഗ്രാമത്തിനു കാവലായി ഒരാൾ മാത്രം. കുറെ ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടങ്ങളും. കുടിയ്ക്കാൻ വെള്ളവും സഞ്ചരിക്കാൻ വഴിയും ഇല്ലാതായതോടെ നാടൊന്നാകെ പലായനം ചെയ്തു. പക്ഷേ, കന്തസ്വാമി എന്ന എഴുപത്തിമൂന്നുകാരൻ മാത്രം ഓർമ്മകൾ കൈവിടാനാകാതെ ഇവിടെയുണ്ട്. 'ഗ്രാമം: മീനാക്ഷിപുരം; ജനസംഖ്യ ഒന്ന്' എന്ന പേരിൽ മുതിർന്ന പത്രപ്രവർത്തകനായ ആത്മജ വർമ്മ തമ്പുരാൻ എഴുതിയ ഫീച്ചർ അദ്ദേഹത്തിന്റെ തന്നെ തിരക്കഥയിൽ സിനിമ സംവിധായകൻ ജയരാജ് ഡോക്യുമെന്ററിയായി ചിത്രീകരിച്ചു. തമിഴ്നാട്ടിൽ തിരുനെൽവേലിക്കും തൂത്തുക്കുടിക്കും മധ്യേയാണ് മീനാക്ഷിപുരം. ഏകദേശം മൂന്നു പതിറ്റാണ്ടായി ഗ്രാമത്തിൽ ജീവിക്കുന്ന കന്തസ്വാമിക്കു കൂട്ട് സ്വന്തം നിഴൽ മാത്രം. ഊർപ്പവും പച്ചപ്പും അകന്നുപോയ ഗ്രാമത്തിന്റെ കഥ കന്തസ്വാമിയിലൂടെയാണ് ഡോക്യുമെന്ററിയിൽ അവതരിപ്പിക്കുന്നത്. ജീവിതത്തിന്റെ സമൃദ്ധികൾ മാത്രം സ്വപ്നംകണ്ട ഒരുപറ്റം ഗ്രാമീണർക്കു മുന്നിൽ ഈ ഊഷര ഭൂമി വരച്ചുചേർത്ത ചിത്രത്തിന്റെ നേർസാക്ഷ്യം. തമിഴ്നാട്ടിലെ മറ്റേതൊരു നാടിനെപ്പോലെയും പ്രൗഢി നിലനിന്നിരുന്ന ഗ്രാമം; നാട് വിട്ടുപോയ ജലപാഠമാണ് ഈ ഡോക്യുമെന്ററി.

ഓർമ്മക്കുറിപ്പ്


## പരമ്പര: കേരള ക്ഷത്രിയ ക്ഷേമസഭയുടെ തുടക്കവും വളർച്ചയും

### മുൻകാല സാരഥികൾ – 7

# ആർ. രാമവർമ്മ

തിരുവനന്തപുരം

ക്ഷത്രിയ ക്ഷേമസഭയുടെ ആരംഭം മുതൽ ഇന്നുവരെയുള്ള പ്രയാണത്തിൽ മുൻനിരയിൽ നിന്നുകൊണ്ട് സഭാപ്രവർത്തനങ്ങൾക്ക് പരിപൂർണ്ണ പിന്തുണയും സഹകരണവും സേവനവും നൽകിക്കൊണ്ട് എന്നും സഭയോടൊപ്പം ചേർന്നു നിന്ന് സഭയെ വളർത്തിക്കൊണ്ടുവന്നതിൽ മുഖ്യ സ്ഥാനം വഹിച്ച ഒരാളാണ് ആർ. രാമവർമ്മ (വിജയൻ). സഭയുടെ ഏതൊരു സംരംഭത്തെക്കുറിച്ച് പരാമർശിച്ചാലും അത് അദ്ദേഹത്തിന്റെ സഭാപ്രവർത്തനത്തിന്റെ നാൾവഴിയിൽത്തന്നെ എത്തിച്ചേരും. അദ്ദേഹവും സഭയുമായി അത്രമാത്രം ശക്തമായ ബന്ധം ആണുള്ളത്.



സഭയുടെ ആരംഭത്തെക്കുറിച്ച് അദ്ദേഹത്തിന്റെ വാക്കുകളിൽക്കൂടി ഒന്ന് യാത്രചെയ്യാം.

"1977 ഫെബ്രുവരി 8–ാം തീയതി തിരുവനന്തപുരത്തേക്ക് ഞാൻ വണ്ടികയറിയത് എന്റെ ഒരു ചിരകാല സ്വപ്ന സാക്ഷാത്കാരത്തിന്റെ സംതൃപ്തിയോടെ ആയിരുന്നു. ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ വിക്രം സാരാഭായ് സ്പേസ് സെന്ററിൽ എഞ്ചിനീയർ എന്ന തസ്തികയിൽ നിയമനം ലഭിച്ചു എന്ന ഉത്തരവുമായിട്ടായിരുന്നു ആ യാത്ര. എഞ്ചിനീയറിങ് പഠനകാലത്ത് ISRO യിലെ ഒരു പ്രധാന ഉദ്യോഗസ്ഥൻ കോളേജിൽ വരികയും ഇന്ത്യയുടെ ആദ്യ ഉപഗ്രഹമായ 'ആര്യഭട്ട'യുടെ നിർമ്മാണവും വിക്ഷേപണവും ഉപഗ്രഹത്തിന്റെ പ്രവർത്തനങ്ങളും വിശദീകരിച്ചുകൊണ്ടുള്ള പ്രഭാഷണം നടത്തുകയും ഉണ്ടായി. അന്ന് കോളേജിലെ സെമിനാർ കമ്മിറ്റിയിലെ സ്റ്റുഡന്റ് പ്രസിഡന്റായി പ്രവർത്തിച്ചിരുന്ന എനിക്ക് ആ ഉദ്യോഗസ്ഥനുമായി കൂടുതൽ ഇടപഴകാനും ISRO യെക്കുറിച്ച് വിശദമായി മനസ്സിലാക്കാനും സംഗതിയായി. അന്ന് ഉടലെടുത്ത ഒരു സ്വപ്നമായിരുന്നു ISRO യിൽ ഒരു എഞ്ചിനീയർ പദവി. ഈശ്വരാനുഗ്രഹത്താൽ 1977 ഫെബ്രുവരി 9–ാം തീയതി VSSC യിൽ ജോലിയിൽ പ്രവേശിച്ചു. അതു മാത്രമായിരുന്നില്ല ആ ദിവസത്തിന്റെ പ്രത്യേകത. അന്നു ഞാൻ കണ്ടുമുട്ടിയ രണ്ടു വ്യക്തികൾ പിന്നീടുള്ള എന്റെ ജീവിതത്തെ സാരമായി സ്പർശിക്കുകയും സ്വാധീനിക്കുകയും ചെയ്ത മഹത് വ്യക്തികളായിത്തീർന്നു. അവർ മറ്റാരുമായിരുന്നില്ല. ഒന്ന്, ഇന്ത്യക്കാരെപ്പോലെ ലോകരാഷ്ട്രങ്ങളെല്ലാം ഒരുപോലെ ആദരിച്ചിരുന്ന ഇന്ത്യയുടെ മുൻ പ്രസിഡന്റ് ഡോ. എ.പി.ജെ. അബ്ദുൾകലാം. രണ്ടാമത്തെയാൾ നമുക്കും സഭയ്ക്കും എല്ലാം പ്രിയങ്കരനായിരുന്ന എം. രവിവർമ്മരാജ എന്ന 'കുട്ടൻ ചേട്ടൻ'. അബ്ദുൾകലാം സാർ എന്റെ റിപ്പോർട്ടിംഗ് ഓഫീസറായിരുന്നു. അദ്ദേഹം നേതൃത്വം നൽകിയ ഇന്ത്യയുടെ ആദ്യ ഉപഗ്രഹ വിക്ഷേപണ വാഹിനിയായ SLV-3 എന്ന പ്രോജക്ടിലായിരുന്നു എനിക്കു പ്രവേശനം ലഭിച്ചത്. ആ പ്രോജക്ടിന്റെ ഓഫീസിൽ തന്നെയായിരുന്നു കുട്ടൻ ചേട്ടനും ജോലി ചെയ്തിരുന്നത്. അബ്ദുൾകലാം സാർ എന്റെ ഗുരുവും മാർഗ്ഗദർശിയുമായി മാറി.

കുട്ടൻചേട്ടൻ ക്ഷത്രിയ ക്ഷേമസഭയുടെ രൂപീകരണത്തിനും പിന്നീടുള്ള പ്രവർത്തനങ്ങൾക്കും എന്റെ സന്തത സഹചാരിയും ബലവത്തായ കൈത്താങ്ങും ആയി.

അക്കാലത്ത് ഏതാണ്ട് നിത്യേനയെന്നവണ്ണം ഞാൻ സന്ദർശിച്ചിരുന്ന ഡിസൈൻ ഓഫീസ് കെട്ടിടത്തിൽ തന്നെയായിരുന്നു കുട്ടൻ ചേട്ടന്റെയും ഓഫീസ്. അതുമൂലം ഞങ്ങളുടെ സൗഹൃദത്തിന്റെ ആഴം നാൾക്കുനാൾ വർദ്ധിച്ചുവന്നു. ക്ഷത്രിയ സമുദായത്തിന് ഒരുറച്ച സംഘടന ഇല്ലാത്തതിന്റെ ദോഷങ്ങൾ പലപ്പോഴും ഞങ്ങളുടെ സംഭാഷണത്തിൽ കടന്നുവരാറുണ്ടായിരുന്നു. ആയിടയ്ക്ക് അദ്ദേഹം 'തുമ്പ'യിൽ ഉണ്ടായിരുന്ന ഓഫീസ് ക്വാർട്ടേഴ്സ് വിട്ട് തിരുവനന്തപുരം കോട്ടയ്ക്കകത്ത് പണികഴിപ്പിച്ച സ്വന്തം ഗൃഹത്തിലേക്ക് താമസം മാറി. ഞാനും അതിനടുത്തു തന്നെയായിരുന്നു താമസിച്ചിരുന്നത്.

സാമുദായിക ഐക്യത്തിന്റെ ഫലപ്രാപ്തിയും ഗുണഫലങ്ങളും എനിക്ക് അനുഭവമായത് ചേർത്തല കരപ്പുറം സഭയുമായി ഉണ്ടായിരുന്ന ബന്ധമാണ്. എന്റെ അമ്മയുടെ കുടുംബം ചേർത്തല കോപ്പുഴ കോവിലകം ആയിരുന്നതിനാൽ കുടുംബക്ഷേത്രങ്ങളിൽ തൊഴാനും ബന്ധുക്കളെ സന്ദർശിക്കുവാനും വർഷത്തിൽ ഒരുതവണയെങ്കിലും ചേർത്തല യാത്ര ഉണ്ടാകാറുണ്ടായിരുന്നു. അത് മിക്കവാറും കരപ്പുറം സഭയുടെ വാർഷികാഘോഷത്തോടനുബന്ധിച്ചായിരിക്കും നടക്കുക. കുട്ടികളായ ഞാനും ജ്യേഷ്ഠനും എല്ലാം അക്കാലത്ത് ഉറ്റുനോക്കിയിരുന്ന യാത്രകളായിരുന്നു ആ സന്ദർശനങ്ങൾ. കരപ്പുറം സഭയുടെ വാർഷികാഘോഷം അന്നൊക്കെ ഒരു ദിവസത്തിൽ ഒതുങ്ങുന്ന ഒന്നായിരുന്നില്ല. സമ്മേളനത്തിന് വളരെ മുൻപുതന്നെ ഒരുക്കങ്ങൾ തുടങ്ങും. ഞാനേറ്റവും ആസ്വദിച്ചിരുന്നത് സമ്മേളനത്തലേന്ന് നടക്കുന്ന പന്തലിന്റെ മിനുക്കുപണികളും സദ്യയ്ക്കുള്ള കലവറ ഒരുക്കങ്ങളും മുതിർന്ന അംഗങ്ങളുടെ രസകരങ്ങളായ നർമ്മസംഭാഷണങ്ങളും എല്ലാം ആയിരുന്നു. ക്ഷത്രിയ സമുദായത്തിലെ പ്രഗൽഭരായ പലരെയും ദർശിക്കുവാനും അവരുടെ വാക്കുകൾ ശ്രവിക്കുവാനും ഈ സന്ദർശനങ്ങൾ വളരെയേറെ ഉപകരിച്ചു. അക്കാലത്ത് ചേർത്തല കരപ്പുറം സഭയും കൊച്ചി ക്ഷത്രിയ സമാജവും പാലക്കാട് കേന്ദ്രീകരിച്ച് സാമന്ത ക്ഷത്രിയരുടെ ഒരു സംഘടനയും ഉള്ളതായിട്ട് അറിയാൻ കഴിഞ്ഞു. തിരുവനന്തപുരത്ത് താമസം, അപ്പോൾ അവിടെ താമസിക്കുന്ന ക്ഷത്രിയരുടെ ഒരു കൂട്ടായ്മ ഉണ്ടെങ്കിൽ നന്നായിരിക്കും എന്ന ചിന്ത എന്നിൽ ഉടലെടുത്തത് ഒരുപക്ഷേ ഈ അനുഭവങ്ങൾ കൂടി കൊണ്ടായിരിക്കും.

എങ്ങനെ ഒരു ക്ഷത്രിയസംഘടന രൂപീകരിക്കും എന്ന പ്രശ്നത്തിന് കുട്ടൻ ചേട്ടൻ തന്നെ ഒരു പോംവഴി നിർദ്ദേശിച്ചു. കുട്ടൻ ചേട്ടന്റെ അമ്മാവൻ കൂടിയായ എം.സി. കേരളവർമ്മ ഇക്കാര്യത്തിൽ കഴിവും പ്രവർത്തനപരിചയവുമുള്ള ഒരാളാണെന്നും അദ്ദേഹത്തെ കണ്ട് ഈ വിഷയം അവതരിപ്പിക്കുന്നത് നന്നായിരിക്കും എന്നും പറഞ്ഞു. അങ്ങനെ ഒരുദിവസം (1980 ഓഗസ്റ്റ് 15 എന്നാണോർമ്മ) ഞങ്ങൾ രണ്ടുപേരും കൂടി പിൽക്കാലത്ത് ക്ഷത്രിയ ക്ഷേമസഭയുടെ നെടുംതൂണായി മാറിയ എം.സി. കേരളവർമ്മ എന്ന എം.സിച്ചേട്ടനെ കാണുവാൻ അദ്ദേഹത്തിന്റെ വസതിയായ തിരുവനന്തപുരം പെരുന്താന്നിയിലുള്ള 'ഐമനം' എന്ന വസതിയിൽ എത്തി. കണ്ടാൽത്തന്നെ ബഹുമാനം തോന്നുന്ന ആകാര സൗഷ്ഠവം, ഗാംഭീര്യവും വാത്സല്യവും ഒരുപോലെ തുളുമ്പുന്ന മുഖം, സൗമ്യസ്വഭാവവും സ്നേഹമസൃണമായ പെരുമാറ്റവും, ഇതായിരുന്നു എം.സി. ചേട്ടനെക്കുറിച്ച് ആദ്യമുണ്ടായ വികാരങ്ങൾ. ഞങ്ങളുടെ ആഗമനഉദ്ദേശം അദ്ദേഹത്തെ അറിയിച്ചു. കാര്യങ്ങൾ സശ്രദ്ധം കേട്ടശേഷം നമുക്കൊരാളെക്കൂടി കാണാം എന്നുപറഞ്ഞ് അടുത്തുതന്നെ താമസിച്ചിരുന്ന 'തമ്പാൻസാർ' എന്ന് അറിയപ്പെട്ടിരുന്ന പ്രൊഫ. രാജൻ തമ്പാന്റെ അടുത്തേക്ക് ഞങ്ങളെ കൊണ്ടുപോയി. ഒരുപക്ഷേ നമ്മുടെ ഇന്നത്തെ ക്ഷത്രിയ ക്ഷേമസഭയുടെ ബീജാവാപം നടന്നത് അന്നാണ് എന്നു പറയാം. അന്ന് തിരുവനന്തപുരത്ത് താമസം ഉണ്ടായിരുന്ന ചില ക്ഷത്രിയ സമുദായാംഗങ്ങളെക്കൂടി കണ്ടതിനു ശേഷം എല്ലാവരേയും ഉൾപ്പെടുത്തി ഒരു യോഗം വിളിക്കാൻ തീരുമാനിച്ചു. ചെറുപ്പക്കാരായ ഒരുപിടി ആളുകളെക്കൂടി ഇതിനായി ലഭിച്ചത് പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. സഭയുടെ തുടക്കം മുതൽ നാളിതുവരെ സഭയുടെ പ്രവർത്തനങ്ങളിൽ സജീവമായും അർപ്പണ

മനോഭാവത്തോടെയും പങ്കെടുത്തുകൊണ്ടിരിക്കുന്ന പി.ജി. ശശികുമാർ വർമ്മ, യു.എം. മോഹന വർമ്മ, ടി.ആർ. പ്രതാപ വർമ്മ, പി. രവിവർമ്മ (ദിനേശൻ), എം. രവിവർമ്മ രാജ, എം. വിമലാദേവി, വി.കെ. ഭാനുമതി തമ്പുരാട്ടി എന്നിവർ അവരിൽ ചിലരായിരുന്നു. അങ്ങനെ മൺമറഞ്ഞ 'സാഹിത്യ രത്നം' രാജരാജവർമ്മ (മസ്ക്കറ്റ് രാജൻ ചേട്ടൻ) തിരുവനന്തപുരത്ത് പുത്തൻചന്തയിൽ നടത്തിവന്നിരുന്ന വർമ്മാസ് കോളേജിൽ വച്ച് 1980 നവംബർ 16-ാം തീയതി തിരുവനന്തപുരം നിവാസികളായ ക്ഷത്രിയരുടെ ഒരു യോഗം കൂടി. നീലേശ്വരം മുതൽ തിരുവനന്തപുരം വരെയുള്ള ക്ഷത്രിയ കുടുംബങ്ങളിൽ മിക്കവാറും സ്ഥലങ്ങളിൽ നിന്നും ഉള്ള അംഗങ്ങൾ തിരുവനന്തപുരത്ത് ഉണ്ടായിരുന്നതിനാൽ കേരള ക്ഷത്രിയരുടെ ഒരു പ്രാതിനിധ്യം കൂടി ആ യോഗത്തിന് ഉണ്ടായി എന്നു പറയാം.

അന്നവിടെ സന്നിഹിതരായിരുന്ന എല്ലാവരുടെയും അഭിപ്രായം കണക്കിലെടുത്ത് സംസ്ഥാനം ഒട്ടാകെ പ്രവർത്തന മേഖലയുള്ള ഒരു സംഘടന രൂപീകരിക്കാൻ തീരുമാനിച്ചു. അതിനുവേണ്ടി എം.സി. കേരളവർമ്മ അദ്ധ്യക്ഷനായും ഞാൻ കൺവീനറായും ഒരു കമ്മിറ്റിയെ യോഗം തെരഞ്ഞെടുത്തു.

ഏതാണ്ട് ഒരു നൂറ്റാണ്ടിനു മുൻപുതന്നെ ക്ഷത്രിയ സമുദായം സംഘടനാ പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. വാവുയോഗം അഥവാ ക്ഷത്രിയ സമാജം, കേരളീയ ക്ഷത്രിയ മഹാസഭ, ക്ഷത്രിയ സർവ്വീസ് സൊസൈറ്റി, ക്ഷത്രിയ വെൽഫെയർ ട്രസ്റ്റ് എന്നിങ്ങനെ പല സംഘടനകൾ പലപ്പോഴായി തുടങ്ങിയെങ്കിലും നാലഞ്ചു വർഷത്തെ പ്രവർത്തനത്തിനു ശേഷം ഓരോന്നും പ്രവർത്തനരഹിതമായിത്തീരുകയാണ് ഉണ്ടായത്. പ്രാദേശികമായി രൂപീകരിച്ച രണ്ടുമൂന്നു സംഘടനകൾ മാത്രമേ ഈ ശിഥിലീകരണ സ്വഭാവം അതിജീവിച്ചുള്ളു. സംഘടിത ശക്തിയുടെ ഫലദായകത്വം അറിയാഞ്ഞിട്ടാണോ, ദീർഘവീക്ഷണം, നേതൃത്വപാടവം, കാര്യപ്രാപ്തി എന്നിവ തികഞ്ഞ നേതൃത്വനിരയ്ക്ക് മറ്റുള്ളവർക്കു വേണ്ടി ത്യാഗം ചെയ്യാനുള്ള വിമുഖതയാണോ, നേതൃത്വനിരയെ അംഗീകരിക്കുവാനുള്ള വൈമനസ്യമാണോ, പൊതുവേയുള്ള അലസ മനോഭാവമാണോ, മതിയായ ക്ഷേമ പ്രവർത്തനങ്ങൾ അംഗങ്ങളിലേക്ക് എത്തിക്കുവാൻ സാധിക്കാഞ്ഞതിലാണോ എന്തുകൊണ്ടാണ് നാം സംഘടനാപരമായി വളരാഞ്ഞത് എന്ന ചോദ്യമായിരുന്നു കമ്മിറ്റി ആദ്യമായി ആലോചിച്ച വിഷയം. പ്രാദേശിക സഭകൾക്ക് പൂർണ്ണ പ്രവർത്തന സ്വാതന്ത്ര്യം കൊടുത്തുകൊണ്ടായിരിക്കണം സഭയുടെ ചട്ടക്കൂട് രൂപീകരിക്കേണ്ടത് എന്നു പൊതുവേ അഭിപ്രായം ഉയർന്നു. പുതിയതായി ഒരു സഭ രൂപീകരിക്കുന്നതിനു മുൻപ് അവസാനമായി നിലനിന്നിരുന്ന ക്ഷത്രിയ സംഘടനയെ പുനരുദ്ധരിക്കാൻ സാധിക്കുമോ എന്നു ശ്രമിച്ചതിനു ശേഷം മതി പുതിയ സംഘടന രജിസ്റ്റർ ചെയ്യാനെന്നും തീരുമാനിച്ചു. അതിൻപ്രകാരം അവസാനമായി നിലനിന്നിരുന്ന ക്ഷത്രിയ സർവ്വീസ് സൊസൈറ്റിയുടെയും ക്ഷത്രിയ വെൽഫെയർ ട്രസ്റ്റിന്റെയും നിലവിൽ ഉണ്ടായിരുന്ന ഭരണസമിതി അംഗങ്ങളുമായി വിഷയം ചർച്ച ചെയ്യുകയും പുനരുജ്ജീവനം അസാധ്യമെന്നു കണ്ടതിനാൽ പുതിയ സംഘടന രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. നീലേശ്വരം മുതൽ തിരുവനന്തപുരം വരെയുള്ള പല ക്ഷത്രിയ കുടുംബങ്ങളിലെ അംഗങ്ങളുമായി ബന്ധപ്പെടുകയും 1981 മാർച്ച് 29-ാം തീയതി തിരുവനന്തപുരം ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽ വെച്ച് ഒരു അഖില കേരള ക്ഷത്രിയ കൺവെൻഷൻ നടത്തുകയും ചെയ്തു. H.H. ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ ഇളയരാജ ആയിരുന്നു ഉദ്ഘാടനം ചെയ്തത്. ആ സമ്മേളനത്തിൽ പൂഞ്ഞാർ വലിയരാജ പി.ആർ. രാമവർമ്മ പ്രസിഡന്റായും കെ.വി. രാജ, കെ.സി. രാമവർമ്മ എന്നിവർ വൈസ് പ്രസിഡന്റുമാരായും എം.സി. കേരള വർമ്മ സെക്രട്ടറിയായും ആർ. രാമവർമ്മ (വിജയൻ) ജോയിന്റ് സെക്രട്ടറിയായും ആർ.ആർ.വി. തമ്പുരാൻ ട്രഷററായും മറ്റു 14 പേർ ഭരണസമിതിയംഗങ്ങളായും ഉൾപ്പെട്ട ഒരു ഭരണനിർവ്വഹണ സമിതി രൂപീകരിച്ചു. തുടർന്ന് 1955 ലെ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 437-81-ാം നമ്പർ ആയി 'ക്ഷത്രിയ ക്ഷേമസഭ' എന്ന പേരിൽ നമ്മുടെ ഇന്നത്തെ സംഘടന രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു."

ആർ. രാമവർമ്മ, ക്ഷത്രിയ ക്ഷേമസഭ തുടങ്ങാനുണ്ടായ സാഹചര്യവും അതിലേക്ക് നയിച്ച സംഗതികളുമാണ് മേൽ വിവരിച്ചത്. ക്ഷത്രിയ ക്ഷേമസഭയുടെ ഓരോ ചുവടുവയ്പ്പിലും അദ്ദേഹത്തിന്റെ

കാൽപ്പാടുകൾ ഉണ്ടായിരുന്നു. സഭയുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചപ്പോൾ എല്ലാം പൂർവ്വാധികം ശക്തിയോടെ പ്രവർത്തനക്ഷമമാക്കുവാൻ മുൻപന്തിയിൽ അദ്ദേഹവും ഉണ്ടായിരുന്നു. ഒന്നുരണ്ടു സന്ദർഭങ്ങളിൽ കമ്മിറ്റിയിൽ നിന്ന് വിട്ടുനിൽക്കേണ്ടി വന്നപ്പോൾ പ്രസിഡന്റിന് സഭയുടെ പ്രവർത്തനം തുടർന്ന് കൊണ്ടുപോകുവാൻ ആക്ടിംഗ് പ്രസിഡന്റായി സ്ഥാനമേറ്റ് പ്രവർത്തനങ്ങൾക്ക് ഒരു കോട്ടവും തട്ടാത്ത വിധത്തിൽ മുമ്പോട്ട് കൊണ്ടുപോയി.

സഭയുടെ ജോയിന്റ് സെക്രട്ടറി, ട്രഷറർ, വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പല തവണ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ക്ഷത്രിയ ക്ഷേമസഭയുടെ ആഫീസിനായി സുന്ദരവിലാസം പാലസ്സിലെ ഒരു കെട്ടിടം കണ്ടെത്തുകയും സഭയുടെ ഉപയോഗത്തിന് വിട്ടുകിട്ടുവാനും മഹാറാണി സേതു പാർവ്വതി ഭായി വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിച്ച് കിട്ടുന്നതിനും ശ്രദ്ധേയമായ ശ്രമം നടത്തി. അന്തരിച്ച പി.എ. ഗോദവർമ്മ രാജയും ആയിച്ചേർന്ന് REACT എന്ന സംഘടനയ്ക്ക് ഉചിതമായ നിയമാവലി തയ്യാറാക്കുന്നതിനും അത് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനും നിർണ്ണായക പങ്കുവഹിച്ചു.

ക്ഷത്രിയർക്കു ലഭിച്ചിരുന്ന അടുത്തൂൺ ആനുകൂല്യം വർദ്ധിപ്പിക്കുക, സംസ്ഥാനാടിസ്ഥാനത്തിൽ സമ്മേളനങ്ങൾ സംഘടിപ്പിക്കുക, സമാന ചിന്താഗതിയുള്ള മറ്റു സംഘടനകളുമായിച്ചേർന്ന് സംവരണം-ക്രീമിലയർ വിഷയത്തിൽ സർക്കാരിന് നിവേദനം സമർപ്പിക്കുക, സഭയുടെ മറ്റ് ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുക, REACT എന്ന സംഘടനയുടെ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുക, പുതിയ യൂണിറ്റുകൾ തുടങ്ങുക, പ്രവർത്തനശേഷിയും താല്പര്യവുമുള്ള സമുദായാംഗങ്ങളെ പ്രവർത്തനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക തുടങ്ങി സഭയുടെ എല്ലാവിധ പ്രവർത്തനങ്ങളിലും ആർ. രാമവർമ്മയുടെ സേവനം ഉണ്ടായിരുന്നു; ഇപ്പോഴും തുടരുന്നു.

ചേർത്തല കോപ്പുഴ കോവിലകം കുടുംബാംഗം ആണ് രാമവർമ്മ. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് എഞ്ചിനീയറിംഗ് ഡിഗ്രി ഫസ്റ്റ് ക്ലാസ്സും ഓണേഴ്സും റാങ്കും നേടി പാസ്സായതിനു ശേഷം വിക്രം സാരാഭായ് സ്പേസ് സെന്ററിൽ ഔദ്യോഗികജീവിതം ആരംഭിച്ചു. അവിടെ വ്യത്യസ്ത മേഖലകളിൽ ജനറൽ മാനേജർ, ഗ്രൂപ്പ് ഡയറക്ടർ, അസ്സോസിയേറ്റ് പ്രോജക്ട് ഡയറക്ടർ തുടങ്ങി വിവിധ തസ്തികകളിൽ സേവനം അനുഷ്ഠിച്ചതിനു ശേഷം റോക്കറ്റ് സംയോജനം, ടെസ്റ്റിങ്ങ്, വിക്ഷേപണം എന്നിങ്ങനെയുള്ള മേഖലയുടെ പൂർണ്ണ ചുമതലയും വി.എസ്.എസ്.സിയുടെ ഡെപ്യൂട്ടി ഡയറക്ടറും ISRO യുടെ ഔട്ട് സ്റ്റാൻഡിംഗ് സയന്റിസ്റ്റും ആയി വിരമിച്ചു.

അദ്ദേഹത്തിന്റെ പത്നി ഡോ. ആർ. ലക്ഷ്മി വർമ്മ കേന്ദ്രസർക്കാരിന്റെ ഗവേഷണ സ്ഥാപനമായ സി.എസ്.ഐ.ആറിന്റെ തിരുവനന്തപുരം സെന്ററിൽ നിന്നും ചീഫ് സയന്റിസ്റ്റും കെമിക്കൽ സയൻസസ് & ടെക്നോളജി ഡിവിഷന്റെ മേധാവിയുമായി വിരമിച്ചു. മൂത്ത മകൾ ആർ. ദേവിക വർമ്മ അമേരിക്കയിൽ സോഫ്റ്റ്വെയർ എഞ്ചിനീയറായി ജോലി നോക്കുന്നു. ഭർത്താവ് ഡോ. ആശിസ് തമ്പാൻ അവിടെ ശിശുരോഗ വിദഗ്ധനായി പ്രാക്ടീസ് ചെയ്യുന്നു. ഇളയ മകൾ ആർ. ശാരിക വർമ്മ ബാംഗ്ലൂരിലുള്ള NIMHANS ൽ നിന്നും M.Phil. ഡിഗ്രി നേടിയതിനു ശേഷം ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ആയി പ്രാക്ടീസ് ചെയ്യുന്നു.

-പത്രാധിപസമിതി-

---

*പേജ് 8 തുടർച്ച*

ഇവയിൽ അഞ്ചാമത്തെയും ആറാമത്തെയും അജൻഡകൾ സ്തുത്യർഹമായ രീതിയിൽ മീറ്റിംഗിൽ വച്ചുതന്നെ നടന്നു എന്നത് ഇൻഡ്യയ്ക്ക് ഏറ്റവും അഭിമാനകരം തന്നെ. പ്രമുഖരുടെ ഒരു നിരതന്നെ ഉച്ചകോടിയെ പ്രശംസിച്ചവരിലുൾപ്പെടുന്നു. ഇൻഡ്യയുടെ 'ഷെർപാ' (ഓരോ രാജ്യവും ഉച്ചകോടി ചർച്ചകൾക്ക് നേതൃത്വം കൊടുക്കാൻ ഉത്തരവാദിത്തം കൊടുക്കുന്ന വ്യക്തി - ഒരു നേപ്പാളി വാക്ക്) അമിതാഭ് കാന്തിനെയും ജപ്പാൻ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളുടെ ആത്മാർത്ഥ പ്രയത്നത്തെയും പറ്റി എടുത്തു പറയേണ്ടതാണ്.

ഇൻഡ്യയുടെ യശസ്സുയർത്താൻ G 20 ഉച്ചകോടിക്ക് കഴിഞ്ഞു എന്ന് നിസ്സംശയം പറയാം.

## യൂണിറ്റുകൾ – 7

# കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭ

കേരളത്തിലെ ജനങ്ങൾ അധികവും മരുമക്കത്താവഴിയായിരുന്നു. ഇന്ന് മരുമക്കത്താവഴി സമ്പ്രദായം മിക്കവാറും അസ്തമിച്ച മട്ടായി. കുറ്റിലഞ്ഞിയിലെ കുടുംബക്കാരും മരുമക്കത്താവഴിക്കാരായിരുന്നു. എന്നാൽ ഇപ്പോൾ മിക്ക കുടുംബങ്ങളും മക്കത്താവഴിക്കാരായി മാറിക്കഴിഞ്ഞിരിക്കുന്നു.

ഇന്ന് കേരളത്തിൽ കാണുന്ന വിശ്വാമിത്ര ഗോത്രക്കാരായ ക്ഷത്രിയർ മുഴുവനും ചേര രാജാക്കന്മാരുടെ വംശക്കാരാണ്. ചേര രാജാക്കന്മാർ കേരളത്തിന്റെ പല ഭാഗങ്ങളിലും ആധിപത്യം സ്ഥാപിച്ച് തങ്ങളുടെ ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്നു. കോതമംഗലം ഏതോ ഒരു പെരുമാളായ കോതവർമൻ സ്ഥാപിച്ചതാണ്.

കോതമംഗലത്തിനും തൃക്കാരിയൂരിനും അടുത്തുള്ള പ്രദേശം ഒരുകാലത്ത് ഒരു ക്ഷത്രിയ രാജധാനി ആയിരുന്നു. അടുത്തകാലം വരെ ഒരു രാജകുടുംബം അവിടെ ഉണ്ടായിരുന്നു

ആ കുടുംബത്തിന് 'കുറുമല കോയിക്കൽ' എന്നാണ് പറഞ്ഞിരുന്നത്. കിഴക്കേ കോതമംഗലത്ത് 'കൊച്ചുകോയിക്കൽ' എന്ന ഒരു വീടുണ്ട്. പഴയകാലത്തെ ഏതോ ഒരു ക്ഷത്രിയ കുടുംബം ആയിരിക്കണം അത്. കോതമംഗലത്ത് 'പാറക്കടത്ത് കോയിക്കൽ' എന്ന കുടുംബം ഉണ്ടായിരുന്നു. ആ കുടുംബം ഇപ്പോൾ തൃപ്പൂണിത്തുറയിലാണ് താമസിക്കുന്നത്. അതുപോലെതന്നെ 'തലകുത്തി കോയിക്കൽ' എന്ന ഒരു കുടുംബവും കോതമംഗലത്ത് ഉണ്ടായിരുന്നു, ആ കുടുംബം ഇന്ന് അന്യം നിന്നു.

ഈ പ്രദേശങ്ങളിൽ അവശേഷിക്കുന്ന ഒരേയൊരു ക്ഷത്രിയ കുടുംബം 'കുറ്റിലഞ്ഞി കോയിക്കലാ'ണ്. കുറ്റിലഞ്ഞി കോയിക്കൽ കുടുംബം വളരെ പഴക്കമുള്ളതാണ് എന്നാണ് കേട്ടിട്ടുള്ളത്. ഈ കുടുംബം ആദ്യകാല ക്ഷത്രിയ കുടുംബങ്ങളിൽ ഒന്നാവാനാണ് സാധ്യത. ചരിത്ര പണ്ഡിതനും സ്വാതന്ത്ര്യസമരസേനാനിയുമായ കെ. കേരളവർമ്മ തിരുമുൽപ്പാട് എഴുതിയ 'കുറ്റിലഞ്ഞി കോയിക്കൽ കുടുംബചരിത്ര'ത്തിലെ ഏതാനും വരികളാണ് മുകളിൽ എഴുതിയിരിക്കുന്നത്.

അദ്ദേഹത്തിന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു പോലെ കുറ്റിലഞ്ഞി കോയിക്കലെയും മഠത്തിലെയും കാരണവന്മാർ വന്നേരിയിൽ നിന്ന് വന്നു താമസിക്കുന്നവരാണ്.

കുറ്റിലഞ്ഞിയിലെ പ്രധാനപ്പെട്ട രണ്ട് ക്ഷേത്രങ്ങളുടെ ഭരണ ചുമതല കുറ്റിലഞ്ഞിയിലെ ക്ഷത്രിയ കുടുംബങ്ങൾക്കാണ്. ഒരു ട്രസ്റ്റ് രൂപീകരിച്ച് അമ്പലങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ വളരെ കൃത്യമായി ഇന്നും പുതിയ തലമുറ നടത്തിവരുന്നു. ഈ രണ്ട് അമ്പലങ്ങളെ ചുറ്റിപ്പറ്റിയാണ് കുറ്റിലഞ്ഞിയിലെ ക്ഷത്രിയ കുടുംബങ്ങൾ താമസിക്കുന്നത്.

പല കുടുംബങ്ങളും ഇന്ന് അന്യംനിന്ന് പോയിട്ടുണ്ടെങ്കിലും താമസം മാറിയിട്ടുണ്ടെങ്കിലും കുറ്റിലഞ്ഞി കോയിക്കൽ മഠത്തിലെയും അവരുടെ അനന്തരാവകാശികളും ഇന്ന് ഇവിടെ താമസിക്കുന്നു. കുറ്റിലഞ്ഞി സഭയെക്കുറിച്ച് വിവരിക്കുമ്പോൾ വെള്ളാരപ്പള്ളി ക്ഷത്രിയസഭയുടെ കാര്യങ്ങളും ഉൾപ്പെടുത്തേണ്ട ആവശ്യമുണ്ട്. വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിലെ രണ്ട് അമ്മാവന്മാർ കുറ്റിലഞ്ഞി മഠത്തിലെ രണ്ട് അമ്മായിമാരെ വിവാഹം കഴിച്ചു. തുടർന്നും നിരവധി വിവാഹ ബന്ധങ്ങൾ കുറ്റിലഞ്ഞിയും വെള്ളാരപ്പള്ളിയും തമ്മിൽ നടത്തിവരുന്നു. ഒരു വ്യത്യാസം മാത്രം, കേരള സംസ്ഥാനം രൂപീകരിക്കുന്നതിന് മുന്നെ വെള്ളാരപ്പള്ളി കൊച്ചി രാജാവിന്റെ അധീനതയിലുള്ള പ്രദേശത്തും കുറ്റിലഞ്ഞി തിരുവിതാംകൂർ രാജാവിന്റെ അധീനതയിലുള്ള പ്രദേശത്തുമാണ് സ്ഥിതി ചെയ്തിരുന്നത്. മൂവാറ്റുപുഴ, പെരുമ്പാവൂർ, കോതമംഗലം എന്നീ മുനിസിപ്പാലിറ്റികളുടെ ഇടയിലാണ് കുറ്റിലഞ്ഞി എന്ന ചെറിയ ഒരു കർഷക ഗ്രാമം. ഇതിന് അരികിലൂടെയാണ്

ആലുവ–മൂന്നാർ റോഡ് പോകുന്നത്. എറണാകുളം ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്.

നിറയെ പൂക്കൾ ഉള്ള ഒരു ഇലഞ്ഞി മരം ഇവിടെയുണ്ടായിരുന്നു എന്ന് പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. അത് വടവൃക്ഷമായപ്പോൾ വെട്ടിക്കളയുകയും ആ മരത്തിന്റെ കുറ്റി അവിടെ അവശേഷിക്കുകയും ചെയ്തു. അങ്ങനെയാണ് കുറ്റിലഞ്ഞി എന്ന നാമം ഈ സ്ഥലത്തിന് കിട്ടിയത്.

പണ്ട് ഇവിടെയുള്ള ശിവക്ഷേത്രത്തിന്റെയും ഭഗവതി ക്ഷേത്രത്തിന്റെയും സമീപത്ത് നിരവധി ക്ഷത്രിയർ താമസിച്ചിരുന്നു. ചില കുടുംബങ്ങൾ അന്യംനിന്ന് പോയി, മറ്റു ചില കുടുംബങ്ങൾ പല ദിക്കുകളിലേക്കും പാലായനം ചെയ്തു. ഇപ്പോൾ ഏകദേശം 40 കുടുംബങ്ങളിലായി 150–ൽ താഴെ ക്ഷത്രിയർ ഇവിടെ താമസിക്കുന്നു. എന്നാൽ കേരളത്തിലെ എല്ലാ ഭാഗത്തും ഇവിടെ നിന്ന് ഒരു ബന്ധം കാണാം.

കോതമംഗലം, തൃക്കാരിയൂർ, ഇരിങ്ങോൾ, കാലടി എന്നിവിടങ്ങളിൽ താമസിക്കുന്ന ക്ഷത്രിയ കുടുംബങ്ങളാണ് ഇവർ.

## പുതുചരിത്രം

വളരെ പഴയ പാരമ്പര്യങ്ങൾ ഉണ്ടെങ്കിലും 1994–ലാണ് ക്ഷത്രിയരുടെ കൂട്ടായ്മയെ കുറിച്ചും സംസ്ഥാനതലത്തിലെ അവരുടെ പരിപാടികളെക്കുറിച്ചും കുറ്റിലഞ്ഞിയിലെ ക്ഷത്രിയർക്ക് അറിവ് ലഭിച്ചത്. ഇതിന് കാരണഭൂതനായ പരേതനായ പി.കെ. രവിവർമ്മ തമ്പുരാൻ (ഓമനക്കുട്ടൻ ചേട്ടൻ) അദ്ദേഹത്തിന്റെ അമ്മാവനായ കടപ്രതുളിശ്ശാല കോയിക്കൽ രാമവർമ്മ രാജ (എക്സൈസ് തമ്പുരാൻ ചേട്ടൻ) കുറ്റിലഞ്ഞിയിൽ വരികയും ആദ്യ പൊതുയോഗം കുറ്റിലഞ്ഞി കിഴക്കേമഠത്തിൽ വച്ച് നടത്തുകയും ചെയ്തു. കുറ്റിലഞ്ഞിയിലെ പ്രധാനപ്പെട്ട ക്ഷത്രിയ സാരഥികൾ അന്ന് ഈ പൊതുയോഗത്തിൽ സംബന്ധിച്ച് ഒരു സംഘടന രൂപീകരിക്കുന്ന ആവശ്യകതയെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. വിശദമായ ചർച്ചകൾക്ക് ശേഷം ക്ഷത്രിയ കുടുംബങ്ങൾ തമ്മിലുള്ള സ്നേഹവും, സൗഹൃദവും, പരസ്പര വിശ്വാസവും വളർത്തുന്നതിനോടൊപ്പം, അവരുടെ കടമകളെക്കുറിച്ചും ബോധവാന്മാരാകേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി. അങ്ങനെയാണ് ക്ഷേമസഭയുടെ തുടക്കം.

ഓണം, തിരുവാതിര തുടങ്ങിയ വിശേഷ ദിവസങ്ങൾ, അതുപോലെതന്നെ കുടുംബത്തിലെ ഷഷ്ടിപൂർത്തി, അടിയന്തിരം തുടങ്ങിയ ചടങ്ങുകൾ മഠക്കാർ ഒരുമിച്ചാണ് ആഘോഷിച്ചിരുന്നത്. എല്ലാ മാസവും ഓരോ കുടുംബത്തിൽ വച്ച് കുടുംബ യോഗങ്ങൾ സംഘടിപ്പിച്ചിരുന്നു. അംഗങ്ങളുടെ സുഖത്തിലും ദുഃഖത്തിലും ഒരുപോലെ സഭയുടെ കൂട്ടായ പിന്തുണ ഉണ്ടായിരുന്നു. തുടക്കത്തിൽ രവിവർമ്മ രാജയുടെ (ഓമനക്കുട്ടൻ) നേതൃത്വത്തിൽ കേരളവർമ്മ തിരുമുല്പാട്, ഗ്രാമസേവകൻ ചേട്ടൻ, കോയിക്കലെ കൊച്ചനുജൻ തിരുമുൽപ്പാട്, എം.ആർ. രാമവർമ്മ, ത്രിവിക്രമ വർമ്മ, ടി.എൻ. രാമവർമ്മ തമ്പാൻ, കിഴക്കേമഠത്തിലെ രവിവർമ്മ, വലിയ മഠത്തിലെ രാമചന്ദ്രൻ തിരുമുൽപ്പാട്, കൊച്ചനുജൻ തിരുമുല്പാട്, തെക്കേമഠത്തിലെ രാധ നമ്പിഷ്ടാതിരി, ചെറിയേലിയിലെ രമണി നമ്പിഷ്ടാതിരി, പടിഞ്ഞാറെ മഠത്തിലെ രവിവർമ്മ, തുടങ്ങിയവരാണ് കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമ സഭയുടെ നേതൃനിരയിൽ ഉണ്ടായിരുന്നത്. എല്ലാവരും കൂടി ഉത്സാഹിച്ച് ആലോചനായോഗങ്ങൾ ചേർന്ന് കെ.എൽ. മോഹനവർമ്മയെ പ്രധാന അതിഥിയായി വരുത്തി, കിഴക്കേമഠത്തിലെ പുതുതായി പണിത മാളിക ഹാളിൽ വച്ച് ക്ഷത്രിയ ക്ഷേമ സഭയുടെ ഉദ്ഘാടനം നടത്തുകയുണ്ടായി. തുടർന്ന് എല്ലാവർഷവും വാർഷികവും, കുടുംബ യോഗങ്ങളും നടത്തിവന്നിരുന്നു.

1999–ലാണ് സഭയുടെ ഔദ്യോഗിക ഭരണ സമിതി രൂപീകരിച്ചത്. ഓമനക്കുട്ടൻ ചേട്ടൻ ആയിരുന്നു രക്ഷാധികാരി. എം.ആർ. രാമവർമ്മ (ജ്യോതിസ്) പ്രസിഡണ്ട്. കൃഷ്ണവർമ്മ (കൃഷ്ണ വിലാസം) സെക്രട്ടറി, ത്രിവിക്രമ വർമ്മ (ശ്രീവാസ്) ട്രഷറർ എന്നീ നിലകളിൽ ചുമതലയേറ്റു. ഈ ഭരണസമിതി ഒരു വർഷം കൂടി തുടരുകയും ഈ കാലയളവിൽ സഭയുടെ ഒരു വനിതാ വിങ്ങ് രൂപീകരിക്കുകയും, തിരുവാതിര, ഡാൻസ് മുതലായ കലകളിൽ കുടുംബാംഗങ്ങളുടെ കുട്ടികൾക്ക് പരിശീലനം നൽകുവാനായി ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. അംഗങ്ങൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതി എന്ന നിലയിൽ സഭയുടെ ഒരു ചിട്ടി നടത്തുവാനും സാധിച്ചു.

പിന്നീട് സഭയുടെ പ്രവർത്തനങ്ങൾ പല സാങ്കേതിക കാരണങ്ങളാൽ മന്ദഗതിയിൽ

ആവുകയും 2013 വരെ പ്രവർത്തനങ്ങൾ പരിമിതപ്പെടുകയും ചെയ്തു. വെള്ളാരപ്പള്ളി ക്ഷത്രിയ സഭയോട് ലയിക്കുവാൻ വരെ തീരുമാനം എടുത്തിരുന്നു.

## ഇപ്പോഴത്തെ സ്ഥിതി

2014-ലാണ് ക്ഷത്രിയ ക്ഷേമസഭ ഇന്നത്തെ രൂപത്തിൽ ചിട്ടയായി സംസ്ഥാന സഭയുടെ കീഴിൽ പ്രവർത്തിച്ചു തുടങ്ങിയത്. പി.വി.ആർ. തിരുമുൽപ്പാടിന്റെയും വി.ആർ. വർമ്മയുടെയും നേതൃത്വത്തിൽ ത്രിവിക്രമ വർമ്മ പ്രസിഡന്റായും അഡ്വ. കൃഷ്ണകുമാർ സെക്രട്ടറിയായും രാമവർമ്മ ജോയിന്റ് സെക്രട്ടറിയായും പ്രവർത്തിച്ചു. കേന്ദ്രസഭയോടുകൂടെ പ്രവർത്തിച്ച് എല്ലാ സമ്മേളനങ്ങളിലും കുറ്റിലഞ്ഞിയുടെ പങ്കാളിത്തം ഉറപ്പുവരുത്തി.

സംസ്ഥാന ക്ഷത്രിയസഭയുടെ പ്രതിനിധികൾ ആയ സുരേന്ദ്രവർമ്മ, ഉദയ വർമ്മ, സുരേന്ദ്രനാഥ വർമ്മ, ആത്മജവർമ്മ തമ്പുരാൻ, പി.കെ. രഘു വർമ്മ, വെള്ളാരപ്പള്ളിയിലെ രാമചന്ദ്രൻ തിരുമുല്പാട്, സുജാത വർമ്മ തുടങ്ങിയവരുടെ ഉപദേശങ്ങൾ കുറ്റിലഞ്ഞി സഭയ്ക്ക് ലഭിച്ചിട്ടുണ്ട്. കേന്ദ്രസഭയിൽ നിന്നും സഭയിലെ അംഗങ്ങൾക്ക് സഹായങ്ങൾ ലഭിച്ചിരുന്നു.

കോവിഡ് കാലഘട്ടത്തിനുശേഷം കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭ 2022 ജനുവരി മാസത്തിൽ പൊതുയോഗം നടത്തുകയും സുരേഷ് വർമ്മ പ്രസിഡന്റായും അഡ്വ. കൃഷ്ണകുമാർ വർമ്മ സെക്രട്ടറിയായും വിജയ വർമ്മ ട്രഷററായും പുതിയ കമ്മിറ്റി രൂപീകരിച്ചു. കേന്ദ്രസഭയോട് തോളോടുതോൾ ചേർന്ന് എല്ലാ പ്രവർത്തനങ്ങളിലും പങ്കുചേർന്ന് യൂണിറ്റിലെ പൊതുവായുള്ള ക്ഷത്രിയരുടെ ക്ഷേമത്തിനു വേണ്ടി ഒറ്റക്കെട്ടായി പ്രവർത്തിക്കുവാൻ സഭയ്ക്ക് സാധിച്ചു വരുന്നു.

റിയാക്ടിൽ നിന്ന് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും, ചികിത്സയ്ക്കു വേണ്ടിയും സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. അതുപോലെതന്നെ റിയാക്ടിലേക്കും സംഭാവനകൾ ചെയ്യുവാൻ സഭയ്ക്ക് സാധിച്ചു. ഇപ്പോഴത്തെ സംസ്ഥാന പ്രസിഡണ്ട് ഡോ. ലളിതാംബികയും ജന. സെക്രട്ടറി മധുകുമാർ വർമ്മയും ട്രഷർ സൂര്യകുമാർ വർമ്മയും യൂണിറ്റിൽ വരുകയും അംഗങ്ങളോട് സംവദിക്കുകയുമുണ്ടായി. വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായത്തോടൊപ്പം ഉന്നത വിജയത്തിന് അവാർഡും യൂണിറ്റ് നൽകിവരുന്നു. സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവത്തിനോടനുബന്ധിച്ച് 75 വയസ്സ് കഴിഞ്ഞ അംഗങ്ങളെ ആദരിക്കുകയുണ്ടായി. ഒരു വനിതാ വിങ്ങും യൂത്ത് വിങ്ങും നിലവിൽ വന്നത് ഇക്കാലത്താണ്. ഇവ സഭയുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കരുത്തും പ്രോത്സാഹനവും ലഭിക്കുന്നതിന് പര്യാപ്തമായി. പരമാവധി ക്ഷത്രിയ കുടുംബാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ മാസവും പൊതുയോഗങ്ങൾ എല്ലാ മഠങ്ങളിലും മാറിമാറി നടത്തി ക്ഷത്രിയ കുടുംബങ്ങൾ തമ്മിലുള്ള സ്നേഹവും, സൗഹൃദവും വളർത്തുന്നതിന് സഹായിച്ചു വരുന്നു.

കേരളത്തിലെ ക്ഷത്രിയരുടെ ക്ഷേമത്തിനും, അവരുടെ ഉന്നമനത്തിനും വേണ്ടി അക്ഷീണം പ്രവർത്തിക്കുകയാണ് സഭയുടെ ലക്ഷ്യം.. തലമുറകൾ തമ്മിലുള്ള ഐക്യം നിലനിർത്തുവാൻ ഒറ്റക്കെട്ടായി പ്രായഭേദമന്യേ പ്രവർത്തിക്കുവാൻ സഭയിലെ എല്ലാവരും ബാധ്യസ്ഥരാണ്.

ഓണവും, തിരുവാതിരയും, വാർഷികവും മാത്രമല്ല എല്ലാ ആഘോഷങ്ങളും, അമ്പലദർശനങ്ങളും, തീർത്ഥാടനങ്ങളും സഭയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. സഭയുടെ ആദ്യകാല സെക്രട്ടറി കൃഷ്ണ വർമ്മയാണ് ഇന്നത്തെ പ്രസിഡൻറ്. സുരേഷ് വർമ്മ സെക്രട്ടറിയായും വിജയ വർമ്മ ട്രഷറർ ആയും തുടരുന്നു.. മുതിർന്ന അംഗങ്ങളായ വി.ആർ. വർമ്മയും പി.വി.ആർ. തിരുമുൽപ്പാടും രക്ഷാധികാരികളായി തുടരുന്നു.

ഇന്ന് കേരളത്തിലെ ക്ഷത്രിയ ക്ഷേമ സഭകളുടെ പ്രവർത്തനങ്ങളിൽ കുറ്റിലഞ്ഞി യൂണിറ്റിന് വളരെ പ്രധാനപ്പെട്ട പങ്കു വഹിക്കുവാൻ സാധിക്കുന്നു. ഈ ഒരു അവസരത്തിൽ മൺമറഞ്ഞുപോയ കുറ്റിലഞ്ഞിയിലെ ആദ്യകാല ക്ഷത്രിയ ക്ഷേമസഭാ പ്രവർത്തകരെ ഓർമ്മിക്കുന്നു. സംഘടനാരംഗത്തും അല്ലാതെയും കുറ്റിലഞ്ഞിയിലെ ക്ഷത്രിയ ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച എല്ലാവർക്കും നന്ദി, നമസ്കാരം.

ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ, തെറ്റുകുറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കണം.

**സുരേഷ് വർമ്മ**, സെക്രട്ടറി

## കുറ്റിലഞ്ഞി സഭ മുൻ സാരഥികൾ



കെ. കേരളവർമ്മ, കെ. രാമവർമ്മ



രാമചന്ദ്രൻ
തിരുമുൽപ്പാട്



കെ. കേരളവർമ്മ



ആർ. രാമവർമ്മ തമ്പാൻ



കൊച്ചനുജൻ
(കേരളവർമ്മൻ)
തിരുമുൽപ്പാട്




എം.ആർ. രാമവർമ്മ
(മോഹനൻ)



കെ.കെ. ത്രിവിക്രമ വർമ്മ
(കൊച്ചുകുഞ്ഞ്)



കെ. രവിവർമ്മ



ടി.എൻ. രാമവർമ്മ
തമ്പാൻ



പി.കെ. രവിവർമ്മ
തമ്പുരാൻ



രാമവർമ്മൻ, അശോക് വർമ്മ

## രക്ഷാധികാരികൾ



പി.വി.ആർ.
തിരുമുൽപ്പാട്



വി.ആർ. വർമ്മ

# പഴമയും മാറ്റവും

*(പന്തളം പാലസ് വെൽഫെയർ സൊസൈറ്റിയുടെ 2014-ലെ വാർഷികത്തിൽ ഡോ. RVG മേനോൻ നടത്തിയ പ്രഭാഷണത്തിന്റെ എഴുത്തു രൂപം.)*

ഞങ്ങളുടെ തലമുറ മുതൽ ഇപ്പോഴത്തെ ചെറുപ്പക്കാർ വരെയുള്ളവർ പല പ്രാധാന്യ മുള്ള മാറ്റങ്ങളും കണ്ടവരാണ്. വളരെ അപൂർവ്വമായ ഒരു അനുഭവമാണത്. നമ്മൾ വ്യാവ സായിക വിപ്ലവത്തെപ്പറ്റിയും പിന്നീട് പടിഞ്ഞാറൻ നാടുക ളിൽ ഉണ്ടായ മാറ്റത്തെപ്പറ്റിയും എല്ലാം പുസ്തകങ്ങളിൽ നിന്ന് പഠിച്ചിട്ടുണ്ട്. പല സിനിമകളിലൂ ടെയും അതിന്റെ ദൃശ്യങ്ങൾ കാണുകയും ചെയ്തിട്ടുണ്ട്. പക്ഷേ അവിടെ കഴിഞ്ഞ രണ്ട് മൂന്ന് നാല് നൂറ്റാണ്ടുകളിൽ ഉണ്ടായ മാറ്റം ഇവിടെ കൊച്ചു കേരളത്തിൽ കഴിഞ്ഞ ഒരു നൂറ്റാണ്ടിനകം ഉണ്ടായി എന്നതാണ് സത്യം. അത്തരം മാറ്റങ്ങളെ നേരിടുക എളുപ്പമല്ല. നമ്മുടെ മനസ്സ് അതിനായി പാകപ്പെടുത്തിയിട്ടുള്ളതല്ല. അത് പൊതുവേ തുടർച്ചയായി കാര്യങ്ങൾ പോകണം എന്ന് ശഠിക്കുന്നതാണ്. അതിലാണ് നമുക്ക് സുരക്ഷയുള്ളത്. വ്യക്തിപരമായും സാമൂ ഹികമായും അങ്ങനെയുള്ള മനസ്സ് ഇത്തരം സാമൂഹികമായ അതിവേഗ മാറ്റങ്ങളെ നേരിടുന്നത് (അതേപ്പറ്റി പഠിച്ചിട്ടുള്ളവർ പറയുന്നത് ഭാവിയുടെ വിസ്ഫോടനം എന്നാണ്, അതായത് ഫ്യൂച്ചർ ഷോക്ക്) പല തരത്തിലാണ്. നമ്മുടെ വളർന്നുവന്ന സാഹചര്യങ്ങൾ, നമ്മുടെ പഠനം, നാം ലോക ത്തെയും ലോകം നമ്മളെയും എങ്ങനെ കണ്ടു, എന്നതിനൊക്കെ അനുസരിച്ച് നാം ഈ മാറ്റങ്ങളെ പലതരത്തിൽ നേരിടാറുണ്ട്. ചിലർ ഈ മാറ്റങ്ങളെ തള്ളിപ്പറയും. എപ്പോഴും ഗൃഹാതുരത്വത്തോടെ നമ്മുടെ മുത്തച്ഛന്മാരുടെയും മുത്തശ്ശിമാരുടെയും കാലത്ത് നമ്മുടെ ചെറുപ്പത്തിൽ കണ്ട കാഴ്ചകൾ



*ഡോ. RVG മേനോൻ പ്രസംഗവേദിയിൽ*

ഓർത്ത് പരിതപിക്കുന്നവർ - മാറ്റങ്ങൾക്ക് പുറംതിരിഞ്ഞു നിൽക്കുന്നവർ എന്ന് പറയാം - ഇത്തരത്തിലാണ് ഒരു കൂട്ടർ. തിരുവിതാംകൂറിലും കൊച്ചി യിലും ആധുനിക വിദ്യാഭ്യാസം വന്ന സമയത്ത്, ഒരുപാട് വരേണ്യവർഗ്ഗ കുടുംബങ്ങൾ തന്നെ അതിൽ നിന്ന് മാറിനിന്നു. ഇതൊന്നും നമുക്ക് ആവശ്യ മില്ല, വിദ്യാഭ്യാസം പഴയരീതി യിൽ തന്നെ മതി എന്ന് കരുതി യവർ. ഇതിന് നേരെ വിപരീ തമാണ് എല്ലാ മാറ്റങ്ങളെയും കണ്ണുമടച്ച് സ്വാഗതം ചെയ്യുന്ന രീതി. എന്തു പുതുമ കണ്ടാലും അതിന്റെ പിന്നാലെ പായുക, പഴയതിനെ എല്ലാം വളരെ അവജ്ഞയോടെ കാണുക, അതെല്ലാം പൊളിച്ചുകളഞ്ഞ് പുതിയ സംരംഭങ്ങൾക്കായി കാത്തിരിക്കുകയും അതിന് നേതൃത്വം കൊടുക്കുകയും ചെയ്യുന്ന ഒരു വിഭാഗം. പലപ്പോഴും ഈ മാറ്റങ്ങൾ വരുമ്പോൾ ഈ വിഭാഗ മാണ് മുന്നിലേക്ക് വരിക; കാരണം അവർ പുതിയ അവസരങ്ങൾക്കായി കാത്തിരിക്കുന്നവരാണ്. പുതിയ അവസരങ്ങൾ എങ്ങനെ മുതലാക്കാമെന്ന് അറിയുന്നവരും അതിനായി സകല കഴിവുകളും ഉപയോഗിക്കുന്നവരും ആണ്. അതുകൊണ്ടുതന്നെ മാറ്റത്തിന്റെ ഒരു ഘട്ടത്തിൽ പഴയതിനെ എല്ലാം തള്ളിപ്പറയുകയും അതിനെ ചവിട്ടി മെതിച്ച് പുതുമ യുടെ പ്രതിബിംബങ്ങൾ സൃഷ്ടിക്കുകയും എന്നത് പല സമൂഹങ്ങളിലും നമുക്ക് കാണാം. എനിക്ക് എന്റെ പഠനത്തിന്റെയും യാത്രകളുടെയും ഭാഗ മായി ഉണ്ടായ നല്ല അനുഭവം, ഇത്തരം മാറ്റങ്ങൾ വന്ന പല സമൂഹങ്ങളെയും കാണാൻ - കുറ ച്ചൊക്കെ ഇടപഴകാനും - അവസരം ലഭിച്ചു എന്ന


താണ്. കാലം മാറുന്നതിന് അനുസരിച്ച് പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം തന്നെ പഴമയുടെ നന്മ എന്താണ് എന്ന് തിരിച്ചറിഞ്ഞ് അതിന്റെ സംരക്ഷിക്കപ്പെടേണ്ടതായ ഘടകങ്ങളെ തിരിച്ചെടുത്ത് അതിനെ നിലനിർത്തുന്ന ഒരു പ്രവണതയും കാണുന്നു. ഇത് വളരെ ശ്രമകരമാണ്. പഴയതാണ് എന്നതുകൊണ്ട് എല്ലാം കേമം ആകണമെന്നില്ല, "പുരാണമിത്യേവ ന സാധു സർവം" എന്ന് 1600-ഓളം വർഷങ്ങൾക്കു മുമ്പ് പറഞ്ഞത് മഹാകവി കാളിദാസനാണ്. ഇത് നമ്മളെല്ലാം കാണാതെ പഠിക്കുകയും പാടുകയും ചെയ്യാറുണ്ടെങ്കിലും അത് എത്രമാത്രം നമ്മൾ ഉൾക്കൊള്ളുന്നുണ്ട് എന്നത് സംശയമാണ്. പുരാതനമാണ് എന്നതുകൊണ്ട് മാത്രം നിലനിർത്തണമെന്ന് വാശി പിടിക്കുന്നവർ നമ്മുടെ കൂട്ടത്തിൽ ഉണ്ടാകും. പക്ഷേ പഴയതാണ് എന്നതുകൊണ്ട് മാത്രം നിലനിൽക്കേണ്ടതില്ല. പഴമയിലെ പലതും പഴയ രീതിയിൽ നിലനിൽക്കേണ്ടതുണ്ട്; ചിലതൊക്കെ ഇപ്പോഴും പ്രസക്തമാണ് എന്നതുകൊണ്ട് തന്നെ. ഇതിന്റെ എല്ലാവർക്കും മനസ്സിലാകുന്ന ഒരു ഉദാഹരണമാണ് നേരത്തെ പറഞ്ഞതുപോലെ ശ്രീ. ലാറി ബേക്കർ കൊണ്ടുവന്ന പുതിയ നിർമ്മാണ വിദ്യ. അതിന്റെ പല ഘടകങ്ങളും നമ്മളിവിടെ പണ്ടുമുതലേ ചെയ്തിരുന്നതാണ്. ഒന്ന് തിരിഞ്ഞുനോക്കിയാൽ അറുപതുകളിൽ ഇത്രത്തോളം നമുക്ക് നമ്മുടെ നാടിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ വാസ്തുവിദ്യയെ തൂത്തെറിഞ്ഞ് കൊണ്ടാണ് ഒരുപാട് നല്ല കെട്ടിടങ്ങൾ പൊളിച്ചുകളഞ്ഞ് കോൺക്രീറ്റ് വൈകൃതങ്ങൾ കെട്ടിപ്പൊക്കിയത്. പഴമയുടെ സംരക്ഷണ കേന്ദ്രങ്ങൾ എന്ന് കരുതുന്ന അമ്പലങ്ങളിൽ പോലും നല്ല പഴയ ആനക്കൊട്ടിലുകൾ പൊളിച്ചുകളഞ്ഞു അവിടെ കോൺക്രീറ്റ് കെട്ടിയെടുപ്പുകൾ ആക്കി, നല്ല നല്ല ഗോപുരങ്ങൾ പൊളിച്ച് ആധുനിക രീതിയിലുള്ള ഗേറ്റുകൾ ആക്കി, ധാരാളം വീടുകളിൽ ആധുനികമായ മുഖപ്പും ഗേറ്റും പോർട്ടിക്കോയും ഇല്ലെങ്കിൽ മോശമാണെന്ന ചിന്താഗതി ഇവിടെ വളർന്നു. ഇതിന് ഞങ്ങളുടെ വർഗ്ഗക്കാർ - എഞ്ചിനീയർമാർ - വലിയ ഒരു പാതകം ചെയ്തിട്ടുണ്ട്. കുറെയൊക്കെ ഞങ്ങളെ പഠിപ്പിച്ചതിന്റെ കുഴപ്പമാണ്. എഞ്ചിനീയർമാരെയെല്ലാം ഒന്നാം വർഷം ബിൽഡിംഗ് ടെക്നോളജി പഠിപ്പിച്ചിരുന്നത് - ഒരു കുറ്റബോധത്തോടെ ഓർത്തു നോക്കുമ്പോൾ കാണുന്നത് - പാശ്ചാത്യ സമ്പ്രദായത്തിലാണ്. നമ്മുടെ നാടിന്റെ നിർമ്മാണ പാരമ്പര്യം എന്താണ്, അതിന്റെ മേന്മ എന്താണ്, എന്നതിനെപ്പറ്റി ഒരു വാക്കുപോലും ഞങ്ങളുടെ പാഠങ്ങളിൽ പറഞ്ഞിരുന്നില്ല എന്നത് വസ്തുതയാണ്. ഇഷ്ടിക കെട്ടുന്നതിന് ഇംഗ്ലീഷ് ബോണ്ടും ഫ്ലെമിഷ് ബോണ്ടും പഠിപ്പിച്ചു. പക്ഷേ നമ്മുടെ കല്ലാശാരിമാർ എങ്ങനെയാണ് കല്ലു കെട്ടുന്നതെന്ന് ആരും പഠിപ്പിച്ചില്ല. അതുപോലെ കിംഗ് പോസ്റ്റ് ട്രസ്സും ക്യൂൻ പോസ്റ്റ് ട്രസ്സും പഠിപ്പിച്ചു. പക്ഷേ നമ്മുടെ ആശാരിമാർ എങ്ങനെയാണ് നാലുകെട്ടുകളുടെ കൂരകൾ പണിതത്, അതിന്റെ സാങ്കേതികവിദ്യ എന്താണ് എന്നൊന്നും ആരും പഠിപ്പിച്ചില്ല. അങ്ങിനെ ഒരു മൂടില്ലാത്താളി എന്ന് പറയുന്നതുപോലെ, അടിത്തറയില്ലാത്ത ഒരു സാങ്കേതികവിദ്യയാണ് നമ്മുടെ എഞ്ചിനീയറിങ് കോളജുകളിൽ പഠിപ്പിച്ചതും ഞങ്ങളുടെ തലമുറ അടുത്ത തലമുറയെ പഠിപ്പിച്ചതും. പലപ്പോഴും പലരും പറയാറുള്ളത് പോലെ ഔദ്യോഗിക കാലത്ത് ചെയ്ത പാപങ്ങൾക്ക് പരിഹാരം ആകണം ശിഷ്ടകാല ജീവിതം! മുൻപ് പറഞ്ഞതിനൊക്കെ ഒരു മറുപുറം ചെയ്യേണ്ടതാണ് എന്ന് തോന്നുന്നതു കൊണ്ടാണ് ഞങ്ങൾ ഇപ്പോഴും ചില കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നത്. ഈ രീതിയിൽ പാരമ്പര്യമായിട്ടുള്ള നിർമ്മാണ വിദ്യ ആണെങ്കിലും ലോഹ വിദ്യ ആണെങ്കിലും അവ സംരക്ഷിക്കപ്പെടേണ്ടതും ഉപയോഗപ്പെടുത്തേണ്ടതും ആണ്. പന്തളം ഭാഗത്തുള്ളവർക്ക് അറിയാം വളരെ പുരാതനമായ ലോഹ സംസ്കരണ വിദ്യ ഇവിടെയുണ്ടായിരുന്നു. സാങ്കേതികവിദ്യ ഉണ്ടായിരുന്നെങ്കിലും അതിന്റെ ശാസ്ത്രത്തിലേക്ക് കടന്നില്ല. എന്തുകൊണ്ട് ഇത് സംഭവിച്ചു? നിർമ്മാണ വിദ്യയിലും ലോഹ സംസ്കരണത്തിലും എല്ലാം സാങ്കേതികവിദ്യ ഒരു പരിധിവരെ വളരുകയും പിന്നെ അത് സ്തംഭനാവസ്ഥയിൽ ആവുകയും അവയുടെ ശാസ്ത്രങ്ങളിലേക്ക് കടക്കാതിരിക്കുകയും ചെയ്തത് എന്തുകൊണ്ട് എന്ന് നാം സ്വയം ചോദിക്കേണ്ട ചോദ്യമാണ്. ഇത്തരം സാങ്കേതികവിദ്യകളിൽ നിന്നാണ് പടിഞ്ഞാറൻ നാടുകളിൽ അവ സംബന്ധിക്കുന്ന ശാസ്ത്രങ്ങൾ ഉരുത്തിരിഞ്ഞത്. കാരണം അവിടെ ഇത്തരം പ്രക്രിയകളിൽ ഏർപ്പെട്ടിരുന്ന തലമുറക്കാർക്ക് വിദ്യ അഭ്യസിക്കുന്നതിന്, അതിലൂടെ ആ ശാസ്ത്രങ്ങൾ അവ

രുടെ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന്, എല്ലാം ഉള്ള അവസരം ഉണ്ടായിരുന്നു എന്നതാണ്. പക്ഷേ നമ്മുടെ സമൂഹത്തിൽ അങ്ങനെയുള്ള പഠനാവസരം ബോധപൂർവ്വം നിഷേധിക്കപ്പെടുകയായിരുന്നു. കൈ കൊണ്ട് പണിയെടുത്ത് പ്രായോഗികമായ കൗശലം സ്വായത്തമാക്കുന്ന വിഭാഗങ്ങൾക്ക് ഗ്രന്ഥങ്ങൾ വായിച്ചുപഠിക്കാനുള്ള അവസരം നിഷേധിക്കപ്പെട്ടു. ഗ്രന്ഥങ്ങൾ വായിച്ചുപഠിച്ച് മനഃപാഠമാക്കി ഉരുവിട്ടു നടന്നവർ കൈകൊണ്ട് പണിയെടുക്കാൻ പറ്റാത്തവരുമായി. അങ്ങിനെ സിദ്ധാന്തവും പ്രയോഗവും തമ്മിൽ അടിസ്ഥാന ബന്ധം നിഷേധിക്കപ്പെട്ടതുകൊണ്ടാണ് ഇന്ത്യയിൽ ഒരു ഘട്ടത്തിൽ സാങ്കേതികവിദ്യ സ്തംഭിക്കുകയും ശാസ്ത്രം അതിന്റേതായ രീതിയിൽ മുന്നോട്ട് പോകാതിരിക്കുകയും ചെയ്തത്. ഇതു മനസ്സിലാക്കി ഈ കുറവ് പരിഹരിച്ചുകൊണ്ട് ഈ തെറ്റ് തിരുത്തിക്കൊണ്ട് ആധുനിക ശാസ്ത്രത്തെ നമ്മുടെ തനതായ സാങ്കേതികവിദ്യകളുമായി ബന്ധപ്പെടുത്തി പഠിപ്പിക്കലും ഇവിടെ ഉണ്ടായില്ല. ഈ തലമുറയിലെ കുറച്ചുപേർക്കെങ്കിലും അറിയാം കേരളത്തിൽ വളരെ വികസിതമായ ഒരു ഗണിത പാരമ്പര്യം ഉണ്ടായിരുന്നു എന്ന്. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്ന് ഇപ്പോൾ പാശ്ചാത്യ ശാസ്ത്രജ്ഞന്മാർ അതിനെപ്പറ്റി പറയുന്നു. നമ്മൾ ന്യൂട്ടന്റെ പേരിലും ഗ്രിഗറിയുടെ പേരിലും ഒക്കെ പറയുന്ന ചില ശ്രേണികളും ന്യൂട്ടൺ വികസിപ്പിച്ച കാൽക്കുലസിന്റെ അടിസ്ഥാന തത്വങ്ങളും അവർക്ക് നൂറ്റാണ്ടുകൾക്ക് മുമ്പ് സംഗമഗ്രാമ മാധവൻ എന്ന് നമ്മൾ ഇപ്പോൾ പരിഷ്കരിച്ചു പറയുന്ന ഇരിങ്ങാലക്കുടയിലെ മാധവാചാര്യൻ കണ്ടെത്തിയിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ പിന്മുറക്കാരും പ്രയോഗിച്ചുവന്നു. ആ പരമ്പരയിലെ അവസാന കണ്ണിയായ ശങ്കരവർമ്മൻ ജീവിച്ചിരുന്ന സമയത്ത് തന്നെ ഈ ഗ്രന്ഥങ്ങളെ പറ്റി മദ്രാസിൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെയും മദ്രാസ് ലിറ്ററി സൊസൈറ്റിയുടെയും ഒരു സംയുക്ത സമ്മേളനത്തിൽ ചാൾസ് വിഷ് എന്ന ഒരു ഈസ്റ്റ് ഇൻഡ്യാ കമ്പനി ഉദ്യോഗസ്ഥൻ (ഇദ്ദേഹം കോഴിക്കോട് സബ് കളക്ടർ ആയിരിക്കെയാണ് കോലത്തുനാട് കോവിലകം അംഗമായിരുന്ന ശങ്കരവർമ്മനെ പരിചയപ്പെട്ടത്) ഒരു പ്രബന്ധം അവതരിപ്പിക്കുകയും അത് പിന്നീട് ഇംഗ്ലണ്ടിലെ ശാസ്ത്ര ജേർണലുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പക്ഷേ അത് വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല. അതിന് അവരെ കുറ്റംപറയാൻ ആകില്ല, പക്ഷേ വിഷിന്റെ ഈ പ്രബന്ധം അവതരിപ്പിച്ചിരുന്ന സമയത്ത് മദ്രാസ് സർവ്വകലാശാല പിറന്നുകഴിഞ്ഞിരുന്നു. അവിടെ ഗണിതശാസ്ത്രത്തിൽ പഠനവും തുടങ്ങിയിരുന്നു. നമ്മുടെ നാട്ടിലും ആംഗലേയ പാഠങ്ങൾ പഠിപ്പിച്ചു തുടങ്ങിയിരുന്നു. പക്ഷേ ഇവിടങ്ങളിൽ ആംഗലേയ പാഠങ്ങൾ പഠിപ്പിക്കുന്ന സമയത്ത് അതോട് ചേർത്ത് മാധവാചാര്യൻ പഠിപ്പിച്ച പാഠങ്ങൾ കൂട്ടിച്ചേർക്കണം എന്ന് അധ്യാപകർക്ക് തോന്നിയില്ല. കാരണം അത് സിലബസിൽ ഇല്ല! അപ്പോൾ, സിലബസ് പ്രകാരം പഠിപ്പിക്കലായി ഉന്നതവിദ്യാഭ്യാസം ഒതുങ്ങി നിന്നു എന്നർത്ഥം. ഈ ഒരു ജൈവബന്ധം ഇല്ലാതിരുന്നതിനാലാണ് പടിഞ്ഞാറൻ നാടുകളിൽ സ്വാഭാവികമായുണ്ടായ പല പരിവർത്തനങ്ങളും അറിവ് ഉത്പാദനവും ഇവിടെ ഉണ്ടാകാതെ പോയത്. ഇതിനെപ്പറ്റി ആലോചിക്കുമ്പോൾ ഒക്കെ എനിക്ക് തോന്നിയിട്ടുള്ള ഒരു കാര്യം നമ്മുടെ ഒരു വലിയ പരാധീനത ഈ ആധുനിക വിദ്യാഭ്യാസം എന്ന് നമ്മൾ പറയുന്ന വിദ്യ, അത് ആവിഷ്കരിച്ചപ്പോൾ മുതൽ തന്നെ സർക്കാർ ജോലിയുമായി ബന്ധപ്പെട്ടാണ് പ്രത്യക്ഷമായത് എന്നതാണ്. അതുകൊണ്ടുതന്നെ കുട്ടികളെ ഇംഗ്ലീഷ് സ്കൂളിൽ അയച്ച് വൈദേശികമായ പാഠങ്ങൾ പഠിപ്പിച്ച് ആ സർട്ടിഫിക്കറ്റ് നേടിയാൽ തിരുവനന്തപുരത്തുകാരന്റെ ഭാഷയിൽ പറഞ്ഞാൽ "പത്മനാഭന്റെ നാല് ചക്രം" ശമ്പളമായി കിട്ടും എന്ന കാഴ്ചപ്പാടിൽ ഒതുങ്ങി എന്നതാണ്. അത് തിരുവനന്തപുരത്തുകാർ ആദ്യം കണ്ടുപിടിച്ചു. പിന്നീട് ഞങ്ങളെപ്പോലെ ദൂരപ്രദേശത്തുള്ളവർ ഇതറിഞ്ഞ് പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ് തിരുവനന്തപുരത്ത് എത്തി അവിടെ കൂടി. ഒരുകാലത്ത് സ്കൂൾ ഫൈനൽ മതി എന്നായിരുന്നു. പിന്നെ ബിരുദം വേണമെന്നായി. അങ്ങനെ എല്ലാത്തിന്റെയും പരമ ലക്ഷ്യം സർക്കാർ ജോലിയാണ് എന്നായി. വിദ്യാഭ്യാസം തന്നെ സർക്കാർ ജോലിക്കാണെന്ന ഒരു മൗഢ്യം നമ്മളെ ഭരിച്ചു. (ഇപ്പോഴത് സർക്കാർ ജോലി എന്നതിന് പകരം കോർപ്പറേറ്റ് ജോലി എന്നോ വിദേശഗമനം എന്നോ മാറിയിട്ടുണ്ടാവാം, എന്ന് മാത്രം!) വിദ്യാഭ്യാസത്തിലൂടെ ഉണ്ടാകേണ്ട മാനസിക പരിവർത്തനം പൊതുവേ പറഞ്ഞാൽ ഇവിടെ ഉണ്ടായില്ല. വളരെ വിദ്യാഭ്യാസം നേടി എന്ന് നാം കരുതുന്ന പലരും

മാനസികമായി ഇപ്പോഴും പഴയ ഫ്യൂഡൽ ചിന്താഗതി വെച്ചുപുലർത്തുന്നതിന്റെ കാരണവും അതാണ്. വിദ്യാഭ്യാസത്തെ ഒരു ജൈവിക പ്രക്രിയയാക്കി മാറ്റാൻ നമുക്ക് കഴിഞ്ഞില്ല. ആ ഒരു പശ്ചാത്തലത്തിൽ പടിഞ്ഞാറ് ആധുനികത എങ്ങനെ സ്വീകരിക്കപ്പെട്ടു എന്ന് ചിന്തിക്കാം. ആധുനികതയുടെ ഭാഗം ആയി വരുന്ന സമൂലമായ മാറ്റങ്ങളിലും അവർ അവരുടെ പഴമ, അവരുടെ ചരിത്രം, എങ്ങനെ പരിരക്ഷിച്ചു എന്ന് നോക്കാം... അവരുടെ ചരിത്രം എന്നു പറയുമ്പോൾ ചിലപ്പോൾ നമുക്ക് പുച്ഛം തോന്നും. അമേരിക്കയിൽ 70 വർഷത്തെ പഴമ അതിപുരാതനമാണ്! നമുക്കത് ആധുനികതയുടെ തുടക്കമാണ്. അതോടൊപ്പം പൂജ്യങ്ങൾ ചേർത്താലേ നമുക്ക് പഴമ ആകുന്നുള്ളൂ. യൂറോപ്പിൽ ആണെങ്കിൽ ആയിരമോ ആയിരത്തി അഞ്ഞൂറോ വർഷം പഴക്കമുള്ള ഗ്രാമങ്ങൾ, നഗരങ്ങൾ, എന്നിവയുടെ അംശങ്ങൾ അവർ സംരക്ഷിക്കുന്നുണ്ട് – അത്യാധുനിക നഗരങ്ങൾ ഉള്ളപ്പോൾ തന്നെ. ചില പ്രദേശങ്ങളിൽ പോയാൽ ഇത് വ്യക്തമാകും. ഒരിക്കൽ ഞാൻ ബിഥോവന്റെ ജന്മസ്ഥലം സന്ദർശിച്ചു. ബിഥോവൻ പാശ്ചാത്യ സംഗീതാചാര്യനാണ്. അദ്ദേഹം ജനിച്ച ഗ്രാമത്തിന്റെ ആ തെരുവ് ആ പ്രദേശം ഏതാണ്ട് നൂറ്റാണ്ടുകൾക്ക് മുൻപത്തെ അതേ രീതിയിൽ അവർ സംരക്ഷിക്കുകയാണ്. അന്നത്തെ രീതിയിലെ കെട്ടിടങ്ങൾ ചെറിയ കടകൾ ആ ജീവിതശൈലി എന്നിവ അതേ രീതിയിൽ സംരക്ഷിക്കപ്പെടുന്നു. അതുപോലെ പല സ്ഥലങ്ങളും നമുക്ക് കാണാം. വെനീസ്, റോം എന്നിവിടങ്ങളിൽ 2000 വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്ന നഗരാവശിഷ്ടങ്ങൾ അങ്ങനെതന്നെ സംരക്ഷിക്കുന്നുണ്ട്. ഓൾഡ് സിറ്റി എന്ന രീതി ഡൽഹിയിലാണ് കുറച്ചെങ്കിലും കാണുന്നത്. ഓൾഡ് സിറ്റി ഏതാണ്ട് അതേ രീതിയിൽ സംരക്ഷിക്കാൻ ശ്രമിക്കുന്നു. ആധുനികതയുടെ ഭാഗമായ ന്യൂ സിറ്റി വേറെയുണ്ട്. ഇത്തരത്തിൽ അവരുടെ പൈതൃകം എന്ന് പറയുന്ന, അവർക്ക് അഭിമാനിക്കാൻ വകയുള്ള, വസ്തുക്കൾ സംരക്ഷിച്ചുകൊണ്ട് ആധുനികതയെ സ്വീകരിക്കുകയും അതിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട് അവർ കടന്നുപോവുകയും ചെയ്യുന്നത് നമുക്ക് കാണാൻ കഴിയും. എനിക്ക് തോന്നിയത് ഇന്ന് ഇവിടെ വന്ന് ആശയം പങ്കിടുമ്പോൾ ഈ ഒരു കാര്യമാണ് പറയേണ്ടതെന്നാണ്. എന്നത്തെയും പോലെ ഇന്ത്യയുടെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് നമുക്ക് കര വഴിയുള്ള ആക്രമണങ്ങൾ അധികം ഇല്ലായിരുന്നു എന്ന് പറയുമ്പോൾ തന്നെ കടൽ വഴിയുള്ള ഒരുപാട് പ്രതിപ്രവർത്തനങ്ങൾ ഇതര നാടുകളുമായി ഉണ്ടായിരുന്നു എന്നും കാണാം. അതിന്റെ സ്വാധീനം സമാധാനപരമായി തന്നെ ഇവിടെ ഉണ്ടായിട്ടുണ്ട്. ആശയപരമായും അത് നമ്മെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ഇന്ത്യയുടെ ഇതരഭാഗങ്ങളിലെ ജനതതികളുടെ ചിന്താഗതിയെക്കാൾ വളരെ വ്യത്യസ്തമാണ് കേരളത്തിലെ ചിന്താഗതി. അതോടൊപ്പം തന്നെ ഈ മാറ്റങ്ങൾ വന്നപ്പോൾ ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ പലപ്പോഴും നമ്മൾ കാലിടറി കാൽവഴുതി നമ്മുടെ പഴമയിൽ സംരക്ഷിക്കപ്പെടേണ്ടതായിട്ടുള്ള കാര്യങ്ങളെ വിസ്മരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കഴിഞ്ഞ അര നൂറ്റാണ്ടിലെ പ്രത്യേകിച്ച് ആധുനികതയുടെ ആക്കം വളരെ കൂടിയ സമയത്ത് ഒരുപാട് നാശനഷ്ടങ്ങൾ വരുത്തിയിട്ടുമുണ്ട്. കുറച്ചുനാൾ മുമ്പ് പേപ്പറിൽ വന്ന വാർത്തയാണ്, മലബാർ ഭാഗത്തുള്ള വളരെ പഴയ ചില കൊട്ടാരങ്ങൾ പഴയ പ്രഭു കുടുംബങ്ങളുടെ പഴയ മട്ടിലെ കെട്ടിടങ്ങൾ സംരക്ഷിക്കാൻ ശ്രമം ഉണ്ടായെങ്കിലും ആ സംരക്ഷണം എത്തുന്നതിനു മുൻപ് തന്നെ അവയുടെ അവകാശികൾ അവയെ പൊളിച്ചു മാറ്റി എന്ന്. ഇന്ന് വളരെ പഴമ അവകാശപ്പെടാവുന്ന, നമുക്ക് അഭിമാനിക്കാം എന്ന് നാം കരുതുന്ന, പല കുടുംബങ്ങളിലും അവകാശികൾ നൂറുകണക്കിനാണ്. അവരിൽ പലരും ഈ പുരയുടെ ഏത് കഴുക്കോലാണ് എനിക്ക്, എന്ന് നോക്കിയിരിക്കുന്നവരുമാണ്. അത് വിറ്റിട്ട് വേണം നമുക്ക് നമ്മുടെ കാര്യം നോക്കാൻ – നമുക്ക് വീട് വെയ്ക്കാൻ – എന്നൊക്കെ ആലോചിക്കുന്നവരാണ്. അതുകൊണ്ട് നമുക്ക് അവഗണിക്കാനാവാത്ത ഒരു സത്യവും ആണത്. വളരെ പഴയ കെട്ടിടങ്ങൾ സംരക്ഷിക്കുക എന്നത് അതിന്റെ പിന്മുറക്കാരുടെ മാത്രം ആവശ്യമോ ഭ്രമമോ അല്ല. അത് സമൂഹത്തിന്റെ ആവശ്യമായി മാറണം. സമൂഹത്തിന്റെ ആവശ്യമായാൽ തീർച്ചയായും അതിനെ ആശ്രയിച്ച് ജീവിച്ചിരുന്നവരുടെ ആവശ്യങ്ങളും കൂടെ സംരക്ഷിച്ചുകൊണ്ട് മാത്രമേ ഇത് ചെയ്യാൻ സാധിക്കുകയുള്ളൂ. അതേ സമയത്ത് ഇത് സംരക്ഷിക്കപ്പെടുക തന്നെ വേണം. പ്രത്യേകിച്ച് ഈ നിർമ്മാണ സാങ്കേതിക വിദ്യകൾ

വളരെ തനിമയുള്ളതാണ്, കാലാവസ്ഥയ്ക്ക് അനുയോജ്യമാണ് സാമൂഹികരീതിക്ക് അനുയോജ്യമാണ് – എന്നതെല്ലാം കൊണ്ട്. അത്തരം പഴയ നിർമ്മാണങ്ങളുടെ ഉത്തമ മാതൃകകൾ സംരക്ഷിച്ചുകൊണ്ടുതന്നെ എങ്ങനെ നമുക്ക് ആധുനികതയെ നേരിടാം എന്നത് വലിയൊരു വെല്ലുവിളിയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം പന്തളത്തിന്റെ ഈ ഭാഗവും കൊട്ടാരവുമായി ബന്ധപ്പെട്ട ചരിത്രവുമായി, അയ്യപ്പന്റെ ഐതിഹ്യങ്ങളുമായി, ബന്ധപ്പെട്ടുകിടക്കുകയാണ്. ഇവിടുത്തെ കുടുംബങ്ങളുടെ പൊതു പൈതൃകം നേരിടുന്ന വെല്ലുവിളി ഇതാണ്. തീർച്ചയായും ആധുനികതയുടെ കുത്തൊഴുക്കിൽ പെട്ടുപോകുന്നതാണ് നമ്മൾ. എന്തെന്നാൽ ആധുനികത എപ്പോഴും അതിന്റേതായ അവസരങ്ങൾ നൽകുന്നു. അത് മുതലാക്കാൻ അറിയാവുന്നവർ ആ വഴിക്ക് പെട്ടെന്ന് സമ്പന്നരാകാം; പിന്നീട് പൊളിഞ്ഞുപോകാം. പക്ഷേ അവരെല്ലാം പഴമയെ അങ്ങനെ തന്നെ തൂത്തുകളഞ്ഞുകൊണ്ടാണ് പോകുന്നത്. അത് ചെയ്യാതെ ഞാൻ നേരത്തെ ബിഥോവന്റെ ജന്മദേശത്തെപ്പറ്റി പറഞ്ഞതുപോലെ ഈ നഗരത്തിന്റെ, വാർഡിന്റെ, തെരുവുകളുടെ, തനിമ നിലനിർത്തിക്കൊണ്ട്, എങ്ങനെ നമുക്ക് ഈ മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയും? മാറ്റങ്ങളെ ഉൾക്കൊള്ളുക എന്ന് പറയുമ്പോൾ അയ്യപ്പന്റെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ മണ്ഡലക്കാലത്താണ് അതിഭീകരമായ, ഭീകരം എന്ന് തന്നെ പറയണം, അത്ര വലിയ മനുഷ്യ ഒഴുക്കാണ് ഈ ഭാഗത്ത് ഉണ്ടാകുന്നത്; ശബരിമലയിലേക്ക് പോകുന്നവരും അല്ലാത്തവരും ആയിട്ട്. അത്ര വലിയ മനുഷ്യസഞ്ചയം എത്തുമ്പോൾ അവർക്ക് തിരുവാഭരണം തൊഴുന്നതിനും കൊട്ടാരം കാണുന്നതിനും എല്ലാം ആഗ്രഹം ഉണ്ടാകുന്നത് സ്വാഭാവികം. ഈ ആഗ്രഹത്തെ മുതലാക്കിക്കൊണ്ടാണ് ആധുനികത ധനസമ്പാദനത്തിന് അവസരം ഉണ്ടാക്കുന്നത്. അതിനെ തള്ളിപ്പറയാൻ സാധിക്കുകയില്ല. ഇത് സ്വാഭാവികമായി ഉണ്ടാകുന്ന ഒരു പ്രക്രിയയാണ്. ഈ ആഗ്രഹത്തെ ഭാഗികമായെങ്കിലും നിറവേറുന്ന നിറവേറ്റുന്ന തരത്തിൽ തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ ഒരുക്കാൻ കഴിയുമോ? എങ്ങനെ കഴിയും? ഏത് രീതിയിലാണ് നിങ്ങൾ ചെയ്യേണ്ടത്? പഴയ രീതിയിലുള്ള സൗകര്യങ്ങൾ പോരാ ആധുനികമായ സൗകര്യങ്ങൾ (ജീവിതശൈലി മാറിയത് അനുസരിച്ച് ടോയ്‌ലറ്റ് സൗകര്യങ്ങൾക്ക് വളരെ വളരെ മാറ്റങ്ങൾ വന്നിട്ടുണ്ട്) ചെയ്യേണ്ടിവരും. അതേസമയം ബാഹ്യമായിട്ടെങ്കിലും പഴമയുടെ തനിമ നിലനിർത്തേണ്ടത് ആവശ്യമാണ്. താമസ സൗകര്യങ്ങളും കുളിക്കാനും യാത്രയ്ക്കും മറ്റുമുള്ള സൗകര്യങ്ങൾ ഇതെല്ലാം ഒരുക്കിക്കൊടുക്കാൻ നമുക്ക് കഴിയുകയും വേണം. അത് ആർക്കിടെക്ചറൽ ആയിട്ട്, നിർമ്മാണ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട് പറഞ്ഞാൽ – വലിയ ഒരു വെല്ലുവിളിയാണ്, പക്ഷേ ഈ വെല്ലുവിളി നമ്മൾ മാത്രമല്ല നേരിട്ടിട്ടുള്ളത്. ലോകത്തെ പല ഭാഗത്തും ഇത് നേരിട്ടവരുണ്ട്. ആ പാഠങ്ങൾ ഉൾക്കൊണ്ടാണ് ഇവിടെയും സംവിധാനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. അതോടൊപ്പം നമ്മൾ ഓർക്കേണ്ട ഒരു സംഗതി പല തീർത്ഥാടന കേന്ദ്രങ്ങളെയും അപേക്ഷിച്ചു വ്യത്യസ്തമാണ് ഇവിടം – ഇത് സീസണൽ ആണ് എന്നതാണ്. ചില സമയത്ത് മാത്രമാണ് ഇവിടെ തിരക്കുണ്ടാകുന്നത്. സാമ്പത്തിക ശാസ്ത്രത്തിന്റെ പാഠങ്ങൾ പഠിച്ചു പറയുകയാണെങ്കിൽ ആണ്ടിൽ രണ്ടുമൂന്നു മാസങ്ങളിലെ പ്രക്രിയയ്ക്ക് വേണ്ടി നമുക്ക് വലിയ മുതൽമുടക്ക് ചെയ്യാൻ സാധിക്കില്ല എന്നതാണ് ഒരു കാര്യം. ബാക്കി സമയങ്ങളിലും അതിന് പ്രയോജനം ഉണ്ടാകണം അത്തരത്തിൽ ശബരിമല സീസണുകളിൽ അല്ലാതെ ഈ സൗകര്യങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്തും? തീർത്ഥാടനവുമായി ബന്ധപ്പെടാതെ നമ്മുടെ ആളുകൾക്ക് തന്നെ ഒരു നിത്യവരുമാനത്തിനുതകുന്ന പ്രവർത്തനങ്ങൾ – അത് ആരോഗ്യ സേവനവുമായി ബന്ധപ്പെട്ടതാകാം – പുഴയുമായി ബന്ധപ്പെട്ടതാകാം – ഗ്രാമീണ അന്തരീക്ഷവുമായി യോജിച്ച പ്രവർത്തനങ്ങൾ ആകാം. ഞാനും എന്റെ സഹധർമ്മിണി ലളിതാംബികയും പ്രവർത്തിക്കുന്ന ഐ.ആർ.ടി.സി. (ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ) എന്ന സ്ഥാപനത്തിൽ കരകൗശല വിദ്യകളുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്, പകർത്തിയിട്ടുമുണ്ട്. കളിമൺ പാത്രങ്ങൾ ഉപയോഗിച്ചുള്ള അലങ്കാര നിർമ്മാണ

വൃത്തികൾ എന്നിങ്ങനെയുള്ള പ്രവൃത്തികളിലൂടെ തീർത്ഥാടകർക്ക് മാത്രമല്ല മറ്റു ടൂറിസ്റ്റുകൾക്കും സന്ദർശകർക്കും എല്ലാം പ്രയോജനപ്പെടുന്ന രീതിയിലുള്ള കരകൗശല വസ്തുക്കൾ, അവയുടെ പ്രദർശന ശാലകൾ - അതിന് ഐ.ആർ. ടി.സിയിൽ കൊടുത്തിരിക്കുന്ന പേര് ഗ്രാമകല എന്നതാണ് (എംപോറിയം ഫോർ റൂറൽ ആർട്ട്) വസ്ത്രം നിർമ്മാണവുമായി, അലങ്കാര വസ്തുക്കളുടെ ഉൽപാദനവുമായി, ബന്ധപ്പെട്ടതാകാം. ഇത്തരം പല സാധ്യതകളും ഉണ്ട്. ഈ സാധ്യതകളെപ്പറ്റി ആലോചിച്ച് പുതിയവ പരിശോധിച്ച് ഏതെല്ലാമാണ് നമുക്ക് ചെയ്യാവുന്നത്, അതിന് പരിശീലനം കൊടുക്കുക. ചെറുപ്പക്കാർക്ക് തൊഴിലവസരം എന്ന നിലയിൽ പരിശീലനം നൽകി അവരുടെ ചെറിയ ഉത്പാദന കേന്ദ്രങ്ങൾ. അവയെല്ലാം ഒരു പുരക്കീഴിൽ ആകണം എന്നില്ല, വികേന്ദ്രീകരിച്ചാകാം - പക്ഷേ പൊതുവായുള്ള പ്രദർശനശാലകൾ - എംപോറിയം - അതിന്റെ മാർക്കറ്റിംഗ് അതിന് ഇപ്പോഴത്തെ സാധ്യതകൾ ഉപയോഗിച്ച് മൾട്ടി മീഡിയ ഇന്റർനെറ്റ് ഫേസ് ബുക്ക് എന്നിവയിലെല്ലാം പ്രചാരണവും പരസ്യവും ആകാം. ഒരു വിപണി തന്നെ അതിനായി തുറന്നെടുക്കാൻ സാധിക്കും. അത്തരം പ്രവർത്തനങ്ങളുടെ കേന്ദ്രമാകാം, അതുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ ആകാം. ഇത്തരം സാദ്ധ്യതകൾ തീർച്ചയായും തുറന്നുവരാം. പക്ഷേ നമുക്ക് അവയെല്ലാം തന്നെ ഉൾക്കൊള്ളാൻ കഴിഞ്ഞെന്നു വരില്ല; ആലോചിക്കാൻ കഴിഞ്ഞെന്നും വരില്ല. അത്തരം ആശയങ്ങൾ ഉള്ളവരുമായി പ്രതിപ്രവർത്തിച്ച് പുതിയ പുതിയ ആശയങ്ങൾ പരിശോധിച്ച് ചെറിയ നിലയിൽ ചെയ്തുനോക്കി, നമ്മുടെ ഭാഷയിൽ പറഞ്ഞാൽ ക്ലച്ച് പിടിക്കുന്നത് നോക്കി ചെയ്യുന്നുവോ, അതിന് പ്രാധാന്യം കൊടുത്ത് മുന്നോട്ടു പോകാം. മറക്കാനാകാത്ത ഒരു സംഗതി സാമ്പത്തികമാണ് - commercial aspect. ഇത്തരമൊരു സംരംഭം നിലനിൽക്കണമെങ്കിൽ അതിന്റെ സാമ്പത്തികം ആരോഗ്യകരമായേ പറ്റൂ. ഈ സാമ്പത്തിക ആവശ്യങ്ങൾക്ക് ഇത്തരം പ്രവർത്തനങ്ങൾ തീർച്ചയായും സഹായിക്കും. പഴയ പ്രവർത്തനങ്ങൾ തുടരുന്നതിനും അതിനായി വിപണന സംവിധാനങ്ങൾ ഒരുക്കുന്നതിനും മുതിർന്നവരുടെ ആവശ്യമുണ്ട്. ഇതുപോലുള്ള പ്രദേശങ്ങളിൽ വരാവുന്ന മറ്റൊരു ഭീഷണിയും ഉണ്ട്. കുറച്ച് തുറന്ന സ്ഥലം ഉണ്ടെങ്കിൽ അത് എങ്ങനെയെങ്കിലും വിറ്റുകിട്ടുന്നതിന് കാത്തിരിക്കുന്ന ആളുകൾ ഉണ്ടാകും. ഇങ്ങനെ ഭൂമി കഷണം കഷണമായി അന്യാധീനപ്പെടുകയാണെങ്കിൽ നമ്മൾ ആഗ്രഹിക്കുന്ന രീതിയുമായി ഒരു ചേർച്ചയുമില്ലാത്ത നിർമ്മിതികളും വസ്തുക്കളും എല്ലാം ചെറിയ ദ്വീപുകളായി പോകും. അങ്ങനെ നമ്മുടെ സംരംഭത്തിന്റെ തനിമ നഷ്ടപ്പെടും. അതുകൊണ്ടുതന്നെ അത്തരം ഭൂമി വിൽക്കാൻ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിന് ന്യായമായ വിലയ്ക്ക് തന്നെ വാങ്ങി സംരംഭത്തിന് മുതൽക്കൂട്ടാക്കാൻ കഴിയണം. ഇതിനെല്ലാം മുതൽമുടക്ക് ആവശ്യമാണ്. തീർച്ചയായും പന്തളത്തെ കുടുംബാംഗങ്ങളുമായി ബന്ധപ്പെട്ട ഇവിടത്തെ മാത്രമല്ല വിദേശത്തും ജോലി ചെയ്യുന്ന ധാരാളം അംഗങ്ങൾ ഉണ്ടാകാം. അവരുടെ സഹായത്തോടെ ഇതിനൊരു ട്രസ്റ്റ് ഉണ്ടാക്കേണ്ടത് ആവശ്യമാണ്. ഈ ഒരു സംരംഭം ഇവിടെയുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വളരെ നല്ല ഒരു കാര്യം. അതിനെ ഞാൻ അഭിനന്ദിക്കുന്നു. ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് വേണ്ട മുതൽമുടക്ക് നൽകുകയും അതിൽ ട്രസ്റ്റിലുള്ള ആൾക്കാർ മാത്രമല്ല പുറമേ ഉള്ളവരുമായി സമ്പർക്കത്തിൽ ഏർപ്പെട്ട് പുതിയ ആശയങ്ങൾ കൊണ്ടുവന്ന് പരിശോധിച്ച് ഈ യത്നങ്ങൾക്ക് ഒരു പ്രത്യേക പരിപ്രേക്ഷ്യം ഉണ്ടാക്കി അതിനനുസരിച്ച് ചെറിയ രീതിയിലുള്ള തുടക്കങ്ങൾ - നമുക്ക് എല്ലാംകൂടി ഒരുമിച്ച് ചെയ്യാൻ സാധിക്കില്ല - പക്ഷേ ഓരോ ചെറിയ കാര്യവും ഈ വിശാലമായ ക്യാൻവാസിന്റെ ഭാഗമാണ്, ആ ദിശയിലാണ് എന്ന് നമുക്ക് ഉറപ്പുണ്ടാക്കേണ്ടതും ഉണ്ട്. അങ്ങനെ ചെയ്യാൻ നിങ്ങൾക്ക് കഴിയട്ടെ എന്ന് ഞാൻ ആശിക്കുന്നു. കേരളത്തിലെ പല സ്ഥലങ്ങളിലൂടെയും യാത്ര ചെയ്യുമ്പോൾ നമുക്ക് വളരെ സങ്കടം തോന്നുന്ന ഒരു കാര്യം, പഴമയുടെ ഖണ്ഡങ്ങൾ ആയ ഭാഗങ്ങൾ എല്ലാംതന്നെ, പരിരക്ഷിക്കപ്പെടേണ്ടതായിരുന്നു എന്ന് നമുക്ക് തോന്നുന്ന പല നിർമ്മിതികളും വിഭാഗങ്ങളും തിരിച്ചറിയാനാകാത്ത വിധത്തിൽ മാറി മറിഞ്ഞതായി കാണും എന്നതാണ്. വളരെ മനോഹരങ്ങളായ പല നിർമ്മിതികളും പൊളിച്ച് അതിനു



# ഗീതോപദേശം
# മായ

**കെ.സി. രാമവർമ്മ രാജ**
വലിയരാജ, നീലേശ്വരം, മൊ. 9447027272

"അന്തർഭവേƒനന്ത! ഭവന്തമേവ
ഹ്യതത് ത്യജന്തോ മൃഗയന്തിസന്തഃ
അസന്ത മപ്യന്ത്യഹിമന്തരേണ
സന്തം ഗുണം തം കിമുയന്തി സന്തഃ"
ഭാഗവതം (സ്ക. 10, അ. 14, ശ്ലോ. 28)

സാരം:

കയറിൽ ആരോപിച്ച സർപ്പത്തെ നിഷേധിച്ചാൽ മാത്രമേ അതിനെ കയറെന്ന് അറിയുവാൻ കഴിയുകയുള്ളൂ. അതേപോലെ മായാമയമായിരിക്കുന്ന ജഗത്തിനെ നിഷേധിച്ചാൽ മാത്രമെ സത്യസ്വരൂപമായ ആത്മാവിനെ അറിയുവാൻ കഴിയുകയുള്ളൂ. ആരെങ്കിലും ടോർച്ച് (Torch) അടിച്ച് അത് കയറാണെന്നു ബോദ്ധ്യപ്പെടുത്തിയാലേ പാമ്പിന്റെ ഭയം പോകുകയുള്ളൂ. അതുപോലെ ജ്ഞാനലബ്ധിയിൽ മാത്രമാണ് ജഗത് മിഥ്യയാണെന്ന് മനസ്സിലാകുകയുള്ളൂ. അതിനു ശേഷമേ ഭഗവാനെ അറിയുവാൻ പറ്റുകയുള്ളൂ. മനസ്സിന്റെ ലോകത്തിൽ ജീവിക്കുന്നതിന്റെ പേരാണ് മായ.

'ബോധം', ജഡം, ഇത് രണ്ടു മാത്രമേ ഉള്ളൂ. ജഡം ഉണ്ടാവുന്നു, മറയുന്നു. ബോധം മാത്രം എന്നും നിലനില്ക്കുന്ന സത്യം. "ഞാൻ" കേട്ടു. "ഞാൻ" കണ്ടു. എന്നിങ്ങനെ സദാ നമ്മളിൽ ഉള്ള 'ഞാൻ' തന്നെയാണ് ബോധം. ജഡം കർമ്മബന്ധിതമാണ്. കർമ്മബന്ധിതമല്ലാത്ത ബോധമാണ് ബ്രഹ്മം. സർവ്വം ബ്രഹ്മമയം.

"മത്തഃ പരതരം നാന്യത്
കിഞ്ചിദസ്തി ധനഞ്ജയ
മയി സർവ്വമിദം പ്രോതം
സൂത്രേ മണി ഗണാ ഇവ"
ഗീത (അ. 7, ശ്ലോ. 7)

"എല്ലാം എന്നിൽ കോർക്കപ്പെട്ടിരിക്കുന്നു" എന്നാണ് ഭഗവാൻ ഗീതയിൽ അർജ്ജുനന് കൊടുത്ത ഉപദേശം. ഈ ബ്രഹ്മജ്ഞാനം സിദ്ധിച്ചാൽ കർമ്മം ചെയ്താലും ഇല്ലെങ്കിലും വാസന ഉണ്ടാവില്ല. പരമാനന്ദം അനുഭവിക്കും. പുനർജ്ജന്മവും ഉണ്ടാവില്ല.

മായാ-യാമാ-യാതൊന്നാണോ ഇല്ലാത്തത്, പക്ഷെ ഉണ്ടെന്ന് തോന്നുന്നത്, അതാണ് മായ. ജഡം മുഴുവനും മായയാണ്. അവയുമായി സംഗം കുറയ്ക്കുക. സത്യത്തെ വിട്ടിട്ട് കാണുന്ന കാഴ്ച കള്ളമാണ്. പലത് കാണുന്നത് മായ. പലത് സത്യമല്ല.

ഉദാഹരണങ്ങൾ:-

1. കയറിൽ പാമ്പിന്റെ രൂപം കാണുന്നു. ഇത് മരണത്തിനും കൂടി ഇടയാക്കിയേക്കാം.

---

→

പകരം കോൺക്രീറ്റ് തീപ്പെട്ടിക്കൂടുകൾ കെട്ടി വെയ്ക്കുന്നതും അത് വലിയ നേട്ടമാണെന്ന് അതിന്റെ കാരണക്കാർ അഭിമാനിക്കുന്നതും നമുക്ക് കാണാം. ഈ അനുഗൃഹീതമായ ഭൂവിഭാഗത്തിനും അനുഗൃഹീതമായ ഇവിടത്തെ കുടുംബാംഗങ്ങൾക്കും ആ ദുര്യോഗം വരാതിരിക്കട്ടെ എന്ന് ഞാൻ ആശിക്കുന്നു. അത് വരാതിരിക്കുന്നതിന് വേണ്ടി അതിന് പ്രതിക്രിയ ചെയ്യുന്നതിനുവേണ്ടി മുൻകൈ എടുത്ത ഈ ട്രസ്റ്റിന്റെ സംഘാടകരെ എല്ലാം ഞാൻ അഭിനന്ദിക്കുന്നു, നല്ലതുവരട്ടെ, നന്ദി.

*തയാറാക്കിയത്:*
**ഡോ. സി.കെ. കൃഷ്ണദാസ്**
ഐ.എസ്.ആർ.ഒ. (വി.എസ്.എസ്.സി.)
ഡെപ്യൂട്ടി ഡയറക്ടർ (റിട്ട.)

2. മരുഭൂമിയിലെ വെള്ളം. ഇത് വെറും തോന്നലാണ്. മാൻപേട മരുഭൂമിയിലെ വെള്ളം കുടിക്കാൻ ഓടിയോടി പോകുന്നു. ('മൃഗതൃഷ്ണികാ' എന്നാണ് ഇതിന് പറയുക)

ഭാഗവതത്തിലെ പരീക്ഷിത്തിനെ പോലെ സത്യം മനസ്സിലാക്കി ജീവിക്കണം. ഏഴ് ദിവസം കൂടി മാത്രമെ ഉള്ളൂ സർപ്പം കടിക്കാൻ എന്നറിഞ്ഞപ്പോൾ ഒരു ഭയവും ഉണ്ടായില്ല. കുറച്ചുകൂടി സത്യം ഉറപ്പിക്കാൻ ഏഴ് ദിവസം പ്രയോജനപ്പെടുത്തി. ചൂഡാലയുടെയും ഭർത്താവിന്റെയും കഥ നല്ല ജീവിതത്തിന്റെ ഉദാഹരണമാണ്. നേടിയതെല്ലാം ദുഃഖിപ്പിക്കും. ഈ സത്യം അറിഞ്ഞാൽ ദുഃഖമില്ല. യജ്ഞരൂപത്തിൽ കുടുംബത്തെ വളർത്തു. അശാന്താത്മാവാകരുത്. യദു ചക്രവർത്തി അവധൂതനോട് സന്തോഷമായി ജീവിക്കുന്നതിന്റെ രഹസ്യം ചോദിച്ച് മനസ്സിലാക്കി. വിവേകാന്ദ സ്വാമിജി മരിക്കുന്ന ദിവസം ഒരു വിഷമവുമില്ലാതെ എല്ലാവരേയും വിളിച്ച് അവസാന നിമിഷം വരെ തന്റെ പ്രവർത്തി ചെയ്തു. ഖട്വാംഗ രാജർഷിക്ക് രണ്ട് നാഴികകൊണ്ട് സത്യം മനസ്സിന് ഉറച്ച് കിട്ടി.

ഈ ലോകം മായയാണെന്ന് തെളിയിക്കാനാണ് വിശ്വരൂപ പ്രദർശനത്തിന്റെ ഉദ്ദേശം. ഈ മായാലോകം സത്യമാണെന്ന് വിചാരിക്കുന്നതുകൊണ്ട് നാം കരയേണ്ടിവരും. ഇതാണ് ജീവിത രഹസ്യം. മായയെ പുറംതള്ളുക. ദേശകാലങ്ങൾ ഭദ്രമാണ്. ദേശകാലങ്ങൾ ചുരുങ്ങിച്ചുരുങ്ങി ഒരു ബിന്ദുവിൽ വന്നെത്തും. അതാണ് ബോധം. "ജഗത് മിഥ്യാ" ഈ ജഗത് എങ്ങനെ പ്രവർത്തിക്കുന്നു എന്നതാണ് മായ. വിരുദ്ധ പ്രവാഹങ്ങളുടെ ഒഴുക്കാണ് ജീവിതം. പരിമിതങ്ങളെ തള്ളി, അപരിമിതത്തിൽ സുഖം കാണണം. വെള്ളത്തിൽ കിടക്കുന്ന തടമരം പോലെ ജീവിക്കുക. വിലാസിനിയായ, ഒരു വേശ്യയെ പോലെ മായ മനുഷ്യനെ വഞ്ചിക്കുകയാണ്. നമ്മൾ മായയുടെ അധിപതിയായിത്തീരണം. നമ്മിലെ 'ഞാൻ' മായാബന്ധിതനല്ല. അതറിയലാണ് അന്തിമ ലക്ഷ്യം.

ശ്രീരാമൻ ലക്ഷ്മണന് പഞ്ചവടിയിൽ വെച്ച് നൽകിയ ഉപദേശം ഇവിടെ പ്രസ്താവ്യമാണ്.

"മായാകല്പിതം പരമാത്മനി വിശ്വമെടോ!
മായ കൊണ്ടല്ലോ വിശ്വമുണ്ടെന്ന് തോന്നിക്കുന്നു.
രജ്ജുഖണ്ഡത്തിങ്കലെപ്പന്നഗ ബുദ്ധിപോലെ
നിശ്ചയം വിചാരിക്കിലേതുമൊന്നില്ലയല്ലോ
മാനവൻമാരാൽ കാണപ്പെടുന്നതും കേൾക്കായതും
മാനസത്തിങ്കൽ സ്മരിക്കപ്പെടുന്നതുമെല്ലാം
സ്വപ്നസന്നിഭം വിചാരിക്കിലില്ലാതൊന്നല്ലോ
വിഭ്രമം കളഞ്ഞാലും വികല്പമുണ്ടാകേണ്ട
..........................................................................................
ജീവാത്മാവെന്നും പരമാത്മാവെന്നതു മോർക്കിൽ
കേവല പര്യായ ശബ്ദങ്ങളെന്നറിഞ്ഞാലും"
(അദ്ധ്യാത്മരാമായണം-തുഞ്ചത്തെഴുത്തച്ഛൻ)

മായയിലേക്കു കടന്നാൽ, ഒരു സ്വാതന്ത്ര്യവും ഇല്ല. പുത്രനോടുള്ള മമത കൊണ്ട് ദശരഥൻ ദുഃഖിച്ച് മരിച്ചു. ജനിക്കുന്നതിനും മരിക്കുന്നതിനും സ്വാതന്ത്ര്യമില്ല. ഇതിനിടയ്ക്കുള്ള കാര്യങ്ങളിൽ സ്വാതന്ത്ര്യമുണ്ടോ? അതും ഇല്ല. സൂര്യചന്ദ്രന്മാർ കൂടി മായയ്ക്ക് അടിമകളാണ്. ഒരു ഉറുമ്പിന്റെ കഴിവു പോലും ഇല്ല മനുഷ്യന്. നമ്മൾ കർമ്മത്തിന്റെ അടിമകളാണ്. എന്റെ കുട്ടി മിടുക്കനാണെന്ന് എല്ലാ അമ്മമാരും പറയും. പക്ഷെ, കുടിയനായി അമ്മയെ അടിക്കുന്നു. കുട്ടി പലതരത്തിലും അമ്മയെ ദുഃഖിപ്പിക്കുന്നു. കുട്ടിയെ ഉപേക്ഷിക്കണമെന്നുണ്ട്. പക്ഷെ സാദ്ധ്യമല്ല.

"സംസാരമാം സാഗരത്തിൽ
അംസാന്തം മുങ്ങൊലാ സഖേ"

എന്ന് നാം എന്നും ഓർമ്മിക്കേണ്ടിയിരിക്കുന്നു. ഒരു കുടുംബത്തിലെ അടുപ്പം സഹയാത്രക്കാരോടുള്ള അടുപ്പം പോലെ മാത്രമാണ്. അവരവരുടെ ലക്ഷ്യസ്ഥാനത്ത് ഇറങ്ങുകയും പിന്നീട് ഓർക്കാതിരിക്കുകയും ചെയ്യുന്നു. അതിനാൽ ഒരാളുടെ മരണത്തിൽ വിഷമം ആവശ്യമില്ല. പുഴയിൽ രണ്ട് തടികൾ യഥാസംഗതി ഒന്നായി ചേർന്ന് കുറച്ചു നേരം ഒന്നായി ഒഴുകുന്നതുപോലെയാണ് മനുഷ്യനും സ്വന്തം കുടുംബത്തോട് കൂടി താമസിച്ച് പിരിയുന്നത്. തന്റെ മായയെ അതിക്രമിക്കാൻ ഭഗവാനെത്തന്നെ എപ്പോഴും ശരണം പ്രാപിക്കണം എന്ന് ശ്രീകൃഷ്ണ ഭഗവാൻ ഭഗവദ്ഗീതയിൽ അർജ്ജുനനോടു പറഞ്ഞത് എപ്പോഴും ഓർമ്മിക്കുന്നത് നന്നായിരിക്കും.

"ദൈവീഹ്യേഷാ ഗുണമയീ
മമ മായാ ദുരത്യയാ



# ബ്രഹ്മകമലം

ഗായത്രി വർമ്മ
തൃപ്പൂണിത്തുറ, മൊ. 8767703276

ഹിമാലയത്തിന്റെ ഉയരങ്ങളിൽ കാണപ്പെടുന്ന ആദ്ധ്യാത്മിക മൂല്യം ഏറ്റവും കൂടുതലുള്ള ഒരു മനോഹര പുഷ്പമാണ് ബ്രഹ്മകമലം. കേവലം വേദങ്ങളിലും പുരാണങ്ങളിലും മാത്രം പ്രകീർത്തിക്കുന്ന ഒരു പുഷ്പമല്ലിത്. നമുക്ക് നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് കാണാനും ആരാധിക്കുവാനും സാധിക്കുന്ന പുഷ്പം, ഭാഗ്യമുണ്ടെങ്കിൽ മാത്രം. ഏറ്റവും ഉയരത്തിൽ ഹിമാലയ സാനുക്കളിൽ ഇവ വിടർന്നു വികസിക്കുന്നു. മുഴുവനും വിടർന്നാൽ ഏറ്റവും ചന്തം തികഞ്ഞ മനോഹര പുഷ്പം. സൗന്ദര്യം മാത്രമല്ല ആത്മാവിനെ തൊട്ടുണർത്തുന്ന സൗരഭ്യവും ഉണ്ടിതിന്. ഒരു



തരം ദൈവീകമെന്നു തോന്നിക്കുന്ന സൗരഭ്യം.

ഹിന്ദുമതത്തിലെ തന്നെ ഒരു വിഭാഗമാണ് ബ്രഹ്മകുമാരി. അവർക്ക് ദുർഗ്ഗാപൂജയ്ക്ക് ബ്രഹ്മകമലിന്റെ ഒരു ഇതൾ എങ്കിലും ഉണ്ടായിരിക്കണമെന്നാണ് ആഗ്രഹം. ദേവി ദുർഗ്ഗയുടെ പുനരവതാരമാണ് ബ്രഹ്മകുമാരി എന്നു വിശ്വസിക്കപ്പെടുന്നു. ശിവ-പാർവ്വതിയാണല്ലോ ആരാദ്ധ്യ ദൈവം. ദേവി മനസ്സുനിറഞ്ഞ് അനുഗ്രഹിക്കണമെങ്കിൽ, ആത്മാവിന്റെ ഉയരങ്ങളിലേക്കുള്ള യാത്ര സാധിക്കണമെങ്കിൽ ബ്രഹ്മകമലത്തിന്റെ ഇതളുകൾ ദേവീചരണങ്ങളിൽ അർപ്പിക്കണമെന്ന് അവർ വിശ്വസിക്കുന്നു. സാധാരണക്കാർക്കും ആത്മാവിനെ →

---

→ മമേവ യേ പ്രപദ്യന്തേ
മായാ മേതാംതരന്തിതേ"
ഗീത (അ. 7, ശ്ലോ. 14)

ജഗദ്ഗുരു ശ്രീശങ്കരാചാര്യർ തന്റെ 'ദൃക് ദൃശ്യ വിവേക'ത്തിൽ, മായയെ പറ്റി പറയുന്നത് ഇപ്രകാരമാണ്.

"ശക്തിദ്വയം ഹി മായായാ
വിക്ഷോപാവൃത്തി രൂപകം!
വിക്ഷേപശക്തിർ ലിംഗാദി
ബ്രഹ്മാണ്ഡാന്തം ജഗത് സൃജേത്!!"
(ദൃക്ദൃശ്യവിവേകം- ശ്ലോ. 13)

സാരം:

മായയ്ക്ക് രണ്ടു കഴിവുകളുണ്ട്. ഒന്ന് വിക്ഷേപണവും മറ്റേത് ആവരണവും. അതിൽ വിക്ഷേപണ ശക്തിയാണ് സൂക്ഷ്മ ശരീരം മുതൽ ജഗത് വരെ എല്ലാം സൃഷ്ടിക്കുന്നത്! (മായയുടെ ആവരണശക്തിക്കുള്ള ഉദാഹരണമായിട്ടാണ് ഭാഗവതത്തിലെ ആ ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം തുടങ്ങിയത്)

ഭഗവാനെത്തന്നെ ശരണം പ്രാപിച്ച് മായാവലയത്തിൽപ്പെടാതെ കഴിക്കാം എന്നതിന് ഒരു ഉദാഹരണം ചിന്മയാ മിഷന്റെ അധിപതി തേജോമയാനന്ദ സ്വാമിജി പറയുകയുണ്ടായി. മീൻപിടുത്തക്കാർ മത്സ്യം പിടിക്കാൻ വല വീശുമ്പോൾ തോണിയിൽ നിന്ന് അകലെയുള്ള മത്സ്യങ്ങളാണ് വലയിൽ പെടുക. അവരുടെ അടുത്തുള്ള മത്സ്യങ്ങൾ ആ വലയിൽ പെടാതെ രക്ഷപ്പെടുന്നു. നമ്മളും എന്നും ഭഗവാനെ ശരണം പ്രാപിച്ച് മായാജാലത്തിൽ കുടുങ്ങാതെ രക്ഷപ്പെടാൻ ശ്രമിക്കണം.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

ശുദ്ധീകരിക്കാൻ ഈ അർച്ചന ഫലം ചെയ്യുമെന്നു ബ്രഹ്മകുമാരി വിഭാഗം പറയുന്നു. ഈ പൂവിനെ ചുറ്റിപ്പറ്റി ഒരുപാടു വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും അവരുടെ ഇടയിൽ പ്രചരിതമാണ്.

വിശ്വാസങ്ങൾ എന്തുതന്നെയായാലും ഈ അപൂർവ്വ പുഷ്പം കാണുന്നതും സുഗന്ധം നുകരുന്നതും നമ്മുടെ മനസ്സിൽ ഒരുതരം ആത്മീയമായ ശാന്തതയും സന്തോഷവും നിറയ്ക്കുന്നു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. അനുഭവിച്ചാൽ മാത്രം അറിയുന്ന ഒരു അനുഭൂതിയാണത്. ഒരുതരം എക്സ്റ്റസി (ecstacy) ഉണർത്തുന്നതുപോലെ.

ബ്രഹ്മകമലം ധരിച്ചാൽ ഭൗതികമായ നേട്ടങ്ങളും ഉണ്ടെന്നു പുരാണം പറയുന്നു. ധനം അവരെ തേടിയെത്തുന്നു, ലക്ഷ്മീകടാക്ഷം പോലെ. മാത്രവുമല്ല, ഭൂതപ്രേത പിശാചുക്കളിൽ നിന്നും രക്ഷയും കിട്ടുന്നു. ബ്രഹ്മകമലത്തിന്റെ ദർശനം പോലും പ്രേതപിശാചുക്കളെ അകറ്റുന്നു. ബ്രഹ്മകമലം ധരിക്കുന്നവർക്ക് മെഡിറ്റേഷനും തദ്വാരാ നിർവ്വാണ സമാനമായ ഒരവസ്ഥയും കൈവരുമെന്ന് അനുഭവസ്ഥർ പറയുന്നുണ്ട്.

ഈ വിശേഷ പുഷ്പത്തെപ്പറ്റി ശാസ്ത്രവും ധാരാളം പരീക്ഷണ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ആധുനിക ആരോഗ്യശാസ്ത്രം ഈ പൂവിന് അത്യപൂർവ്വമായ ഒരു സ്ഥാനം നൽകിയിട്ടുണ്ട്. ശ്വാസ സംബന്ധമായ ഒട്ടുമിക്ക അസുഖങ്ങൾക്കും ഇതു ചേർന്ന മരുന്നുകൾ നൽകപ്പെടുന്നു. ക്ഷയം ആസ്ത്മ, ജലദോഷം, തൊലിപ്പുറത്തുണ്ടാകുന്ന അസുഖങ്ങൾ എന്നിവയ്ക്കും ഈ പുഷ്പം മരുന്നുകളിൽ ചേർത്തു നൽകാറുണ്ട്. ബുദ്ധിമാന്ദ്യം, ഓർമ്മക്കുറവ് തുടങ്ങിയവയ്ക്ക് ഉത്തമ ഔഷധമാണെന്ന് നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. സുഗന്ധദ്രവ്യങ്ങളിലും ഇതൊരു വിലപ്പെട്ട ചേരുവയാണ്.

ഹിമാലയത്തിൽ മാത്രം കണ്ടുവരുന്ന ഈ വിശുദ്ധ പുഷ്പത്തിനെ വീട്ടിലും വളർത്താമെന്ന് കൃഷിശാസ്ത്രം ആധുനിക കാലത്ത് വെളിപ്പെടുത്തിയിരിക്കുന്നു. 18 ഡിഗ്രി സെൽഷ്യസിൽ മാത്രം ചൂട് നിലനിർത്തി സൂര്യപ്രകാശം, അതായത് വെയിൽ ഏൽക്കാതെ പ്രകാശം മാത്രം നിലനിർത്തി ശീതീകരിച്ച അന്തരീക്ഷത്തിൽ ബ്രഹ്മകമലം വളർത്താമെന്ന് നവീന കൃഷിശാസ്ത്രം തെളിയിച്ചിരിക്കുന്നു. ഫലപുഷ്ടിയുള്ള മണ്ണും എപ്പോഴും ജലാംശവും മഞ്ഞും ഇതിനാവശ്യമാണ്. ചൂട് $18^0$ C നു താഴെയേ പാടുള്ളൂ എന്നു പ്രത്യേകം നിഷ്കർഷിക്കണം.

ഇലയോടുകൂടിയ തണ്ടാണ് മുറിച്ചുനടുന്നത്. ആദ്യത്തെ രണ്ടുമാസം അതീവ ശ്രദ്ധ ഉണ്ടായിരിക്കണം. ദിവസവും താപനിലയാണ് വ്യത്യാസപ്പെടാതെ സൂക്ഷിക്കേണ്ടത്. കാലം പാകമായാൽ പൂ മെല്ലെമെല്ലെ വിടരും. ചെടിയിൽ നിന്നുതന്നെ പൂർണ്ണമായും വിടരണം. രാത്രിയിലാണ് പൂ പറിക്കേണ്ടത്. പ്രകാശം ഒട്ടുംതന്നെ പാടില്ല.

ഉത്തര ഭാരതത്തിൽ ഈ പൂവിന് കിലോയ്ക്ക് 500 രൂപയിലധികം വിലയുണ്ട്. ഹിമാലയമാണ് സ്വന്തം നാട് എങ്കിലും കൃഷിക്കുവേണ്ടി കൃഷിഭവനെ സമീപിക്കുവാൻ പറ്റും. 'Urban Mali Plant Store' നെ സമീപിച്ചാൽ നിർദ്ദേശങ്ങളും സഹായങ്ങളും ലഭിക്കുന്നതാണ്. ഒപ്പം നടാനുള്ള അസംസ്കൃത വസ്തുക്കളും കിട്ടും.

ഉത്തരാഖണ്ഡ് ഈ പൂവിനെ ദേശീയ പുഷ്പമായി പ്രഖ്യാപിച്ചിട്ടുണ്ട്. അവർ ഈ പുഷ്പത്തിന്റെ പേരിൽ സ്റ്റാമ്പ് പോലും ഇറക്കിയിട്ടുണ്ട്. കൃഷി ചെയ്ത് ഉൽപ്പാദിപ്പിക്കാമെങ്കിലും ഹിമാലയത്തിൽ സ്വാഭാവികമായി വളരുന്ന ബ്രഹ്മകമലത്തിനാണ് വിശുദ്ധിയും നൈർമ്മല്യവും കൂടുതലായി കാണപ്പെടുന്നത്. കാര്യമെന്തൊക്കെയാണെങ്കിലും അത്യപൂർവ്വമായ ഈ പുഷ്പം അവിശ്വാസികളിൽ പോലും ഏതോ തരം ആത്മീയ പ്രഭാവം ഉളവാക്കുന്നുണ്ട്. മഹാവിഷ്ണുവിന് പ്രിയപ്പെട്ട പഞ്ചപുഷ്പങ്ങളിൽ (താമര, ചാമരപ്പൂ, നാഗകേസരം, കുങ്കുമപ്പൂ, ബ്രഹ്മകമലം) ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ബ്രഹ്മാവ് സ്വയം സൃഷ്ടിച്ച ഈ പുഷ്പമാണെന്ന് ശിവപുരാണം എടുത്തു പറയുന്നുണ്ട്. ബുദ്ധപ്രമാണങ്ങളിൽ 'Flower of Flower' എന്ന അർത്ഥത്തിലുള്ള സംജ്ഞയാണ് ബ്രഹ്മകമലത്തിനു നൽകിയിട്ടുള്ളത്. പുരാണങ്ങൾ എന്തൊക്കെ പാടി പുകഴ്ത്തുന്നുണ്ടെങ്കിലും 3500–5000 മീറ്റർ ഉയരത്തിൽ വിടർന്നു വിലസുന്ന ഈ പുഷ്പം ഒരു അദ്ഭുതം തന്നെയാണ്. ഭഗവദ്ഗീതയും പറയുന്നുണ്ട് ബ്രഹ്മകമലത്തിനെപ്പറ്റി. 'Flower with supreme beauty and perfection'

●

# ആദരാഞ്ജലികൾ



കിളിമാനൂർ കൊട്ടാരത്തിലെ വലിയ തമ്പുരാട്ടി **വിശാഖം തിരുനാൾ സേതുഭായി തമ്പുരാട്ടി** (105) തൃപ്പൂണിത്തുറയിൽ അന്തരിച്ചു. ഉള്ളന്നൂർ ദാമോദരൻ നമ്പൂതിരിയുടെയും പൂരാടം തിരുനാൾ കൊച്ചോമന തമ്പുരാട്ടിയുടെയും മകളാണ്. കവയിത്രിയും സംഗീതജ്ഞയും സംസ്കൃതം ഇംഗ്ലീഷ് ഭാഷകളിലും വൈദ്യശാസ്ത്രത്തിലും പ്രാവീണ്യമുള്ളയാളുമായിരുന്നു. ഭർത്താവ്: പരേതനായ രാമവർമ്മ രാജ (പൂഞ്ഞാർ കൊട്ടാരം). മക്കൾ: സുമംഗല വർമ്മ, സൗദാമിനി വർമ്മ, ആർ. രാമവർമ്മ (കുട്ടൻ), ചന്ദ്രലേഖ വർമ്മ. മരുമക്കൾ: പരേതനായ പി. കേരളവർമ്മ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, മായാദേവി പി.ജി., പരേതനായ വേണുഗോപാലൻ തമ്പുരാൻ,



കിളിമാനൂർ കൊട്ടാരം വലിയ തമ്പുരാൻ ആദരണീയനായ **പൂയം തിരുനാൾ സി.ആർ. കേരള വർമ്മ മൂത്ത കോയിൽ തമ്പുരാൻ** (88) അന്തരിച്ചു. ആദ്ധ്യാത്മികതയുടെയും ലാളിത്യത്തിന്റെയും നല്ല പാഠങ്ങൾ സ്വജീവിതം മാതൃകയാക്കി കാണിച്ചു തന്ന, സാത്വികാചാര്യനും 'വൈയാസകി' എന്ന നാമധേയത്തിൽ അറിയപ്പെടുന്ന ഗ്രന്ഥകാരനും ബ്രഹ്മചാരിയും വാനപ്രസ്ഥാശ്രമിയും ജ്ഞാനിയും ദാർശനികനും പണ്ഡിതശ്രേഷ്ഠനും എല്ലാവർക്കും പ്രിയങ്കരനുമായിരുന്നു. 'സന്യാസിതമ്പുരാൻ' എന്ന നാമധേയത്തിലും അറിയപ്പെട്ടിരുന്നു.



മാവേലിക്കര വലിയ കൊട്ടാരം വലിയ തമ്പുരാട്ടി **സരളാ രാജ** (91) അന്തരിച്ചു. ഭർത്താവ്: പരേതനായ പി.കെ.എം. രാജ (തിരുവണ്ണൂർ സാമൂതിരി കോവിലകം). മക്കൾ: മോഹൻ രാജ, പരേതനായ നന്ദകുമാർ രാജ, ശോഭാ രാജ. മരുമക്കൾ: പ്രീതി രാജ, ഗീത നന്ദകുമാർ, അനിയൻ രാജ.

# നാസ്തികൻ

ഉപേന്ദ്രനാഥ് ഗംഗോപാദ്ധ്യായ

മലയാള വിവർത്തനം: ഡോ. കെ.സി.എം. രാജ



### കഥാകൃത്തിനെക്കുറിച്ച്

*ക്രി.വ. 1881 ഒക്ടോബർ 12 ന് ഭഗൽപ്പൂരിലാണ് ഉപേന്ദ്രനാഥ് ഗംഗോപാദ്ധ്യായ ജനിച്ചത്. പിതാവ് മഹേന്ദ്രനാഥ് ഗംഗോപാദ്ധ്യായ. 1899–ൽ എൻട്രൻസ് പരീക്ഷ ജയിച്ചശേഷം സെന്റ്സേവ്യർ കോളേജിൽ (കൊൽക്കത്ത) ആയിരുന്നു തുടർ വിദ്യാഭ്യാസം. ബി.എ; ബി.എൽ. ബിരുദങ്ങൾ നേടിയ ശേഷം ഉപേന്ദ്രനാഥ് 1913 മുതൽ 1951 വരെ ഭഗൽപ്പൂരിൽ വക്കീലായി സേവനമനുഷ്ഠിച്ചു. അതേ കാലത്തുതന്നെ (1921–1941) വളരെ പ്രസിദ്ധിയാർജ്ജിച്ചുകഴിഞ്ഞിരുന്ന 'വിചിത്ര' എന്ന ബംഗാളി മാസികയുടെ പത്രാധിപത്വവും അദ്ദേഹം ഏറ്റെടുത്തിരുന്നു. ഏതാണ്ട് മുപ്പത്തിരണ്ടു വയസ്സുള്ളപ്പോഴാണ് ഉപേന്ദ്രനാഥ് തന്റെ പ്രഥമ കൃതിയായ 'സഖാ ഓ സാഥീ' പ്രസിദ്ധീകരിച്ചത്. അദ്ദേഹത്തിന്റെ ആദ്യ ഗദ്യരചനയായിരുന്നു 'സപ്തക് ഓ ശശിനാഥ്'. ഉപേന്ദ്ര ഗംഗോപാദ്ധ്യായയുടെ പ്രസിദ്ധീകരിക്കപ്പെട്ട മറ്റു ചില കൃതികൾ 'രാജ്പഥ്', 'ഛദ്മ വേശി', 'ദിക്സൂൽ', 'അമൂൽതരു', 'വിദുഷി ഭാര്യ', 'സ്മൃതി കഥ', 'ശശിനാഥ്' എന്നിവയാണ്. ബംഗാളി കഥാസാഹിത്യ ചക്രവർത്തിയായിരുന്ന ശരത്ചന്ദ്രന്റെ ഒരു അടുത്ത ബന്ധുവായിരുന്നു ഉപേന്ദ്രനാഥ് ഗാംഗോപാദ്ധ്യായ. വ്യക്തിജീവിതത്തിൽ ഒരു സരസനും സംഗീതപ്രേമിയുമായിരുന്നു അദ്ദേഹം. രവീന്ദ്രനാഥ്, ശരത്ചന്ദ്രൻ, ബിഭൂതി ഭൂഷൺ എന്നീ സാഹിത്യ സാമ്രാട്ടുകളുടെ സമകാലീനനായിരുന്നു ഉപേന്ദ്രനാഥ്. 1960 ജനുവരി 30 ന് അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ ദേഹവിയോഗം ബംഗാളി സാഹിത്യത്തിന് ഒരു കനത്ത നഷ്ടമായി ഭവിച്ചു.*

** കടപ്പാട്: 'ബംഗ്ലാ കീ സർവ്വശ്രേഷ്ഠ കഹാനിയാം' എന്ന ഹിന്ദി പരിഭാഷയോട്. രാധേശ്യാം പുരോഹിത്, ഭോൽപ്പൂർ (ശാന്തിനികേതൻ) 1957.*

ഉമാശങ്കറിന്റെ പിതാവ് ദേവീദേവന്മാരുടെ പേരുകൾ കൂട്ടിയിണക്കി സ്വന്തം പുത്രന് നാമകരണം ചെയ്തപ്പോൾ എല്ലാ ദൈവങ്ങളോടുമുള്ള സർവ്വബന്ധങ്ങളും വിച്ഛേദിച്ച് മകൻ ഒരു കടുത്ത ദൈവനിഷേധിയായിത്തീരുമെന്ന് സ്വപ്നത്തിൽ പോലും അദ്ദേഹം കരുതിയിരിക്കയില്ല. ഇന്ന് അദ്ദേഹം ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ തികച്ചും ദുഃഖിതനും നിരാശനുമായി ജീവിതം നയിക്കേണ്ടി വന്നേനെ. ഉമാശങ്കറിന്റെ അമ്മ ശാരദേശ്വരിക്ക് ഭർത്താവിനെക്കാൾ ആയുസ്സു കൂടിപ്പോയി എന്ന ഒരു കാരണം കൊണ്ട് അവർക്കാണ് അതിന്റെ ശിക്ഷയെല്ലാം അനുഭവിക്കേണ്ടി വന്നത്.

ഉമാശങ്കർ എം.എയ്ക്കു പഠിച്ചുകൊണ്ടിരിക്കുന്ന കാലം. ചില സഹപാഠികളും സുഹൃത്തുക്കളുമായിച്ചേർന്ന് 'നിരീശ്വര സംഘം' എന്നൊരു സ്ഥാപനം അയാൾ നടത്തിപ്പോന്നു. പാശ്ചാത്യ പൗരസ്ത്യ ദർശനങ്ങൾ വളരെ ഗഹനമായി പഠിച്ചും മനസ്സിലാക്കിയും ദൈവത്തെക്കുറിച്ച് ഗവേഷണങ്ങൾ വരെ അവർ നടത്തിപ്പോന്നു. ദൈവം എന്നൊന്നില്ലെന്നും ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് യാതൊരു പ്രമാണങ്ങളോ തെളിവുകളോ ഇല്ലെന്നുമുള്ള കാരണത്താൽ അസ്തിത്വവാദം മനോബലം ഇല്ലാത്തവരുടെ സങ്കൽപ്പങ്ങളേയും ഭാവനകളേയും മാത്രം ആധാരമാക്കിയിട്ടുള്ളതാണെന്നുമുള്ള അവരുടെ വിശ്വാസത്തിനു ദാർഢ്യം കൂടിവന്നു. ഒപ്പംതന്നെ സ്വന്തം ബന്ധുക്കളെക്കൂടി അവരുടെ സംഘത്തിൽ ചേർക്കാനായി അവർ കാര്യമായി ആലോചിച്ചുവരുകയുമായിരുന്നു.

അന്ന് പതിവുള്ള 'നാരായണപൂജ' അവസാനിപ്പിച്ച ശേഷം കുടുംബ പുരോഹിതൻ പോയിക്കഴിഞ്ഞിരുന്നു. പൂജയും ജപവുമെല്ലാം പൂർത്തിയാക്കിയ ശേഷം ശാരദേശ്വരി പ്രഭാതഭക്ഷണം

കഴിഞ്ഞ് ഇരിക്കുമ്പോഴാണ് ഉമാശങ്കർ അമ്മയുടെ സമീപം ചെന്ന് ഇങ്ങനെ പറഞ്ഞത്: "അമ്മേ, നമ്മുടെ വീട്ടിൽ ഈ മാതിരി കള്ളത്തരങ്ങൾക്കായി എത്ര പണവും സമയവും ചെലവാക്കി! ഇതൊക്കെ അവസാനിപ്പിക്കാൻ കാലമായിയെന്നാണ് എനിക്കു തോന്നുന്നത്".

ശാരദേശ്വരി അതു കേട്ട് ആശ്ചര്യപ്പെട്ടു ചോദിച്ചു. "നീയെന്താ ഈ പറയുന്നത്? എനിക്കൊന്നും മനസ്സിലാകുന്നില്ല. ഇവിടെ അനാവശ്യമായി എന്തു പണം ചിലവാക്കുന്നുവെന്നാണ് നീ പറയുന്നത്?"

ഉമാശങ്കർ വിശദീകരിച്ചു: "നിങ്ങളുടെ ഈ നാരായണപൂജയും മറ്റും തന്നെ! 'നാരായണൻ' ഉണ്ടോ ഇല്ലയോ എന്നുതന്നെ ആർക്കും അറിഞ്ഞുകൂടാ. അപ്പോൾപിന്നെ ഈ കരിങ്കൽ വിഗ്രഹത്തിനുവേണ്ടി എന്തിനാ ഇത്രയും പണവും സമയവും ചിലവഴിക്കുന്നത്?"

മകന്റെ ഈയിടെയുള്ള പെരുമാറ്റങ്ങളിൽ നിന്ന് അവൻ ഒരു അധാർമ്മികനായി വരുന്നുണ്ടെന്നു ശാരദേശ്വരിക്ക് തോന്നിത്തുടങ്ങിയിരുന്നു. പക്ഷെ, അത് ഇത്രത്തോളം എത്തിയിട്ടുണ്ടെന്ന് അവർ കരുതിയിരുന്നില്ല.

മകനു വേണ്ടി അമ്മ തന്നെ ഭഗവാനോട് ക്ഷമയാചിച്ച്, ഏറെ സങ്കടത്തോടെ ചോദിച്ചു: "നീയെന്താ ഇങ്ങനെയൊക്കെ സംസാരിക്കുന്നത്? നീ ദൈവത്തെ മാനിക്കുന്നില്ലേ? ധർമ്മാചാരങ്ങളെ ബഹുമാനിക്കുന്നില്ലേ?"

"മാനിക്കാതെയെന്താ? പക്ഷെ, എന്റെ ദൈവവും ധർമ്മവുമൊക്കെ നിങ്ങളുടേതിൽ നിന്ന് വളരെ വ്യത്യസ്തമാണ്. 'ന്യായം' അതാണ് എന്റെ ദൈവം. നീതിയെയാണ് ഞാൻ ധർമ്മമായി കരുതുന്നതും. എന്റെ ദൈവത്തിന്റെ ആസ്ഥാനം ബുദ്ധിയാണ്. ധർമ്മം എന്റെ ജീവിതവും."

മകന്റെ ഈയൊരു വാദം കേട്ട് ശാരദേശ്വരി പുരികംചുളിച്ച് ചോദിച്ചു: "നീ എന്താ പറഞ്ഞുകൊണ്ടുവരുന്നത്? നീതിയും ന്യായവും മറ്റും നിനക്കു മാത്രമേയുള്ളു, ഞങ്ങൾക്ക് അതൊന്നും ഇല്ലെന്നാണോ?"

ഉമാശങ്കർ ന്യായീകരിച്ചു. "എന്തുകൊണ്ടില്ല! പക്ഷെ, അതിന്റെ ഭൂരിഭാഗവും നിങ്ങൾ തടവറയിലാക്കി വെച്ചിരിക്കുകയാണെന്നു മാത്രം. അവയെല്ലാം നിങ്ങൾ മുപ്പത്തി മുക്കോടി ദൈവങ്ങളുടെ തടവറയിൽ വെച്ചിരിക്കുകയാണെന്നു മാത്രം. അതെല്ലാം പോകട്ടെ, അമ്മ സമ്മതിക്കുകയാണെങ്കിൽ ഈ 'നാരായണനെ' ഞാൻ നിങ്ങളുടെ ഗംഗാമാതാവിന് വിട്ടുകൊടുത്തുവരാം. എന്താ, സമ്മതമാണോ?"

ഇതു കേട്ടപ്പോൾ ശാരദേശ്വരിയുടെ മുഖം വിളറി വെളുത്തു. എന്തു പറയണമെന്നറിയാതെ അവർ ഒരുനിമിഷം സ്തബ്ധയായി നിന്നു.

"എനിക്കൊരു വിരോധവുമില്ല. പക്ഷെ, വിഗ്രഹത്തിന്റെ കൂടെ എന്നെയും ഗംഗയിൽ വിസർജ്ജിച്ചു പോരണം. പിന്നെ, നീ പറഞ്ഞില്ലേ 'നിങ്ങളുടെ ഗംഗാമാതാവ്' എന്ന്... നിന്റെ ഗംഗാ മാതാവല്ലേ?"

ഉമാശങ്കർ തലയനക്കി നിഷേധിച്ചു. "എന്റെ മാതാവ് നിങ്ങൾ മാത്രമാണ് ഗംഗ മാത്രമല്ല പശുവും എന്റെ മാതാവല്ല. ആരുടെ സ്നേഹസരസ്സിൽ മുങ്ങിക്കുളിച്ചാണോ ഞാൻ പരിശുദ്ധനാകുന്നത് അവരാണ് എന്റെ യഥാർത്ഥ മാതാവ്. എന്റെ ജനനി! എന്നെ സംബന്ധിച്ചിടത്തോളം ഗംഗ വിശാലമായ ഒരു മഹാനദിയും പശു ഒരു നാൽക്കാലി മൃഗവും മാത്രമാണ്." ഇതുപറഞ്ഞ് ഉമാശങ്കർ ചിരിച്ചു.

എന്തുതന്നെയാകട്ടെ, അമ്മയുടെ അഭിമാനം കാരണമാണോ, അതോ ഉമാശങ്കറിന്റെ പത്നിയായ മന്ദാകിനിയുടെ പ്രേരണ കൊണ്ടെന്നോ അറിയില്ല അന്ന് 'നാരയണൻ' ഗംഗായാത്രയിൽ നിന്ന് രക്ഷപെട്ടു.

കുടുംബഗുരുവിന്റെ ഉപദേശം കിട്ടിയാൽ ഒരു പക്ഷെ മകൻ ഒരു ഈശ്വരവിശ്വാസിയായി മാറിയേക്കാം എന്ന ഒരു പ്രതീക്ഷയോടെ കുറച്ചുനാൾ കഴിഞ്ഞ് ശാരദേശ്വരി കുടുംബഗുരുവായ അമർനാഥ് വിഭൂഷണനെ വീട്ടിലേക്ക് വിളിപ്പിച്ചു.

അമർനാഥ് വീട്ടിൽ വന്ന് വിവരങ്ങളെല്ലാം കേട്ടശേഷം പറഞ്ഞു: "ഇതൊക്കെയാണ് ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ടുള്ള തകരാറ്. ആട്ടെ, ശരിയാക്കാം."

അമർനാഥ് ഉമാശങ്കറിനോടു പറഞ്ഞു: "നിനക്കു മന്ത്രദീക്ഷ തരേണ്ട സമയമായി".

ഉമാശങ്കർ അതുകേട്ട് ഗുരുവിനെ തറപ്പിച്ചു നോക്കിക്കൊണ്ടു ചോദിച്ചു: "എന്തു ദീക്ഷ?"

അമർനാഥ് ഒന്നുകൂടി തെളിച്ചു പറഞ്ഞു: "ഗുരുവിൽ നിന്നു ലഭിക്കേണ്ട മന്ത്രോപദേശം!"

"ഏതു ഗുരുവാണ് എനിക്കു മന്ത്രോപദേശം തരിക?"

ചോദ്യത്തിന്റെ മട്ടും മാതിരിയും കേട്ടപ്പോൾ "ഞാൻ തന്നെ!" എന്ന് ഉറപ്പിച്ചുപറയാൻ അമർനാഥിനു ധൈര്യം വന്നില്ല. മറുപടിയൊന്നും കിട്ടാഞ്ഞപ്പോൾ ഉമാശങ്കർ തന്നെ തുടർന്നു.

"ശരി! ശരിയായ ഗുരുസ്ഥാനീയനാണെന്നു ബോദ്ധ്യപ്പെട്ടാൽ ഞാൻ അയാളിൽ നിന്നു മന്ത്രദീക്ഷ സ്വീകരിക്കാം".

ഇതുകേട്ട് അമർനാഥ് ചെറുതായൊന്നു പുഞ്ചിരിച്ചും കൊണ്ട് ചോദിച്ചു: "നീ എന്താ ഒരു വലിയ ഗുരുവായി സ്വയം കരുതുന്നുണ്ടോ?"

"ഇല്ലേ... ഇല്ല... പക്ഷെ, പരീക്ഷിച്ചു നോക്കാതെ ആരെയെങ്കിലും ഗുരുവായി സ്വീകരിക്കാൻ ഞാൻ അത്ര ചെറിയവനൊന്നുമല്ല." ഉമാശങ്കർ പറഞ്ഞു.

"നിനക്ക് എന്തു തെളിവാണ് വേണ്ടത്?" അമർനാഥ് ചോദിച്ചു.

"ഈശ്വരന്റെ അസ്തിത്വത്തിന് എനിക്ക് തെളിവുകൾ നല്കണം. അങ്ങേയ്ക്ക് അറിയാമല്ലോ ഞാൻ ഒരു ദൈവവിശ്വാസിയല്ലെന്ന്. എന്റെ മുന്നിൽ ദൈവത്തിന്റെ അസ്തിത്വം തെളിയിക്കുന്ന ആളെ ഞാൻ ഗുരുവായി സ്വീകരിക്കും, തീർച്ച!"

"നീയെന്താ പാശ്ചാത്യ നിരീശ്വരവാദത്തിന്റെ പിൻബലത്തോടെ തർക്കിക്കാൻ ഒരുങ്ങുകയാണോ?"

ഉമാശങ്കർ പ്രതികരിച്ചു. "അല്ലേയല്ല. ഞാൻ നമ്മുടെ ഭാരതീയ ദർശനങ്ങൾക്ക് അനുസൃതമായിത്തന്നെയാണ് ചിന്തിക്കുന്നത്."

അതിനുശേഷം അവർ തമ്മിൽ വാദപ്രതിവാദം ആരംഭിച്ചു. ഒരു മണിക്കൂറോളം നീണ്ടുനിന്ന സംവാദത്തിനു ശേഷം ഉമാശങ്കറിന്റെ യുക്തികൾക്കു മുന്നിൽ അമർനാഥ് അടിയറവു പറഞ്ഞു.

"നീയൊരു തികഞ്ഞ താർക്കികനാണ്. അതുകൊണ്ട് നിന്നെ പരാജയപ്പെടുത്തുക അത്ര എളുപ്പമല്ല. പക്ഷെ ഞാനാണ് നിന്റെ കുടുംബഗുരു. അതുകൊണ്ട് എന്റെ പക്കൽ നിന്ന് നീ മന്ത്രദീക്ഷ വാങ്ങിക്കണം. നിനക്ക് അതുകൊണ്ട് ശ്രേയസ്സേ വരൂ!"

ഉമാശങ്കർ ബഹുമാനം കൈവിടാതെ കൈകൂപ്പിക്കൊണ്ടു പറഞ്ഞു "ക്ഷമിക്കണം! തെളിവൊന്നുമില്ലാതെ ദൈവമുണ്ടെന്നുകൂടി വിശ്വസിക്കാത്ത ആളാണ് ഞാൻ. അപ്പോൾപിന്നെ ഞാൻ എങ്ങിനെ വേറെയൊരു മനുഷ്യനെ ഗുരുവായി സ്വീകരിക്കും?"

മനസ്സിൽ ഉമാശങ്കറിനെ പ്രാകിക്കൊണ്ട് അമർനാഥ് ശാരദേശ്വരിയുടെ മുന്നിൽ ചെന്നുനിന്ന് പറഞ്ഞു: "നിങ്ങളുടെ മകനു രോഗം കഠിനമാണ്. അല്പം ഔഷധം ഞാൻ ഇന്നു കൊടുത്തിട്ടുണ്ട്. ഇനി കുറച്ചുദിവസം കഴിഞ്ഞു വരാം"

അവരുടെ സംവാദങ്ങളെല്ലാം വാതിലിന്റെ മറവിൽ നിന്ന് ശാരദേശ്വരി കേട്ടിരുന്നു. ആരുടെ ഔഷധം ആര് സേവിച്ചുവെന്നും ശാരദേശ്വരിക്കു മനസ്സിലായിരുന്നു. അതുകൊണ്ട് വളരെ എളിമയോടെ അവർ കുടുംബഗുരുവിനെ യാത്രയാക്കിക്കൊണ്ടു പറഞ്ഞു "ശരി! പോയിവന്നാലും!" പക്ഷെ അമർനാഥ് വീണ്ടും ആ വീട് സന്ദർശിക്കുന്നതിനു മുമ്പ് ശാരദേശ്വരി പരലോകത്തേക്ക് യാത്രയായി.

മരിക്കുന്നതിനു അൽപ്പം മുമ്പ് അവർ പുത്രവധുവിന്റെ കാതിൽ ഇങ്ങനെ മന്ത്രിച്ചു: "എനിക്ക് പോകുവാനുള്ള സമയമായി. വളരെ കഷ്ടപ്പെട്ട് ഈ കുടുംബത്തിൽ ഞാൻ കൊളുത്തിവച്ച ദീപം നീ പതിവായി എണ്ണയൊഴിച്ച് അണയാതെ നോക്കണം."

തേങ്ങിക്കരഞ്ഞുകൊണ്ടിരുന്ന കാരണം മന്ദാകിനിയുടെ ശബ്ദം തടസ്സപ്പെട്ടു. അതുകാരണം അവൾക്ക് ഒന്നും മറുപടി പറയാൻ കഴിഞ്ഞില്ല.

ഇനിയുള്ളത് ആറ് വർഷങ്ങൾക്കു ശേഷമുള്ള കാര്യം.

ഉമാശങ്കർ എം.എ. കഴിഞ്ഞ് നിയമ ബിരുദവും കരസ്ഥമാക്കി കൽക്കത്തയിലെ ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുന്നു. 'നിരീശ്വരസംഘം' ഇപ്പോൾ നിലവിലില്ല. ഉമാശങ്കർ ഒഴികെ അയാളുടെ കൂട്ടുകാരെല്ലാം ദൈവവുമായി സന്ധി ചെയ്തു. ഉമാശങ്കർ സ്വന്തം ആദർശങ്ങളെ ഉപേക്ഷിക്കാൻ ഇപ്പോഴും തയ്യാറല്ല. മതം, ദൈവം, പൂജാദികർമ്മങ്ങൾ ഇവയെല്ലാം ഉമാശങ്കർ എത്ര ശക്തിയായി എതിർത്തിരുന്നുവോ, അത്രത്തോളം ആവേശത്തോടെ അയാളുടെ പത്നി മന്ദാകിനിയുടെ ചേച്ചി ആമോദിനി അവയോടെല്ലാം ആബദ്ധത പുലർത്തിയിരുന്നു.

ഒരിക്കൽ ആമോദിനി അനിയത്തിയുടെ വീട്ടിൽ ചെന്ന് ഉമാശങ്കറിന്റെ കാര്യങ്ങൾ പറയുമ്പോൾ മന്ദാകിനി പറഞ്ഞു: "ചേച്ചീ, ചേച്ചിയുടെ അളിയ

നെക്കുറിച്ച് ചിന്തിച്ച് ഏറെ വിചാരപ്പെടുകയൊന്നും വേണ്ട. അദ്ദേഹത്തിന്റെ നിരീശ്വരവാദം അസാധാരണമായ ഒന്നാണ്. ഭഗവാൻ അദ്ദേഹത്തിന്റെ യുക്തികളോടും വാദങ്ങളോടും മറ്റും വളരെയേറെ പ്രസന്നനാണ്. ആ ഒരു സംതൃപ്തി പൂവും ചന്ദനവും കൊണ്ടു മാത്രം ലഭിക്കുന്നില്ല. അതുകൊണ്ടാണ് ഇങ്ങനെയൊരു നാസ്തികന്റെ വീട്ടിൽ പൂജയും നൈവേദ്യവും മറ്റും വെറുതെയാകാത്തത്."

ഇതു കേട്ട് ആമോദിനി ചിരിച്ചുകൊണ്ട് പറഞ്ഞു. "അപ്പോൾ എന്റെ സംശയം വെറുതെയായില്ല. ഉമാശങ്കറിന്റെ ആദർശങ്ങളോടുള്ള നിന്റെ താല്പര്യം കണ്ടാൽ തോന്നും, നീയും ഒട്ടും താമസിയാതെ ആ കൂട്ടത്തിൽ ചേരുമെന്ന്".

"ചേച്ചിക്ക് ഭ്രാന്തുണ്ടോ? ഞാൻ എന്റെ വിശ്വാസങ്ങൾക്കനുസരിച്ചു നീങ്ങുന്നു. അദ്ദേഹം ജ്ഞാനത്തിന്റെ ദുർഘടം പിടിച്ച പാതയിൽ സഞ്ചരിക്കുന്നു. എനിക്ക് അദ്ദേഹത്തിന്റെ ചേരിയിൽ കൂടാനുള്ള ത്രാണിയോ മറ്റോ ഉണ്ടോ?"

ആമോദിനി ഒഴിഞ്ഞുമാറി. "എന്തോ! നിങ്ങളുടെ കാര്യങ്ങളെല്ലാം നിങ്ങൾക്കു മാത്രമേ അറിയൂ! പക്ഷെ, ഞങ്ങൾക്കൊക്കെ ആ തരം ആചാരങ്ങളും രീതികളും കാണുമ്പോൾ ലജ്ജ തോന്നാറുണ്ട്. അല്ലെങ്കിൽ നോക്ക്, അന്ന് ദുർഗ്ഗാപൂജയുടെ ദിവസം ഞങ്ങളുടെ വീട്ടിൽ വന്ന് അവിടത്തെ ക്ഷേത്രത്തിൽ പോയി പത്തുമിനിട്ടോളം മഹിഷാസുരന്റെ വിഗ്രഹത്തെക്കുറിച്ച് വർണ്ണിച്ചു പുകഴ്ത്തിക്കൊണ്ടു നിന്നു; പക്ഷെ, ഒരു തവണയെങ്കിലും ദേവിയെ അവൻ തൊഴുതില്ല."

മന്ദാകിനി ഇതെല്ലാം കേട്ട ശേഷം ചോദിച്ചു: "അദ്ദേഹത്തിന്റെ രീതികൾ നിങ്ങൾക്ക് ഇഷ്ടപ്പെടുന്നില്ലെങ്കിൽ ഈ വക കാര്യങ്ങൾക്കൊക്കെ അദ്ദേഹത്തെ വിളിക്കാതിരുന്നുകൂടെ? എങ്കിലും ചേച്ചിയുടെ ശ്വശുരൻ അദ്ദേഹത്തെ 'ചർവാകൻ' എന്നു പറഞ്ഞാണ് അന്നു വിശേഷിപ്പിച്ചത്. അത് അദ്ദേഹത്തെ ഏറെ സന്തോഷിപ്പിച്ചു. ചർവാകന്റെ വലിയൊരു ആരാധകനാണ് അദ്ദേഹം".

ഹൈക്കോടതിക്ക് ഒഴിവുകാലം! ഉമാശങ്കർ ഓഫീസിൽ ഇരുന്ന് ഒരു കക്ഷിയുടെ അപ്പീലിന്റെ ബ്രീഫ് പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ സമയം മന്ദാകിനി വന്നു പറഞ്ഞു.

"ഇതാ ഈ വാതിലൊന്നു തുറക്കൂ!"

എതിർക്കാനൊന്നും നിൽക്കാതെ ഉമാശങ്കർ വന്നു വാതിൽ തുറന്നു. മന്ദാകിനിയുടെ കൈയിൽ നിന്ന് ഉതിർന്നുവീണ പ്രസാദം ചവച്ചിറക്കിക്കൊണ്ട് ഉമാശങ്കർ ചോദിച്ചു

"ഇത് ഏതു ദൈവത്തിന്റെ പ്രസാദമാണ്?"

"ഭഗവതിയുടെ!"

ഉമാശങ്കർ തുടർന്ന് ചോദിച്ചു. "നിന്റെ മുപ്പത്തിമുക്കോടി ഈശ്വരന്മാരിൽ ഉൾപ്പെട്ടതാണോ?"

പെട്ടെന്നു ദേഷ്യം ഭാവിച്ച് മന്ദാകിനി ശാസിക്കുന്ന മട്ടിൽ പറഞ്ഞു. "ഇതാ ഞാൻ പറഞ്ഞേക്കാം, എല്ലാ കാര്യത്തിലും ഈ മാതിരി തമാശ നല്ലതല്ല കേട്ടോ!"

ഉമാശങ്കർ ഒട്ടും ഗൗരവം കൽപ്പിക്കാതെ തന്നെ തുടർന്നു. "നിന്റെ ഈ മുപ്പത്തി മുക്കോടി ഈശ്വരന്മാരുടെയെല്ലാം അനുഗ്രഹമെല്ലാം ലഭിച്ച് സ്വർഗ്ഗത്തിലെത്തുമ്പോൾ ഇവരെയെല്ലാം നേരിൽ കാണേണ്ടിവരില്ലേ എന്നാണ് എന്റെ ഭയം".

മന്ദാകിനി തിരിച്ച് പറഞ്ഞു: "അതോർത്ത് നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങൾക്ക് ഭഗവാനെ ഇവിടെ വെച്ചു തന്നെ കാണാം. ചേച്ചി പറഞ്ഞതെന്താണെന്ന് അറിയാമോ? നിങ്ങൾ ഇത്രയും കടുത്ത നിരീശ്വരവാദിയായ നിലയ്ക്ക് ദൈവത്തിനു നിങ്ങളെ ഇങ്ങോട്ടു വന്നു കാണേണ്ടിവരും എന്നാണ്".

"നിന്റെ ചേച്ചിയുടെ വീട്ടിൽ ദൈവം എപ്പോഴും വന്നും പോയിക്കൊണ്ടും ഇരിക്കുന്നുണ്ടല്ലോ! ഒരു തവണ ഇവിടെയും ഒന്നു വരാൻ പറയൂ! ഒന്നു നേരിൽ കാണാമല്ലോ!"

രണ്ടു ദിവസം കഴിഞ്ഞ്, ഉമാശങ്കർ ആ പഴയ 'ബ്രീഫ്' തന്നെ വായിച്ചുനോക്കുകയായിരുന്നു. കോടതി തുറന്നയുടൻ വിചാരണയ്ക്കെടുക്കേണ്ട കേസാണ് അത്. കീഴ്ക്കോടതിയിലെ വലുതും ചെറുതുമായ കേസ്സുകളുടെ ഫയലുകൾ പ്രത്യേകം പ്രത്യേകമായി അടയാളപ്പെടുത്തി വേർതിരിച്ച് അടുക്കിവെച്ചിട്ടുണ്ട്.

ആ സമയത്താണ് നല്ലപോലെ വെളുത്ത, മുഖത്ത് ഗാംഭീര്യം സ്ഫുരിക്കുന്ന ഒരു വൃദ്ധ ബ്രാഹ്മണൻ മുറിയിൽ കടന്നുവന്ന് അഭിവാദ്യം ചെയ്തു പറഞ്ഞത് "നിങ്ങൾക്ക് എല്ലാ വിജയവും സിദ്ധിക്കട്ടെ!"

ഉമാശങ്കർ മുഖം ഉയർത്തി ബ്രാഹ്മണനെ നോക്കി ചോദിച്ചു: "ആരാ?"

"ഞാൻ... ഞാൻ... ഭഗവാൻ" വൃദ്ധൻ പറഞ്ഞു.

"ഭഗവാൻ എന്ന പദത്തിന്റെ അർത്ഥം അറിയാമോ?" വൃദ്ധൻ തുടർന്ന് ചോദിച്ചു.

ഉമാശങ്കർ: "ഇതുതന്നെ. ഭഗവാൻ, ഭട്ട്, ഘോഷ്, മുഖർജി... എന്നപോലെ!"

വൃദ്ധൻ: ''അതൊന്നുമല്ല! സാക്ഷാൽ ഭഗവാൻ!''

ഉമാശങ്കർ: "എവിടെയാണ് താമസം?"

വൃദ്ധൻ: "ഗോലോകം"

ഉമാശങ്കർ: "ജില്ലാ?"

വൃദ്ധൻ: "അമരാവതി"

ഉമാശങ്കർ: "ശരി പക്ഷെ, അമരാവതി ജില്ലയിലെ കേസുകളൊന്നും ഈ കോടതിയുടെ പരിഗണനയിൽ വരില്ല. അതുപോകട്ടെ. എന്താണ് അങ്ങയുടെ ആക്ഷേപം? ദിവാനെക്കുറിച്ചാണോ? അതോ ഫൗസീദാരെയോ?"

ചോദ്യം കേട്ട് വൃദ്ധൻ ചിരിച്ചുകൊണ്ട് പറഞ്ഞു: "ഉമാശങ്കർ, ഞാൻ നിന്റെ ഒരു കക്ഷിയായി വന്നതല്ല. ഞാനാണ് സാക്ഷാൽ ഭഗവാൻ, ആദിനാഥൻ! സാക്ഷാൽ പ്രണവം!"

ഇപ്പോൾ ഉമാശങ്കറാണ് ചിരിച്ചത്. "അപ്പോൾ താങ്കളാണ് ഈ ബ്രഹ്മാണ്ഡത്തിന്റെ സ്രഷ്ടാവ് അല്ലേ?"

"അതേ! ഈ വിശ്വബ്രഹ്മാണ്ഡത്തിന്റെ മുഴുവൻ സ്രഷ്ടാവ് ഞാനാണ്."

സ്വന്തം സ്യാലി ആമോദിനി, തന്നെ പരീക്ഷിക്കാൻ വേണ്ടി ചെയ്ത ഒരു തമാശയാവണം; ഒരു വൃദ്ധനെ പിടിച്ച് ഭഗവാനാക്കി ഇങ്ങോട്ട് അയച്ചതാകണം എന്നൊക്കെ ഉള്ളിൽ കരുതി ഉമാശങ്കർ ചിരിച്ചുകൊണ്ട് മുറിയിൽ വച്ച ഒരു കസേര ചൂണ്ടിക്കാണിച്ച് പറഞ്ഞു: "അങ്ങ് ഉപവിഷ്ടനായാലും".

ബ്രാഹ്മണൻ ഇരുന്നശേഷം ഉമാശങ്കർ ചോദിച്ചു: "വിശ്വബ്രഹ്മാണ്ഡത്തിന്റെ സ്രഷ്ടാവ് ആദിനാഥൻ എന്നൊക്കെയാവുമ്പോൾ താങ്കൾ ഒരു സർവ്വവ്യാപിയായിരിക്കുമല്ലോ. തിരഞ്ഞുപിടിച്ച് അങ്ങ് എന്തിനാ ഈ നാസ്തികനു ദർശനം തരുവാൻ എത്തിയത്? ദയവായി ഒന്നു പറഞ്ഞുതന്നാൽ നന്നായിരുന്നു!"

"ഞാൻ നിനക്ക് ഈശ്വരനാമം കൊണ്ട് മന്ത്രദീക്ഷ തരാൻ വന്നതാണ്."

"ഈശ്വര നാമമോ"? അവിശ്വാസ്യത കലർന്ന സ്വരത്തിൽ ഉമാശങ്കർ ചോദിച്ചു.

"ങ്ഹും!" ബ്രാഹ്മണൻ ഒന്ന് അമർത്തി മൂളി.

ഉമാശങ്കർ: "കപിലൻ തെളിവുകളുടെ അഭാവം കാരണം ദൈവത്തെ പണ്ടുമുതലേ നിരാകരിച്ചതാണ്"

വൃദ്ധൻ: "ആ ഒരു കാര്യത്തിനാണ് ഞാൻ കപിലനെ തിളയ്ക്കുന്ന വെള്ളത്തിലിട്ടു പൊള്ളിച്ചത്."

ഉമാശങ്കർ: "എങ്കിൽ ഞാനും അങ്ങയെ തിളയ്ക്കുന്ന വെള്ളത്തിൽ ഇട്ടുനോക്കാം. പൊള്ളിയെങ്കിൽ, അങ്ങ് ഒരു കപട ദൈവമാണെന്നും ഇല്ലെങ്കിൽ യഥാർത്ഥ ദൈവമാണെന്നും ഞാൻ വിശ്വസിക്കും. പക്ഷെ വെള്ളം ചൂടാക്കാനൊക്കെ സമയമെടുക്കും. അതിനു പകരമായി ഒരു സാധാരണ തെളിവെടുക്കാം. തക്കതായ തെളിവൊന്നുമില്ലാതെ അങ്ങയെ ദൈവമായി മാനിക്കാൻ ഞാൻ തയ്യാറല്ലെന്ന് അറിയാമല്ലോ!"

"ശരി! പറയൂ! എന്തു തെളിവാണ് വേണ്ടത്?"

ഉമാശങ്കർ പോക്കറ്റിൽ നിന്നു തീപ്പെട്ടിയെടുത്ത് ഒരു കൊള്ളി കത്തിച്ചശേഷം പറഞ്ഞു: "ഈ തീനാളത്തിൽ അങ്ങ് വിരൽ വയ്ക്കണം. അപ്പോൾ എന്തു തെളിവാണ് എനിക്കു വേണ്ടതെന്ന് അങ്ങയ്ക്കു മനസ്സിലാകും."

വൃദ്ധ ബ്രാഹ്മണൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "ബലേ ഭേഷ്! ഇതുകൊണ്ടു മാത്രം നീ സന്തുഷ്ടനാകുമോ? നിന്റെ ഈ ദീപനാളത്തിൽ എന്റെ ഏതു വിരൽ വച്ചാലും ആ തീനാളം വെള്ളമായി നിറഞ്ഞൊഴുകും!"

ബ്രാഹ്മണൻ പറഞ്ഞതും സംഭവിച്ചതും ഒരുപോലെത്തന്നെയായി. അഗ്നിനാളത്തിൽ വിരൽ വച്ച് നിമിഷം അത് പത്തിരട്ടി വെള്ളമായി നിറഞ്ഞൊഴുകി.

ഉമാശങ്കർ ഒന്നും പറയാൻ ശേഷിയില്ലാതെ ഇരുന്നു.

"ഇതിലും ശക്തിയേറിയ ഒരു തെളിവ് നിനക്കു വേണോ?" ഉമാശങ്കറിനെ നോക്കി ബ്രാഹ്മണൻ ചോദിച്ചു.

അസ്തപ്രഭാവനായി ഉമാശങ്കർ പറഞ്ഞു: "അങ്ങു പറഞ്ഞാലും".

"നീ ഗീത വായിച്ചിട്ടുണ്ടോ?"

"ഉണ്ട്"

"അതിലെ പതിനൊന്നാം അദ്ധ്യായം ഓർമ്മയുണ്ടോ?"

ഉമാശങ്കർ ഒന്നാലോചിച്ച ശേഷം പറഞ്ഞു: "ഉവ്വ്. വിശ്വരൂപ ദർശനം!"

"നിനക്ക് എന്റെ വിശ്വരൂപം കാണുവാൻ ആഗ്രഹമുണ്ടോ?"

ഭയവും ഉദ്വേഗവും നിറഞ്ഞ സ്വരത്തിൽ ഉമാശങ്കർ പ്രതികരിച്ചു: "ഉണ്ട്"

"എന്നാൽ കണ്ടുകൊള്ളൂ!"

ഇത്രയും പറഞ്ഞ് ഭഗവാൻ നിരവധി കൈകളും ശരീരങ്ങളും മുഖങ്ങളുമുള്ള തന്റെ വിരാട് രൂപം ധരിച്ചു. ആദിയും അന്തവും ഇല്ലാത്തതായിരുന്നു ആ രൂപം. രണ്ടു നേത്രങ്ങൾക്കും മദ്ധ്യത്തിലായി സൂര്യചന്ദ്രന്മാർ പ്രകാശിച്ചുകൊണ്ടിരുന്നു. ഭയമുളവാക്കുന്ന ദന്ത നിരകൾ! സർവ്വവും ഗ്രസിക്കുന്ന അഗ്നിപോലെ ജ്വലിക്കുന്ന മുഖമണ്ഡലത്തോടു കൂടിയ വിരാട് രൂപം!

മന്ദാകിനി കിടക്കയിൽ നിന്നെഴുന്നേറ്റ് പുറത്തേക്കു പോകുകയായിരുന്നു. അരികിൽ വന്ന് ഭർത്താവിനെ പിടിച്ചു കുലുക്കി. ഉമാശങ്കർ കണ്ണുകൾ തുറന്ന് സംഭ്രമത്തോടെ മുറിയിൽ ചുറ്റുപാടും കണ്ണോടിച്ചു.

"എന്താ വല്ല സ്വപ്നവും കണ്ടുവോ?"

ഭയം വിട്ടുമാറാതെ ഉമാശങ്കർ മന്ദാകിനിയോട് പറഞ്ഞു: "ഉവ്വ്! ഭയങ്കരമായൊരു സ്വപ്നം! ഒരു ദുഃസ്വപ്നം!"

സ്വപ്നത്തിൽ കണ്ടതെല്ലാം വിസ്തരിച്ചു പറഞ്ഞതു കേട്ടപ്പോൾ മന്ദാകിനി കൈകൾ കൂപ്പിക്കൊണ്ടു ചോദിച്ചു. "ഇതിനെ ദുഃസ്വപ്നം എന്നു പറയുന്നോ? മഹത്തായ ഒരു സ്വപ്നമല്ലേ! നിങ്ങൾ ഭാഗ്യവാനാണ് അതുകൊണ്ട് ഭഗവാൻ നിങ്ങൾക്കു സ്വപ്നത്തിൽ ദർശനം തന്നതാണ്. ഇനി ഉണർന്നിരിക്കുമ്പോഴും നിങ്ങൾക്കു ഭഗവാന്റെ ദർശനം സിദ്ധിക്കും."

ഇതും പറഞ്ഞ് മന്ദാകിനി ഭർത്താവിനെ പ്രണമിച്ചു പുറത്തേക്കു പോയി. കുറച്ചുനേരം നിശ്ചേഷ്ടനായി ഇരുന്നശേഷം ഉമാശങ്കർ കൈയും മുഖവും കഴുകി ചായ കുടിച്ചശേഷം സാംഖ്യദർശനമെടുത്തു വായിക്കാൻ ആരംഭിക്കുന്നതിനു മുൻപ് അയാൾ ഉള്ളിൽ ഇങ്ങനെ പ്രാർത്ഥിച്ചു. "ഭഗവാൻ! യഥാർത്ഥത്തിൽ അങ്ങുണ്ടെങ്കിൽ എന്റെ മനസ്സിൽ പൂർണ്ണ വിശ്വാസം ജനിക്കുന്നതിനു മുമ്പ് എന്നെ വീണ്ടും ദുർബലനാക്കരുതേ!".

(തുടരും)

## 'VAU' (Varma Association of UAE) വിദ്യാഭ്യാസ ധനസഹായ പദ്ധതി

നമ്മുടെ യുവ തലമുറയുടെ ശാക്തീകരണത്തിന്റെ ഭാഗമായി സാമ്പത്തികമായി ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികൾക്ക് വർഷംതോറും 'VAU' കൊടുത്തുവരാറുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതിയുടെ ഭാഗമായി ഈ വർഷവും വിവിധ ക്ഷത്രിയ യൂണിറ്റുകളുടെ കീഴിലുള്ള 12 കുട്ടികൾക്ക് നേരിട്ടോ രക്ഷകർത്താക്കളുടെയോ ബാങ്ക് അക്കൗണ്ടിലേക്ക് 12,000 രൂപ വീതം അയച്ചുകൊടുത്ത വിവരം സസന്തോഷം അറിയിക്കുന്നു.

ഇപ്പോൾ അവർ ചേർന്നുപഠിക്കുന്ന കോഴ്സുകളുടെ പൂർത്തീകരണം വരെയാണ് VAU വിന്റെ ധനസഹായം വർഷംതോറും കൊടുത്തുവരുന്നത്. വരും വർഷങ്ങളിലും അർഹരായ കുട്ടികളെ VAU വിനു വേണ്ടി കണ്ടെത്താൻ വിവിധ സഭായൂണിറ്റുകൾ സഹായിക്കണം എന്നഭ്യർത്ഥിക്കുന്നു.

എന്ന്

VAU വിനു വേണ്ടി
**ഉദയ വർമ്മ** (ശ്രീജിത്ത്– Patron)
**രവി വർമ്മ** (പ്രസിഡന്റ്)
**സുനിത മഹേഷ് വർമ്മ** (സെക്രട്ടറി)

# തൃപ്പൂണിത്തുറ വലിയ ഉത്സവം ചില പ്രത്യേകതകൾ



**അനുജൻ എസ്സ്.**
ശ്രീവിഹാർ പാലസ്, തൃപ്പൂണിത്തുറ, മൊ. 9495001012

ഇടവം മുതൽ തുലാമാസം വരെ നീണ്ടു നിൽക്കുന്നതാണല്ലോ കേരളത്തിലെ മഴക്കാലം. ഈ കാലയളവിൽ ക്ഷേത്രോത്സവങ്ങൾ നടത്താൻ പ്രയാസം ആണല്ലോ. ആയതിനാൽ കേരളത്തിലെ വലിയ ക്ഷേത്രോത്സവങ്ങൾ എല്ലാം വൃശ്ചികം മുതൽ മേടം വരെയുള്ള ആറു മാസകാലത്താണ് നടക്കുന്നത്. ഇതിനെ പൊതുവേ "കേരളത്തിലെ ഉത്സവകാലം" എന്ന് പറയും. ഈ ഉത്സവകാലത്ത് കേരളത്തിൽ നടക്കുന്ന ഉത്സവങ്ങളുടെ നാന്ദികുറിക്കുന്നത് ഒരുപക്ഷേ തൃപ്പൂണിത്തുറ ക്ഷേത്രത്തിലെ 'വലിയ ഉത്സവ'ത്തോടു കൂടിയാണ്. ഇതിന് പൊതുവേ 'വൃശ്ചികോത്സവം' എന്നാണ് ഇപ്പോൾ പറയുന്നത്.

മഹാക്ഷേത്രങ്ങളിൽ എല്ലാം ഉള്ളപോലെ തൃപ്പൂണിത്തുറയിൽ എട്ടു ദിവസം നീണ്ടുനിൽക്കുന്ന മൂന്നു ഉത്സവങ്ങളാണ് ഉള്ളത്. ധ്വജാദി, അങ്കുരാദി, പടഹാദി എന്നീ മൂന്ന് തരത്തിലുള്ള ഉത്സവങ്ങളാണ് ഇവ. യഥാക്രമം ചിങ്ങം, വൃശ്ചികം, കുംഭം എന്നീ മാസങ്ങളിലെ തിരുവോണം പിറന്നാൾ വരുന്ന ദിവസം ആറാട്ടോടുകൂടിയാണ് ഇവ നടക്കുന്നത്. ഇതിൽ പ്രധാനപ്പെട്ട വൃശ്ചിക ഉത്സവം വൃശ്ചികത്തിൽ തിരുവോണം ദിവസം ആറാട്ട് നടക്കുന്ന ഉത്സവം എന്ന് കരുതിയാൽ മതി. ചിലപ്പോൾ ഉത്സവത്തിന്റെ ആദ്യദിനങ്ങൾ തുലാമാസത്തിൽ ആയി എന്നും വരാം.

കൊച്ചി രാജാക്കന്മാരുടെ ഭരണസിരാകേന്ദ്രം 1800-ഓടുകൂടി തൃപ്പൂണിത്തുറയിലേക്ക് മാറിയതിനു ശേഷം കൊച്ചി രാജാക്കന്മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടന്നിരുന്ന ഈ അമ്പലത്തിലെ ചടങ്ങുകളും ഉത്സവവും വളരെ നിഷ്കർഷയോടെ നടന്നിരുന്നു എന്ന് പറയുന്നതിൽ യാതൊരു തെറ്റുമില്ല. മഹാരാജാവിന്റെ മൂക്കിന് ചുവട്ടിൽ നടക്കുന്ന ഉത്സവം ആയതിനാൽ, അതിന് എല്ലാവിധ സന്നാഹങ്ങളും ഒരുക്കാൻ ദേവസ്വം അധികാരികളും, ഗംഭീരന്മാരായ ആനകളെ വിട്ടുതരുവാൻ ആന ഉടമസ്ഥരും, മേളത്തിൽ പങ്കെടുക്കാൻ ഗംഭീര മേളക്കാരും വിവിധ പരിപാടികൾ അവതരിപ്പിക്കുന്ന പേരുകേട്ട കലാകാരന്മാരും മത്സരിച്ച് വന്നിരുന്നു എന്നത് ഇവിടുത്തെ പ്രത്യേകതയാണ്.

- എട്ടു ദിവസവും രണ്ട് നേരം പഞ്ചാരിമേളം അത് ഇവിടുത്തെ പ്രത്യേകതയാണ്.
- കൊടിയേറ്റം രാത്രിയാണെങ്കിലും കൊടിയേറ്റു ദിവസം രാവിലെ തന്നെ ഉത്സവം തുടങ്ങുന്ന ഒരു മതിൽക്കകമാണ് ഇവിടം. പതിനഞ്ചാനപ്പുറത്ത് എഴുന്നള്ളിപ്പും പഞ്ചാരി മേളവും മൂന്നു ഓട്ടൻ തുള്ളലുകളും കൊടിയേറ്റിനു മുൻപേ തന്നെ നടന്നിരിക്കും.
- ക്ഷേത്രത്തിലെ താന്ത്രികമായ ചടങ്ങുകളുടെ ഒരു സമാഹാരമാണല്ലോ ഉത്സവം. ഒരു കൊല്ലം അമ്പലത്തിൽ വന്നുകൂടുന്ന ചെറിയ പിശകുകൾ കാരണം ക്ഷേത്രത്തിലെ മൂർത്തിക്ക് എന്തെങ്കിലും കോട്ടം വന്നിട്ടുണ്ടെങ്കിൽ അത് തീർത്ത്, പൂർവ്വാധികം ശക്തിയാക്കി എടുക്കാനുള്ള ഒരു ക്രിയയാണല്ലോ ഉത്സവം. ആയതിനാൽ ഇവിടെ ഉത്സവത്തിന് എഴുന്നള്ളിപ്പിനും പരിപാടികൾക്കും എന്നപോലെ അകത്തെ ചടങ്ങുകൾക്കും തുല്യ പ്രാധാന്യം നൽകുന്നുണ്ട്.
- കൊടിയേറ്റ്, വലിയവിളക്ക്, ആറാട്ട് എന്നിവ ഒഴിവാക്കിയാൽ 5 ദിവസം ഉത്സവബലി നടത്താം, എങ്കിലും നാലാം ദിവസം തിരുവഞ്ജനം എന്ന ചടങ്ങുള്ളതിനാൽ 4 ദിവസമേ ഉത്സവബലി നടത്താറുള്ളൂ.
- തമിഴ്നാട് അമ്പലങ്ങളിലെ തിരുമഞ്ഞനം (തിരുമജ്ജനം) എന്ന ചടങ്ങിന്റെ ഒരു പതിപ്പാണ് ഇവിടത്തെ തിരുവഞ്ജനം എന്ന് പറയാം

● രാവിലെ ശിവേലിക്ക് മേള പ്രദക്ഷിണത്തിനു മുൻപ് ഒരു നാദസ്വര പ്രദക്ഷിണവും, മേളത്തിനു ശേഷം ഒരു പരിഷവാദ്യ പ്രദക്ഷിണവുമാണ്

● എന്നാൽ രാത്രിയിൽ ആദ്യമുള്ള നാദസ്വര പ്രദക്ഷിണം ഒന്ന് മുതൽ 7 വരെ ദിനങ്ങളിൽ യഥാക്രമം 3, 3, 3, 1, 3, 5, 7 എന്നിങ്ങനെയാണ്. മേളത്തിനുശേഷം എല്ലാ ദിവസവും 3 പ്രദക്ഷിണമാണ് എന്നാൽ ഒന്നാം ദിവസം വിളക്കാചാരമില്ല.

● 4 മുതൽ 7 വരെ ദിവസങ്ങളിൽ രാത്രി വിളക്കിന് നാദസ്വരത്തിൽ ആദ്യം ഒരു മല്ലാരി വായിക്കണം എന്ന ചിട്ട ഇവിടെയല്ലാതെ കേരളത്തിൽ വേറെ ഒരു ദിക്കിലും ഇല്ല.

● രാത്രി വിളക്കിന് പന്തലിൽ കൂട്ടി എഴുന്നള്ളിച്ചാൽ പിന്നെ പറ്റുകൾ ആണ്. മദ്ദളപ്പറ്റ് ഇവിടത്തെ ഒരു പ്രത്യേകതയാണ്. വെങ്കിച്ചൻ സ്വാമിയുടെ കാലത്ത് ആനപ്പന്തൽ മുതൽ തെക്കേ ഗോപുരം വരെ നിരക്കാനുള്ള മദ്ദളക്കാരുണ്ടായിരുന്നുവത്രേ.

● തൃശൂർ ഭാഗത്ത് നിലവിലുള്ള കേളി-കുഴൽ പറ്റ്-കൊമ്പു പറ്റ് എന്ന ക്രമത്തിൽ നിന്നും വ്യത്യസ്തമായി ഇവിടെ, ചാലക്കുടിക്ക് തെക്കുള്ള സമ്പ്രദായത്തിൽ മദ്ദളപ്പറ്റ് (കേളി)-കൊമ്പു പറ്റ്-കുഴൽ പറ്റ് എന്ന ക്രമമാണ് തുടരുന്നത്.

● ഉത്സവകാലത്ത് ക്ഷേത്രം മതിൽക്കകത്ത് നിരന്തരം പരിപാടികളാണ്. കൊടിയേറ്റ് ദിവസം കാലത്ത് ശീവേലിക്ക് എഴുന്നള്ളിച്ചതു മുതൽ പള്ളിവേട്ട കഴിയുന്നതുവരെ ഏഴു ദിവസം ഇടതടവില്ലാതെ പരിപാടികൾ നടക്കുന്ന ഒരു ക്ഷേത്രാങ്കണമാണ് തൃപ്പൂണിത്തുറ.

● എന്നാൽ ക്ലാസിക്കൽ/ക്ഷേത്ര കലകൾ എന്നിവ മാത്രമേ ഇവിടെ അരങ്ങേറാറുള്ളൂ.

● എഴുന്നള്ളിപ്പ് തിരുമുറ്റത്ത് നടക്കുമ്പോൾ സമാന്തരമായി ഊട്ടുപുര മാളികയിൽ സംഗീതക്കച്ചേരികളും കഥകളികളും നടക്കുന്നു എന്നതും ഇവിടത്തെ പ്രത്യേകതയാണ്.

● ഒരുകാലത്ത് ഇവിടെ വന്ന് ഉത്സവത്തിന് തന്റെ വക എന്തെങ്കിലും പ്രകടനം നടത്താം എന്ന് തോന്നുന്നവർക്ക് ഇവിടെ വന്ന് ചാർത്തിക്കാമായിരുന്നു. അതിന്റെ ബാക്കിപത്രമാണ് ഇന്ന് കാണുന്ന പുലി, കോടങ്കി മുതലായ വേഷങ്ങൾ. എഴുന്ന

● ആദ്യത്തെ മൂന്നു ദിവസം വിളക്കിന് എഴുന്നള്ളിക്കുന്നതുവരെയുള്ള സന്ധ്യക്കളികൾ വേറെ എവിടെയുമില്ല.

● എന്തൊക്കെ പറഞ്ഞാലും തൃപ്പൂണിത്തുറയിലെ ഉത്സവം എഴുന്നള്ളിപ്പിനും മേളത്തിനും വേണ്ടിയാണ് എന്ന് പറയേണ്ടിവരും.

● പതിനഞ്ചാനകൾക്ക് നിരന്നു നിൽക്കാവുന്ന ആനപ്പന്തലും തെക്കേ തിരുമറ്റവും ഇവിടെ വച്ച് കൊട്ടിക്കലാശിക്കുന്ന പഞ്ചാരിമേളം അഞ്ചുകാലം, അതിൽ ആദ്യത്തെ രണ്ട് കാലം ആനപ്പന്തലിൽ എന്നിവ ഇവിടത്തെ പ്രത്യേകതയാണ്.

● സാധാരണ ഉത്സവ സമയങ്ങളിൽ ക്ഷേത്ര അങ്കണത്തിൽ കൊട്ടുന്ന ചെമ്പട വർഗ്ഗത്തിലുള്ള മേളങ്ങളായ ത്രിപുട, ചെമ്പട, അഞ്ചടന്ത, ധ്രുവം എന്നീ മേളങ്ങൾ ഒന്നും തൃപ്പൂണിത്തുറയിൽ കൊട്ടാറില്ല.

● എന്നാൽ പഞ്ചാരി അഞ്ചാം കാലം കലാശിച്ച് എഴുന്നള്ളിപ്പ് പടിഞ്ഞാറെ തിരുമുറ്റത്തും വടക്കും വച്ചു അടന്തയിൽ വഹ കൊട്ടുകയും (ഒറ്റ ചെണ്ട) അതുകഴിഞ്ഞ് അടന്ത മേളം മൂന്നും നാലും കാലവും കൊട്ടുന്ന ഉത്സവമേളങ്ങളുടെ രീതി ഇവിടെയും ഉണ്ട്. അതിനുശേഷം വരുന്ന ചെമ്പട മേളത്തിന് തൃപ്പൂണിത്തുറയിൽ നടപ്പുരക്കലാശം എന്ന ഒരു പേരുമുണ്ട്.

● ഇതിനുശേഷമുള്ള വിസ്തരിച്ച പരിഷവാദ്യ പ്രദക്ഷിണം പാഴൂർ/രാമമംഗലം സ്വാധീനം വ്യക്തമാക്കുന്നു.

● 8 ദിവസങ്ങളിലായി 16 പഞ്ചാരിമേളം അരങ്ങേറുന്ന ഒരു അപൂർവ്വ വേദിയാണ് തൃപ്പൂണിത്തുറ. പക്ഷേ ക്ഷേത്രത്തിലെ താന്ത്രിക ചടങ്ങുകൾക്കും തുല്യമായ ഒരു പ്രാധാന്യം നൽകുന്നത് കാരണം മേളത്തിന് സമയം ക്ലിപ്തപ്പെടുത്തേണ്ടിവരും എന്നത് വാസ്തവമാണ്.

ആനപ്പന്തലിൽ നിന്ന് ഇറങ്ങുന്നതുവരെ, എഴുന്നള്ളിച്ച ആനയ്ക്കും അറ്റത്തെ ആനകൾക്കും ഒഴികെ ബാക്കി എല്ലാ ആനകൾക്കും പട്ടുകുടകൾക്ക് പകരം തഴകളാണ്. ആനപ്പന്തലിലെ തടിയുടെ 4 ബീമുകളാണ് ഇവിടെ കുട നിവർത്താൻ തടസ്സം എങ്കിലും, ഇവിടെ ഉത്സവത്തിനു 3/4/5 ദിസങ്ങളിൽ എന്നെങ്കിലും കറുത്തവാവ് വരുന്നതിനാൽ രാത്രിയിലെ വെള്ള തഴയുടെ ഭംഗി പട്ടുകുടയെക്കാൾ കൂടും എന്നത് പറയാതെ വയ്യ.

കവിത

# ധന്യമീ യാത്ര

**(എഴുമറ്റൂരിന് സപ്തതി ആശംസകൾ)**

**കെ.എൽ. ശ്രീകൃഷ്ണദാസ്**



എഴുപതാണ്ടുകൾ പിന്നിട്ട് ധന്യമാം
വിജയയാത്ര തുടരും പ്രിയകവേ,
ഹൃദയപൂർവ്വമീ ജ്യേഷ്ഠന്റെ സൗഹാർദ്ദ-
മധുര സ്നേഹാർദ്ര മംഗളാശംസകൾ!
ഗുരുകടാക്ഷവും സ്വന്തം പ്രതിഭയും
ഒരു വിശിഷ്ടമാം സംഗമമാകവേ
എഴുമറ്റൂരിന്റെ തൂലികത്തുമ്പിലൂ-
ടൊഴുകിയെത്തും വിശിഷ്ട ഗ്രന്ഥങ്ങളിൽ
തെളിയുമാത്മീയ ദർശനം കൈരളി-
ക്കനഘചൈതന്യമേകുന്നു നിത്യവും!
ഇനിയുമെത്രയോ വർഷങ്ങൾ നാടിന്റെ
വിവിധ സംസ്കാര വേദികൾ തന്നിലായ്
നിറയുകെന്നുമായ് പുണ്യ സാന്നിദ്ധ്യമെ-
ന്നതിനു പ്രാർത്ഥിച്ചു നിൽക്കയാണെന്മനം.!

ള്ളിപ്പിന് മുൻപിൽ ഹനുമാന്റെ എന്ന് തോന്നുന്ന പൊയ്മുഖം വച്ച്, പാടി മുഖംകുലുക്കുന്ന കോടങ്കിയും എഴുന്നള്ളിപ്പിന് മുമ്പിൽ ചുവടുവെച്ച് നടക്കുന്ന പുലിവേഷക്കാരനും ഇവിടത്തെ പ്രത്യേകത യാണ്.

● തികച്ചും അടച്ചുകെട്ടിയ ഒരു മതിലകം ആയ തിനാൽ ഇവിടെ വെടിക്കെട്ടിനെപ്പറ്റി ആലോചി ക്കാനേ വയ്യ. എങ്കിലും, തൃക്കേട്ട മുതൽ രാത്രി യിൽ എഴുന്നള്ളിക്കുമ്പോൾ പ്രദക്ഷിണത്തിനു മുമ്പിൽ മത്താപ്പ് കത്തിക്കുകയും, കൂട്ടി എഴുന്ന ള്ളിച്ചാൽ പൂക്കുറ്റി, വാക്കിലപ്പൂവ് എന്നിവ കത്തി ക്കുകയും അടുത്തകാലം വരെ ഉണ്ടായിരുന്നു.


● കൊടിയേറ്റ് ഏതു നാൾ ആയാലും ഉത്സ വത്തിന്റെ നാലാം ദിവസം തൃക്കേട്ട പുറപ്പാട് എന്നാണ് പേര്. വില്വമംഗലത്തു സ്വാമിയാർ ഒരി ക്കൽ ഉത്സവക്കാലത്ത് നാലാം ദിവസം ക്ഷേത്ര ത്തിൽ വന്നപ്പോൾ ഭഗവാനെ ആനകളുടെ മുക ളിൽ ചാടിക്കളിക്കുന്നതു കണ്ടു എന്നും അദ്ദേഹം അവിടെവച്ച് കാണിക്കയിട്ട് തൊഴുതു എന്നും ഐതീഹ്യം. ഇതിന്റെ ചുവടുവച്ച് എല്ലാ കൊല്ലവും തൃക്കേട്ട നാൾ മുതൽ നാലു ദിവസവും രാത്രിവിള ക്കിന് കൂട്ടി എഴുന്നള്ളിച്ചാൽ ആനപ്പന്തലിൽ കാണിക്കയിടാൻ ഇന്നും ആയിരക്കണക്കിന് ജന ങ്ങളാണ് വരുന്നത്.

● വലിയ തമ്പുരാനോ അദ്ദേഹത്തിന്റെ പ്രതിനിധിയോ ആണ് ആദ്യം കാണിക്കയിടുന്നത്. എഴുന്നള്ളിച്ച ആനയ്ക്ക് സ്വർണ്ണ തലേക്കെട്ട്, സ്വർണ്ണക്കോലം, സ്വർണ്ണക്കുട, സ്വർണ്ണപ്പിടിയുള്ള ചാമരം, എന്നിവ വലിയ തമ്പുരാന് കാണിക്കയ്ക്ക് നിർബന്ധം - കാണിക്കയിടാൻ സ്വർണ്ണക്കുടവും!

● രാജഭരണക്കാലത്ത് ഊട്ടുപുരയിൽ കാലത്ത് കഞ്ഞി, ഉച്ചക്ക് ഊണ്, രാത്രിയിൽ ഊണ് എന്നിവ ഉണ്ടായിരുന്നതിനാൽ തൃപ്പൂണിത്തുറയിലെ ഭവനങ്ങളിൽ ഉത്സവക്കാലത്ത് അടുപ്പ് കത്തി ക്കാറില്ല എന്ന് കേട്ടിട്ടുണ്ട്. ഇപ്പോൾ ഉത്സവത്തിൽ പങ്കെടുക്കുന്ന കലാകാരന്മാർക്കെല്ലാം പ്രാതലും, ഉച്ചയൂണും, അത്താഴവും നൽകുക പതിവാണ്.


● 16 പഞ്ചാരി, 1 പാണ്ടി, 1 പഞ്ചവാദ്യം, 20 സംഗീതക്കച്ചേരികൾ, 15 കഥകളി, 20 ഓട്ടൻ തുള്ളൽ, 7 പാഠകം, 3 തായമ്പക, 2 കുറത്തിയാട്ടം, 8 പുരാണ പ്രഭാഷണം എന്നിവയൊക്കെയാണ് ഉദ്ദേശ പരിപാടികൾ. തൃപ്പൂണിത്തുറയിൽ ഉത്സവ ത്തിനു പരിപാടി എന്ത്, എന്ന ചോദ്യം ഉദിക്കു ന്നില്ല; പരിപാടി ആരുടെ എന്ന് മാത്രം. ●

# Abraham Lincoln



**ഡോ. ആർ. പി. രാജാ**
തിരുവനന്തപുരം, മൊ 7034741555

Abraham Lincoln was born in poverty, in a log cabin, as the son of a wood cutter, in Kentucky on 12th February 1809. By his own self inspiration and perseverance, he became a self educated lawyer. From there, a politician, statesman and finally the 16th President of the United States of America in 1861 and continued in that position till his assassination on 15th April 1865. Here, I may present two events connected with his life.



A small town in America (I have forgotten its name) had a Railway Station, a Post Office, a Church and a meager population of about 200 people. The whole people there were ardent followers of Abraham Lincoln. When Lincoln became the President, he visited all the places where people supported him to thank them and he reached this town also. A month or two before this visit, the news papers have given the photo of Lincoln when he became the President. A boy of eight years old, seeing the picture, wrote to Lincoln, "Dear President, you will look more beautiful with a beard." What inspired the boy to write the letter is not known. When Lincoln arrived at the Station, the people of the town crowded there to greet him and congratulate him. The boy's father carried the boy on his shoulders and was standing way back in the crowd. Lincoln after giving the name of the boy to those in front asked them to bring the boy to him. When his father brought the boy before Lincoln, tall, lean, but strong (being the son of a wood cutter) took the boy in his arms and after taking the boy's palms rubbed them on his chin and asked the boy, "Do I look beautiful now?". From the day Lincoln got the letter, he began to grow the beard and retained it all his life. That was Abraham Lincoln.

The great American civil war was going on. Many valiant people have sacrificed their lives for achieving that great ideal for which the war was being fought. Many people died in a particular place and the people there arranged a cemetery where the dead were buried. They also decided to honor the dead and a meeting was organized. Those were times when people admired and appreciated long, flowery, Johnsonian speeches. The organizers invited a very famous speaker for the occasion. They also invited the President of the United States of America, namely, Abraham Lincoln. The day of the meeting arrived. The speaker had taken special pains to prepare a long speech couched in attractive language. When the time arrived Abraham Lincoln also reached the place. After the preliminary formalities, the special speaker rose. He delivered his address lasting more than a hour. The gathering there remained spellbound by his presentation. Abraham Lincoln, even at

*ശേഷം പേജ് 47-ൽ*

# അത്തം നാൾ ഭവാനി തമ്പുരാട്ടി

പൂഞ്ഞാർ രാജകുടുംബത്തിന്റെ ഒരു ശാഖാ കുടുംബമാണ് കാഞ്ഞിരമറ്റം കൊട്ടാരം. ഭവാനി തമ്പുരാട്ടി ജനിച്ചത് പൂഞ്ഞാർ കോയിക്കലാണെങ്കിലും ശാഖ പിരിഞ്ഞപ്പോൾ, കാഞ്ഞിരമറ്റം കൊട്ടാരത്തിലായി. അച്ഛൻ കിടങ്ങൂർ ഓശ്ശേരി പദ്മനാഭൻ നമ്പൂതിരി. അമ്മ ഉത്രാടം നാൾ അംബാലിക തമ്പുരാട്ടി. ജനനം – 1108 ചിങ്ങത്തിൽ അത്തം. സ്കൂൾ വിദ്യാഭ്യാസം കൊട്ടാരം വക എസ്സ്.എം.വി. സ്കൂളിൽ. അതിനു ശേഷം തിരുവനന്തപുരത്ത് ശ്രീ സ്വാതി തിരുനാൾ സംഗീത അക്കാദമിയിൽ ചേർന്നു. ഗാനഭൂഷണം പാസ്സായി. വിവാഹം ജ്യോതിഷപണ്ഡിതനായ മിത്രൻ നമ്പൂതിരിപ്പാടുമായി.



സംഗീതാദ്ധ്യാപനം കഴിഞ്ഞ് തിരിച്ച് പൂഞ്ഞാറ്റിൽ എത്തിയശേഷം 'കാർത്തിക തിരുനാൾ സംഗീത വിദ്യാലയം' എന്ന പേരിൽ ഒരു സംഗീത വിദ്യാലയം തുടങ്ങുകയും, യാതൊരു ഫലേച്ഛയും കൂടാതെ കുട്ടികളെ സംഗീതം പഠിപ്പിക്കുകയും ചെയ്തിരുന്നു. തമ്പുരാട്ടിയുടെ സംഗീത വിദ്യാർഥികളിൽ ഏറ്റവും പ്രസിദ്ധനായത് സംഗീതജ്ഞനും സംഗീത രചയിതാവുമായ കൈതപ്രം ദാമോദരൻ നമ്പൂതിരിയാണ്. ആറു വർഷത്തോളം അദ്ദേഹം തമ്പുരാട്ടിയുടെ അടുക്കൽ ശിഷ്യപ്പെട്ടിട്ടുണ്ട്. പൂഞ്ഞാറ്റിൽ വന്നശേഷം തമ്പുരാട്ടിയുടെ പ്രവൃത്തിമണ്ഡലം സംഗീതത്തിൽ മാത്രം ഒതുങ്ങിനിന്നില്ല. പൂഞ്ഞാർ മഹിളാസമാജത്തിന്റെ പ്രസിഡന്റായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അക്കാലത്ത് കോട്ടയം ജില്ലയിലെ ഏറ്റവും നല്ല മഹിളാസമാജം എന്ന ബഹുമതിയും പുരസ്കാരവും ലഭിച്ചിട്ടുണ്ട്. കൂടാതെ തമ്പുരാട്ടി പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് അംഗമായും പൊതുജന സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

കേരളത്തിലെ പല പ്രധാന ക്ഷേത്രങ്ങളിലും സംഗീതക്കച്ചേരി നടത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിനു പുറത്ത് ചെന്നൈ, മുംബൈ മുതലായ സ്ഥലങ്ങളിലുള്ള സംഗീതസഭകളിലും കച്ചേരികൾ നടത്തിയിട്ടുണ്ട്. 'പറക്കും സ്വാമി' എന്നു പ്രസിദ്ധനായിരുന്ന സ്വാമി വിഷ്ണു ദേവാനന്ദജിയുമായി മിത്രൻ നമ്പൂതിരിപ്പാടിന് വലിയ സുഹൃദ് ബന്ധമായിരുന്നു. യോഗയുടെ സൂക്ഷ്മതലങ്ങളെപ്പറ്റി വിവരിക്കുവാനും പഠിപ്പിക്കുവാനുമായി സ്വാമിജി നമ്പൂതിരിപ്പാടിനെ വിദേശത്തേക്ക് കൊണ്ടുപോയപ്പോൾ ഭവാനി തമ്പുരാട്ടിയും നമ്പൂതിരിപ്പാടിനെ അനുഗമിച്ചിരുന്നു. അമേരിക്ക, കാനഡ, ഇംഗ്ലണ്ട് എന്നിവിടങ്ങളിലുള്ള സ്വാമിജിയുടെ ആശ്രമങ്ങളിൽ ഭജനകളും സംഗീതക്കച്ചേരികളും നടത്തുമായിരുന്നു.

ഇക്കഴിഞ്ഞ 1199 ചിങ്ങമാസം അത്തം നക്ഷത്ര ദിവസം 91–ാം പിറന്നാൾ ആഘോഷിക്കാനിരിക്കയായിരുന്നു. കുറച്ചുകാലമായി മറ്റ് ബുദ്ധിമുട്ടുകൾ ഒന്നും ഇല്ലായിരുന്നെങ്കിലും കിടപ്പിലായിരുന്നു. ജൂലായ് 5–ാം തീയതി തുടങ്ങിയ ഒരു ചുമ ന്യുമോണിയ ആയി രൂപാന്തരപ്പെടുകയും ക്രമേണ മൂർഛിച്ച് മറ്റു വിഷമങ്ങളിലേക്ക് വ്യാപിക്കയും ചെയ്തു. 2023 ജൂലായ് 12–ാം തീയതി രാത്രി 9.15 നു വിഷ്ണുപാദം പൂകി.

കാത്തലിക് സിറിയൻ ബാങ്ക് ഉദ്യോഗസ്ഥയായിരുന്ന മഞ്ജുള വർമ്മ, ഏഷ്യാനെറ്റിൽ പ്രവർത്തിച്ചിരുന്ന അജയവർമ്മ രാജ, ആകാശവാണിയിൽ തംബുരു ആർട്ടിസ്റ്റ് രഞ്ജിനി വർമ്മ എന്നിവർ സന്താനങ്ങളും കോർപ്പറേഷൻ ബാങ്ക് ഓഫീസർ ആയിരുന്ന തിരുവല്ല പാലിയേക്കര പടിഞ്ഞാറെ കൊട്ടാരത്തിൽ മോഹന വർമ്മ, ഇടപ്പള്ളി പൂക്കോട്ട് മഠത്തിൽ രസിക വർമ്മ, കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്ത് പ്രസാദ് വർമ്മ (റിട്ട. എഫ്.എ.സി.റ്റി.) എന്നിവർ മരുമക്കളുമാണ്.

(സമ്പാ: ഡോ. ആർ.പി. രാജ)

# അങ്ങാടിപ്പുറം ശ്രീ തിരുമാന്ധാംകുന്ന് ഭഗവതി



**ഇ. രാമവർമ്മ രാജ**
എണ്ണയ്ക്കാട് കൊട്ടാരം

**ഭഗവതിയെ സംബന്ധിച്ച് ഒരു ശ്ലോകം**

"ഏതാനും പിഴ ഞാനറിഞ്ഞുമറിയാതേ-
കണ്ടു ചെയ്തീടിലും
മാതാവാകിയ നീയൊഴിഞ്ഞത് പൊറു-
ക്കാനില്ല മറ്റാരുമേ,
കാതോളം വിലസും കടാക്ഷമിഴികൊ-
ണ്ടെന്നെ ക്ഷണം നോക്കിയാൽ
ചേതം വന്നിടുമോ നിനക്ക് തിരുമാ-
ന്ധാം കുന്നിൽ വാഴും ശിവേ?"

I learnt the hymn from father's daily chant after lighting lamp in the prayer room. I love and like Malappuram (Dt.) especially Angadippuram too much since it is a place of fair shrines such as Thali temple dedicated to Lord Siva, Thirumandhamkunnu temple etc. Idols installed are of aesthetic beauty and attractive to look on.

My marriage with Mrs. Saraswathy Thampuratty of Ayiranazhi Covilakam was conducted on 10 Feb. 1974 infront of Srimoolasthanam of the above underlined famous temple under the guidance and control of Dr. A.C.K. Raja (Thampuran Doctor) in a grand manner. Marriage feast was arranged in Ayiranazhi Covilakam. Unni Ganapathi, Lord Siva and Parvathy are other Important deities in the temple besides Thirumandhamkunnu Bhagavathy. In the Sarppa Kavu Serpent God and Serpent Goddess are installed. Sarppa Kavu is extremely clean and tidy not to mention. Kshethrapalakan or guard of the temple is very near the Sarppa Kavu.

Family members of Ayiranazhi Covilakam, Mankada Covilakam, Kadannamanna Covilakam and Aripra Covilakam belong to one and the same clan. They are endowed with privilege to see and worship the main deity Thirumandhamkunnu Bhagavathy face to face after opening the closed and shut doors of Sreekovil by the priest or poojari. Excepting the

→


---

*പേജ് 45 തുടർച്ച*

the time of his arrival, seemed a very depressed man. After the main speech, Lincoln rose to speak. He said only a few words. He seemed very sad. The people were very unimpressed. Important dailies like "Chicago Times" and other papers reported very adverse and scathing comments about President's brief speech. Chicago Times observed, "The cheeks of every American citizen should blush red with shame for the way in which the President spoke.". Lincoln himself, during his few words had observed, "The world will little note, nor long remember what we say here, ..". But the world did note and ever remember that famous Gettysburg speech of Abraham Lincoln. It was in this small speech, he concluded his words "a Government of the people, by the people, for the people". Yes, it is the most famous President of the United States, Abraham Lincoln, who gave us the true definition of 'Democracy'. And it is exciting to note that this Gettysburg speech of Abraham Lincoln which was condemned by the then media, remains the most quoted speech in American history. This speech was made on 19th November 1863.

# കാന്താരതാരകം

**ടി.എൻ. ആദിത്യവർമ്മ**
തിരുവനന്തപുരം, മൊ. 8547444160



നൈഷധൻ തന്റെ ചരിത്രം-അതു
ചൊല്ലുമ്പോഴെത്ര വിചിത്രം
ഉണ്ണായിവാര്യർ രചിച്ചു-ഇതു
ഭംഗിയായാട്ടക്കഥയായ്
ഒന്നിതു വായിച്ചുനോക്കാം-നമു
ക്കിന്നതനുഭൂതിയാക്കാം
അത്യന്തകോമളമായ പദ-
മെത്രയോ കാണുന്നുവല്ലേ?
ചൊല്ലി രസിയ്ക്കാനതിന്റെ വരി
യെല്ലാം മധുരമാണല്ലേ?

സാമരധാമവധുവിൻ-മദ
ഭൂമവിരാമദമാകും
കോമളിമ കാണുന്നേരം-പരി
ഝങ്കാരമംഗാരമെന്നും മറ്റു
മുള്ള പദത്തിന്റെയർത്ഥം
കണ്ടുപിടിച്ചു രസിക്കാൻ ഏ ആർ
കാന്താരതാരകം തന്നു
ആട്ടക്കഥയുടെ ഭംഗി-നമ്മെ
ക്കാട്ടിത്തരാനായൊരുങ്ങി
രാജരാജൻ തന്ന ശില്പം-നമു
ക്കാനന്ദമേകുന്നനല്പം

→

members of the clan, others have darsan at a different angle where doors are kept open every now and then barring pooja time and deeparadhana. A sword in the right hand is very special to this Bhagavathy alone as far as I know.

The main festival ‘Pooram Purappad’ is celebrated in a grand manner every year with much pomp and splendour. Different colourful umbrellas on caparisoned elephants, beautifully decorated idol of Bhagavathy on one of them in the middle, beating drums, clang of cymbals called elathalam, blowing conch, three or four devotees (Komaram) perform so called sword dance inflicting injury on their forehead, shed blood from the head & run hither and thither is a land mark in Pooram Purappad, representing Thirumamdham kunnu Bhagavathy. No doubt the festival is a feast for eye and ears. Belief of ardent devotees is a spectator of Pooram Purappad in a year is equivalent to 365 days of darsan till Pooram Purappad of next year.

After the festival, the idol of Bhagavathy is reinstalled inside the temple sanctum sanctorum subsequent to Arattu in the river nearby. All participants enjoy and take part in extremely good breakfast, dinner and feast; two kinds of sweet payasam made of milk, sugar and payasam made of treacle fruits etc. Everybody is content with food and visit to the temple. How I wish to have daily visit and worship after a good bath in the river nearby.

“May Goddess bless all” is my humble prayer. That is all I wish.




# ബൃഹദേശ്വരം മുതൽ ജംബുകേശ്വരം വരെ

**ഡോ. കെ.സി. മനോരമ തമ്പുരാട്ടി**
തിരുവനന്തപുരം, മൊ. 9495304892

(കഴിഞ്ഞ ലക്കം തുടർച്ച)

### ഗംഗൈകൊണ്ടചോളപുരം

തിരുവയ്യാറിനു ശേഷം ഗംഗൈകൊണ്ട ചോളപുരത്തേക്ക് ഞങ്ങൾ യാത്രയായി. ഇതിനിടയിൽ വഴിയിൽനിന്ന് ഊണ് കഴിക്കാമെന്നാണു വിചാരിച്ചിരുന്നത്. പ്രതീക്ഷയ്ക്കു വിപരീതമായി ഒരൊറ്റ ഹോട്ടൽ പോലും തുറന്നു കാണുന്നില്ല. അങ്ങിനെ ഗംഗൈകൊണ്ട ചോളപുരം എത്തുമ്പോഴേക്കും ഊണിനെപ്പറ്റിയായി പ്രധാന ചിന്ത. തരക്കേടില്ലാത്ത ഒരു ചെറിയ ഹോട്ടൽ 'വസന്തഭവൻ' ഈ ചരിത്രസ്മാരകത്തിനടുത്തായി ഉണ്ട്. വിശപ്പ് മൂർദ്ധന്യത്തിൽ എത്തിയിരുന്നതുകൊണ്ടാവാം എല്ലാവരും നന്നായി രുചിയോടെ ഉണ്ടു. ശേഷം ഗംഗൈകൊണ്ട ചോളപുരത്തെ വിശേഷങ്ങൾ കാണാനായി ഇറങ്ങി. ചരിത്രസ്മാരകമാണെങ്കിലും ദിവസവും നാലു പൂജകൾ ഉള്ള 'ചെറിയ ബൃഹദീശ്വര ക്ഷേത്ര'മാണ്. പ്രധാന ആകർഷണം. ഞങ്ങൾ അവിടെയെത്തുമ്പോൾ ക്ഷേത്രം തുറക്കുന്നതേ ഉണ്ടായിരുന്നുള്ളു.



*അരുണാചലേശ്വര ക്ഷേത്രം പുറകിൽ അരുണാചലഗിരി*

ക്ഷേത്രവും ചുറ്റുപാടും നന്നായി സംരക്ഷിച്ചിട്ടുണ്ട്. കരിങ്കല്ലുപാകിയ വൃത്തിയുള്ള പ്രദക്ഷിണ വഴിയും അതിനു ചുറ്റുമുള്ള പുൽമെത്തയും ക്ഷേത്രത്തിന് ഒരു പ്രത്യേക ഭംഗി നൽകുന്നു. ആരെയും ആകർഷിക്കുന്ന പരിസരം. ഓർമ്മകൾ പതിയെ സ്കൂൾ പഠനകാലത്തിലേക്ക് മടങ്ങി. ചരിത്രം പഠിക്കുമ്പോൾ വേഗം ഓർക്കാൻ പറ്റുന്ന ഒരു പേരായിരുന്നു ഇത്. പിന്നെ ഒരു ദക്ഷിണേന്ത്യൻ രാജാവ് ഗംഗ വരെ കീഴ്പ്പെടുത്തുക എന്ന് കേൾക്കുമ്പോൾ അറിയാതെ തന്നെ അദ്ദേഹത്തോട് ആദരവ് തോന്നിയിരുന്നു. അന്ന് ഇവിടം നേരിൽ കാണാനാകുമെന്നൊന്നും വിചാരിച്ചിരുന്നതേയില്ല. മനോഹരമായ ഈ ഗ്രാമപ്രദേശം തീർച്ചയായും സന്ദർശിക്കേണ്ട ഒരു സ്ഥലമാണ്. സ്വദേശികളേക്കാൾ കൂടുതൽ വിദേശികളെയാണു കണ്ടത്. അവർ വലിയ ക്യാമറകളുമായി വളരെ വിസ്തരിച്ച് ഷൂട്ട് ചെയ്യുന്നത് കണ്ടു. ഞങ്ങളും കുറച്ചു ഫോട്ടോ എടുത്ത് സന്ദർശന വിവരം രേഖപ്പെടുത്തി.

രാജരാജ ചോളന്റെ (I) മകനും പിൻഗാമിയുമായ രാജേന്ദ്ര ചോളനാണ് (എഡി 1012-1044) ഈ നഗരം നിർമ്മിച്ചത്. ചാലൂക്യരുമായിച്ചേർന്ന് ബംഗാളിലെ മഹീപാല രാജാവിനെ യുദ്ധത്തിൽ പരാജയപ്പെടുത്തിയതിന്റെ ഓർമ്മയ്ക്കായി ഒരു പുതിയ പട്ടണം പണിത് രാജ്യതലസ്ഥാനമാക്കി. അതത്രെ ഗംഗൈകൊണ്ടചോളപുരം. വിജയത്തിന് ശേഷം നടത്തിയ കുംഭാഭിഷേകത്തിനായി ഗംഗാനദിയിലെ പുണ്യജലം തന്റെ രാജ്യത്തിലേക്ക് കൊണ്ടുവരുന്നതിനായി രാജേന്ദ്ര ചോളൻ പടയാളികളെ വടക്കോട്ടയച്ചു. വഴിയിലുള്ള രാജ്യങ്ങൾ കീഴടക്കി ഗംഗാജലം ശിരസ്സിലേറ്റി വന്നതിനാൽ അദ്ദേഹത്തെ ഗംഗൈകൊണ്ട ചോളൻ എന്ന് വിളിച്ചിരുന്നു. വിജയത്തിന്റെ അടയാളമായി അദ്ദേഹം ഒരു 'ജലമയസ്തംഭം' (കിണർ) നിർമ്മിച്ചു.

ഗംഗാജലം ഈ കിണറ്റിൽ ഒഴിക്കുകയും, കിണർ 'ഗംഗൈചോളം' എന്നറിയപ്പെടുകയും ചെയ്തു.

ശിവഭക്തനായ രാജേന്ദ്ര ചോളൻ തന്റെ പിതാവ് തഞ്ചാവൂരിൽ പണിതതുപോലെ ഒരു ശിവ ക്ഷേത്രം ഇവിടെ പണിതു. വലിപ്പത്തിൽ ബൃഹ ദീശ്വര ക്ഷേത്രത്തേക്കാൾ അല്പം ചെറുതാണ്. പിതാവ് പണിയിച്ചതിനേക്കാൾ വലിപ്പം വേണ്ട എന്നു വിചാരിച്ചാണ് പെരിയ കോവിലിനെക്കാൾ ഈ ക്ഷേത്രം ചെറുതാക്കിയത്. പക്ഷെ ശിവ ലിംഗവും, നന്ദിയും അവിടുത്തേക്കാൾ വലിയവ ആണ്. ശിവലിംഗം അർദ്ധനാരീശ്വര സങ്കൽപ്പ ത്തിലാണ് പ്രതിഷ്ഠിച്ചിട്ടുള്ളത്. ശിവലിംഗ പ്രതിഷ്ഠയുടെ താഴെ ഒരു വലിയ ചന്ദ്രകാന്ത ശിലയാണ്. ഈ ശില വേനൽക്കാലത്ത് ശ്രീ കോവിലിനകത്ത് കുളിർമ്മയും ശൈത്യകാലത്ത് ചൂടും പകരുന്നു.

വളരെ വലിയ ഈ നന്ദിവിഗ്രഹത്തിനു പ്രത്യേ കിച്ച് ഒരു മണ്ഡപമില്ല. ചുണ്ണാമ്പുകല്ല് കൊണ്ടുണ്ടാ ക്കിയിട്ടുള്ള ഈ നന്ദിയുടെ മുഖത്ത് സായാഹ്ന ങ്ങളിൽ പതിക്കുന്ന സൂര്യരശ്മികൾ പ്രതിഫലിച്ച് അകത്തെ ശിവലിംഗത്തെ പ്രഭാപൂരിതമാക്കും. ശ്രീകോവിലിൽ വിളക്കുകൾ കൊളുത്തുന്നതിനു മുൻപു തന്നെ സുവർണ്ണപ്രഭയിൽ ജ്വലിക്കുന്ന ശിവലിംഗം ഹൃദ്യമായ കാഴ്ചയാണ്. എത്രയോ നേരം ഈ കാഴ്ച കണ്ടുനിന്നുപോയി; മനസ്സിൽ കൈലാസേശ്വരനെയും.

ഇവിടം ചെറിയ ബൃഹദീശ്വര ക്ഷേത്രം എന്ന് അറിയപ്പെടുന്നു. സരസ്വതി, ലക്ഷ്മി, മഹിഷാ സുരമർദ്ദിനി, നടരാജൻ, അർദ്ധനാരീശ്വരൻ, ചണ്ഡി കേശ്വരൻ മുതലായവരുടെ ശ്രദ്ധേയമായ ചില ശിൽപങ്ങൾ ഇവിടെയുണ്ട്. ശ്രീകോവിൽ ചുവ രുകളും ഇടനാഴികളിലെ സ്തൂപങ്ങളും ശില്പ സമൃദ്ധമാണ്. ദ്രവീഡിയൻ രീതിയിലുള്ള മനോ ഹര സൃഷ്ടികൾ. പ്രധാന ക്ഷേത്രത്തിന് ചുറ്റു മായി മറ്റുപക്ഷേത്രങ്ങളും സ്ഥിതിചെയ്യുന്നു. ഈ ക്ഷേത്രത്തിലെ പ്രധാന ദിവസങ്ങൾ ശിവരാത്രി, ഐപ്പശി, പൗർണ്ണമി, തിരുവാതിര എന്നിവയാണ്.

വലിയ ഒരു സിംഹമുഖം ക്ഷേത്രത്തിന്റെ വട ക്കുകിഴക്ക് വശത്തായി പണിതിട്ടുണ്ട്. പത്തൊൻ പതാം നൂറ്റാണ്ടിലാണ് ഇതു പണിതത്. അടുത്തു ചെന്ന് നോക്കുമ്പോൾ മാത്രമേ അത് ഒരു കിണറി ലേക്കുള്ള പ്രവേശന കവാടമാണെന്നറിയൂ. താഴേക്ക് പടവുകൾ പണിതിട്ടുണ്ട്. സിംഹകേനി (Simhakeni) എന്നാണ് ഈ കിണർ അറിയപ്പെടുന്നത്.

യുനെസ്കോയുടെ ലോകപൈതൃക സ്ഥലങ്ങ ളുടെ കീഴിൽ വരുന്ന ഇവിടം ആർക്കിയോള ജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഭംഗിയായി സംര ക്ഷിക്കുന്നുണ്ട്. ബൃഹദീശ്വര ക്ഷേത്രത്തിനുപുറമെ മറ്റു പല ക്ഷേത്രങ്ങളും ഇവിടെ ഉണ്ടായിരുന്നു. അവയെല്ലാം പക്ഷെ പിൽക്കാല യുദ്ധങ്ങളിൽ നശിപ്പിക്കപ്പെടുകയാണുണ്ടായത്. ബൃഹദീശ്വര ക്ഷേത്രം മാത്രം എങ്ങിനെ രക്ഷപ്പെട്ടു എന്നത് ഇന്നും അജ്ഞാതമാണ്. ഇവിടെ നിന്നും 2 കിലോമീറ്റർ തെക്കുപടിഞ്ഞാറായി മാളിഗൈ മേട്ടിലുള്ള ഒരു സ്ഥലത്ത് രാജേന്ദ്ര ചോളൻ ഒന്നാ മൻ നിർമ്മിച്ച ഒരു രാജകൊട്ടാരത്തിന്റെ അവശി ഷ്ടങ്ങൾ അടുത്തിടെ കണ്ടെത്തി. സംസ്ഥാന പുരാവസ്തു വകുപ്പ് ഇവിടെ തുടർ പര്യവേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

കുംഭകോണം, ചിദംബരം തുടങ്ങിയവയൊക്കെ ഇവിടെ നിന്നും അധികം ദൂരത്തല്ല. എങ്കിലും ഇവ യെല്ലാം കൂടെ ഒരു യാത്രയിൽ ഒതുക്കുവാൻ പറ്റാ ത്തതുകൊണ്ട് ഗംഗൈകൊണ്ടചോളപുരം നൽകിയ സുന്ദരാനുഭവങ്ങളുമായി ഞങ്ങൾ ഇനി തിരുവണ്ണാ മലയിലേക്ക്.

### തിരുവണ്ണാമല - ഒരാത്മീയ നഗരം

സന്ധ്യയോടുകൂടി തിരുവണ്ണാമലയിൽ എത്തി. താമസം ക്ഷേത്രത്തിനടുത്തുള്ള അരുണാചലം ഹോട്ടലിൽ. 2665 അടി ഉയരമുള്ള അരുണാച ലഗിരി നേരെ മുന്നിൽ. തമിഴ്നാട്ടിലെ അതിപരിപാ വനമായ ഒരു പ്രദേശമാണ് തിരുവണ്ണാമല. സമൃ ദ്ധമായ ഒരു കാർഷിക ഗ്രാമമാണെങ്കിലും ഈ പ്രദേശത്തിന്റെ ആദരണീയതയ്ക്കു നിദാനം ശിവ രൂപമായ അരുണാചലഗിരിയും, അരുണാചലേശ്വര ക്ഷേത്രവും, മൗനത്തിന്റെ മഹാസാഗരമായ രമ ണാശ്രമവുമാണ്. ഇവയെല്ലാം പരസ്പരം അഭേ ദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

അടുത്ത ദിവസം രാവിലെ തന്നെ അരുണാ ചലേശ്വര ക്ഷേത്ര (അണ്ണാമലൈയ്യർ ക്ഷേത്രം, അണ്ണാമലൈ = അപ്രാപ്യമായ മല) സന്നിധിയിൽ എത്തി. അണ്ണാമലൈ കുന്നുകളുടെ താഴ്വരയിൽ സ്ഥിതിചെയ്യുന്ന വിശാലമായ ക്ഷേത്രം. നാലു വശത്തും മനോഹര ശില്പങ്ങളാൽ അലങ്കരിക്ക

പ്പെട്ട അതിഗംഭീരങ്ങളായ ഗോപുരങ്ങൾ. അതിനകത്ത് വീണ്ടും ചെറിയ അഞ്ചു ഗോപുരങ്ങൾ. ഹരിതാഭമായ ഉദ്യാനം. കല്ലുകൊണ്ട് പണിത നീണ്ട ഹാളുകൾ. ഏകദേശം 10 ഹെക്ടർ പ്രദേശത്തായി ഈ ക്ഷേത്രസമുച്ചയം വ്യാപിച്ചുകിടക്കുന്നു. പതിനൊന്ന് നിലകളും, 66 മീറ്റർ ഉയരവുമുള്ള കിഴക്കൻ ഗോപുരം ഇന്ത്യയിലെ തന്നെ ഉയരംകൂടിയ ക്ഷേത്ര ഗോപുരങ്ങളിലൊന്നാണ്. പെരിയ കോവിലിൽ നിന്ന് വ്യത്യസ്തമായി ഇവിടം അതീവ ഭക്തിസാന്ദ്രം. ക്ഷേത്രത്തിനകത്ത് ജ്വലിക്കുന്ന നെയ്യിന്റെയും ധൂപത്തിന്റെയും, പനിനീരിന്റെയും ഭസ്മത്തിന്റെയും കൂടിക്കലർന്ന വിശുദ്ധ ഗന്ധം. സദാ വീശിക്കൊണ്ടിരിക്കുന്ന കുളിർകാറ്റിൽ ഈ ഗന്ധം അവിടെ മുഴുവൻ നിറയുന്നു. ശൈവരുടെ പഞ്ചഭൂത സങ്കല്പത്തിൽ ഈ ക്ഷേത്രം അഗ്നിയെ പ്രതിനിധാനം ചെയ്യുന്നു. അണ്ണാമലൈയ്യർ അഗ്നിലിംഗ പ്രതിഷ്ഠയാണ്. അഗ്നിലിംഗം മുക്തിയെ പ്രതിനിധീകരിക്കുന്നു. തിരുവണ്ണാമല ക്ഷേത്രത്തെക്കുറിച്ച് ചിന്തിച്ചാൽത്തന്നെ മുക്തി ലഭിക്കുമെന്നാണ് പഴമക്കാർ പറയുന്നത്.

ക്ഷേത്ര ഐതിഹ്യങ്ങളിൽ പ്രധാനം പാർവ്വതിയുമായി ബന്ധപ്പെട്ടതാണ്. ദേവി ഒരിക്കൽ കളിയായി ഒരു പുഷ്പംകൊണ്ട് ഭഗവാൻ ശിവന്റെ കണ്ണുകൾ പൊത്തി. തുടർന്ന് ലോകം മുഴുവൻ ഇരുട്ടിലായി. ഭൂമി വർഷങ്ങളോളം ഇരുട്ടിൽ ആണ്ടു. ഇതിൽ ഭൂമിയിലെ ശിവഭക്തർ ബുദ്ധിമുട്ടിയപ്പോൾ പാർവ്വതിക്ക് താൻ ചെയ്ത പ്രവൃത്തിയിൽ പശ്ചാത്താപം തോന്നി ശിവനെ അഭയം പ്രാപിച്ചു. സംപ്രീതനായ ശിവൻ ഭക്തരുടെ സൗകര്യാനുസരണം അണ്ണാമലൈ കുന്നുകളുടെ മുകളിൽ ഒരു അഗ്നിഗോളമായി പ്രത്യക്ഷപ്പെട്ടു. ഭൂമിയിൽ ഇരുട്ടുമാറി വെളിച്ചം ലഭിച്ചു. പാർവ്വതിയുടെ തപസ്സിൽ തൃപ്തനായ ശിവൻ അർദ്ധനാരീശ്വര സങ്കല്പത്തിൽ സ്വയംഭൂലിംഗമായി അരുണാചല ഗിരിയുടെ കിഴക്കൻ താഴ്‌വാരത്തിൽ പ്രത്യക്ഷപ്പെട്ടു. തുടർന്ന് അവിടെ നിർമ്മിക്കപ്പെട്ട ക്ഷേത്രമാണ് അരുണാചലേശ്വര ക്ഷേത്രം. അരുണഗിരി അഥവാ ചുവന്ന പർവ്വതം എന്നറിയപ്പെടുന്ന അണ്ണാമലൈ ഈ ക്ഷേത്രത്തിനു പുറകിലാണ് സ്ഥിതിചെയ്യുന്നത്. ശിവലിംഗത്തിന്റെ പ്രതിരൂപമായാണ് അണ്ണാമലൈ കുന്നുകൾ കണക്കാക്കപ്പെടുന്നത്.

മറ്റൊന്ന് കൈതപ്പൂവുമായി ബന്ധപ്പെട്ട് കേരളത്തിലും പ്രചാരമുള്ള ലിംഗോത്ഭവ സങ്കല്പമാണ്. വിഷ്ണുവും ബ്രഹ്മാവും തങ്ങളിൽ ആർക്കാണ് മേൽക്കോയ്മ എന്നറിയുവാനായുള്ള മത്സരത്തിൽ മുഴുകവെ, ശിവൻ അഗ്നിസ്തംഭമായി പ്രത്യക്ഷപ്പെട്ട് സ്തംഭത്തിന്റെ ആദിയോ അന്ത്യമോ ആദ്യം കണ്ടുപിടിക്കുന്ന ആൾക്ക് മേൽക്കോയ്മ പ്രഖ്യാപിച്ചു. അഗ്നിലിംഗത്തിന്റെ അഗ്രം എവിടെയെന്നറിയുന്നതിനായി ബ്രഹ്മാവ് ഒരു അരയന്നമായി ആകാശത്തേക്കും, വിഷ്ണു വരാഹരൂപത്തിൽ ഭൂമിക്കടിയിലേക്കും പോയി. ബ്രഹ്മാവിനോ വിഷ്ണുവിനോ ശിവലിംഗത്തിന്റെ ആദിയോ അന്ത്യമോ കണ്ടെത്താനായില്ല. വിഷ്ണു തന്റെ തോൽവി സമ്മതിച്ചപ്പോൾ ബ്രഹ്മാവ് ശിവലിംഗത്തിന്റെ അഗ്രം കണ്ടെത്തിയെന്ന് കൈതപ്പൂവിനെ സാക്ഷിയാക്കി നുണ പറഞ്ഞു. ഇതിനുള്ള ശിക്ഷയായി ഭൂമിയിൽ ആരാലും ആരാധിക്കപ്പെടാതെ പോകട്ടെയെന്ന് ബ്രഹ്മദേവനെയും ആരും പൂജയ്ക്കെടുക്കാതിരിക്കട്ടെയെന്ന് കൈതപ്പൂവിനെയും ശിവൻ ശപിച്ചു. വിഷ്ണു നിന്ന സ്ഥലത്താണ് അണ്ണാമലൈശ്വര പ്രതിഷ്ഠ എന്ന് ഐതിഹ്യം. വിഷ്ണുഗോപാല മൂർത്തിയുടെ രൂപം ഭഗവാന്റെ ശ്രീകോവിലിനു പുറകിൽ ആലേഖനം ചെയ്തിട്ടുണ്ട്.

ഏഴാം നൂറ്റാണ്ടു മുതൽ തന്നെ ഈ ക്ഷേത്രം തമിഴ് കൃതികളിൽ സ്ഥാനംപിടിച്ചിരുന്നു. നായനാർ സന്യാസിമാരായിരുന്ന സംബന്ധർ, അപ്പർ എന്നിവർ തങ്ങളുടെ തേവാരം കൃതികളിൽ ഈ ക്ഷേത്രത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ക്ഷേത്രഭരണം പല കാലങ്ങളിൽ വിവിധ സാമ്രാജ്യശക്തികളുടെ കീഴിൽ ആയി. ഇവരിൽ പ്രധാനികൾ പല്ലവർ, ചോളർ, വിജയനഗര സാമ്രാജ്യം, കർണ്ണാടിക് നവാബ്, മുഗളർ, ഫ്രഞ്ചുകാർ, ടിപ്പു സുൽത്താൻ എന്നിവരാണ്. പിന്നീട് ബ്രിട്ടീഷ് ആധിപത്യത്തിനു കീഴിലായി. 1951 മുതൽ, ക്ഷേത്രപരിപാലനം തമിഴ്നാട് സർക്കാർ ഏറ്റെടുത്തു. 2002–ൽ ക്ഷേത്രഭരണം ASI (Archeological Survey of India) ഏറ്റെടുത്തെങ്കിലും സുപ്രീംകോടതി അത് പഴയരീതിയിൽ തമിഴ്നാട് സർക്കാരിനു തന്നെ നൽകി.

മനുഷ്യ ശരീരഘടനയിലെ താന്ത്രിക ചക്രങ്ങളുടെ ആൾരൂപങ്ങളായി കണക്കാക്കപ്പെടുന്ന ആധാരസ്ഥല ശിവക്ഷേത്രങ്ങളിൽ ഈ ക്ഷേത്രത്തെ മണിപൂരക സ്തംഭം എന്ന് വിളിക്കുന്നു.

ക്ഷേത്രത്തിലെ ഏറ്റവും പഴയതും പ്രധാനപ്പെട്ടതുമായ കോവിൽ കിഴക്കോട്ട് ദർശനമായുള്ള അരുണാചലേശ്വരരുടേതാണ്. സർവ്വാലങ്കാര വിഭൂഷിതനായി ഭഗവാൻ അനുഗ്രഹം അരുളുന്നു. ഉത്സവസമയത്തല്ലാതെ ശിവലിംഗം ഇങ്ങനെ സർവ്വാഭരണ വിഭൂഷിതമായി അപൂർവ്വമേ കണ്ടിട്ടുള്ളു. അരുണാചലേശ്വരനെക്കുറിച്ച് ചിന്തിച്ചാൽ ത്തന്നെ ഭഗവാൻ ദർശനമരുളും എന്നാണ് പറയപ്പെടുന്നത്. പാർവ്വതിയുടെ ആഗ്രഹപ്രകാരം ഭക്തർ അറിഞ്ഞോ അറിയാതെയോ ചെയ്ത പാപങ്ങൾ ഈ സന്നിധാനത്തിലെത്തുന്നതോടെ ഇല്ലാതെയാകും. കാരുണ്യമൂർത്തിയുടെ ഈ രൂപം മനസ്സിന് അതീവ സാന്ത്വനം നൽകുന്നു. കൈകൂപ്പി പ്രാർത്ഥിച്ച് പുറത്തുകടന്നു.

അരുണാചലേശ്വര ക്ഷേത്രവും പരിസരങ്ങളും സന്ന്യാസി ശ്രേഷ്ഠരാൽ അനുഗ്രഹീതമത്രെ. പലപ്പോഴും മഹാമഹർഷീശ്വരന്മാർ അവധൂത രൂപത്തിൽ ഇവിടെ ശിവദർശനത്തിനെത്താറുണ്ട്. അങ്ങിനെയുള്ളവരെ കാണുന്നത് മഹാഭാഗ്യമാണ്. ഞങ്ങൾ തൊഴുന്ന സമയത്ത് പരിസരബോധമില്ലാതെ ഉറക്കെയുറക്കെ ശിവകീർത്തനങ്ങൾ ഉരുവിടുന്ന ഒരു ഭക്തയെ കണ്ടു. അവർ ചുറ്റും നടക്കുന്നതൊന്നും അറിയുന്നുണ്ടായിരുന്നില്ല. പിന്നെ അവരെയൊട്ടു കണ്ടതുമില്ല. ആരാണാവോ?

ഒന്നാമത്തെ ഈ പ്രദക്ഷിണവഴിയിൽ തന്നെയാണ് നന്ദിയുടെയും സൂര്യന്റെയും കോവിലുകളും. ഇങ്ങനെ ചുറ്റുമതിലുള്ള അഞ്ച് പ്രദക്ഷിണവഴികൾ ക്ഷേത്രത്തിലുണ്ട്. ഇവയിൽ ഓരോന്നിലും ശിവവാഹനമായ നന്ദിയുടെ ബൃഹത് രൂപങ്ങളും കാണാം. അടുത്ത പ്രധാന കോവിൽ രണ്ടാമത്തെ പ്രദക്ഷിണവഴിയിൽ ഉള്ള ഉണ്ണാമുലൈ അമ്മന്റേതാണ്. അമ്മനെ (പാർവ്വതി) നിൽക്കുന്ന രൂപത്തിൽ സർവ്വാഭരണാലങ്കാരത്തോടെ പ്രതിഷ്ഠിച്ചിരിക്കുന്നു. സുബ്രഹ്മണ്യൻ, ഗണപതി എന്നിവർക്കായി പ്രത്യേക കോവിലുകൾ ഉണ്ട്. ഇവിടെയെല്ലാം തൊഴുത് ഞങ്ങൾ പാതാളലിംഗ ക്ഷേത്രത്തിലേക്ക് പോയി. താഴേക്കുള്ള പടികൾ ഇറങ്ങിയാൽ ഭൂഗർഭശിവലിംഗം ആയ പാതാളലിംഗ സമക്ഷത്തിലെത്താം. വെങ്കിട്ടരമണൻ എന്ന ബാലനെ (രമണമഹർഷി) ആദ്ധ്യാത്മികോന്നതിയിലേക്ക് നയിച്ചതിൽ ഈ ഗുഹയുടെ സ്ഥാനം പ്രധാനമാണ്. അവിടെയും തൊഴുത് ക്ഷേത്രസമുച്ചയത്തിൽ ഉള്ള ആയിരംകാൽ മണ്ഡപവും മറ്റു ചില മണ്ഡപങ്ങളും കണ്ടു.

ക്ഷേത്രത്തിൽ ആറു പൂജകൾ ദിനംതോറും വളരെ നിഷ്ഠയോടെ ചെയ്തുവരുന്നു. വിശേഷാൽ പൂജകൾ മിക്ക ദിവസങ്ങളിലും കാണും. ഇവിടെ ഏറ്റവും പ്രധാനം കാർത്തികദീപ ഉത്സവമാണ്. നവംബറിനും ഡിസംബറിനും ഇടയിൽ വരുന്ന പൂർണ്ണിമ ദിവസം അരുണാചലഗിരിയുടെ മുകളിൽ ഒരു അഗ്നിസ്തംഭം ജ്വലിപ്പിക്കുന്നു. അതുകണ്ട് ഗിരിവലം നടത്തുന്നവർ വന്ദിക്കും. ഈ ദീപത്തെ വളരെ ഭക്തിയോടുകൂടിയാണ് ഭക്തർ വീക്ഷിക്കുന്നത്. ശബരിമലയിലെ മകര വിളക്കിനോട് സമാനമായ ഒരാചാരം.

ക്ഷേത്രത്തിനു മുന്നിൽ മാല, പൂവ്, വിളക്ക് തുടങ്ങിയ പൂജാസാധനങ്ങൾ വിൽക്കുന്നവരുടെയും വാങ്ങുന്നവരുടെയും അപാര തിരക്ക്. ഒപ്പം ധാരാളം സാധുക്കളും. ഇവരിൽ നിന്നൊക്കെ രക്ഷ തേടി ക്ഷേത്രത്തിനകത്തെത്തുക അല്പം ശ്രമകരമാണ്. എങ്കിലും അദ്ധ്യാത്മിക ഭാവം ജ്വലിച്ചു നിൽക്കുന്ന ഈ ക്ഷേത്രാനുഭവം ഒന്നു വേറെ തന്നെയാണ്. തിരുവണ്ണാമല ഒരു ക്ഷേത്രനഗരി എന്നതിലുപരി ആത്മീയതയുടെ ഔന്നത്യങ്ങളിൽ വിരാജിക്കുന്ന ഒരിടമാണ്. അനേകം ക്ഷേത്രങ്ങളും ആശ്രമങ്ങളും ഉള്ള ഈ ചെറിയ സ്ഥലം തമിഴ്നാടിന്റെ ആത്മീയ തലസ്ഥാനമെന്നു തന്നെ പറയാം.

അരുണാചലേശ്വരക്ഷേത്ര ദർശനത്തിനു ശേഷം ഗിരിവലമാണ് ഞങ്ങളുടെ ലക്ഷ്യം. പൗർണ്ണമി ദിവസങ്ങളിലാണ് ഗിരിവലത്തിനു പ്രാധാന്യമേറുന്നത്. അത് കൂടുതൽ പുണ്യകരമത്രെ. അല്ലാത്ത ദിവസങ്ങളിൽ ഇതുപോലെ വന്നുചേരുന്നവർ ഗിരിവലം വയ്ക്കും. ഏതാണ്ട് എല്ലാ ദിവസങ്ങളിലും ധാരാളം ആളുകൾ ഗിരിവലം വയ്ക്കാനുണ്ടാകും. അരുണാചലഗിരി പ്രദക്ഷിണമാണ് ഗിരിവലം അഥവാ ഗിരിപ്രദക്ഷിണം എന്നറിയപ്പെടുന്നത്. ഓരോ പൂർണ്ണചന്ദ്രനു ശേഷമുള്ള ദിവസവും ഗിരിവലം എന്നറിയപ്പെടുന്ന ഈ ആരാധനയിൽ ധാരാളം തീർത്ഥാടകരാണു പങ്കെടുക്കുന്നത്.

ഏറ്റവും അനുയോജ്യമായ ദിവസങ്ങൾ കാർത്തികയും മഹാശിവരാത്രിയുമാണ്.

അരുണാചലത്തിനെ പ്രദക്ഷിണം ചെയ്യുമ്പോൾ ശിവനെത്തന്നെ വലംവെയ്ക്കുകയാണ്. അചലത്തിൽ അഞ്ചു കൊടുമുടികളാണുള്ളത്. ഏറ്റവും വലുത് ശിവനെ പ്രതിനിധീകരിക്കുന്നു. ഇതിനടുത്തായി ഒരു ചെറിയ കൊടുമുടി മുരുകനെയും, അടുത്തത് പാർവതിയെയും പ്രതിനിധീകരിക്കുന്നു. ശേഷം രണ്ടെണ്ണം നിരുതിയും ഈശാനയുമാണ്. അചലത്തിനു ചുറ്റുമായി എട്ടു ദിശകളിലായി എട്ടു ശിവലിംഗങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്നു. അവ എട്ടു ദിക്പാലകർ പൂജിച്ചിരുന്നവയായിരുന്നു. അവരുടെ പേരിലാണ് ഈ ക്ഷേത്രങ്ങൾ അറിയപ്പെടുന്നത്. ഈ എട്ടു ക്ഷേത്രങ്ങളിൽ എവിടെനിന്നു വേണമെങ്കിലും ഗിരിവലം തുടങ്ങാം, അവിടെത്തന്നെ അവസാനിപ്പിക്കണമെന്ന് മാത്രം. സാധാരണയായി രമണാശ്രമത്തിൽ നിന്നോ അരുണാചലക്ഷേത്രത്തിൽ നിന്നോ ആണ് പ്രദക്ഷിണം തുടങ്ങാറുള്ളത്. പാതയുടെ ഇടതുവശം ചേർന്ന് വലതുഭാഗത്തെ അരുണാചലം ദൃശ്യമാകുന്ന രീതിയിൽ ഘടികാര ദിശയിൽ ഭക്തിയോടെ വലംവെയ്ക്കുകയാണ് ഭക്തർ ചെയ്യുന്നത്. ഞങ്ങൾ ക്ഷേത്രദർശനത്തിനു ശേഷം അഗ്നിലിംഗത്തിൽ നിന്നാണ് പ്രദക്ഷിണം തുടങ്ങിയത്. 14 കിലോമീറ്റർ ചുറ്റളവുള്ള ഈ പാത റോഡുവഴി ബന്ധിക്കപ്പെട്ടിരിക്കുന്നു. അകത്ത് മലയടിവാരത്തിലൂടെ നടന്നും പ്രദക്ഷിണം ചെയ്യാവുന്നതാണ് (അകത്തുകൂടിയുള്ള പാതയിലൂടെ പ്രദക്ഷിണം ചെയ്യുന്നതിന് വനംവകുപ്പിൽ നിന്നും അനുമതി വാങ്ങണം). കൂടുതൽ പേരും റോഡുവഴിയുള്ള മാർഗ്ഗമാണ് പിന്തുടരുന്നത്. ഈ ക്ഷേത്രങ്ങളുടെ സമീപത്തായി ധാരാളം സന്യാസിശ്രേഷ്ഠരെ കാണുവാൻ സാധിക്കും. അവർക്ക് ദക്ഷിണ നൽകി അനുഗ്രഹം വാങ്ങി ശിവാലയങ്ങൾ സന്ദർശിച്ച് പ്രദക്ഷിണം പൂർത്തിയാക്കുന്നു. ഈ ക്ഷേത്രങ്ങൾക്കിടയിലായി മറ്റു ക്ഷേത്രങ്ങളും, തീർത്ഥങ്ങളും മണ്ഡപങ്ങളും ഒക്കെയുണ്ട്. അവിടെയെല്ലാം ദർശനം നടത്തി പ്രദക്ഷിണം പൂർത്തീകരിക്കണമെങ്കിൽ ഒരു ദിവസം തികയാതെ വരും. അവയിൽ എടുത്തുപറയേണ്ടുന്ന ഒന്ന് ആദി അണ്ണാമലൈ ക്ഷേത്രമാണ്. വരുണ ലിംഗത്തിനും വായു ലിംഗത്തിനുമിടയിലാണ് ഈ ക്ഷേത്രം. ശിവൻ അരുണാചലത്തിന്റെ കിഴക്കു ഭാഗത്ത് സ്വയംഭൂ ആയി പ്രതിഷ്ഠിക്കപ്പെടുന്നതിനു മുൻപ് തന്നെ ബ്രഹ്മാവ് തന്റെ തെറ്റിൽ പശ്ചാത്തപിച്ച് അരുണാചലത്തിന്റെ പടിഞ്ഞാറു ഭാഗത്ത് ഒരു ശിവലിംഗം പ്രതിഷ്ഠിച്ചു. പ്രധാന ക്ഷേത്രത്തിനും മുൻപുള്ളതായതിനാൽ ഇത് ആദി അണ്ണാമലൈ ക്ഷേത്രം എന്നറിയപ്പെടുന്നു.

പുനർജന്മചക്രത്തിൽ നിന്നുള്ള മോചനമാണ് ഗിരിപ്രദക്ഷിണ ഫലം. കൈലാസ പ്രദക്ഷിണത്തിനു തുല്യമത്രെ ഗിരിവലം. അഗ്നിലിംഗ ക്ഷേത്രത്തിൽ നിന്ന് തുടങ്ങി യമ, നിരുതി, വരുണ, വായു, കുബേര, ഈശാന, ഇന്ദ്രലിംഗ ക്ഷേത്രങ്ങളിൽ പ്രാർത്ഥിച്ച് വലം പൂർത്തിയാക്കി. ഇവ കൂടാതെ സൂര്യ, ചന്ദ്ര ലിംഗങ്ങളും ഉണ്ട്. ഈശാനലിംഗ ക്ഷേത്രത്തിൽ നിന്ന് നോക്കുമ്പോൾ അഞ്ചു കൊടുമുടികളും നന്നായി കാണാം. വിവിധ ക്ഷേത്രങ്ങളിൽ നിന്ന് നോക്കുമ്പോൾ അരുണാചലം പല ആകൃതി നമ്മുടെ മനസ്സിൽ തോന്നിപ്പിക്കുന്നു. അനന്തശയന ആകൃതി മുതൽ ആനയുടെയും നന്ദിയുടെയും സിംഹത്തിന്റെയും ഒക്കെ രൂപത്തിൽ കാണാം. ഇതൊന്നുമറിയാതെ ഞങ്ങൾ വരുന്ന വഴി അരുണാചലത്തിലെ ആനയുടെ രൂപം ശ്രദ്ധിച്ചു. വണ്ടിയുടെ സാരഥി പ്രശാന്താണ് ഇത് ആദ്യം കണ്ടത്. വണ്ടിയോടിക്കുന്നയാൾ ശ്രദ്ധാലു എന്ന് ഇവിടെ നമുക്കുറപ്പിക്കാം. പ്രദക്ഷിണ വഴിയിൽ പലയിടത്തും ശിവപാദങ്ങൾ പ്രതിഷ്ഠിച്ചിട്ടുണ്ട്. ഭക്തർ അവയിൽ തൊട്ടുതൊഴുതാണ് മുന്നോട്ടു പോയിക്കൊണ്ടിരുന്നത്. അതുപോലെ ധാരാളം നന്ദി പ്രതിഷ്ഠകളുമുണ്ട്. അവയുടെ വലത്തേ ചെവിയിൽ പ്രാർത്ഥനകൾ പറഞ്ഞാൽ നന്ദി അവ ശിവനിലേക്കെത്തിക്കുമത്രെ. ഇത് ഒരു തമിഴ് പാരമ്പര്യമാണ്. ഇതേത്തുടർന്നായിരിക്കാം ഇപ്പോൾ കേരളത്തിലെ ശിവക്ഷേത്രങ്ങളിലും ഈ ആചാരം കാണാം.

ഞങ്ങൾ ഗിരിപ്രദക്ഷിണം നടത്തിയ ദിവസം പൗർണ്ണമിയല്ലായിരുന്നെങ്കിലും ധാരാളം ആളുകൾ ഗിരിവലം നടത്തുന്നുണ്ടായിരുന്നു. എല്ലാ ക്ഷേത്രങ്ങളുടെയും സമീപത്തായി പ്രദക്ഷിണപാതയുടെ ഭൂപടം പ്രദർശിപ്പിച്ചിട്ടുള്ളതിനാൽ വിഷമമില്ലാതെ വലംവെയ്ക്കൽ പൂർത്തിയാക്കാം. എങ്കിലും ചിലേടത്തൊക്കെ ഞങ്ങൾ അല്പം ബുദ്ധിമുട്ടി. മുൻപേ പോയിക്കൊണ്ടിരുന്ന ഭക്തരുടെ വാഹനങ്ങളെ

പിന്തുടരുക എന്ന പ്രായോഗിക മാർഗ്ഗമാണ് പിൻതുടർന്നതെങ്കിലും അവരെ കാണാതാകുമ്പോൾ ഞങ്ങൾ അല്പം വിഷമിച്ചിരുന്നു. അല്പംപോലും ബുദ്ധിമുട്ടില്ലാതെ ഒരു വാഹനത്തിൽ ഭഗവാനെ പ്രദക്ഷിണം വയ്ക്കുമ്പോൾ ഭഗവൽസ്മരണ ഉണ്ടാവാൻ ഈ ചെറിയ തടസ്സങ്ങൾ നല്ലതാണ്. ഈ ക്ഷേത്രങ്ങൾ താരതമ്യേന ചെറിയവ ആണ്. എങ്കിലും നല്ലരീതിയിൽ പരിപാലിച്ചിട്ടുണ്ട്. വഴിയിൽ കണ്ട ചില സാധുക്കൾക്കും പൂജാരികൾക്കും ദക്ഷിണ നൽകി ഗിരിവലം പൂർത്തിയാക്കി. തമിഴ്നാട്ടിലെ രീതിയനുസരിച്ച് വഴിയിൽ ഇരിക്കുന്ന സാധുക്കളെ വിളിച്ചുവരുത്തി ദക്ഷിണ നൽകിയാണ് അവർ ഗിരിവലം പൂർത്തിയാക്കുന്നത്. നമ്മൾ കേരളീയർക്ക് അങ്ങനെ ഒരു ശീലമില്ലാത്തതിനാൽ ആരെയും വിളിച്ചുവരുത്തി ദക്ഷിണ കൊടുക്കാനൊന്നും പോയില്ല.

പൗർണ്ണമി ദിവസത്തെ അരുണാചല ദർശനത്തെ പറ്റി 'ശ്രീകാന്ത് കോട്ടക്കലിന്റെ' വാക്കുകൾ ഞാൻ കടമെടുക്കുകയാണ്.

"പൗർണ്ണമി ദിവസം എവിടെനിന്നൊക്കെയോ വന്ന മഹാജനസഞ്ചയം പ്രാർത്ഥനാപൂർവ്വം മലയെ വലംവെച്ച് നടക്കുന്നു. ആ ദിവസങ്ങളിൽ അരുണാചലയുടെ ചുറ്റുവഴികൾക്ക് മറ്റൊരു വേഗവും താളവുമാണ്. അല്ലാത്ത ദിവസങ്ങളിൽ ആളൊഴിഞ്ഞ ചോലമരപ്പാതകൾ ഗിരിവല ദിവസം ഭക്തരെക്കൊണ്ടും വഴിവാണിഭങ്ങൾകൊണ്ടും നിറയും. വഴിയോരത്തെ ചെറിയ ചെറിയ കോവിലുകൾ കർപ്പൂരദീപപ്രഭയിൽ തിളങ്ങിനിൽക്കും. പാദരക്ഷകളില്ലാതെ മനുഷ്യർ അരുണാചല മലയെ വന്ദിച്ചുകൊണ്ട് പരിക്രമണം ചെയ്യും. നിലാവിൽ കുളിച്ചു നില്ക്കുന്ന മല, മൗനത്തോടെ നിൽക്കുന്ന മഹർഷിയെ ഓർമ്മിപ്പിക്കും. പതിനാല് കിലോമീറ്ററോളം നീളുന്ന പരിക്രമണം തീരുമ്പോൾ വിയർത്ത് കുളിക്കും. അപ്പോഴും തലോടിത്തണുപ്പിക്കാൻ എത്തുന്നത് അരുണാചലയിലെ ഔഷധ വീര്യമുള്ള കാറ്റുതന്നെ. ക്ഷീണിച്ചുതളർന്ന് ഹോട്ടൽ മുറിയിൽ വന്നുകിടന്ന് ജനൽ തുറക്കുമ്പോൾ നിലാവിലാറാടിയ മലയുടെ കാഴ്ച. തിളങ്ങുന്ന പാറക്കൂട്ടങ്ങൾ. നിഴൽവിരിച്ച് നിൽക്കുന്ന മരങ്ങൾ. കാറ്റുപോലും നിലച്ചിരിക്കുന്നു. പൗർണ്ണമിയിലെ കൈലാസദൃശ്യവും ഇങ്ങനെയായിരിക്കണം..."

അരുണാചലഗിരിയെ കണ്ട് കിളികൂജനം കേട്ട് പ്രകൃതിയുമായി ലയിച്ച് ഭക്തിപൂർവ്വം അകത്തെ വഴിയിലൂടെ പൗർണ്ണമി ദിവസത്തിലെ പ്രദക്ഷിണം ഒരു മോഹമായി എന്നിൽ അവശേഷിച്ചു.

ഉച്ചയ്ക്ക് രണ്ടു മണിയോടെ ഞങ്ങൾ രമണാശ്രമത്തിലെത്തി. ആശ്രമവളപ്പിൽ നല്ല തിരക്കുണ്ടായിരുന്നു. ചിലർ ആശ്രമവും പരിസരവും കാണുന്നു. മറ്റുചിലർ ധ്യാനത്തിലിരിക്കുന്നു. ചിലർ അവിടെയൊക്കെ കറങ്ങിനടക്കുന്നു. ഈ കണ്ട എല്ലാവരും ശബ്ദമേതുമില്ലാതെ അവിടെ വർത്തിക്കുന്നത് അതിശയകരം തന്നെയാണ്. ആശ്രമത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞപ്പോൾ നാവ് സംസാരിക്കാനുള്ളതാണെന്നത് മറന്നതുപോലെ തോന്നി. അതോ മൗനോപാസകനായ രമണ മഹർഷിയുടെ ആകർഷണത്തിൽ സംസാരം മറന്നതോ? എന്തായാലും അവിടെ കണ്ട സന്ദർശകരെല്ലാം ആശ്രമസാഹചര്യത്തിനനുസരിച്ച് പെരുമാറുന്നുണ്ടായിരുന്നു. മൗനം ഇവിടെ വാചാലം. മൗനോപാസകനായ രമണരുടെ ആശ്രമം ഇതുവരെ കണ്ടതിൽ നിന്നൊക്കെ വ്യത്യസ്തമാണ്. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നെത്തിയവർ, മഹർഷിയുടെ സമാധിയുടെ മുന്നിൽ മൗനമാണ്ടിരിക്കുന്നു. എപ്പോഴോ സ്വന്തം സത്തയെ തിരിച്ചറിഞ്ഞിട്ടാകാം അവിടെനിന്നും നിശ്ശബ്ദമായ കാലടികളോടെ തിരിച്ചുപോകുന്നു. "നിരന്തരഭാഷണമാണ് മൗനം" എന്ന മഹർഷിയുടെ വാക്കുകൾ മനസ്സിൽ തെളിയുന്നു.

ഇത്രയുംനേരം കണ്ട ഭൗതിക താല്പര്യങ്ങളെല്ലാം തൽക്കാലം എവിടെയോ പോയിമറയുന്നു. അവിടെയുള്ള ക്ഷേത്രത്തിലേക്കും മെഡിറ്റേഷൻ ഹാളിലേക്കും കാലുകൾ നമ്മെ കൊണ്ടെത്തിക്കുന്നു. ധ്യാനനിരതയായി മഹർഷിയുടെ പാത പിന്തുടരാം. ആത്മസത്തയെ തിരിച്ചറിയുന്നതിനായുള്ള പരീക്ഷണങ്ങൾ. എങ്ങിനെയെന്നറിയില്ല എത്രയോ നേരം അവിടെ രണ്ടിടത്തും മൗനോപാസികയായി ഞാനും. അവിടുന്നിറങ്ങുമ്പോൾ മനസ്സിനനുഭവപ്പെടുന്ന ലാഘവത്വം പറഞ്ഞറിയിക്കാനാവില്ല. അനുഭവിച്ചുതന്നെയറിയണം.

വെങ്കിട്ടരമണൻ എന്ന കുട്ടിയുടെ രമണ മഹർഷിയിലേക്കുള്ള വളർച്ചയ്ക്ക് സാക്ഷിയായി തിരുവണ്ണാമലയും അരുണാചലവും അണ്ണാമലൈ ക്ഷേത്രവും. പതിനാറാമത്തെ വയസ്സിൽ തിരുച്ചുഴിയിൽ നിന്നും തിരുവണ്ണാമലയിൽ എത്തിച്ചേർന്ന

വെങ്കിട്ടരമണൻ, അരുണാചല ക്ഷേത്രത്തിലും പിന്നീട് അവിടെയുള്ള പാതാള ഗുഹയിലും ധ്യാനനിരതനായി. സമാധിയിലിരുന്ന അദ്ദേഹം പ്രാണികൾ തന്റെ ശരീരം ഭക്ഷിക്കുന്നതോ കുസൃതിക്കുട്ടികൾ തന്നെ ഉപദ്രവിക്കുന്നതോ അറിയുന്നുണ്ടായിരുന്നില്ല. ഒടുവിൽ ശേഷാദ്രി സ്വാമികൾ അദ്ദേഹത്തെ ആ അവസ്ഥയിൽ എടുത്തുകൊണ്ടുപോയി ധ്യാനത്തിനിടമൊരുക്കുകയാണുണ്ടായത്. അപ്പോഴേക്കും വെങ്കിട്ട രമണൻ മഹർഷിയായി ക്കഴിഞ്ഞിരുന്നു. അദ്ദേഹം ആദ്യം വിരൂപാക്ഷ ഗുഹയിലും പിന്നീട് സ്കന്ദാശ്രമത്തിലുമാണ് ധ്യാനനിരതനായിരുന്നത്. അരുണാചലം മുഴുവനും മഹർഷിക്ക് കരതലാമലകം പോലെ ഹൃദിസ്ഥമായിരുന്നു. ഗിരിവലത്തിന് ഇത്രയും പ്രസിദ്ധി വന്നത് രമണ മഹർഷിയുടെ ശിഷ്യരോടൊത്തുള്ള നിരന്തര പരിക്രമണങ്ങളിലൂടെയാണ്.

ഉച്ചസമയമായതിനാൽ വിരൂപാക്ഷ ഗുഹയിലേക്കും സ്കന്ദാശ്രമത്തിലേക്കും ഞങ്ങൾ പോകുകയുണ്ടായില്ല. രണ്ടിടത്തേക്കും കുറച്ചധികദൂരം മുകളിലേക്കു കയറേണ്ടതുണ്ട്. ആ സമയം കൂടി മഹർഷിയുടെ സമാധിക്ക് മുന്നിൽ ധ്യാനനിരതരായി. ആശ്രമത്തിൽ മഹർഷിയുടെ ശിഷ്യരുടെ സമാധിസ്ഥലങ്ങളും അമ്മയുടെയും, പ്രിയപ്പെട്ട പശു 'ലക്ഷ്മിയുടെയും' സാന്നിധ്യ സ്ഥലങ്ങളും ഉണ്ട്.

പതിനാറാം വയസ്സിലെ മരണാനുഭവത്തിൽ തുടങ്ങി മരണം എന്ന ആത്യന്തിക സത്യത്തെക്കുറിച്ച് മറ്റാരെക്കാളുമറിയാമായിരുന്ന മഹർഷിയുടെ ആശ്രമത്തിൽ 'മരിച്ചു' എന്ന വാക്കല്ല മഹർഷി ഉപയോഗിച്ചത്... 'ABSORBED' എന്നാണ്.

ഒരിക്കൽകൂടി ശ്രീകാന്ത് കോട്ടക്കലിന്റെ വാക്കുകളിലേക്ക്... "മലയും മഹർഷിയും മഹാക്ഷേത്രവും കൂടിച്ചേർന്നാലേ തിരുവണ്ണാമല പൂർണ്ണമാവുന്നുള്ളൂ. മൂന്നിന്റെയും ആകെത്തുക അവനവനിലേക്കുള്ള യാത്രയാണ്. ഉള്ളിലെ അഗ്നിയെയും ആശ്രമത്തെയും തിരിച്ചറിയുക. ഓരോ തവണയും തിരുവണ്ണാമലയിൽനിന്ന് തിരിച്ചുവരുമ്പോൾ ആരോ തിരിച്ചുവിളിക്കുന്നു. ചിലപ്പോൾ മല, ചിലപ്പോൾ മഹാക്ഷേത്രം, മറ്റുചിലപ്പോൾ മഹർഷി..."

രമണമഹർഷിയുടെ ആത്മീയ ഔന്നത്യത്തേക്കാൾ എന്നെ ആകർഷിച്ചിരുന്നത് അദ്ദേഹത്തിന്റെ നിഷ്ക്കളങ്കവും അതേസമയം തേജോമയവുമായ പുഞ്ചിരിയായിരുന്നു. ആ പുഞ്ചിരിയിലൂടെ ജീവിതത്തിന്റെ വ്യാഖ്യാനം ലളിതമായി ജനങ്ങളിലേക്ക് അദ്ദേഹം പകർന്നു നൽകി. മഹർഷി എന്നതിലുപരി ഭഗവാൻ എന്നദ്ദേഹത്തെ ജനങ്ങൾ വിളിച്ചിരുന്നതും അതുകൊണ്ടാകാം. ശിവന്റെ ദക്ഷിണാമൂർത്തി ഭാവത്തോടാണ് രമണ മഹർഷിയെ ഉപമിക്കുന്നത്. ശ്രേഷ്ഠഗുരുവായ ദക്ഷിണാമൂർത്തി നിശ്ശബ്ദമായി ശിഷ്യരിലേക്കു ജ്ഞാനം പകർന്നു നൽകുന്നു. രമണ മഹർഷിയും അങ്ങിനെതന്നെ. വളരെക്കുറച്ചുമാത്രം സംസാരിച്ചിട്ടുള്ള അദ്ദേഹത്തിന്റെ തിരുമൊഴികൾ എല്ലാം ശിഷ്യർ സമാഹരിച്ചിട്ടുണ്ട്. ആശ്രമം അതെല്ലാം പുസ്തകരൂപത്തിലാക്കിയിട്ടുമുണ്ട്. അവ ആശ്രമത്തിൽ നിന്ന് വാങ്ങാനും പറ്റും.

(തുടരും...)


## മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധക്ക്

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക വാർഷിക വരിസംഖ്യ കുടിശ്ശികയുള്ളവർ എത്രയും വേഗം അടച്ചുതീർക്കാൻ എല്ലാ ബന്ധുക്കളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. തുക ക്ഷത്രിയ ക്ഷേമസഭയുടെ പേരിൽ ക്രോസ്സ് ചെയ്ത ചെക്കായോ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് **Google Pay/ Bank transfer** ആയോ അയയ്ക്കാവുന്നതാണ്.

**Kshathriya Kshema Sabha, A/c. No. 40052010052603**

**IFSC: CNRB0014005, CANARA BANK, Fort, Thiruvananthapuram**

## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| പുറം കവർ (കളർ) | : | ₹ 3500/- | ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ) | : | ₹ 1250/- |
| കളർ പേജ് (ഫുൾ) | : | ₹ 2500/- | ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്) | : | ₹ 750/- |
| കളർ പേജ് (ഹാഫ്) | : | ₹ 1500/- | വിവാഹ പരസ്യം (Matrimonial) | : | ₹ 500/- |


# ഭൂമിയുടെ അവകാശികൾ



**കെ.സി. ഗിരീഷ് കുമാർ**
പന്തളം

പുൽക്കൊടിയാണു ഞാൻ, പൂമരമല്ല ഞാൻ
പച്ചവിരിപ്പിട്ട പാരിന്റെ നെഞ്ചിലെ മൺതരിക്കൊപ്പം
മയങ്ങുകയാണു ഞാൻ
മർത്യൻ ചവിട്ടിയരയ്ക്കുന്ന മണ്ണിനെ
മാറോടുചേർക്കുന്ന മാനസമാണു ഞാൻ
പുൽക്കൊടിയെങ്കിലും ഭൂമിയിൽ പാർക്കുവാൻ
ഒത്തിരി ജന്മമെടുത്തവളാണു ഞാൻ
കാറ്റാണു ഞാൻ, കാറ്റിൽ ഓടിക്കളിക്കുന്ന
കാർമുകിലാണു ഞാൻ
കരിവണ്ടുമാണു ഞാൻ,
പൂവിന്റെയുള്ളിലെ തേൻതേടിയലയുന്ന പൂമ്പാറ്റയാണു ഞാൻ
കരിനാഗമാണു ഞാൻ,
കാട്ടിലുംമേട്ടിലും പാടിത്തിമർക്കുന്ന കോകിലമാണു ഞാൻ
കണ്ണാണു ഞാൻ, വിണ്ണിൽ കത്തിജ്വലിക്കുന്ന
കതിരവനാണു ഞാൻ
കാനനച്ചോലയിൽ കൊമ്പുകോർത്തിടയുന്ന കരിവീരനാണു ഞാൻ
എല്ലാം ഒരേ ജന്മം, എല്ലാം ഒരേ രക്തം,
എല്ലാം ഒരേ മണ്ണിലലിയുന്ന പാഴ്‌വസ്തു.
തുല്യമാണവകാശം ഈ മണ്ണിൽ, പുല്ലിനും കല്ലിനും പുൽക്കാടിക്കും
മരത്തിനും മനുഷ്യനും കാടിളക്കും കരിവീരനും
മരംചാടി ഓടുന്ന മർക്കടവീരനും
മാനംകറുക്കുമ്പോൾ മതിമറന്നാടുന്ന മയിലിനും
തുള്ളി വെള്ളത്തിനായ് ഉള്ളം വരണ്ടുണങ്ങുന്ന വേഴാമ്പൽ പക്ഷിക്കും
അറിയില്ല മർത്യനിതൊന്നും, മനസിൽ മദംപൊട്ടി അലറുകയാണവൻ
ഉഴലുകയാണവൻ, കഴിവുണ്ടെനിക്കെന്ന തോന്നലിൽ സ്വയം അറിയാതെ
മാനത്തെ മഴവില്ല് മടിയിൽ വെച്ചോമനിക്കാമെന്ന മോഹവും
കാൽക്കീഴിലെല്ലാം ഒതുക്കിപ്പിടിക്കുമ്പോൾ
മണ്ണിൽ മന്നവൻ ഞാനെന്നതോന്നലും
അറിയാത്തതല്ല, അറിഞ്ഞിട്ടുമെന്തോ അറിയാത്തപോലുള്ളിലമരുന്നു.
എല്ലാമെനിക്കുള്ളതെന്ന് ഉള്ളത്തിലുണ്ടിത്തിരി ഗർവും അഹംഭാവവും
വെട്ടിപ്പിടിക്കണം വിണ്ണിനുതാഴത്തു കാണുന്നതെന്തും
കെട്ടിപ്പടുക്കണം കോട്ടകൊത്തളങ്ങളും കോവിലകങ്ങളും
ലോകം കാൽച്ചുവട്ടിലിട്ടരയ്ക്കണം, ഭൂമിയെ വെട്ടിപ്പിളർക്കണം
തട്ടിയെടുക്കണം സർവ്വർക്കുമുള്ളതും സർവതും.
മർത്യനാണെന്നുമീ മണ്ണിനു മൃത്യുവിതയ്ക്കുന്ന ശത്രു.
കാണാവതല്ലിതൊന്നും, കണ്ണടയ്ക്കുക, ഗാന്ധാരിയാവുക
മണ്ണാണു ഞാൻ, മണ്ണിൽ കിളിർക്കുന്ന പുല്ലാണു ഞാൻ
മരിക്കുന്ന മണ്ണിന്റെ കണ്ണുനീരാണു ഞാൻ
കണ്ണാണു ഞാൻ സർവംസഹയായ ധാത്രിയുടെ കണ്ണുനീരാണു ഞാൻ.

കഥ



# വിഷാദഗീതം

**ധനഞ്ജയ വർമ്മ**
പിലാത്തറ, മൊ. 9446980086

നഗരത്തിനടുത്തുള്ള കൊച്ചു വാടക വീട്ടിലേക്ക് വിവാഹം കഴിഞ്ഞ ഉടൻ അയാൾ താമസം മാറ്റി, ലളിതമായ ഒരു ജീവിതത്തിന് തുടക്കമിട്ടു. വലിയ ആർഭാടമൊന്നുമില്ലാതെ അത്യാവശ്യം വേണ്ട വിട്ടുസാധനങ്ങളും, പാത്രങ്ങളുമൊക്കെ വാങ്ങിച്ച് വീട് ചെറുതായൊന്നു മിനുക്കി. ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ടുമെന്റിലെ സൂപ്രണ്ട് എന്നുള്ള നിലയിൽ റിസപ്ഷൻ റൂമിന് പ്രത്യേക പണികളൊന്നും നടത്തിയിട്ടില്ല.

'വീട് വീടായിത്തീരണമെങ്കിൽ ഒരു സ്ത്രീ വേണം.' അതുപോലെ പുരുഷന് ജീവിതം പൂർണ്ണമാകാനും. ഒരു സ്ത്രീയോടൊത്ത് ജീവിക്കുന്നതുവരെ എങ്ങനെയാണ് ജീവിക്കേണ്ടതെന്ന് അവന് അറിയുകയില്ല!

"ഈ വീട് എങ്ങനെ; കൊള്ളാമോ?"

"ഉം" അവൾ മൂളി.

കാർത്തികയ്ക്ക് ആരെയും പരിചയമില്ല. ഭർത്താവിന്റെ മുഖംപോലും അവൾ പരിചയിക്കാൻ തുടങ്ങുന്നതേയുള്ളൂ. ഗ്രാമത്തിൽ അമ്മയുടെ സ്നേഹ പരിലാളനകൾ ആവോളം നുകർന്ന് തുളസിക്കതിരിന്റെ പരിശുദ്ധി മാത്രം അറിഞ്ഞ അവൾ ജീവിതത്തിന്റെ മറ്റൊരു ഏടിലേക്ക് കാലു കുത്തുകയാണ്. ഇവിടെ കൈമുതലായി ഒന്നുമില്ല. ഉണ്ണിയേട്ടന്റെ മനസ്സിന്റെ നിഷ്ക്കളങ്കമായ ഓർമ്മകൾ മാത്രം. നിഷ്ക്കളങ്കതയുടെ പ്രത്യക്ഷ ഭാവമാണ് ഉണ്ണ്യേട്ടൻ. കവിളിലൂടെ ഉരുണ്ട് വീണ കണ്ണീർക്കണങ്ങൾ വകഞ്ഞ് മാറ്റിയപ്പോൾ ആ ഹൃദയം ഉൽക്കടമായ ദുഃഖത്താൽ വിതുമ്പുകയായിരുന്നു.

* * *

"അമ്മ കരയുകയാണോ! എനിക്ക് അത് കണ്ടു നിൽക്കാനുള്ള കരുത്തില്ല. മംഗല്യവതിയായി ഭർത്താവിന്റെ സവിധത്തിലേക്ക് പോകുമ്പോൾ ചിരിച്ചുകൊണ്ട് യാത്രയാക്കുകയല്ലെ വേണ്ടത്!" ഗദ്ഗദകണ്ഠയായി അവൾ മൊഴിഞ്ഞു.

ഒരിക്കലും വേർപിരിയുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടേയില്ല. ഇന്നല്ലെങ്കിൽ നാളെ ഈ വേർപാട് അനിവാര്യമാണ്; സംഭവിക്കേണ്ടതാണ്. പ്രകൃതിയുടെ അലിഖിത നിയമങ്ങളിൽ ഒന്ന്!

"ഓ, നല്ലതുവരട്ടെ, പോയ്‌വരൂ"

അമ്മ തലയിൽ കൈവെച്ചനുഗ്രഹിച്ചു.

* * *

ഹരീഷിന് അല്ലെങ്കിലും ഒരു വീട് ആവശ്യമുണ്ട്. അതിന്റെ പോരായ്മയെക്കുറിച്ച് പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ഓഫീസിൽ പിടിപ്പത് പണിയുണ്ടാകും. കുന്നുകൂടിക്കിടക്കുന്ന ഫയലുകൾ വെരിഫൈ ചെയ്ത് തീർക്കാതെ അനങ്ങാൻ പറ്റാത്ത ദിവസങ്ങളിൽ ലോഡ്ജ് മുറിയിൽ തങ്ങേണ്ടിവന്ന സന്ദർഭം വിരളമല്ല. ഈയിടെ 'ആദ്യമായി' വാടക വീടിന്റെ ഗൃഹപ്രവേശന കർമ്മവും നടത്തി! അന്ന് സീനിയർ ഉദ്യോഗസ്ഥൻ പരിശോധനയ്ക്കായി വന്ന ദിവസമായിരുന്നു. ഡ്യൂട്ടി കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ മണി ഒമ്പത്! അത്താഴം ഗോപീകൃഷ്ണന്റെ വീട്ടിലാക്കി.

ആണുങ്ങൾ പെരുമാറിയിട്ടുള്ള സ്ഥലം കണ്ടാലറിയാം. സാധനങ്ങൾ അലസമായി ഇട്ടിരിക്കും. പത്രങ്ങൾ അടുക്കിവെയ്ക്കാൻ ശ്രദ്ധിക്കുകയില്ല. നിലംതൂത്ത് വാരുകയില്ല. ബാച്ച്ലർ താമസിക്കുന്ന മുറി എങ്ങനെ കിടന്നാലും അത് അത്ര കാര്യമാക്കാറില്ല. പക്ഷെ, ഇനി പഴയതുപോലെ മതിയോ? ഒരടുക്കും ചിട്ടയുമൊക്കെ വരുത്തണ്ടേ.

നാലാൾ കൂടിയാൽ ഒരു താവളമായി. പക്ഷേ, വീടാവാൻ...

സ്ത്രീ കുടുംബത്തിന്റെ വിളക്കാണെന്ന് അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്. അവിടെയേ ഐശ്വര്യം അല തല്ലൂ. പുരുഷന് കുട്ടിക്കളി മാറി ചുമതലാബോധം വരാൻ കല്യാണം കഴിയണം. ഭൂതകാലങ്ങളിൽ അറിയപ്പെടാതെ പോകുന്ന പല ആശയങ്ങളും മന സ്സിൽ ഉരുത്തിരിയുന്നത് ഇപ്പോളാണ്; സ്വയം അറി യാൻ തുടങ്ങുന്നതും.

"ഹൊ! വിവാഹം കഴിഞ്ഞ ഉടൻ പെണ്ണിനേം കൂട്ടി ഇങ്ങ് പോന്നോ!"

ഗോപീകൃഷ്ണന്റെ കുശലാന്വേഷണം.

''അല്ലാതെ വിവാഹം കഴിഞ്ഞ് പെണ്ണിനെ അവിടെ ആക്കിയിട്ടു പോരണംന്നാണോ?' ശരിത ന്നെ. അപ്പോൾ ഹണിമൂൺ വേണ്ടെന്നായിരിക്കും. താൻ ആള് കൊള്ളാം...." ഹരീഷ് ഒന്നു ചിരിച്ചു.

"ഇതാണ് എന്റെ സുഹൃത്ത് മിസ്റ്റർ ഗോപീകൃ ഷ്ണൻ ഞങ്ങളുടെ ഓഫീസിലെ അക്കൗണ്ടന്റ്" കാർത്തികയെ നോക്കി ഹരീഷ് പറഞ്ഞു.

ഹരീഷിന്റെ വാടക വീട്ടിൽ നിന്ന് അധികം അകലെയല്ല ഗോപീകൃഷ്ണന്റെ വീട്.

രാവിലെ എട്ട് മണിക്ക് അദ്ദേഹത്തിന് പോക ണം. അപ്പോഴേക്കും ചോറും കറിയും റെഡിയാക്കി വെയ്ക്കണം. ഗേറ്റുവരെ അനുയാത്ര ചെയ്യണം. ഉച്ചയ്ക്ക് ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ ആവി ല്ല. ബ്രേക്ക്ഫാസ്റ്റ് കൂടിയിരുന്ന് കഴിക്കും. ഹരീഷിന് അത് മനഃപ്രയാസം ഉണ്ടാക്കും. എന്നും ഓഫീസി ലേക്ക് യാത്ര പറഞ്ഞ് പോരുന്നത് മനസ്സോടെയ ല്ല. ഡ്യൂട്ടിയിലിരിക്കുമ്പോൾ നാഴികയ്ക്ക് നാല്പത് വട്ടം അവളുടെ മുഖം ഓർമ്മയിൽ മിന്നിമറയും.

കാലത്ത് എഴുന്നേറ്റ് മുറിയും മറ്റും തൂത്ത് വാരി നിലവിളക്ക് കൊളുത്തുന്ന സ്വഭാവം അമ്മയിൽ നിന്ന് കിട്ടിയതാണ്. ഓഫീസ് ഫയലുകൾ പിന്നി പ്പോകാതെ ക്രമമായി അടുക്കി സൂക്ഷിക്കാൻ ആരും പറഞ്ഞുകൊടുക്കണ്ട. അതിനൊക്കെ പ്രത്യേക സംവിധാനം പറയാതെ തന്നെ ഉണ്ടാക്കിയെടുത്തി ട്ടുണ്ട്. ഐശ്വര്യം തന്നെ. എല്ലാം അമ്മയുടെ അനു ഗ്രഹം.

കാർത്തിക പറയുന്നതെന്തും അയാൾ ശിരസാ വഹിക്കും. സ്വന്തം ഇഷ്ടത്തെ അവഗണിച്ച് കാർത്തികയുടെ ഇഷ്ടങ്ങൾക്കും അഭിപ്രായ ങ്ങൾക്കും മുൻതൂക്കം കൊടുക്കും. ഒരു പെൺകോ ന്തനായിട്ടല്ല. ഭാര്യയെ അളവറ്റ് സ്നേഹിക്കുന്ന സ്നേഹസമ്പന്നനായ ഭർത്താവായിട്ട്. കാർത്തി കയ്ക്ക് ഇഷ്ടമല്ലാത്തത് ഹരീഷിനും ഇഷ്ടമല്ല. അയാൾ അവളെ പിടിച്ച് തന്നോട് ചേർത്തിരുത്തി. രണ്ട് സ്നേഹ യമുനകളുടെ പുണ്യസംഗമം!

വൈകുന്നേരം ഓഫീസിൽ നിന്നെത്തുന്നതു വരെ അയാൾ സഹിക്കുന്ന മനോവ്യഥ കാർത്തി കയ്ക്ക് മാത്രമറിയാം. എന്നും ഓഫീസ് വിട്ട് വരു ന്നതും കാത്ത് അവൾ ഗേറ്റിന് പോയി നിൽക്കുക പതിവാണ്. തന്റെ ജീവന്റെ ജീവൻ ഓഫീസിൽ നിന്ന് വരുന്നത് കാണാൻ ദാഹാർത്തയായി പ്രതീ ക്ഷിച്ചിരിക്കുന്നത് സുഖമുള്ള കാര്യമാണ്. പറയാൻ ഒരായിരം ഓർത്തുവെച്ചിട്ടുണ്ട്. ഓ... എല്ലാം പറ ഞ്ഞതും കേട്ടിട്ടുള്ളവയും തന്നെ. എങ്കിലും വീണ്ടും വീണ്ടും ആവർത്തിക്കാൻ ഒരു രസം.

കാർത്തിക എന്തു പറഞ്ഞാലും അയാൾ മനസ്സ് കൊടുത്ത് ഇരുന്ന് കേൾക്കും; പിഞ്ചു കുഞ്ഞിന്റെ ജിജ്ഞാസയോടെ. എത്ര തിരക്കിട്ട ജോലിയുണ്ടെ ങ്കിൽ പോലും അത് മാറ്റിവെച്ച് കാർത്തികയോട് ചേർന്നലിയും. ഇത്തരം നിമിഷങ്ങളുടെ സമ്മേള നമാണ് ജീവിതത്തെ ധന്യമാക്കുന്നത്.

"ഹരീഷേട്ടൻ ഇനി ഏത് കാലാവും വരാൻ... ഞാനിവിടെ..." അവൾ അർദ്ധോക്തിയിൽ നിർത്തി. കാർത്തികയെ തനിച്ചാക്കിയിട്ട് പോകുന്നതിൽ വേദനയുണ്ട്. എന്തു ചെയ്യാം, ഇതിലും അടുത്ത് ഒരു വാടകമുറി സംഘടിപ്പിക്കാൻ ബുദ്ധിമുട്ടാണ്. ഈ വിഷയത്തിൽ മുമ്പ് കഷ്ടപ്പെട്ടതിനെക്കുറിച്ച് അയാൾ കാർത്തികയെ ധരിപ്പിച്ചു. പക്ഷേ അത് പ്രശ്നത്തിന് പരിഹാരമാകുമോ?

ചിന്തകൾ മനസ്സിനെ കീഴടക്കുമ്പോൾ അവൾ വിവാഹസുദിനത്തിന്റെ ആൽബം എടുത്ത് മുന്നിൽ വെച്ച് അതിലെ ഓരോ പേജിലെയും ചിത്രങ്ങൾ മാറിമാറി നോക്കി. പേജുകൾ സമൃദ്ധമായി നിറഞ്ഞ് കിടക്കുന്നതുകൊണ്ട് വിരസത തോന്നുകയില്ല. ബൈന്റിങ്ങിനും ഒരു പുതുമ അവകാശപ്പെടാനു ണ്ട്. വഞ്ചി തുഴഞ്ഞ് പോകുന്ന തോണിക്കാരന്റെ ചിത്രം വരച്ചുചേർത്തതാണ് കവർപേജ്. ചായക്കൂ ട്ടിന്റെ മാന്ത്രികച്ചെപ്പിൽ ജീവിതത്തെ ആവാഹി ച്ചൊതുക്കിയ ചിത്രകാരന്റെ വീക്ഷണകോൺ ഭാവ നകൾക്കതീതമായി ഔന്നത്യങ്ങളിൽ വിലസുന്നു! ഈ പ്രപഞ്ചം അയാളുടെ സ്വന്തമായിരിക്കുമോ? ആ വിരൽത്തുമ്പിൽ പിടയ്ക്കുന്ന വർണ്ണപുഷ്പ

*ശേഷം പേജ് 69 ൽ*







ശതാഭിഷേക
മംഗളാശംസകൾ
(11 സെപ്തംബർ 2023)

**പത്മ ആർ. വർമ്മ**

'ശാസ്താരം', പൂഞ്ഞാർ
(വൈക്കം കോട്ടുശ്ശേരി
കോവിലകത്ത് പരേതനായ
കെ. രാമവർമ്മ തമ്പാന്റെ
സഹധർമ്മിണി)

മക്കളും മരുമക്കളും
കൊച്ചുമക്കളും

# വിവാഹ മംഗളാശംസകൾ

കൊച്ചി കടവന്ത്ര ഗിരിനഗർ നോർത്ത് 'വൈഷ്ണവ'ത്തിൽ സുനീതയുടെയും വിനയകുമാറിന്റെയും പുത്രി **ശ്വേതയും** പാലക്കാട് ചിറ്റൂർ കീഴേപ്പാട്ട് ഇല്ലത്തെ ദാമോദരൻ മൂസ്സദിന്റെയും പന്തളം ഊട്ടുപുര കൊട്ടാരത്തിൽ സുമയുടെയും പുത്രൻ **അഭിജിത്തും** തമ്മിലുള്ള വിവാഹം 15 ജൂലായ് 2023 ശനിയാഴ്ച കൊച്ചി കടവന്ത്ര വിനായക കല്യാണ മണ്ഡപത്തിൽ വച്ച് സമംഗളം നടന്നു.















# വിവാഹ മംഗളാശംസകൾ

എ. ആശാലതയുടെയും
എൻ.കെ. കൃഷ്ണകുമാറിന്റെയും
(എഫ് 15, അന്നപൂർണ്ണ റെസിഡൻസി,
പേസ്സോണിപ്പേട്ട്, വിജയവാഡ) മകൻ
**അഭിജിത് കൃഷ്ണകുമാറും**
പുതിയേടം അയിരൂർ കോവിലകത്തെ
ദീപ പ്രസൂൻ രാജയുടെയും കടന്നമണ്ണ
കോവിലകത്തെ പരേതനായ പ്രസൂൻകുമാർ
രാജയുടെയും മകൾ **ആതിര പി. രാജ**യും
തമ്മിലുള്ള വിവാഹം 7 സെപ്റ്റംബർ 2023 വ്യാഴാഴ്ച
നെടുമ്പാശ്ശേരി CIAL കൺവെൻഷൻ സെന്ററിൽ വച്ച്
സമംഗളം നടന്നു.



# വിവാഹ മംഗളാശംസകൾ

വിശാലാക്ഷി തമ്പുരാട്ടി,
പദ്മഭൂഷൺ കെ. രാഘവൻ തിരുമുൽപ്പാട്,
കെ. ഇന്ദിര തമ്പായി, സി.കെ. ഗോദവർമ്മ
എന്നിവരുടെ പേരമകനും
ശ്രീകല, മുരാരി ('പുനർവസു,' തിരുമുൽപ്പാട്
ലെയിൻ, പാലസ് റോഡ്, ചാലക്കുടി )
എന്നിവരുടെ മകനുമായ **രഘുവും**
കെ.സി. ശ്രീരഞ്ജിനി രാജ, പി.സി.വി. രാജ
രമ തമ്പുരാട്ടി, കേരളവർമ്മ എന്നിവരുടെ
പേരമകളും ബിന്ദു തമ്പാട്ടി, ജയരാമവർമ്മ
എന്നിവരുടെ മകളുമായ **കീർത്തനയും**
തമ്മിലുള്ള വിവാഹം 2023 ഒക്ടോബർ 22
ഞായറാഴ്ച കൊടുങ്ങല്ലൂർ കേബീസ്
ദർബാർ ഹാളിൽ സമംഗളം നടന്നു.



Varma's

CATERING SERVICE

*A Pure Vegetarian Catering*

കല്യാണം

ബർത്ത്ഡേ പാർട്ടികൾ

ഓഫീസ് പാർട്ടികൾ

സദ്യ

റിസപ്ഷൻ

അങ്ങിനെ എല്ലാവിധ പരിപാടികളും
നിങ്ങളുടെ ഇഷ്ടാനുസൃതം
ചെയ്ത് കൊടുക്കുന്നു









വർമ്മാസ് കാറ്ററിങ്, മണ്ണൂർ മഠം പാലസ്, കോട്ടയ്ക്കകം

മാവേലിക്കര

9447224723 | 9747224723 | varmascaterers@gmail.com

# ബാഷ്പാഞ്ജലി

(19 സെപ്തംബർ 2023)



## വിലാസിനി തമ്പുരാട്ടി (81)

ചെമ്പ്രോൽ കൊട്ടാരം, ഹരിപ്പാട്.

(ചാഴൂർ കോവിലകത്ത് പരേതനായ
സി.കെ. കേരളവർമ്മ തമ്പുരാന്റെ സഹധർമ്മിണി)

സന്തപ്ത കുടുംബാംഗങ്ങൾ

# ബാഷ്പാഞ്ജലി

(06 സെപ്തംബർ 2023)

## ലളിതാംബിക തമ്പുരാട്ടി (85)

വാക്കയിൽ കോയിക്കൽ, കടപ്ര, തിരുവല്ല

(പരേതനായ രാമവർമ്മ തമ്പാന്റെ സഹധർമ്മിണി)



സന്തപ്ത
കുടുംബാംഗങ്ങൾ


Pugmarks
Jungle Resort
Kartikulam, Mananthavady
WAYANAD (wildlife sanctuary)
Contact: 94475 46386, 74069 98901
Discover Wayanad's
best kept secret!
www.pugmarkswayanad.com




**Gopakumar Varma**
(Poonjar Kovilakom)

(Founder: Pugmarks jungle resort, Wayanad)
www.pugmarkswayanad.com

Like to be with people and make some money, too? TOURISM industry is big...

Kerala's biggest success story is "homestay Industry's" transformative Journey, during the last decade.

The global tourism industry has experienced a seismic shift in recent years, driven by a growing demand for authentic and immersive travel experiences. As travelers seek to break free from the conventional confines of traditional hotels and embrace the local culture of their destinations, the homestay industry has emerged as a dynamic and disruptive force. Offering travelers a unique opportunity to live like locals and forge genuine connections with their hosts, homestays have redefined the very essence of hospitality in tourism.

**Our cultural heritage and (sensitively) positioned homes give us a tremendous advantage to offer a few rooms to guests. Word of mouth is the key. You have every chance to build up a distinctive reputation and sustain your business. All it needs is clean rooms and ambiance and your attitude to host guests.**

**Registration for homestay business is (comparatively) easy. All you need is approval from your Panchayat and register with Kerala Tourism. You are allowed to rent out four rooms.**

Join this captivating journey through the homestay industry, and discover how this innovative and personal approach to travel is not only redefining the way we explore the world but also promoting cultural exchange, economic

empowerment, and sustainable tourism practices. Whether you are a seasoned traveler or a hospitality enthusiast, this article will offer valuable insights into the homestay industry's pivotal role in shaping the future of tourism.

The scope of the homestay industry within the broader tourism sector is substantial and continues to grow. Here are some key aspects that highlight its scope:

1. **Diverse Accommodation Options**: Homestays encompass a wide range of accommodations, from rural farmhouses to city apartments, beachside cottages to mountain cabins. This diversity caters to various traveler preferences and budgets, expanding the scope of potential guests.
2. **Local Cultural Experiences**: Travelers seek authentic cultural experiences, and homestays provide an opportunity to immerse themselves in local traditions, cuisines, and ways of life. This aspect of cultural exchange adds depth and richness to the scope of homestays.
3. **Economic Opportunities**: For hosts, the homestay industry offers a significant source of income. This economic opportunity extends to both urban and rural areas, benefiting local communities by boosting their financial well-being.
4. **Tourism Growth in Emerging Markets**: Homestays have gained popularity in emerging tourist destinations where hotel infrastructure is limited. This trend has expanded the scope of the industry to regions that were previously overlooked.
5. **Sustainable Tourism**: Many travelers are increasingly inclined toward sustainable and responsible tourism. Homestays often align with these values, as they can be more eco-friendly and help distribute income directly to local communities. This aligns with the growing scope of sustainable tourism.
6. **Technology and Online Platforms**: The proliferation of online booking platforms and apps has made it easier for travelers to find and book homestay accommodations. This technological aspect has greatly expanded the reach and scope of the industry.
7. **Corporate Travel and Extended Stays**: The homestay concept is not limited to leisure travel. Increasingly, business travelers and individuals seeking extended stays are also turning to homestays for a more comfortable and home-like environment.
8. **Partnerships and Collaborations**: Many travel companies, tour operators, and even government tourism boards are recognizing the potential of the homestay industry. They are forming partnerships and collaborations to further promote and integrate homestays into the broader tourism ecosystem.
9. **Market Segmentation**: The scope also extends to market segmentation, as homestays cater to various demographics, from solo travelers and couples to families and groups. Different homestays target different segments, expanding the reach of the industry.
10. **Community-Based Tourism**: In some cases, homestays are integral to community-based tourism initiatives. This not only expands the industry's scope but also benefits marginalized or rural communities by involving them in the tourism value chain.

In conclusion, the scope of the homestay industry is vast and dynamic, continually evolving to meet the diverse needs and desires of modern travelers. As the industry matures and embraces innovation, it is likely to remain a pivotal component of the tourism sector, offering unique and immersive experiences to a broad range of tourists while supporting local economies and fostering cultural exchange.

●

*പേജ് 58 തുടർച്ച*

ങ്ങളെല്ലാം ദുർഗ്രഹമായ വേദനയുടെ നാമ്പുകളായിരിക്കുമോ? പുറംചട്ട എന്തുകൊണ്ടും മനോഹരം തന്നെ. ഇപ്പോൾ ഞാൻ ഹരീഷേട്ടനോട് ചേർന്നിരുന്ന് സൊറ പറയുന്ന രംഗമാണ് ഓർമ്മയിൽ ഓടിയെത്തുന്നത്. ഹിൽ ഏരിയയിൽ ഗാർഡനിലെ പച്ചപ്പുല്ലിൽ ഇരുന്ന് കൈകോർത്തുകൊണ്ട് റൊമാൻസ് പറയാൻ എന്തൊരു സുഖം!

ഹരീഷേട്ടൻ പിക്നിക്കിന് കൊണ്ടുപോയ കഥ അവൾ അറിയാതെ ഓർത്തുപോയി. അന്നത്തെ അനർഘ നിമിഷങ്ങൾ യുഗമായിരുന്നെങ്കിൽ! ബീച്ച് ഹോട്ടലിനപ്പുറത്തെ മണൽത്തിട്ടയിലിരുന്ന് കടലിന്റെ നീലിമ നോക്കി രസിക്കുമ്പോഴും നാഷണൽ പാർക്കിലെ വർണ്ണപ്പൊലിമയാർന്ന ഫൗണ്ടന്റെ മായാപ്രപഞ്ചത്തിൽ സ്തബ്ധയായി നിൽക്കുമ്പോഴും നിമിഷങ്ങൾ യുഗമായിത്തീരാൻ ആഗ്രഹിച്ചിട്ടുണ്ട്.

കാത്തിരിപ്പ് വിരസത ഉളവാക്കും. ഒരർത്ഥത്തിൽ പറഞ്ഞാൽ ജീവിതമെന്ന മഹാനദിയുടെ ഒഴുക്കിനെ സഹായിക്കുന്നത് കാത്തിരിപ്പാണ്. പ്രതീക്ഷകളില്ലെങ്കിൽ ജീവിതമില്ല... വല്ലപ്പോഴും നീണ്ട ഏകാന്തതയിൽ നിന്ന് താൽക്കാലികാശ്വാസം നേടിത്തരുന്നത് വടക്കേതിലെ തള്ളയാണ്.

ഉച്ചയ്ക്കുശേഷം ഓഫായതിനാൽ ഒരു ശനിയാഴ്ച അയാൾ നേരത്തെ വന്നു. ഗേറ്റിനടുത്ത് എത്തിയപ്പോൾ കാർത്തികയുടെ സാന്നിദ്ധ്യം മനസ്സിൽ സ്പർശിച്ചു.

“ഓ... ഇന്നവൾ നോക്കിയിരിക്കേണ്ട കാര്യമില്ല, പാവം! ഞാൻ നേരത്തെ വരുന്നതറിയില്ല. ഇന്ന് എന്റെ കാർത്തികയുടെ സന്തോഷത്തിന് ഒരായിരം ചിറകുകൾ മുളയ്ക്കും! ഞാനവളെ വാരിക്കോരിയെടുക്കും. ഓഫീസ് കാര്യങ്ങളൊക്കെ പിന്നെ”

നിറഞ്ഞ മനസ്സോടെ ആവേശഭരിതനായി ഹരീഷ് വീട്ടിലേക്ക് കുതിച്ചു. ഇറയത്തേക്ക് കയറുമ്പോൾ ഹരീഷിന് തന്നോടുതന്നെ സംശയം തോന്നി. വാതിൽപ്പാളികൾ അൽപ്പം തുറന്നിരിക്കുന്നു! മുറ്റത്ത് പാദരക്ഷകൾ! ഒരിക്കലും ഇങ്ങനെ സംഭവിച്ചിട്ടില്ല. അതെങ്ങനറിയാം, ഞാൻ ഓഫീസിൽ നിന്ന് നേരത്തെ വരുന്നത് ആദ്യമല്ലെ. ടൗണുമായി ബന്ധമുള്ള നാട്, ശ്രദ്ധിച്ചേ പറ്റൂ. അയാൾ ഒച്ചവയ്ക്കാതെ അകത്തേക്ക് കടന്നു. ഇത്തരം സന്ദർഭങ്ങളെ നേരിടേണ്ടി വരുമ്പോൾ ഒന്ന് പതറിപ്പോകും. എന്തിന്? അപ്പോൾ കാർത്തികയെ പഠിച്ചിട്ടില്ല!

മുറിയിൽ ആരോ കുശുകുശുക്കുന്നു. കാത്തിരുന്ന് കൈയിൽ കിട്ടിയ ശത്രുവിനെ നേരിടുന്ന തയ്യാറെടുപ്പോടെ ഹരീഷ് അല്പം മറഞ്ഞ് നിന്നു. ഉത്തര ക്ഷണത്തിൽ തന്റെ അല്പത്വം അയാൾക്ക് ബോധ്യമായി. കഷ്ടം. നല്ലവളിൽ നല്ലവളായ കാർത്തികയെക്കുറിച്ച് പുതിയൊരു കണക്കുകൂട്ടൽ പാടില്ലായിരുന്നു. നീചമായ കാടുകയറിയ ചിന്തകളുടെ അർത്ഥശൂന്യതയോർത്ത് അയാൾ സ്വയം ലജ്ജിച്ചു.

“ലീവ് കുറവായിരുന്നതുകൊണ്ട് രമേശിന് അനിയത്തിയുടെ കല്യാണത്തിൽ വേണ്ടപോലെ പങ്കെടുക്കാൻ സാധിച്ചില്ല. അതിൽ അയാൾക്ക് വിഷമമുണ്ട്. ഇപ്പോൾ സാവകാശം ഒന്നുവന്ന് കണ്ടിട്ട് പൊയ്ക്കളയാമെന്ന് കരുതി!”

“അല്ലെങ്കിലും ഈ ഉണ്ണ്യേട്ടന് തിരക്കൊഴിഞ്ഞ സമയം എപ്പളാ?”

“ഓ... അന്നെനിക്ക് ലീവ് എക്സ്റ്റന്റ് ചെയ്ത് കിട്ടിയില്ല. ഞാൻ ശ്രമിച്ചു. ആകെപ്പാടെയുള്ള ഒരു പെങ്ങളല്ലെ. സജീവമായി ആദ്യാവസാനം പങ്കെടുക്കണമെന്ന കൊതി ഇല്ലാഞ്ഞിട്ടാണോ?”

‘‘ഏട്ടന് ബ്ലഡ്ഡ് മാറ്റാൻ ഹോസ്പിറ്റലിൽ പോകണ്ടെ?”

“വേണം. അതിന്റെ ചെലവ് ഇനിയങ്ങോട്ട് താങ്ങാൻ പറ്റുമെന്ന് തോന്നുന്നില്ല.” ഒരേ രക്തങ്ങളുടെ നിഷ്കളങ്ക സ്നേഹം പരസ്പരം വഴിഞ്ഞൊഴുകുന്നതിനിടയിൽ, തന്റെ അന്തരംഗത്തിൽ ഒരു നാടകം അരങ്ങേറിയ ഭാവം മറച്ചുവെച്ചുകൊണ്ട് ഹരീഷ് അവരുടെ മുന്നിലേക്ക് കടന്നുവന്നു. മൂവരും ചേർന്നപ്പോൾ ഒരു ഗാനനിർഝരിയായി.

ഹരീഷ് ഇന്ന് ഓഫീസ് വിട്ട് വന്നത് കൃത്യ സമയത്തു തന്നെയായിരുന്നു. കാർത്തികയെ പതിവുപോലെ ഗേറ്റിൽ കാണാതിരുന്നപ്പോൾ അയാൾ തെല്ലൊന്ന് അമ്പരന്നു. ഈയിടത്തെ സംഭവം പെട്ടെന്ന് ഓർമ്മയിൽ മിന്നിമറഞ്ഞു. ആദ്യമായി മനസ്സിൽ ഭോഷ്ക് നിറഞ്ഞ സംശയത്തിന്റെ വിത്തുപാകിയത് കാർത്തികയുടെ സഹോദരനാണ്. ഭൂതകാലത്തെ പുനർനിർണ്ണയത്തിന് വിധേയമാക്കാൻ അയാൾ കൂട്ടാക്കിയില്ല.

"കാർത്തികേ..." ഹരീഷിന്റെ സ്നേഹമസൃണമായ സ്വരം.

"എന്തോ..." തന്റെ ചിന്തയിലുള്ള ഒരു ഗാനത്തിന്റെ ശീല് എവിടെ നിന്നോ ഒഴുകിവരികയാണ്. ബെഡ്റൂമിന്റെ ജനലഴികളിലൂടെ പുറത്തേക്ക് നോക്കിനില്ക്കവെ അവൾ ഉരിയാടി.

"നീ എന്താ ആലോചിച്ചുകൊണ്ടിരിക്കുന്നത്? ഓഫീസിൽ നിന്ന് ഞാൻ വന്നിട്ട് നേരമെത്രയായി! നിന്റെ ദിനചര്യകളെല്ലാം നീ മറന്നോ? അല്ല, സ്വയം വേണ്ടെന്നു വെച്ചതോ?" പതിവുകൾ തെറ്റിക്കാൻ കാർത്തിക മനസ്സാ ആഗ്രഹിച്ചിരുന്നില്ല. കഴിഞ്ഞുപോയ കാലങ്ങളിൽ അങ്ങനെയൊരു സൗന്ദര്യപ്പിണക്കം ഉണ്ടായിട്ടില്ല. കാർത്തികയുടെയും ഹരീഷിന്റേയും ഇഷ്ടം ഏപ്പോഴും ഒന്നുതന്നെയായിരുന്നു. ഇരുവരും പരസ്പരം അംഗീകരിച്ചു. മാനിച്ചു. പരസ്പരപൂരകങ്ങളായ രണ്ട് മനസ്സുകളുടെ ഉദാത്ത സമന്വയം! പക്ഷേ, സ്ത്രീയുടെ അന്തർഗതം അയാൾ പഠിച്ചിട്ടുണ്ടോ, മനസ്സ് പഠിച്ചിട്ടുണ്ടോ? പ്രകാശവും പുകയും ഒപ്പം പരത്തുന്ന അഗ്നിയാണ് സ്ത്രീ!

ബെഡ്റൂമിൽ നിന്ന് അവൾ യാന്ത്രികമായി അടുക്കളയിലേക്ക് നീങ്ങി. ഡൈനിങ് ടേബിളിൽ ചായയും പലഹാരവും എടുത്തുവെച്ചു.

"ഉം, ഇന്നെന്താ നിനക്കൊരു വല്ലായ്മ?"

"ഒന്നുമില്ല. നേരത്തെ അൽപം മയങ്ങിപ്പോയി" അവൾ പ്രതിവചിച്ചു.

അന്യ പുരുഷനെ നോക്കി ചിരിച്ചുപോയാൽ കുറ്റം. ഒന്ന് മിണ്ടിപ്പോയാൽ കുറ്റം. ഒഴിവുകൾ അംഗീകരിച്ചുപോയാൽ കുറ്റം. ഹരീഷിന് പിഴവ് പറ്റിയോ, അല്ല കാർത്തികയ്ക്ക് എവിടെയെങ്കിലും പിഴവ് സംഭവിച്ചോ?

ഭാര്യ തെറ്റിലേക്ക് വഴുതിവീഴുന്നുവെന്നറിഞ്ഞാൽ സ്നേഹസമ്പന്നനായ ഏതൊരു ഭർത്താവും സഹിക്കില്ല. പക്ഷേ, ഭാര്യയാണോ തെറ്റിലേക്ക് വഴുതിവീണത്?

തന്റെ ഒരേയൊരു ജ്യേഷ്ഠൻ, തനിക്ക് സ്നേഹം മാത്രം പകർന്നുതന്ന ജ്യേഷ്ഠൻ, തനിക്ക് നന്മയുടെ കാൽപ്പാടുകൾ മാത്രം കാട്ടിത്തന്ന ജ്യേഷ്ഠൻ, തെറ്റും ശരിയും വിവേചിച്ചറിയാമെന്നുള്ള വിവേകം പകർന്നുതന്ന ജ്യേഷ്ഠൻ...

പതുങ്ങി നിന്നുകൊണ്ട് പതിവ്രതയെ പരീക്ഷണ വസ്തുവാക്കി മാറ്റുന്ന ഭർത്താവ് ആ സ്ഥാനം അലങ്കരിക്കാൻ അർഹതയില്ലാത്ത ആൾ! സൂപ്രണ്ടിന്റെ കസേരയിൽ ഇരിക്കാൻ മാത്രം കൊള്ളുന്ന ആൾ!!

ഹരീഷ് കൃത്യസമയത്തിനാണ് ഓഫീസിൽ നിന്ന് വരുന്നത്. വീട്ടു പരിസരത്ത് എത്തിയപ്പോൾ ഇരുളിൽ മറയുന്ന ഒരു രൂപം! ഹരീഷിന്റെ ഹൃദയത്തിൽ കൊള്ളിമീൻ പാഞ്ഞു. ഇറയത്തേക്ക് കയറിയപ്പോൾ അവിടെ ആൾപെരുമാറ്റം നടന്ന ലക്ഷണമില്ല. എങ്കിലും സംശയത്തിന്റെ ദൃഷ്ടി വ്യാപരിക്കുകയാണ്.

"ഇപ്പോൾ ഇവിടെ ആരെങ്കിലും വന്നോ?" ഇടിവെട്ടുന്ന ശബ്ദം.

കാർത്തിക ഹരീഷിനെക്കണ്ട് ഭയന്നുവിറച്ചു. ഭാര്യയെ അറിയാത്ത തന്റെ ഭർത്താവിനെ ഈ പരുവത്തിൽ ആദ്യമായി കാണുകയാണവൾ. ഇത് സഹിക്കാവുന്നതിനപ്പുറമാണ്. പെണ്ണിന് സഹിക്കാൻ കഴിയാത്തതായി എന്തുണ്ട് ഈ ലോകത്ത്. ഏട്ടനു ശേഷം മറ്റൊരാളെയാണ് കൊണ്ടുവന്നിരിക്കുന്നത്! നാരി അബലയല്ല. ഏത് ഇരുമ്പും അവളെക്കാൾ ഉറച്ചതല്ല! പുരുഷനാണ് ഇതിനൊരപവാദം.

ഹരീഷിന്റെ ചോദ്യത്തിന് പ്രതികരിക്കാനാവാതെ അവൾ കുഴങ്ങി. താനേ തകരുന്ന പളുങ്കുപാത്രം ക്ഷിപ്ര കോപത്തിനിരയായി അടിച്ചുടയ്ക്കുന്നത് ശരിയല്ല.

എത്ര വലിയ തെറ്റിനും ഒരിക്കൽ മാപ്പ് നൽകണം, അതാണ് മനുഷ്യ സംസ്കാരം എന്ന തത്വം. ഇവിടെ പ്രസക്തമാണോ? അന്ന് രാത്രി അയാൾ ഒരു സൂപ്രണ്ടിന്റെ ഇമേജ് കീപ്പ് ചെയ്യാൻ ശ്രമിക്കയായിരുന്നു. പക്ഷേ...

* * *

അഗ്നിക്ക് തണുപ്പും, ചന്ദ്രന് ദാഹക ശക്തിയും, സമുദ്രജലത്തിന് മാധുര്യവും ഉണ്ടാകുന്ന കാലത്ത് മാത്രമേ സ്ത്രീക്ക് പാതിവ്രത്യമുണ്ടാകൂ. സ്ത്രീയുടെ ആനന്ദം പുരുഷന്റെ വിശ്വാസം വ്രണപ്പെടുത്തുന്നതിലാണ്! ഹരീഷിന്റെ കണക്കുകൂട്ടലുകൾ പിഴച്ചു.

"ഒരുപിടി ഇഷ്ടങ്ങൾ ത്യജിച്ചത് സ്വന്തം താല്പര്യങ്ങൾക്ക് വേണ്ടിയല്ല, കാർത്തികയ്ക്കുവേണ്ടി."

കാലമാകുന്ന മഹാവൃക്ഷത്തിൽ നിന്ന് വർഷങ്ങളുടെ ഇലകൾ കൊഴിഞ്ഞുപോവുകയാണ്. സ്ത്രീക്ക് പുരുഷനെ വിജയിക്കാൻ കഴിഞ്ഞേക്കാം. പക്ഷെ അവനെ ഒരിക്കലും അവൾക്ക് തോൽപ്പിക്കാൻ കഴിയില്ല. ഇവിടെ ഇത് തികച്ചും വിഭിന്നം. പുരുഷന് സ്ത്രീയെ വിഢ്ഢിയാക്കാൻ കഴിഞ്ഞേക്കാം. പക്ഷേ, അവളെ ഒരിക്കലും അവന് തോൽപ്പിക്കാൻ കഴിയില്ല; വിഢ്ഢിയാക്കാൻ കഴിയില്ല.

കുടുംബത്തിന്റെ ഐശ്വര്യവും വിളക്കുമാകേണ്ടവൾ കുടുംബചരിത്രത്തിന്റെ കണ്ണിയായിത്തീരുകയോ! കുറ്റംപറഞ്ഞിട്ട് കാര്യമില്ല; സാഹചര്യം. പെണ്ണല്ലെ, മനസ്സിന് ദൃഢത കുറയും. സ്ത്രീ സദാ ചപലയും അസ്ഥിരയുമാണ്. അവൾക്ക് ഒരു പ്രത്യയശാസ്ത്രമില്ല. കയ്യുറകൾ പോലെ ഹൃദയം എളുപ്പം മാറാവുന്ന ഒരു ജീവിയാണവൾ എന്നൊക്കെയുള്ള തത്വം കാർത്തികയെ സ്പർശിക്കുന്നതല്ല.

ഏതൊരു മനുഷ്യനും ജീവിതത്തിൽ ഒരിക്കൽ വിഢ്ഢിയായേക്കാം. എന്നാൽ വിവാഹം കഴിക്കുക എന്നത് ജീവിതകാലം മുഴുവൻ വിഢ്ഢിയാവുകയാണ്.

ഹരീഷിന്റെ ചോദ്യത്തിനുത്തരമായി, ഇരുളിൽ മറഞ്ഞ രൂപത്തിന് ജീവൻ വെച്ചപ്പോൾ വടക്കേതിലെ തള്ളയുടെ മകളെയാണോർമ്മ വന്നത്.

കാർത്തികയുടെ ഏട്ടൻ പോയി. സ്നേഹത്തിന്റെ നിറകുടം വീണുടഞ്ഞു!

കാർത്തികയ്ക്ക് താങ്ങാനാവുന്നതിലധികമാണ്. വാർത്ത കേട്ടതും ആ സിരകളിലെ ജീവന്റെ തുടിപ്പ് നിലച്ചതും ഒരുമിച്ചായിരുന്നു!

കുറ്റബോധത്തിന്റെ ഭാണ്ഡവും ചുമന്ന്, തികച്ചും നിസ്സഹായനായി വിധേയത്വം പാലിച്ചുകൊണ്ട് നിൽക്കുന്ന ഹരീഷ്, മൗനത്തെ ഭഞ്ജിക്കാൻ വെപ്രാളപ്പെട്ടു. വാക്കുകൾ പുറത്ത് വന്നില്ല. അപ്പോൾ ഒരു ഗാനനിനിർഝരി ഹരീഷിന്റെ കർണ്ണപുടങ്ങളിൽ വന്നലച്ചു. അത് ഒരായിരം മാറ്റൊലി സൃഷ്ടിച്ച് വിഷാദരാഗമായലിഞ്ഞത് ശൂന്യതയിൽ വിലയം പ്രാപിച്ചു. ●

# സരസിജ തമ്പുരാൻ മെമ്മോറിയൽ അവാർഡ് വിതരണം ചെയ്തു





ഡോ. ആശാലത തമ്പുരാൻ (ഡയറക്ടർ, മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്& ടെക്നോളജി, തിരുവനന്തപുരം) അമ്മ പരേതയായ സരസിജ തമ്പുരാന്റെ ഓർമ്മയ്ക്കായി കേരള എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ ഏറ്റവും മികച്ച റാങ്ക് ലഭിക്കുന്ന ക്ഷത്രിയ കുടുംബാംഗത്തിന് നൽകുവാനായി ഒരു സ്കോളർഷിപ്പ് ഏർപ്പെടുത്തി. 2023 ലെ മികച്ച റാങ്ക് ലഭിച്ച ആർ.കെ. നവനീതിന് (പുത്തൻ കോവിലകം പുറമേരി, അമ്പിളി ആർ.കെ, പ്രസാദ് ദമ്പതികളുടെ മകൻ) 8-10 -2023 ന് തിരുവനന്തപുരം രംഗവിലാസം കൊട്ടാരം ഹാളിൽ വച്ച് നടന്ന ചടങ്ങിൽ ഡോ. ആശാലത തമ്പുരാൻ പ്രശംസാപത്രവും കാഷ് അവാർഡും സമ്മാനിച്ചു. ചടങ്ങിൽ ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് ഡോ: ലളിതാംബിക, ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, ട്രഷറർ സൂര്യകുമാർ വർമ്മ, തിരുവനന്തപുരം യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി, മറ്റ് നിരവധി കുടുംബാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. നവനീത് കൊല്ലം ടി.കെ.എം എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് & കമ്യൂണിക്കേഷൻ വിഭാഗത്തിൽ ഒന്നാം വർഷ വിദ്യാർത്ഥിയാണ്.

# ഒരു സൗന്ദര്യ ചിന്ത

**ഡോ. ശിവപ്രസാദ്**
പുത്തൻ കോവിലകം, കൊടുങ്ങല്ലൂർ

*(പുണ്യനദി, 'പുണ്ണ്യാർ' ഒഴുകുന്ന പൂഞ്ഞാറിൽ ഒരു ദിവസം)*

കൊട്ടാരത്തിന്റെ തൊട്ടു മുന്നിൽ, മുറ്റത്തമ്പലത്തിന്റെ ഊട്ടുപുരയെ തൊട്ടുരുമ്മി പുഴയുടെ കുത്തൊഴുക്ക്. ആ കുത്തൊഴുക്കിന് നിത്യ സാക്ഷിയായി നിൽക്കുന്ന, കൽപ്പടവുകളും, കരിങ്കൽത്തൂണുകളും, തേക്കുതടി കൊണ്ടുണ്ടാക്കിയ ഉത്തരങ്ങളും കഴുക്കോലുകളും കൊണ്ടു തീർത്ത നൂറ്റാണ്ടുകൾ പഴക്കമുള്ള കുളിപ്പുര.



കൊട്ടാരത്തിന്റെ നാലുകെട്ടിനു മുന്നിലെ പടിപ്പുര മാളികയ്ക്ക് മുന്നിലുള്ള മധുര മീനാക്ഷിക്കോവിൽ. കിളിർത്തുനിൽക്കുന്ന പച്ചപ്പിൽ പുതച്ചു നിൽക്കുന്ന പരിസരം. ചുറ്റിലും അംബരചുംബികളായ ഹരിത ഭരിത മാമലകൾ.

ഇതാണ് ഞാൻ കണ്ട പൂഞ്ഞാർ കോവിലകം...

'മഹാനായ മലയാളി' കേണൽ ഗോദവർമ്മരാജയുടെ (G.V. Raja) കോവിലകം.

'കന്യാകുമാരി ക്ഷിതിയാദിയായ് ഗോകർണ്ണാന്തമായ്'...

മലയാള മഹാകവി തമ്പുരാൻ ഇങ്ങിനെയാണ് പാടിയതെങ്കിലും...

ആദിയും അന്തവുമില്ലാത്ത പ്രകൃതിസൗന്ദര്യത്തിന്റെ പ്രപഞ്ചം...

ഈ നാടു വിട്ട്, മറ്റു ദേശങ്ങളിലേക്ക് മലയാളികളെ നിങ്ങൾക്ക് എങ്ങിനെ കുടിയേറാൻ തോന്നുന്നു?



# ഇരിങ്ങോൾ ഭഗവതി ക്ഷേത്രം

നഗരമദ്ധ്യത്തിൽ ഒരു നിബിഡവനം. വനത്തിനുള്ളിൽ ഒരു കാവ്. അതാണ് ഇരിങ്ങോൾക്കാവ്. നാഗഞ്ചേരി മനയുൾപ്പെടെയുള്ള ചില ഇല്ലക്കാരുടേതായിരുന്ന ഈ വനവും ക്ഷേത്രവും ഇപ്പോൾ പരിരക്ഷിച്ച് പോരുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡാണ്. പെരുമ്പാവൂർ ടൗണിൽ നിന്നും കോതമംഗലം ദിശയിൽ ഏകദേശം 5 കിലോമീറ്റർ യാത്ര ചെയ്താൽ 'പട്ടാൽ' എന്ന സ്ഥലത്തെത്തും. അവിടെയാണ് ഇരിങ്ങോൾ ഭഗവതി ക്ഷേത്രം. അറുപതേക്കർ നിബിഡ വനമാണ്, വിവിധങ്ങളും അപൂർവങ്ങളുമായ വൃക്ഷലതാദികൾ ഈ വനത്തിലുണ്ട്. ഇവിടെ വരുന്നതും ക്ഷേത്രദർശനം നടത്തുന്നതും ശരീരത്തിനും മനസ്സിനും ഒരുപോലെ കുളിർമയേകുന്നു. ഈ ക്ഷേത്ര ദർശനം നടത്താൻ അടുത്തിടെ എനിക്ക് ഭാഗ്യമുണ്ടായി.

**അല്പം ഐതിഹ്യം**

'ദേവകിയുടേയും വസുദേവരുടേയും പുത്രൻ കംസനെ വധിക്കും' എന്നുള്ള അരുളപ്പാട് കേട്ട് കംസൻ ദേവകിയുടെ കുഞ്ഞുങ്ങളെ കൊന്നുവല്ലോ. എട്ടാമതുണ്ടായ പുത്രനെ മാറ്റി, അവിടെ ഒരു പെൺകുഞ്ഞിനെ കിടത്തിയല്ലോ. കംസൻ എത്തി പെൺകുഞ്ഞായാലും കൊന്നേക്കാം എന്ന് തീരുമാനിച്ച് കാലിൽ തൂക്കിയെടുത്ത് ഉയർത്തിയപ്പോൾ കുഞ്ഞ് മേലോട്ട് ഉയർന്ന് അവിടെ ഇരുന്നു. ആ കുഞ്ഞ് 'ഇരുന്നോൾ' എന്ന് അറിയപ്പെട്ടു. ദേവീദേവന്മാർ വൃക്ഷങ്ങളായി രൂപംപൂണ്ട് ചുറ്റും നിലയുറപ്പിച്ചു. കാലാന്തരത്തിൽ അതൊരു നിബിഡ വനമായി. ഇരുന്നോളുടെ പ്രദേശം 'ഇരിങ്ങോൾ' ആയി മാറി. അതാണത്രേ ഈ പ്രദേശം.

(സമ്പാ: **മധുകുമാർ വർമ്മ**)

ചെറുകഥ

# യാത്ര

ശ്രീദേവി വിജയൻ
(ഗ്രാമത്തിൽ കൊട്ടാരം)
മൊ. 9980281376



അങ്ങകലെ മഞ്ഞുപുതച്ച മലനിരകൾ കാണാം. ഇനിയും 2-3 മണിക്കൂർ യാത്രയുണ്ടെന്ന് ഗൈഡ് പറയുമ്പോൾ എന്റെ കാഴ്ചകൾ പുറത്തുള്ള അതിമനോഹര ദൃശ്യങ്ങളിലായിരുന്നു. ഷിംല-കുളു-മണാലി മഞ്ഞിൽ ജന്മംകൊണ്ട ഹിമാചൽ പ്രദേശിലെ ഈ മനോഹര സ്ഥലങ്ങൾ കടന്ന് വേദപുരാണേതിഹാസങ്ങൾക്ക് രംഗവേദിയൊരുക്കിയ ഹിമാലയസാനുക്കളിലേക്കൊരു യാത്ര. അതെന്റെ ഒരു നിയോഗമാവാം. എത്രയോ വർഷങ്ങൾക്കു മുൻപ് വീടുവിട്ടുപോയ അച്ഛനെത്തിരക്കിയുള്ള ഒരു യാത്ര.

ഒരു ടൂർ ഗ്രൂപ്പിന്റെയൊപ്പം യാത്രയ്ക്ക് ഒരുമ്പെടുമ്പോൾ മനസ്സിൽ ഒരൊറ്റ ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പഴയ തെറ്റുകൾക്കെല്ലാം മാപ്പു പറഞ്ഞ് അച്ഛനെ തിരികെ കൊണ്ടുവരണം. അതിനു കഴിഞ്ഞില്ലെങ്കിൽ അച്ഛനെപ്പോലെ ഹിമവൽസാനുക്കളിൽ അഭയം തേടണം.

“വയസ്സാകുമ്പോൾ ചിലർക്ക് സ്വബോധം നശിക്കുമെന്ന് കേട്ടിട്ടുണ്ട്” ഞാൻ പാക്ക് ചെയ്യുന്നത് നോക്കിക്കൊണ്ടു നിന്ന ഭാര്യ പുച്ഛിച്ചു. “ഇതു തന്നെയായിരുന്നു നിങ്ങളുടെ അച്ഛനും സംഭവിച്ചത്” മറുപടി അർഹിക്കാത്ത ആ വാക്കുകളെ അവഗണിച്ച് യാത്ര തിരിക്കുമ്പോൾ മനസ്സ് പിന്നോട്ട് കുതിക്കുന്നുണ്ടായിരുന്നു.

പഴയകാലം അവിടെ ഒരു ചലച്ചിത്രം പോലെ നിറഞ്ഞാടി. പെൻഷൻ പറ്റിയ പ്രായമായ അച്ഛന്റെയും അമ്മയുടെയും അടുത്ത് ജോലി നഷ്ടപ്പെട്ട മകൻ കുടുംബവുമായി എത്തുന്നത്... ആ വിഷമസ്ഥിതിയിൽ സ്നേഹത്തോടെ ചേർത്തുപിടിച്ച അവരുടെ ചുമലിൽ ചിലവുകളും വീട്ടിലെ ജോലികളും കുട്ടികളെ നോക്കലും ഏൽപ്പിച്ച് സ്വന്തം കാര്യം മാത്രം നോക്കി വീട്ടിൽ ആധിപത്യം ഉറപ്പിക്കുന്ന മകനും ഭാര്യയും. പിന്നീട് രണ്ടുപേരും ജോലി നേടിയപ്പോഴും, കിട്ടുന്ന ശമ്പളം സ്വന്തം ആർഭാടങ്ങളിലേക്കും നീക്കിയിരുപ്പിനും വേണ്ടി മാത്രം അവർ ഉപയോഗിക്കുമ്പോൾ, ഒന്നും പറയാതെ എല്ലാം സഹിക്കുന്ന ആ വൃദ്ധദമ്പതികൾ.

ഒരു വീഴ്ചയെത്തുടർന്ന് കിടപ്പിലായ അമ്മ മരിച്ചപ്പോഴാണ് അച്ഛന്റെ ദുരിതങ്ങൾ അതിന്റെ പൂർണ്ണതയിൽ എത്തുന്നത്. എല്ലാ വിഷമങ്ങളിലും താങ്ങായിനിന്ന അമ്മ പോയപ്പോൾ തീർത്തും ഒറ്റപ്പെട്ടുപോയ അച്ഛന്റെ കണ്ണിലെ ദൈന്യത ഇന്നും വ്യക്തമായി ഓർക്കുന്നു. സമയാസമയങ്ങളിൽ ആഹാരമോ ശ്രദ്ധയോ എന്തിന് ഒരു നല്ല വാക്കോ സാമീപ്യമോ പോലും ആരിൽനിന്നും ലഭിക്കാതെ വല്ലാത്ത ഒരു വിഷാദത്തിലേക്ക് വഴുതി വീണിരുന്നു അദ്ദേഹം. അവഗണനയും അവഹേളനങ്ങളും താങ്ങാവുന്നതിലപ്പുറമായപ്പോഴാവും അച്ഛൻ ഒരു കത്ത് എഴുതിവെച്ചിട്ട് പോകാൻ തീരുമാനിച്ചത്.

“എന്നെത്തിരക്കി ആരും വരേണ്ട. പല കാലങ്ങളിലായി ആഗ്രഹിച്ച ദേശാടനത്തിന് പോവുകയാണ് ഞാൻ. ഇനി ഒരു തിരിച്ചുവരവുണ്ടാവുകയില്ല.”

“അഹങ്കാരം, അല്ലാതെന്തു പറയാനാ... വയസ്സുകാലത്ത് മറ്റുള്ളവരെക്കൊണ്ട് പറയിപ്പിക്കാൻ...” ഒരു ശല്യം തലയിൽ നിന്നും ഒഴിഞ്ഞുപോയി എന്നൊരു ചിന്തയായിരുന്നെങ്കിലും ഭാര്യ പറഞ്ഞത് ഇങ്ങനെയാണ്. ഞാനും മനസ്സിൽ ഏറെക്കുറെ ഇങ്ങനെയൊക്കെത്തന്നെയാണ് ചിന്തിച്ചത്.

കാലം എന്തിനും ഒരു മറുപടി ഒരുക്കിവെച്ചിട്ടുണ്ടാവും. അതു പലപ്പോഴും യൗവനത്തിന്റെ തീക്ഷ്ണതയിൽ പലരും മനസ്സിലാക്കുന്നില്ല. സ്വന്തം തെറ്റുകളുടെ തിരിച്ചറിവുകൾ പലപ്പോഴും ഉണ്ടാവുന്നത് അത് ഒരു തിരിച്ചടിയായി മുന്നിൽ

# 'നിലാവിന്റെ നേരറിയാൻ'

**ഡോക്യുമെന്ററി പ്രദർശനവും ഡോ. ജി. മാധവൻ നായർക്ക് ആദരവും**




റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT) ന്റെ ആഭിമുഖ്യത്തിൽ, ഭാരതത്തിന്റെ പ്രഥമ ചന്ദ്രയാൻ ദൗത്യവും ഇന്ത്യൻ ബഹിരാകാശ മേഖലയ്ക്ക് ഡോ. ജി. മാധവൻ നായർ (മുൻ ISRO ചെയർമാൻ) നൽകിയിട്ടുള്ള സംഭാവനകളെയും പ്രതിപാദിക്കുന്ന 'നിലാവിന്റെ നേരറിയാൻ' എന്ന ഡോക്യുമെന്ററിയുടെ ആദ്യ പൊതുപ്രദർശനവും ഡോ. ജി. മാധവൻ നായർക്ക് ആദരവും തിരുവനന്തപുരം തൈക്കാട് ഭാരത് ഭവനിലെ നിറഞ്ഞ സദസ്സിനു മുന്നിൽ നടന്നു. റിയാക്ട് പ്രസിഡന്റ് ഡോ. എം. ലളിതാംബിക, ഡോ. ജി. മാധവൻ നായർ, ഡോ. എസ്. ഉണ്ണികൃഷ്ണൻ നായർ (ഡയറക്ടർ വി.എസ്.എസ്.സി.), ഭാഷാവിദഗ്ധനും കവിയുമായ ഡോ. എഴുമറ്റൂർ രാജരാജവർമ്മ, തുടങ്ങിയവരും സംബന്ധിച്ചു. കാഞ്ഞിരംപാറ രവി (ഡോകുമെന്ററി സംവിധായകൻ) സ്വാഗതവും പി.കെ. രഘുവർമ്മ (സെക്രട്ടറി, റിയാക്ട്) കൃതജ്ഞതയും രേഖപ്പെടുത്തി.

എത്തുമ്പോഴായിരിക്കും... ഞാനോർത്തു. വർഷങ്ങൾക്കിപ്പുറം സ്വന്തം മക്കളുടെ ഉത്തരവാദിത്വമില്ലായ്മയും അവരുടെ ധാർഷ്ട്യവും അവഹേളനകളുമാവാം അച്ഛന്റെ പക്ഷത്തു നിന്നുകൊണ്ട് തിരിഞ്ഞുചിന്തിക്കാൻ എനിക്ക് വഴിയൊരുക്കിയത്. സ്വന്തം കർമ്മങ്ങൾ എല്ലാവർക്കും ഒരിക്കൽ അനുഭവിക്കേണ്ടി വരും എന്നത് ഞാൻ തിരിച്ചറിയുകയായിരുന്നു.

"അങ്കിൾ തനിച്ചാണോ?"

പാട്ടിൽ മാത്രം ശ്രദ്ധിച്ചുകൊണ്ട് ഏതോ ഒരു ലോകത്തായിരുന്ന അടുത്ത സീറ്റിലെ പയ്യൻ ഇയർ പ്ലഗ്ഗ് മാറ്റി ചോദിച്ചപ്പോൾ ഒന്നു ചിരിക്കുക മാത്രം ഞാൻ ചെയ്തു. വർത്തമാനത്തിനു താത്പര്യം ഇല്ലെന്ന് തോന്നിയതുകൊണ്ടാവാം അവൻ പിന്നൊന്നും ചോദിക്കാതെ അവന്റെ ലോകത്തിലേക്കുതന്നെ മടങ്ങിപ്പോയി.

നീണ്ട ഒരു യാത്രയുടെ അവസാനം ബസ്സ് ലക്ഷ്യസ്ഥാനത്ത് എത്തിയപ്പോൾ മനസ്സിൽ ഒരു ശാന്തത പരക്കുന്നത് എനിക്ക് അനുഭവിക്കാൻ കഴിഞ്ഞു. അച്ഛൻ പലപ്പോഴായി ഹിമാലയം സന്ദർശിക്കണം എന്ന ആഗ്രഹം പറഞ്ഞുകേട്ടിട്ടുള്ളതു കൊണ്ടാവാം ഇവിടെത്തന്നെയാവും അച്ഛൻ ഉണ്ടാവുക എന്നെനിക്ക് തോന്നിയതും വിധി എന്നെ ഇങ്ങോട്ടുതന്നെ കൊണ്ടുവന്നതും...

ഗ്രൂപ്പിനെ വിട്ട് ഞാൻ തനിയെ എന്റെ വഴികൾ തേടി നീങ്ങിത്തുടങ്ങി. ഹിമസാനുക്കളിൽ അവിടവിടെയുള്ള ഗുഹകൾ ലക്ഷ്യമാക്കി നീങ്ങുമ്പോൾ ഇവിടെവിടെയെങ്കിലും ആവാം അച്ഛൻ ഉണ്ടാവുക എന്ന തോന്നൽ എന്നിൽ ശക്തമായി. മുന്നിൽ ജടാധാരികളായ മഹർഷിമാർ. ഇവരിലാരെങ്കിലും അച്ഛനാണോ? അച്ഛൻ ജീവനോടെയുണ്ടോ എന്നുപോലും അറിയില്ലല്ലോ.

ഓരോ മുഖങ്ങളും നോക്കിക്കൊണ്ട് ഞാൻ മുന്നോട്ടു നടക്കുമ്പോൾ... ഏതോ ഒരു പ്രതീക്ഷ എന്നെ മുന്നോട്ട് നയിച്ചുകൊണ്ടിരുന്നു...

●

ലഘു നാടകം

# സ്നേഹത്തിന്റെ അടയാളം



**യു. അപർണ മുള്ളത്ത്**
തിരുവനന്തപുരം, മൊ. 7012306750

**രംഗം 1**

(അമ്മ അടുക്കളയിൽ, അച്ഛൻ കടന്നു വരുന്നു, മകൻ ഉമ്മറത്ത് പത്രം വായിക്കുന്നു.)

അച്ഛൻ: "ഇവിനിതെന്തു ഭാവിച്ചാ? ജോലിയൊന്നും വേണ്ടെന്നാണോ?"

(പത്രം വായിക്കുന്ന മകൻ ചെവിയോർക്കുന്നു.)

അമ്മ: "നിങ്ങൾക്ക് ദോശ വേണോ?"

(അത് ശ്രദ്ധിക്കാതെ)

അച്ഛൻ: "എന്താ അവന്റെ ഉദ്ദേശ്യം?"

അമ്മ: "ഹോസ്പിറ്റൽ മാനേജ്മെന്റല്ലെ അവൻ പഠിച്ചത്... ആ ജോലി തന്നെ വേണമെന്നാ അവന്റെ ആഗ്രഹം"

അച്ഛൻ: "അതിന് ഈ മെഡിക്കൽ കോളേജ് തന്നെ വേണന്നുണ്ടോ?"

(അമ്മ ഒന്നും മിണ്ടുന്നില്ല. അച്ഛൻ പുറത്തേക്ക് നടക്കുന്നു മകന്റെ മുൻപിൽ എത്തുമ്പോൾ അമ്മയോടായി)

അച്ഛൻ : "ഞാൻ പറമ്പിൽ കാണും"

(മകൻ എഴുന്നേറ്റ് അമ്മയക്കരികിൽ)

മകൻ: "അച്ഛനെന്താ അമ്മെ ഇങ്ങനെ? എന്നോടും ചേട്ടനോടും ഈ അച്ഛന് സ്നേഹമില്ലാത്തതാണോ അതോ അങ്ങനെ നടിക്കണതാണോ?"

അമ്മ: "സ്േനഹമൊക്കെയുണ്ട്, ഇല്ലന്നൊക്കെ നിന്റെ തോന്നലാ... വാ ദോശ കഴിക്കാം..."

**രംഗം 2**

(ഉച്ചയ്ക്ക് ഊണു കഴിഞ്ഞ് കൈ കഴുകി മുണ്ടിൽ മുഖംതുടച്ച് വരുന്ന മകൻ)

മുറ്റത്ത് പോസ്റ്റുമാൻ: "ഹരിക്കുട്ടാ..."

(മകൻ ചിരിച്ചുകൊണ്ട്) "ങ്ഹാ. ഇതാര് പോസ്റ്റ ചേട്ടനോ"

പോസ്റ്റ്മാൻ: "ഒരു രജിസ്റ്റേഡ് ഉണ്ട്, അപ്പോയ്ന്റ്മെന്റ് ലെറ്റർ ആണെന്ന് തോന്നുന്നു... എങ്കിൽ ചിലവുണ്ടെ..."

കത്ത് കൊടുത്ത് പോസ്റ്റ്മാൻ പോകുന്നു.

കത്ത് പൊട്ടിച്ചു നോക്കി മകൻ: "അമ്മേ... അമ്മേ..."

(അമ്മ ഓടി വരുന്നു) "എന്താ?"

മകൻ: "അമ്മെ എനിക്ക് ജോലി കിട്ടി. ഇന്നാള് ഞാനിവിടെ മെഡിക്കൽ കോളേജിൽ പരീക്ഷയ്ക്ക് പോയില്ലായിരുന്നോ ?.. അത്..."

അമ്മ: "എന്റെ ഭഗവതി, എന്റെ പ്രാർത്ഥന കേട്ടല്ലൊ... മോനെ അച്ഛനോട് പറയണെ..."

(പുറത്തു നിന്നും അച്ഛൻ വരുന്നു. അമ്മ മകനോട് പറയാനായി ആംഗ്യം കാട്ടുന്നു.)

മകൻ: "അച്ഛാ, എനിക്ക് ഇന്ന് അപ്പോയിന്റ് മെന്റ് ലെറ്റർ കിട്ടി... ഇവിടുത്തെ മെഡിക്കൽ കോളേജിൽ..."

അച്ഛൻ: (ഗൗരവത്തോടെ) "എന്ന് ജോയിൻ ചെയ്യണം?"

മകൻ: "വരുന്ന തിങ്കളാഴ്ച"

അച്ഛൻ: "ഉം... അമ്മയോടായി, എനിക്ക് കുടിക്കാൻ കുറച്ച് വെള്ളം കൊണ്ടുവരൂ."

(മുറിയിലേക്ക് നടക്കുന്നു. മകന്റെ മുഖം വാടുന്നു)

**രംഗം 3**

(ജോയിൻ ചെയ്യുന്ന ദിവസം. അമ്പലത്തിൽ നിന്നും വരുന്ന അമ്മ. ഒരുങ്ങിവരുന്ന മകൻ)

മകൻ: "ഞാൻ പോയിട്ടുവരാം അമ്മെ..." (അനുഗ്രഹം വാങ്ങിക്കുന്നു)

അമ്മ: "ഹരിക്കുട്ടാ... അച്ഛനോട്..."

മകൻ: "അമ്മ പറഞ്ഞാൽ മതി..."

(പുറത്തേക്ക് പോകുന്നു)

**രംഗം 4**

(കൊളുത്തിവച്ച വിളക്കിൻ മുന്നിൽ തൊഴുന്ന അച്ഛൻ, റിമോട്ട് പിടിച്ചിരുന്ന് TV കാണുന്ന അമ്മ)

അച്ഛൻ: "സന്ധ്യ സമയത്ത് തനിക്ക് നാമം ജപമൊന്നുമില്ലെ ?..."

അമ്മ: "പകുതി ജപിച്ചു, ബാക്കിയിനി സീരിയലുകളൊക്കെ കഴിഞ്ഞ് 9 മണിക്ക് ജപിക്കാം..."

(കുറച്ച് കഴിഞ്ഞ് ടി.വി ഓഫാക്കി അമ്മ എണീറ്റു. ക്ലോക്കിലേക്ക് നോക്കി)

അമ്മ: "ഇത്ര പെട്ടെന്ന് മണി 9 ആയോ? മോനെ ഹരിക്കുട്ടാ വാ അത്താഴം കഴിക്കാം"

നടന്നു വരുമ്പോൾ മകൻ: ''അമ്മയുടെ പൈങ്കിളികളെല്ലാം തീർന്നോ?"

അച്ഛൻ അവിടിരുന്ന് ആഹാരം കഴിക്കുന്നുണ്ട് അമ്മയും, മകനും കഴിക്കാനായി ഇരുന്നു.

**രംഗം 5**

മകൻ: "അമ്മേ ഇന്ന് ജോയിൻ ചെയ്ത ദിവസമായതുകൊണ്ട് വലിയ പണിയൊന്നുമില്ലായിരുന്നു ആദ്യത്തെ 6 മാസം ട്രെയിനിങ് ആണ്. ആദ്യം റിസപ്ഷൻ, ഡോക്ടർമാരുടെ ഒ.പി. തുടങ്ങിയ ഡിപ്പാർട്ട്മെന്റാണ് മാനേജ് ചെയ്യേണ്ടത്. ട്രെയിനിങ് സമയത്ത് എല്ലാ ഡിപ്പാർട്ട്മെന്റും ഹാൻഡിൽ ചെയ്യണം. എന്തെങ്കിലും നമ്മുടെ ഭാഗത്ത് മിസ്റ്റേക്ക് വന്നാൽ, ടെർമിനേറ്റ് ചെയ്യും."

(സംസാരത്തിനിടയിൽ മകൻ അച്ഛനെ ഇടയ്ക്കിടെ നോക്കുന്നുണ്ട്. പക്ഷെ അച്ഛൻ ശ്രദ്ധിക്കാത്ത മട്ടിൽ ആഹാരം കഴിച്ചുകഴിഞ്ഞ് എണീറ്റു പോകുന്നു)

മകൻ: *(കുറച്ച് ദേഷ്യത്തിൽ)* "വല്ലാത്ത സങ്കടമാണ് അമ്മേ ഇത്. സ്നേഹത്തിന്റെ ഒരു ലക്ഷണങ്ങളും ഈ അച്ഛനില്ലല്ലോ!"

അമ്മ: ''നിങ്ങളോട് സ്നേഹമൊക്കെയുണ്ട്, കാണിക്കാത്തതാ. അല്ല, എന്താ നീ പറഞ്ഞ ലക്ഷണങ്ങൾ?"

മകൻ: "അച്ഛൻ ഞങ്ങളെയൊന്ന് കെട്ടിപ്പിടിച്ചിട്ടുണ്ടോ? ഉമ്മ വച്ചിട്ടുണ്ടോ? എല്ലാം പോട്ടെ, ഒന്ന് തലോടിയിട്ടുണ്ടോ?"

അമ്മ (എഴുന്നേൽക്കുന്നു): "ഓ... ഇതൊക്കെയാണോ ലക്ഷണങ്ങൾ?"

**രംഗം 6**

(ഒരുങ്ങിയിറങ്ങിയ) മകൻ : "അമ്മേ ഇറങ്ങുന്നു"

അടുത്തു വരുന്ന അമ്മ: "ഇന്നലെ പറഞ്ഞില്ലെ ഒരു മാസത്തെ റിസപ്ഷൻ കഴിഞ്ഞ് നീ ഇപ്പോൾ മോർച്ചറിയിലാണെന്ന്..."

മകൻ: (പൊട്ടിച്ചിരിക്കുന്നു) "ഞാൻ മോർച്ചറിയിൽ ആണെന്നല്ലല്ലോ പറഞ്ഞത്... മോർച്ചറി ഉൾപ്പെടുന്ന ഡിപ്പാർട്ട്മെന്റ് മാനേജ് ചെയ്യുന്നു എന്നല്ലെ പറഞ്ഞത്... ങാ... ഇപ്പോൾ ഒരാഴ്ചയായി"

അമ്മ: "സൂക്ഷിക്കണെ മോനെ"

(അമ്മയെ ചെറുതായി കളിയാക്കി മകൻ പോകുന്നു)

**രംഗം 7**

(വളരെ വിഷണ്ണനായി സന്ധ്യക്ക് വീട്ടിലെത്തുന്ന മകൻ, ടി.വി. കണ്ടുകൊണ്ടിരിക്കുന്ന അമ്മ. മകൻ ഒന്നും നോക്കാതെ മുറിയിലേക്ക് പോകുന്നു. ക്ലോക്കിൽ 9 മണി അടിക്കുന്നു.)

(ടി.വി ഓഫാക്കി) അമ്മ: "മോനെ അത്താഴം കഴിക്കാം. വാ..."

(വിഷാദമുഖത്തോടെ തന്നെ മകൻ വരുന്നു, കഴിക്കാനിരുന്നു. അച്ഛൻ അപ്പുറത്ത് കഴിച്ചുകൊണ്ടിരിപ്പുണ്ട്. പ്ലേറ്റുമായി അമ്മ വന്നിരുന്നു.)

അമ്മ: ''എന്താ ഹരിക്കുട്ടാ... എന്തുപറ്റി? സുഖമില്ലെ?" (നെറ്റിയിൽ തൊട്ടുനോക്കുന്നു)

(കൈ തട്ടിമാറ്റി) മകൻ: "ഒന്നുമില്ല അമ്മെ"

അമ്മ: "അതല്ല കാര്യമായിട്ട് എന്തോ ഉണ്ട്... പറ മോനെ"

(സങ്കടം) മകൻ: "ഇന്ന് ഹോസ്പിറ്റലിൽ വല്ലാത്തൊരു സംഭവം നടന്നു... അത്... അത്... എന്റെ ജോലിയെ ബാധിക്കും അമ്മെ..."

അമ്മ: "ഒന്ന് തെളിച്ചു പറയെടാ"

മകൻ: "മോർച്ചറിയിൽ ഉള്ള ശരീരങ്ങൾക്ക് പേരല്ല, നമ്പറുകളാ. ഇന്ന്... ഇന്ന്... അതിന്റെ കണക്കെടുത്തപ്പോൾ പതിനഞ്ചാം നമ്പർ മിസ്സിംഗ്."

അമ്മ: "അയ്യോ..."

(മകൻ ഇടയ്ക്കിടെ അച്ഛനെ നോക്കുന്നുണ്ട്. അച്ഛൻ ഒന്നും ശ്രദ്ധിക്കുന്നതായി നടിക്കുന്നില്ല)

മകൻ: "ഇത് അവിടെ സ്ഥിരം നടക്കുന്നതാ... അത് അവിടെ എല്ലാവർക്കും അറിയാം. പക്ഷെ അതുകൊണ്ടൊന്നും കാര്യമില്ല. അന്വേഷണം വരും. ആ വാച്ചർ വാസു... അയാളാണ് ഈ കളി മുഴുവൻ കളിക്കുന്നത്. ഭരണപക്ഷത്തിലെ വലിയ നേതാവാ... അതുകൊണ്ട് ആർക്കും അയാളെ ഒന്നും ചെയ്യാൻ പറ്റില്ല. അടുത്ത ആഴ്ച ഇൻസ്പെക്ഷൻ ഉണ്ട് എല്ലാം കറക്ട് അല്ലെങ്കിൽ അവർ ആക്ഷൻ എടുക്കും ട്രെയിനിങ് ആയതു കാരണം എന്നെ കാര്യമായി അഫക്ട് ചെയ്യും, ചിലപ്പോൾ പണി പോലും പോകാം. എനിക്ക് സഹായത്തിന് ആരുമില്ലല്ലൊ ഒരിടത്തും"

(ദേഷ്യത്തോടെ അച്ഛനെ നോക്കുന്നു)

അമ്മ: "മോനെ... ഞാൻ... എനിക്ക്..."

മകൻ: (ഒച്ചയിൽ മുഷ്ടി ചുരുട്ടി) "അമ്മയ്ക്കന്നെല്ല... ജീവനുള്ള... ജീവനുള്ള ആർക്കും എന്നെ സഹായിക്കാൻ പറ്റില്ല. മറിച്ച് എന്നെ സഹായിക്കണമെന്നുണ്ടെങ്കിൽ..."

(മകൻ ദേഷ്യത്തോടെ എണീറ്റു പോകുന്നു)

**രംഗം 8**

രാവിലെ കണ്ണും തിരുമ്മി "അമ്മേ അമ്മേ" എന്ന് വിളിച്ച് വരുന്ന മകൻ. അമ്മയെ കാണാഞ്ഞ് തിരയുന്നു. തിരയുന്നതിന്റെ ഇടയിൽ വിളിച്ചു ചോദിക്കുന്നു "അമ്മേ സ്ഥിരമുള്ള ബെഡ് കോഫി കിട്ടീലല്ലോ?"

(ഒരുപാട് തിരയുന്നു. ഇടയ്ക്ക് ആത്മഗതം) "ഇന്നലെ അമ്മയോട് അങ്ങനെയൊന്നും പറയണ്ടായിരുന്നു."

"അമ്മേ... അമ്മേ..." (അവരുടെ വാതിലിൽ പോയി മുട്ടുന്നു. പൂട്ടാത്ത കതക് അവൻ മെല്ലെ തുറക്കുന്നു.)

"അയ്യോ... അയ്യോ... അമ്മേ..." (തലമുകളിലേയ്ക്ക് ഉയർത്തി മകൻ അലറിക്കരയുന്നു.)

(സൈഡിൽ നിന്നും അമ്മ ഓടിവരുന്നു മുകളിലേക്ക് നോക്കുന്നു.)

(തളരുന്നു, നിൽക്കുന്ന കാലിൽ പിടിക്കുന്ന ഭാവത്തിൽ)

മകൻ: "അച്ഛാ..."

(താഴെ കട്ടിലിൽ നിന്നും മകൻ ഒരു കത്ത് എടുക്കുന്നു. വായിക്കുന്നു.)

"ഹരിക്കുട്ടാ... നിന്റെ ഇഷ്ട ജോലി നഷ്ടപ്പെടില്ല: ആ 15 ാം നമ്പർ ഞാനാവാം..."

**രംഗം 9**

(ദൈന്യതയോടെ അമ്മ, താഴെ വെള്ള പുതച്ച് അച്ഛൻ, അരികിൽ അമ്മ ഇരിക്കുന്നു. മകൻ പതുക്കെ അമ്മയുടെ അടുത്ത് വന്നിരിക്കുന്നു. മകന്റെ മുഖത്തേയ്ക്ക് നോക്കുന്നു.)

(ബാക്ക് ഗ്രൗണ്ടിൽ അമ്മയുടെ ശബ്ദം)

"മോനേ... സ്നേഹത്തിന് ഇതിലും വലിയൊരു അടയാളം വേണോ നിനക്ക്?"



മുംബൈ ക്ഷത്രിയ പരിഷത്തിന്റെ ഈ വർഷത്തെ കുടുംബ സംഗമം മുംബൈ ദാദറിലുള്ള നായർ സമാജം ഹാളിൽ ആഘോഷിച്ചു. സമാജം അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

പ്രസിദ്ധ ചിത്രകാരൻ ശ്രീ രാജാ രവിവർമ്മയുടെ 175-മത് ജന്മദിനത്തോടനുബന്ധിച്ച് വിവിധ ചിത്രങ്ങളെ ആസ്പദമാക്കി ഒരു ഇവന്റ് അവതരിപ്പിച്ചു.



# ഒരു ഭൂട്ടാൻ യാത്ര

**പ്രൊഫ. ആർ. രാമരാജ വർമ്മ**
ആലപ്പുഴ, മൊ. 9495119476

(കഴിഞ്ഞ ലക്കം തുടർച്ച...)

**ഫുനാക്ക**

തിമ്പുവിൽ നിന്നും ഫുനാക്കയിലേക്ക് പോകുന്ന വഴിയാണ് ഭൂട്ടാനിലെ ഒരേയൊരു വിമാനത്താവളം. ഭൂട്ടാനിലെ അന്താരാഷ്ട്ര വിമാനത്താവളമാണിത്. മലമടക്കുകൾക്കിടയിലുള്ള താഴ്‌വാരത്തിൽ സ്ഥിതിചെയ്യുന്ന മനോഹരമായ വിമാനത്താവളം. അവിടം കടന്ന് ഞങ്ങൾ 'ഭോച്ചുലാ പാസി' ലേക്ക് നീങ്ങി. കുറെ വർഷങ്ങൾക്കു മുൻപ് ഭൂട്ടാനിൽ ഒരു യുദ്ധമുണ്ടായി. ആ യുദ്ധത്തിൽ ഭൂട്ടാൻ ജയിച്ചു. യുദ്ധത്തിൽ വീരമൃത്യു വരിച്ച സൈനികരുടെ സ്മാരകമായി 108 സ്തൂപ പണികഴിപ്പിച്ചു. എല്ലാ വർഷവും ഡിസംബർ 13-ാം തീയതി അവിടെ ആഘോഷം നടത്തിവരുന്നു. മഴ ചാറുന്നുണ്ടായിരുന്നു. സ്തൂപങ്ങൾക്കു ചുറ്റും നടന്നപ്പോൾ ഒരു ഹനുമാൻ കുരങ്ങിനെ കണ്ടു. പോകുന്ന വഴിക്ക് 'ഡുക്‌വാങ്ഗ്യൂൺ' മൊണാസ്ട്രി അകലെ നിന്നു കണ്ടു. ഭൂട്ടാനിലെ റോയൽ ബൊട്ടാണിക്കൽ പാർക്കു കണ്ടു. മഴ കാരണം അകത്ത് നടക്കുവാൻ കഴിഞ്ഞില്ല. 3100 മീറ്റർ ഉയരത്തിലെ തണുപ്പാസ്വദിച്ചുകൊണ്ട് അല്പസമയം നിന്നു. അപൂർവ്വങ്ങളും മനോഹരങ്ങളുമായ വൃക്ഷങ്ങളും സസ്യജാലങ്ങളും കൊണ്ട് സമൃദ്ധമായിരുന്നു ബൊട്ടാണിക്കൽ ഗാർഡൻ.



വൈകുന്നേരം ഞങ്ങൾ 'ഫുനാക്ക ഫോർട്ടി' ലെത്തി. 'മോച്ചു' എന്ന പുരുഷ നദിയും 'ഫോച്ചു' എന്ന സ്ത്രീ നദിയും സംഗമിക്കുന്ന സ്ഥലമാണ് 'ഫുനാക്ക'.

പാലത്തിലൂടെ നദി കടന്നുവേണം ഫോർട്ടിലെത്തുവാൻ. ലളിതവും സുന്ദരവുമായ കോട്ട. അകത്ത് ഒരു ബുദ്ധക്ഷേത്രവും രാജകൊട്ടാരവും. ബുദ്ധക്ഷേത്രത്തിൽ രാജാവിനും ബുദ്ധ സന്ന്യാസിമാർക്കും മാത്രമേ കയറുവാൻ അവകാശമുള്ളൂ. ഒരുപാട് ടിബറ്റൻ ആക്രമണങ്ങളെ ചെറുത്തുനിന്ന കോട്ടയാണ്. കാട്ടയ്ക്കകത്ത് സുന്ദരമായ ഒരു തോട്ടം ഉണ്ട്. ഭൂട്ടാന്റെ ചരിത്ര സംബന്ധമായ ചിത്രങ്ങളും ബുദ്ധപ്രതിമകളും മറ്റുമുള്ള ഒരു വലിയ കെട്ടിടം-ഞങ്ങൾ അവിടെയെല്ലാം ചുറ്റിനടന്നു കണ്ടു.

അവിടെ നിന്ന് ഒരു കിലോമീറ്റർ പോയാൽ ഒരു തൂക്കുപാലം കാണാം. നദിക്ക് അക്കരെയുള്ള ഗ്രാമത്തെ ഫുനാക്കയുമായി ബന്ധിപ്പിക്കുന്നതാണ് ഈ തൂക്കുപാലം. ഞാനും സുകുമാരൻ ചേട്ടനും ഒഴിച്ച് എല്ലാവരും തൂക്കുപാലത്തിലൂടെ മറുകരയിലേക്ക് പോയി.

വൈകുന്നേരം 'പേമാ കാർപോ' എന്ന ഹോട്ടലിൽ എത്തിച്ചേർന്നു. സുന്ദരമായ ഹോട്ടൽ. ഹൃദ്യമായ പെരുമാറ്റം. ഹോട്ടൽ മാനേജർ റെഡ് ഇൻഡ്യൻ സ്ത്രീയുടെ ആകാര വടിവുള്ള ഒരു സുന്ദരിയായിരുന്നു. ഞങ്ങൾക്ക് രണ്ടാംനിലയിലാണ് താമസമൊരുക്കിയിരുന്നത്. വളരെ വിശാലമായ മുറികൾ. 4 star താമസ സൗകര്യങ്ങൾ അവിടെ ഉണ്ടായിരുന്നു. സിരകളിലൂടെ അരിച്ചിറങ്ങുന്ന തണുപ്പ്. രാത്രി ഭക്ഷണം കഴിഞ്ഞ് സുഖമായി ഉറങ്ങി. വെളുപ്പിന് നേരത്തെ ഉണർന്നു. മഴ പെയ്യുന്നുണ്ടായിരുന്നു.

ചൂടുവെള്ളത്തിൽ സുഖമായി കുളിച്ചു. ബാൽക്കണിയിൽ ഇറങ്ങിനിന്നു ചുറ്റുപാടും നോക്കിക്കണ്ടു. മഞ്ഞിലും മഴയിലും കുളിച്ചുനിൽക്കുന്ന മലനിരകൾ സുന്ദരമായ കാഴ്ചയായിരുന്നു. ബ്രഡ്ഡും ജാമും പൂരിയും കറിയും പാലും കോൺഫ്ലെയ്ക്സും പഴവർഗ്ഗങ്ങളും ഒക്കെയായിരുന്നു പ്രഭാതഭക്ഷണം. പ്രഭാതത്തിൽ തന്നെ ഞങ്ങൽ അവിടെനിന്നു യാത്രതിരിച്ചു.

അടുത്ത യാത്ര 'പാറോ'യിലേക്കായിരുന്നു. പോകുന്ന വഴി 'ലാമ്പേർലി പാർക്ക്' കണ്ടു. ഭൂട്ടാനിലെ പാരമ്പര്യ വസ്ത്രം ധരിച്ച് ഫോട്ടോയെടുക്കാൻ താല്പര്യമുള്ളവർക്ക് അതിനുള്ള സൗകര്യം ഉണ്ടായിരുന്നു. മലമടക്കുകളിലെ കൃഷിയിടങ്ങൾ വളരെ മനോഹരമായിരുന്നു. മഞ്ഞുകാലമാകുമ്പോഴേക്കും വിളവെടുപ്പ് കഴിഞ്ഞ് ധാന്യങ്ങളും മറ്റു ഭക്ഷണ സാധനങ്ങളും ഉണക്കി കേടുകൂടാതെ സൂക്ഷിക്കും. മഞ്ഞുകാലത്ത് അധിക സമയവും കെട്ടിടങ്ങളുടെ ഉള്ളിൽത്തന്നെ കഴിയുന്നു.

തിംഫു കഴിഞ്ഞാൽ ഭൂട്ടാനിലെ ഏറ്റവും വലിയ പട്ടണമാണ് 'പാറോ'. പാറോ ആയിരുന്നു ഭൂട്ടാന്റെ ആദ്യത്തെ തലസ്ഥാനം. ഏതാണ്ട് ഉച്ചയോടുകൂടി ഞങ്ങൾ പാറോയിലെത്തി. ഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ താമസ സ്ഥലത്തേക്ക് പോയി. അല്പം വിശ്രമിച്ച ശേഷം ഞങ്ങൾ ഷോപ്പിംഗിന് പുറപ്പെട്ടു. ഭൂട്ടാനിലെ കരകൗശല വസ്തുക്കൾ വിൽക്കുന്ന കട. എല്ലാത്തിനും വലിയ വില. കുറച്ചു സാധനങ്ങൾ വാങ്ങി മടങ്ങി ഹോട്ടലിലേക്കു പോയി. വൈകുന്നേരം 6 മണിക്ക് പാറോയിലുള്ള 'ഹോട്ട് വാട്ടർ ബാത്ത്' നടത്തുന്ന സ്ഥാപനത്തിലേക്ക് പോയി. അപർണ്ണയും ഞാനും രഞ്ജുവും ഗൈഡിന്റെ കൂടെ പോയപ്പോൾ ബാക്കിയുള്ളവർ ഹോട്ടലിൽ തന്നെ ഇരുന്നു. ആയുർവേദ മരുന്നുകൾ ഇട്ട് തിളപ്പിച്ച ചൂടുവെള്ളത്തിലായിരുന്നു കുളി. വലിയ തോണിയിൽ വസ്ത്രരഹിതമായി കിടക്കുക. കിടക്കുന്ന മുറി അകത്തുനിന്ന് അടയ്ക്കാവുന്ന വിധത്തിലാണ്. അവിടേക്ക് ചൂടുവെള്ളം കയറ്റിവിടും. രണ്ടു മണിക്കൂർ ചൂടുവെള്ളത്തിൽ കിടന്നു. സുഖകരമായ അനുഭവം. അതിനുശേഷം ഹോട്ടലിലെത്തി ഭക്ഷണംകഴിച്ച് കിടന്നുറങ്ങി.

## ടൈഗർ നെസ്റ്റിലേക്ക്

5-10-22 അതിരാവിലെ 6 മണിക്ക് പാറോയിലെ ഹോട്ടലായ ഖംസുമിൽ നിന്ന് യാത്രതിരിച്ചു. വളരെ പഴക്കമുള്ള 'ടൈഗർ നെസ്റ്റ്' എന്ന മൊണാസ്ട്രിയിലേക്കുള്ള യാത്ര. പാറോ താഴ്വാര നഗരത്തിലെ മലമുകളിലുള്ള രുക്റ്റ്സാങ് എന്ന വജ്രയാന വിഭാഗത്തിലെ ബുദ്ധമത വിഹാരമാണിത്. 'പത്മസംഭവൻ' ധ്യാനിച്ചിരുന്ന ഗുഹകളാണിവ. 7-ാം നൂറ്റാണ്ടിലാണ് ഈ ബുദ്ധവിഹാരം നിർമ്മിച്ചത്. 'ഗുരു റിങ്പോച്ചേ' പെൺകടുവയുടെ പുറത്തുകയറി ടിബറ്റിൽ നിന്നും ഇവിടെയെത്തി എന്നു വിശ്വസിക്കപ്പെടുന്നു. ഇതിനുള്ളിൽ 4 ക്ഷേത്രങ്ങളുണ്ട്.

2600 അടി ഉയരത്തിലാണ് ഈ ബുദ്ധക്ഷേത്രം. ഞങ്ങൾ രാവിലെ 8 മണിയോടുകൂടി താഴ്വാരത്തിലെത്തി വാഹനം പാർക്ക് ചെയ്തിട്ട് മല കയറാൻ തുടങ്ങി. മലകയറ്റം ദുഷ്കരമായിരുന്നു. ഞാനൊഴിച്ച് ബാക്കി എല്ലാവരും മുൻപേ പോയി. മുക്തയും ഗൈഡും അതിവേഗത്തിൽ കയറി. ഇടയ്ക്ക് ഒരു സ്ഥലത്ത് കാപ്പിയും ലഘുഭക്ഷണവും ലഭിക്കുന്ന ഒരു ഹോട്ടൽ കണ്ടു. ടോയ്ലെറ്റ് സൗകര്യമുള്ള സ്ഥലമായിരുന്നു അത്. അവിടെ നിന്ന് ലഘുഭക്ഷണവും കാപ്പിയും കഴിച്ച് എല്ലാറ്റിനും താഴെയുള്ളതിന്റെ മൂന്നിരട്ടി വില. വീണ്ടും ഞങ്ങൾ മല കയറാൻ തുടങ്ങി. 4 മണിക്കൂർ കൊണ്ട് ഞങ്ങൾ മുകളിലെത്തി. അവിടെ നിന്നും 800 പടവുകൾ താഴേക്കിറങ്ങി. അവിടെ മനോഹരമായ ഒരു വെള്ളച്ചാട്ടം കണ്ടു. അവിടം കടക്കാൻ ഒരു പാലം ഉണ്ടായിരുന്നു. വീണ്ടും ഞങ്ങൾ പടവുകൾ കയറി ടൈഗർ നെസ്റ്റിലെത്തി. കയ്യിലുള്ള ഫോണും വടിയും കുടയും മറ്റും പുറത്ത് ഏൽപ്പിച്ചിട്ട് വീണ്ടും പടവുകൾ കയറി മുകളിലെത്തി. കുറച്ചു മണിക്കൂറുകൾ അവിടെയെല്ലാം ചുറ്റിനടന്നു കണ്ടു. അവിടെ എന്തോ ആഘോഷമായിരുന്നതിനാൽ പല സ്ഥലങ്ങളിൽ നിന്ന് ധാരാളം ബുദ്ധ സന്യാസിമാർ അവിടെയെത്തിയിട്ടുണ്ടായിരുന്നു. പിന്നീട് പുറത്തുവന്ന് ബാഗും മറ്റു സാധനങ്ങളും എടുത്ത് മടക്കയാത്ര തുടങ്ങി. ഉച്ചയ്ക്ക് 2.45 ന് ആണ് ഞങ്ങൾ താഴത്തേക്ക് യാത്ര തുടങ്ങിയത്.

ഞങ്ങൾ രാവിലെ മലകയറി വരുമ്പോൾ ഒരു നായ ഞങ്ങളെ പിൻതുടരുന്നുണ്ടായിരുന്നു. വളരെയധികം മെരുങ്ങുന്ന ആ നായ ഞങ്ങളുടെ വഴികാട്ടിയെപ്പോലെയാണ് പെരുമാറിയത്. ക്ഷേത്രത്തി

ലേക്ക് പോയപ്പോൾ അതിനെ കണ്ടില്ല. ബുദ്ധവിഹാരം സന്ദർശിച്ചശേഷം താഴ്‌വാരത്തിലേക്ക് നടന്നപ്പോൾ ആ നായ വീണ്ടും പ്രത്യക്ഷപ്പെട്ടു. ഞങ്ങളെ ചിലപ്പോൾ അനുഗമിക്കും. വഴിതെറ്റുമെന്ന് സംശയമുണ്ടാകുമ്പോൾ അത് വഴികാട്ടിയായി മുന്നിലേക്ക് പോകും. പിന്നെ ഞങ്ങളേയും കാത്തു നിൽക്കും. ഇപ്രകാരം രാത്രി ഞങ്ങൾ താഴെ എത്തുന്നതുവരെ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. പിന്നെ അത് പിന്തിരിഞ്ഞുപോയി. നേരം നല്ലതുപോലെ ഇരുട്ടി. യാത്ര പ്രയാസം നിറഞ്ഞതായിരുന്നു. ചെറിയ മഴ ഉണ്ടായിരുന്നതിനാൽ നല്ല തെന്നലും ഉണ്ടായിരുന്നു. ഞങ്ങളെ തേടി ഗൈഡിന്റെ ഒരു കൂട്ടുകാരനും ഡ്രൈവറും എത്തി. ഞങ്ങളെ കൈപിടിച്ച് അവർ താഴത്തേക്ക് കൊണ്ടുവന്നു. അതിഭയങ്കരമായ ക്ഷീണം ഉണ്ടായിരുന്നു.

5-ാം തീയതി രാത്രിതന്നെ ഞങ്ങൾ തിംപുവിലുള്ള മന്ത്രഹോമിലെത്തി. അവിടെ ഞങ്ങളുടെ ടൂർ ഓപ്പറേറ്റർ താര ഞങ്ങളെ കാത്തുനിന്നിരുന്നു. അവിടെ ഋതിക് ഭട്ടതിരിയുടെ കുടുംബവും ഉണ്ടായിരുന്നു. ചൂടു ചോറും പപ്പടവും തൈരും അച്ചാറും മറ്റും കൂട്ടി ഭക്ഷണം കഴിച്ചു. കുറേനേരം എല്ലാവരുമായി സംസാരിച്ചിരുന്ന ശേഷം ഞാനും രമയും സുകുമാരൻ ചേട്ടനും ഉറങ്ങാൻ പോയി. ടൂർ ഓപ്പറേറ്ററായ താര അവരുടെ സന്തോഷ സൂചകമായി ഞങ്ങൾക്ക് കേക്ക് സമ്മാനിച്ചു. കുട്ടികളെല്ലാവരും കൂടി രാത്രി കേക്കുമുറിക്കലും വിശേഷം പറയലും ഒക്കെയായി രാത്രി വൈകിയാണ് ഉറങ്ങിയത്. മുക്തയും കുട്ടികളോടൊപ്പം കുറെ സമയം കളിച്ചു.

6-ാം തീയതി രാവിലെ കുളിയും പ്രഭാത ഭക്ഷണവും മറ്റും കഴിഞ്ഞ് ഞങ്ങൾ ഭൂട്ടാനോട് വിട പറഞ്ഞ് തിംപുവിൽ നിന്നും ബാഗ്ഡോഗ്രയിലേക്ക് യാത്ര തിരിച്ചു. മഞ്ഞുമൂടിയ മലനിരകൾ. ഇടയ്ക്ക് ചില വെള്ളച്ചാട്ടങ്ങൾ ഒരു വെള്ളച്ചാട്ടത്തിനു സമീപം ഞങ്ങൾ വണ്ടി നിർത്തി. കുറച്ചുനേരം നിന്നപ്പോൾ മൂടൽ മഞ്ഞും വീശിയടിക്കുന്ന കാറ്റും വന്നു. ഞങ്ങൾ വണ്ടിയിൽ കയറി യാത്ര തുടർന്നു. ഭക്ഷണം കഴിക്കാൻ ഇടയ്ക്ക് ഹോട്ടലിൽ കയറി. ഏതാണ്ട് 3 മണിയോടെ ഞങ്ങൾ അതിർത്തിയിലെത്തി. അവിടുത്തെ പരിശോധനകൾ കഴിഞ്ഞ് അതിർത്തി കടന്നു. ഞങ്ങളെ കൊണ്ടുപോകാനുള്ള വണ്ടിക്കായി കാത്തുനിന്നു. വണ്ടി വന്ന് ബാഗുകളും മറ്റും കയറ്റി ഞങ്ങൾ യാത്ര തുടർന്നു. ബാഗ്ഡോഗ്രയിലേക്ക് അടുക്കുംതോറും നല്ല തിരക്കായിരുന്നു. രാത്രി 7 മണിയോടെ ഹോട്ടൽ 'രാജ് ഡർബാറി'ലെത്തി. റൂമിൽ പോയി ബാഗുകൾ വെച്ചിട്ട് ഞങ്ങൾ ഭക്ഷണം കഴിക്കാൻ പോയി. ശാന്തത നിറഞ്ഞ ഭൂട്ടാനിലെ ഹോട്ടലുകളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു ഇവിടം. ഭക്ഷണം കഴിഞ്ഞ് സുഖമായി ഉറങ്ങി. രാവിലെ ഹോട്ടലുകാർ പ്രഭാതഭക്ഷണം പൊതിഞ്ഞു കെട്ടിത്തന്നു. ഞങ്ങൾ വിമാനത്താവളത്തിലേക്ക് യാത്രതിരിച്ചു. തിരക്കേറിയ വീഥികളിലൂടെ വണ്ടി നീങ്ങി. ഏതാണ്ട് 9 മണിയോടെ വിമാനത്താവളത്തിലെത്തി. അവിടെയിരുന്ന് പ്രഭാത ഭക്ഷണം കഴിച്ചു. പരിശോധനകൾ കഴിഞ്ഞ് ഞങ്ങൾ അകത്തുകടന്നു. 11 മണിക്കായിരുന്നു ഞങ്ങളുടെ വിമാനം പുറപ്പെട്ടത്. വിമാനത്തിൽ ഉച്ചഭക്ഷണം ലഭിച്ചു. 2 മണി കഴിഞ്ഞ് വിമാനം ബാംഗ്ലൂരെത്തി. കുറെ നല്ല അനുഭവങ്ങൾ സമ്മാനിച്ച ഭൂട്ടാൻ യാത്ര മനസ്സിൽ ഇപ്പോഴും നിറഞ്ഞുനിൽക്കുന്നു.

*(അവസാനിച്ചു)*

## യൂണിറ്റുകളുടെ ശ്രദ്ധയ്ക്ക്

**യൂണിറ്റുകളിൽ നിന്ന് പ്രവർത്തനഫണ്ടിലേക്ക് കുറഞ്ഞത് 2,000 രൂപയും അംഗസംഖ്യയ്ക്ക് ആനുപാതികമായി കൂടുതലും നൽകണമെന്ന നിർദ്ദേശം പാലിക്കാത്ത യൂണിറ്റുകൾ ദയവായി ഡിസംബർ 31 നു മുമ്പായി കുടിശ്ശിക തീർത്ത് സഭയുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കരപ്പുറം, തിരുവല്ല സഭകൾക്ക് മാത്രം പ്രവർത്തനഫണ്ടിൽ കുടിശ്ശികയില്ല. അക്കാര്യത്തിൽ അവരെ പ്രത്യേകം അഭിനന്ദിക്കുന്നു. 2021, 2022, 2023 വർഷങ്ങളിലെ തുകയാണ് ലഭിക്കേണ്ടത്. 2021 ലേത് 16 യൂണിറ്റുകളും 2022 ലും 2023 ലും കരപ്പുറം, തിരുവല്ല യൂണിറ്റുകൾ മാത്രവുമാണ് പ്രവർത്തനഫണ്ട് തന്നിട്ടുള്ളത്. അതായത് 22 യൂണിറ്റുകളിൽ നിന്നായി മൂന്നു വർഷത്തെ (22x6000 = 1,32,000) തുകയുടെ സ്ഥാനത്ത് 40,000 രൂപ മാത്രമാണ് കിട്ടിയിട്ടുള്ളത്. 92,000 രൂപയാണ് കുടിശ്ശിക.**



# കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം

**വേലൂർ പരമേശ്വരൻ നമ്പൂതിരി**
കുട്ടമ്പേരൂർ, ആലപ്പുഴ, മൊ.9447978024

*(കഴിഞ്ഞ ലക്കം തുടർച്ച...)*

നദികളിൽ നിന്നും ജലം നിരന്തരം പ്രവഹിക്കുന്നില്ലെങ്കിൽ സമുദ്രം പോലും ഒരുകാലത്ത് വറ്റിപ്പോകാം. അക്ഷരശ്ലോകക്കാർ പഴയ ശ്ലോകങ്ങൾ കൊണ്ട് മാത്രം ഇരിക്കാതെ പുതിയ ശ്ലോകങ്ങൾ കൂടി പഠിക്കണം. ആധുനിക ശ്ലോകങ്ങൾക്ക് ആധുനിക കാലഘട്ടവും ജീവിതവും നന്നായി പ്രതിഫലിപ്പിക്കുവാൻ കൂടി കഴിയും. ശ്രോതാക്കളും അവ നന്നായി ശ്രദ്ധിക്കും. ഒരുവൻ അറുമുഷിപ്പനാക്കിയ ശ്ലോകം മറ്റൊരാൾ അതി മധുരമാക്കിയെന്നു വരാം. പലർക്കും ശബ്ദ സുഖമാണ് ഇഷ്ടം. വൃത്തഭംഗവും യതിഭംഗവും ആശയപുഷ്ടിയും തിരിച്ചറിയാൻ അവർ മെനക്കെടാറുമില്ല.

വിദ്യാഭ്യാസ പ്രവർത്തകരെക്കാൾ കൂടുതൽ ശ്ലോക സദസ്സുകളിൽ പ്രത്യക്ഷപ്പെടാറുള്ളത് സാധാരണക്കാരാണ്. അവരിൽ ജ്യോത്സ്യന്മാരും നാട്ടുവൈദ്യന്മാരും കൃഷിക്കാരും കച്ചവടക്കാരും തൊഴിലാളികളും ഒക്കെയുണ്ടാവാം. പകൽസമയത്ത് ഇതര ജോലിക്കാരും രാത്രിയിൽ ശ്ലോകാസ്വാദനവുമായിക്കഴിയുന്നവർ അനവധിയുണ്ട്. അവരുടെ സമർപ്പണ ഭാവവും സന്നദ്ധതയും സഹൃദയത്വവും നാം സമ്മതിച്ചു നൽകേണ്ടതാണ്. പഴയ നാടകവിവർത്തനങ്ങൾ, മഹാകാവ്യങ്ങൾ, ഖണ്ഡകാവ്യങ്ങൾ, സ്വയം കവിതകൾ ഇതെല്ലാം ആണ് ഇവരുടെ സമ്പാദ്യങ്ങൾ.

ഇവർ പൂർവ്വാർദ്ധം ശ്ലോകത്തിലെ ചൊല്ലും. ഉത്തരാർദ്ധം എന്താണ് എന്ന് നമ്മോടു ചോദിച്ചാൽ ചിലപ്പോൾ പറയാൻ നമ്മൾ പ്രയാസപ്പെടും. അതിനാൽ ശ്ലോകങ്ങൾ നന്നായി നാം പഠിക്കുക. 'യുഗ്മകം' തൊട്ടുള്ള വിഭാഗങ്ങളിലെ ശ്ലോകങ്ങൾ അക്ഷരശ്ലോകക്കാർ ഒഴിവാക്കണമെന്ന് നേരത്തെ പറഞ്ഞിരുന്നു. കാരണം അവിടെ സൂചിപ്പിച്ചുമില്ല. ഒരു പൂർണ്ണാശയമോ അന്വയമോ അവയിൽ ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെയൊരു നിബന്ധന ആവശ്യമായി വരുന്നത്. കുമാരനാശാന്റെ 'ലീല'യിലെ ഒരു യുഗ്മകം ഇവിടെ ദൃഷ്ടാന്തമായിപ്പറയട്ടെ.

'ഉദയപുരമതിന്നുപാന്തമായ്
വിദിത മഹീധര സാനുഭൂമിയിൽ
സദന സുമവനത്തിലൊന്നിലു-
ന്മദമരുളും മധുമാസ രാത്രിയിൽ
വിലസി നറുനിലാവെഴും ലതാ-
വലയമിയന്ന നിലത്തൊരോമലാൾ
വിലയ വിവശ മേനി വീണപൂ-
ങ്കുലയതുപോലെ കിടന്നിതേകയായ്"

ഈ എട്ടുവരി കവിതയിൽ 'കിടന്നു' എന്നതാണല്ലോ പൂർണ്ണക്രിയ. അതുകൊണ്ടാണ് ഈ ശ്ലോകങ്ങൾ അഥവാ ഇതുപോലെയുള്ള യുഗ്മകങ്ങൾ ഒഴിവാക്കുന്നത്.

അനുഷ്ടുപ്പു വൃത്തത്തിലാണ് സ്തുതികൾ ഏറിയകൂറും. എട്ടക്ഷരം വീതം ഉള്ള ഇവയും സദസ്യർ ഒഴിവാക്കും. എന്നാൽ ചില വേദികളിൽ അനുഷ്ടുപ്പും എടുക്കുമത്രേ. ഇതുപോലെ തന്നെയാണ് ശ്ലോകങ്ങളിലെ വിശേഷകവും കലാപകവും കുളകവും എല്ലാംതന്നെ.

വിനോദമായ ശ്ലോകസദസ്സുകൾ ചിലപ്പോൾ വിരോധ ഭാവത്തിലേക്കും കടക്കാറുണ്ട്. മത്സരം തീക്ഷ്ണമാകുമ്പോഴാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് എത്രയും ഗർഹണീയമാണ്. ശ്ലോകസദസ്സുകളിൽ പലരും മനഃപൂർവ്വം ചൊല്ലുന്ന ശ്ലോകങ്ങളായിരിക്കില്ല. അറിയാവുന്നതല്ലേ ചൊല്ലാവൂ. നർമ്മം ചിലപ്പോൾ മർമ്മത്തെ സ്പർശിച്ചെന്നുവരും. നല്ല ശ്ലോകങ്ങൾ ഏതക്ഷരത്തിനും അറിയാവുന്നവർ, ആളും തരവും നോക്കി ചൊല്ലണം. അല്ലെങ്കിൽ വടി കൊടുത്ത് അടിവാങ്ങുന്നവർ

കവിത

# പടവുകൾ

ജ്യോതി വർമ്മ എൽ.ആർ.
പന്തളം, മൊ. 8330054846



ഒരു വാക്കിനാൽ ചേരുന്നു ഹൃദയബന്ധങ്ങൾ
ഒരു വാക്കിനാലകലുന്നു ആത്മബന്ധങ്ങൾ
ഒരു വാക്കിനാൽ മുറിയുന്നു ഹൃദയ കവാടങ്ങൾ
ഒരു വാക്കിനാൽ വിടരുന്നൂ പൂപോൽ മനങ്ങൾ

പറയാതെ പോയൊരാ വാക്കുകൾ നന്നെന്നു -
ചില നേരമോർക്കും ആമോദമോടെ
പറഞ്ഞ വാക്കിന്റെ മുൾമുനയോർത്തഹോ
പിടഞ്ഞു പോകുന്നു, കണ്ണീർ പൊഴിക്കുന്നു

ചില നേരം വാക്കുകൾ കോമാളിയാക്കുന്നു
ചിലരുടെ ചിത്തത്തിൽ ചോര പൊടിയുന്നു
ഒരു വാക്കിൻ മറപറ്റി വളരുന്നു ബന്ധങ്ങൾ
ഒരു വാക്കു കേൾക്കാൻ കൊതിക്കും ബന്ധനമായി

വെറും വാക്കിനാൽ മണിമാളിക തീർക്കുന്നൂ ചിലർ
ചേലിൽ പ്രതീക്ഷതൻ മണി സൗധങ്ങൾ തീർത്തീടും
വെറും വാക്കിനാൽ തകരാതിരിക്കട്ടെ ജന്മങ്ങൾ
വെറും വാക്കിനാൽ മുറിയാതിരിക്കട്ടെ പ്രതീക്ഷകൾ

വാക്കിനാൽ വ്രണമായ മുറിവുകളെല്ലാമെ -
മറുവാക്കിനാൽ സുഖമാകട്ടെയെന്നാശിക്കാം
വാക്കുകൾ ഉടയാതെ ചേർത്തടുക്കീടാം
വാക്കിൽ പൊരുൾതേടി യാത്ര തുടർന്നീടാം

നല്ല വാക്കുകൾ പരസ്പരം കോർത്തിണ ചെയ്തും
സമബുദ്ധിയോടെ വിനിമയം ചെയ്തും
ഏതു മനവും കുളിർപ്പിക്കും വാക്കുകൾ
ഓതിടാം അണയാതിരിക്കട്ടെ ബന്ധങ്ങൾ.

---

→

ആയി മാറും. അടുത്തകാലത്ത് ഒരു വേദിയിൽ ഉണ്ടായ സംഭവം കൂടി ഓർത്തുപോകുന്നു.

“അല്ലല്ലാ, തിരുമേനിയാണി, തടിയൻ വല്ലാതെ ശങ്കിച്ചുപോ-
യല്ലോ, കണ്ടദിനം മറന്നു, കഴുകിയ്ക്കാം കാ-ലിരിക്കാം സുഖം
തെല്ലിക്കാറ്റു രസിയ്ക്കുമെങ്കിലടിയൻ വീശാം വിയർക്കുന്നുമെ-
യ്യെല്ലാം, ചെല്ലമിതാ, മുറയ്ക്കൊരു മുറുക്കാകാം കുറെക്കേമമായ്”

എന്ന ശീവൊള്ളിയുടെ സരസ ശ്ലോകം ചൊല്ലുമ്പോൾ വിദ്വാനും സരസനുമായ തിരുമേനി സ്വയം നിർമ്മിച്ചൊരു ശ്ലോകം ചൊല്ലി. അത് ഇപ്രകാരമാണ്.

“തല്ലല്ലേ വാക്കുകൊണ്ടീ സഭയിൽ വന്നെന്നു വെച്ച്
കൊല്ലല്ലേ വാണികൊണ്ടും താങ്കൾതൻ വൻ വമ്പുകൊണ്ടും
വീമ്പല്ലേ ചൊൽവതെല്ലാം, സരസൻ താനെന്നു കേൾക്കാൻ
നമ്പല്ലേ ഹായ്! താങ്കളാർക്കും ഇഷ്ടമായെന്തു ചെയ്തു.”

നോക്കണേ! ആദ്യം ശ്ലോകം ചൊല്ലിയ ആളുടെ മുഖത്തിന് ഭാവഭേദം ഉണ്ടായത്. ഇവിടെ ആര് ശ്രദ്ധിക്കണമായിരുന്നു. ●

യാത്രകൾ-19

# പഞ്ചാബ്-ഹിമാചൽ

**കെ. ഹരികൃഷ്ണവർമ്മ**
ചേർത്തല, മൊ. 9447484099

കൊറോണ മഹാമാരിയുടെ പ്രഹരണ ശേഷി കുറഞ്ഞതോ പ്രതിരോധ കുത്തിവെയ്പ്പുകളുടെ ഗുണഫലമോ എന്ന് അറിയില്ല, 2022 ഫെബ്രുവരിയോടെ രോഗവ്യാപനം നിയന്ത്രണാധീനമായതോടെ നിയന്ത്രണങ്ങൾക്ക് സർക്കാർ ഇളവുകൾ പ്രഖ്യാപിച്ചു തുടങ്ങി. അതോടെ ഞങ്ങളുടെ യാത്രാമോഹങ്ങളും പൂവണിഞ്ഞു തുടങ്ങി. അങ്ങനെയാണ് ഒരു പഞ്ചാബ്-ഹിമാചൽ യാത്ര തീരുമാനിച്ചത്. സത്യത്തിൽ ഈ യാത്രക്ക് കൂടുതൽ ഉത്സാഹിച്ചത് ഞങ്ങളുടെ പുത്രി അപർണയും മരുമകൻ മഹേഷും ആയിരുന്നു. എറണാകുളത്തു പണിക്കേഴ്സ് ട്രാവത്സിൽ വിളിച്ച് യാത്രകളുടെ വിവരണങ്ങൾ വാങ്ങി പരിപാടിയുടെ രൂപരേഖ തയ്യാറാക്കി. ഞങ്ങൾ കൊച്ചുമകൻ കുഞ്ഞുണ്ണി ഉൾപ്പടെ അഞ്ചു പേർ ഉള്ളതിനാൽ ഒരു ഇന്നോവ ഏർപ്പാടാക്കുന്നതാണ് സൗകര്യം എന്നു തീരുമാനിച്ചു. അങ്ങനെ ആകുമ്പോൾ യാത്രക്ക് നമുക്ക് ഇഷ്ടമുള്ള ദിവസം തെരഞ്ഞെടുക്കുകയും ആകാം. ദില്ലിയിൽ നിന്നാണ് യാത്ര ആരംഭിക്കുന്നത്. തലേന്ന് വൈകിട്ട് വിമാനത്താവളത്തിൽ നിന്നു മുതൽ പണിക്കേഴ്സിന്റെ സേവനം നമുക്കു ലഭിക്കും, അവസാന ദിവസം പകൽ തിരികെ വിമാനത്താവളത്തിൽ എത്തിക്കുന്നതുവരെ. അതുകൊണ്ട് യാത്രയുടെ പരിഭ്രമങ്ങൾ ഒന്നും നമ്മെ ബാധിക്കുകയേ ഇല്ല. സാരഥി ഒരു ഗൈഡിന്റെ ഉത്തരവാദിത്തം കൂടി നിർവ്വഹിക്കും, പക്ഷെ ഹിന്ദിയാണധികവും. ഇന്നോവയിൽ അഞ്ചു ദിവസത്തെ യാത്രക്ക് 82,845/- രൂപ എന്ന പാക്കേജിൽ തലേന്ന് എയർപോർട്ടിൽ നിന്നുള്ള പിക്കപ്പും ഏഴാം ദിവസം എയർപോർട്ടിൽ എത്തിക്കലും ഉൾപ്പെടും. ഒരുവിധം ത്രീസ്റ്റാർ ഫെസിലിറ്റിയുള്ള ഹോട്ടലുകളിലെ താമസത്തിനു പുറമെ ദില്ലി ഒഴികെയുള്ള സ്ഥലങ്ങളിൽ പ്രഭാത ഭക്ഷണവും



അത്താഴവും കോമ്പ്ളിമെന്ററി കൂടിയാണ്. രണ്ടും ബുഫേ ആയതിനാൽ നമുക്ക് സൗകര്യപ്രദമായ ഭക്ഷണം തെരഞ്ഞെടുക്കുകയും ആകാം.

2022 ഏപ്രിൽ 8 വെള്ളിയാഴ്ച രാവിലെ 4.30 നു ഞങ്ങളുടെ യാത്ര ആരംഭിച്ചു. ജോപ്പു ജോസഫ് എന്ന സാരഥി ഞങ്ങളെ രാവിലെ ആറു മണിക്കു മുൻപു തന്നെ നെടുമ്പാശ്ശേരിയിൽ എത്തിച്ചു. അവിടത്തെ സസ്യ ഭോജനശാലയിൽ നിന്ന് പാഴ്സലായി ഭക്ഷണം വാങ്ങിയിട്ടാണ് എയർപോർട്ടിലെ ചടങ്ങുകളിലേക്ക് കടന്നത്. പരിശോധനകൾ എല്ലാം കഴിഞ്ഞ് ഗേറ്റിനു സമീപം എത്തിയപ്പോൾ എട്ടു മണി പോലും ആയിട്ടില്ല. പ്രാതൽ കഴിച്ച് കാത്തിരിപ്പു തുടർന്നു. ഒൻപതു മണിയോടെ വിസ്ത്താരായുടെ വിമാനത്തിൽ കയറിപ്പറ്റി. വിമാനത്തിനുള്ളിലും പ്രാതൽ ഉണ്ടായിരുന്നു. ഏകദേശം ഉച്ചക്ക് 12.30 ന് ഇന്ദ്രപ്രസ്ഥത്തിൽ താഴ്ന്നിറങ്ങി. ഞങ്ങളെ കാത്ത് പണിക്കേഴ്സ് ട്രാവലിന്റെ രാം രാജ് കാത്തു നിന്നിരുന്നു. ഞങ്ങൾ നേരേ കരോൾബാഗിൽ ഞങ്ങൾക്കായി ഒരുക്കിയിരുന്ന ശ്യാം ഇന്റർ നാഷണലിലേക്ക്

യാത്രതിരിച്ചു. ഭാണ്ഡക്കെട്ടുകൾ മുറിയിൽ വെച്ചു ഉച്ചഭക്ഷണത്തിനായി അടുത്തു തന്നെയുള്ള ബിക്കാനിർവാലയിലേക്ക്. മുൻപ് ഞാനും മായയും കൂടി ചാർ ധാം യാത്രക്കായി ദില്ലിയിൽ എത്തിയപ്പോഴും അത്താഴം ബിക്കാനിർവാലയിൽ ആയിരുന്നു. ഒരു മണിക്കൂർ ഉറക്കത്തിനു ശേഷം ഞങ്ങൾ ഒരു ടാക്സിയിൽ ഇന്ത്യാ ഗേറ്റ് വഴി ഒന്നു ചുറ്റി, പക്ഷെ സെൻട്രൽ വിസ്റ്റ ഡെവലപ്മെന്റിന്റെ ഭാഗമായി അവിടം മുഴുവൻ തടസ്സങ്ങൾ ആണ്. പ്രവർത്തനങ്ങൾ അവിടെ തകൃതിയായി നടക്കുകയാണ്. ഞങ്ങൾ കൊണാട്ട് പ്ലേസിലേക്കു പോയി അവിടെ കുറേ നേരം ചുറ്റി നടന്നു. രാത്രി ഒൻപതു മണിയോടെ ബിക്കാനിർവാലായിലെ അത്താഴത്തിനു ശേഷം മുറിയിൽ തിരിച്ചെത്തി.

പിറ്റേന്ന് (09/04/2022) രാവിലെ 3 മണിക്ക് ഉണർന്നു പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് 5 മണിയോടെ പെട്ടികളും മറ്റും എടുത്ത് ഞങ്ങൾ അമൃത്സറിലേക്കുള്ള നീണ്ട യാത്രക്ക് പുറപ്പെട്ടു. നിരത്തു വഴി ദൂരം 459 കി.മി. സൂര്യോദയത്തിനു മുൻപ് ആയതിനാൽ നഗരം ശാന്ത സുന്ദരമായിരുന്നു. അതുകൊണ്ടു തന്നെ നഗരം കടക്കാൻ ഒട്ടും പ്രയാസം തോന്നിയില്ല. പോകുന്ന വഴിയിൽ നഗര പ്രാന്തത്തിൽ ഒരു വലിയ മല ആ ഇരുളിലും പ്രത്യക്ഷമായി. മലമുകളിൽ അനേകം ജെ.സി.ബികളുടെ നിഴലുകൾ കണ്ടപ്പോൾ ഞങ്ങൾക്ക് ഒരു പന്തികേടു തോന്നി. അപ്പോൾ സാരഥിയുടെ അറിയിപ്പു വന്നു, അതൊരു മാലിന്യക്കൂമ്പാരം ആണ് എന്ന്!!! ദില്ലിയിൽ നിന്ന് 32 കി.മി. പോകുമ്പോൾ ഹരിയാനാ അതിർത്തിയായി. പിന്നീട് അങ്ങോട്ടു കൂടുതലും കൃഷിയിടങ്ങളാണ്. ഗോതമ്പു വയലുകൾ, കരിമ്പിൻ തോട്ടങ്ങൾ, നെൽപ്പാടങ്ങൾ അങ്ങനെ... അങ്ങനെ... രാവിലെ ഏഴു മണിക്ക് ഒരു ധാബായിൽ പ്രഭാത ഭക്ഷണം കഴിച്ചു. ആലൂ പൊറോട്ട, ഒണിയൻ പൊറോട്ട, സാൻഡ്‌വിച്ച് എന്നിവയായിരുന്നു വിഭവങ്ങൾ. ഞങ്ങളുടെ തൊട്ടപ്പുറത്ത് ആറു പേരുള്ള മറ്റൊരു കുടുംബം ഭക്ഷണം കഴിക്കുന്നുണ്ടായിരുന്നു. അവർ പക്ഷെ ഭക്ഷണം കൊണ്ടുവന്നവർ ആയിരുന്നു. അവരുടെ മുൻപിൽ ധാബയിലെ ജോലിക്കാരൻ ഒരു ചായ കൊണ്ടുവന്നു വെച്ചപ്പോൾ അവർ വളരെ ക്ഷോഭിച്ചു സംസാരിച്ചു, നേരത്തേ ചായ കൊണ്ടു വന്നതിന്. നമ്മുടെ നാട്ടിൽ ഏതെങ്കിലും ഒരു ഭോജനശാലയിൽ സ്വന്തം ഭക്ഷണം കൊണ്ടുവന്നാലുള്ള സ്ഥിതി ഞാൻ വെറുതേ ആലോചിച്ചുപോയി! യാത്ര തുടർന്ന ഞങ്ങൾ ഉച്ചക്ക് ഒരു ഹാവേലി റസ്റ്റോറന്റിൽ ഭക്ഷണം കഴിച്ചു. അതിവിശാലമായ ഒരു പ്രദേശത്ത് തികച്ചും പൗരാണികമായ രീതിയിലാണ് ഹോട്ടൽ നിർമ്മിച്ചിരിക്കുന്നത്. മുൻവശം മുഴുവൻ കുട്ടികളെ ഭ്രമിപ്പിക്കുന്ന പലതരം വിനോദങ്ങൾക്കുള്ള സന്നാഹങ്ങളാണ്. അതിനു പിറകിൽ വിശാലമായ ഹാളിലാണ് ഭക്ഷണശാല ഒരുക്കിയിരിക്കുന്നത്. പഞ്ചാബി ഭക്ഷണത്തിന്റെ യഥാർത്ഥ രുചി ഞങ്ങൾ ശരിക്കും ആസ്വദിച്ചു. അവിടെ ശൗചാലയം പോലും ഏസി ആണെന്നു പറയുമ്പോൾ കേരളം സഞ്ചാരികളോടു കാണിക്കുന്ന അവഗണന വ്യക്തമാകും. കുട്ടികൾക്കായി പലതരം വിനോദ സാമഗ്രികളും അവിടെ ഒരുക്കിയിട്ടുണ്ട്.

ഭക്ഷണം കഴിഞ്ഞു ഞങ്ങൾ യാത്ര തുടർന്നു, നേരേ ജാലിയൻവാലാ ബാഗിലേക്ക്. ഏകദേശം മൂന്നു മണിയോടെ ഞങ്ങൾ സ്വാതന്ത്ര്യ സമരത്തിലെ ഒരു പ്രധാന നാഴികക്കല്ലായ ജാലിയൻ വാലാ ബാഗിൽ എത്തി. കൂട്ടത്തിൽ പറയട്ടെ, സുവർണ്ണ ക്ഷേത്ര പരിസരത്തു തന്നെയാണു ജാലിയൻവാലാ ബാഗ്. അവിടത്തെ തിരക്കിനെ കുറിച്ച് പറയാൻ എനിക്കു വാക്കുകളില്ല, തികച്ചും ജനസമുദ്രമാണു അവിടം മുഴുവൻ. ഞങ്ങളുടെ സാരഥി പാർക്കിങ്ങിനുള്ള സ്ഥലത്ത് വാഹനം നിറുത്തി ഞങ്ങളോട് ഒരു ഓട്ടോ പിടിച്ച് പൊയ്ക്കൊള്ളാൻ 'അനുവാദം' നൽകി, ഏകദേശം 200 മീറ്റർ ദൂരത്തേക്ക്. ഓട്ടോക്കാരൻ അതിലും വലിയ കോമഡി ആയിരുന്നു. ഞങ്ങൾ അഞ്ചു പേരെ കയറ്റി പലതരം കസർത്തുകൾ കാണിച്ച് ഒരു വിധം ലക്ഷ്യസ്ഥാനത്ത് എത്തിച്ചെങ്കിലും അയാൾ പണം വാങ്ങാൻ വിസമ്മതിച്ചു. അമൃത്സറിലെ വിശേഷപ്പെട്ട പല വസ്തുക്കളും ഞങ്ങൾ വാങ്ങുക എന്നതായിരുന്നു അയാളുടെ അപേക്ഷ. ഒരു വിധം അൻപതു രൂപ നിർബ്ബന്ധിച്ച് അയാളെ ഏൽപ്പിച്ച് ഞങ്ങൾ രക്ഷപ്പെട്ടു. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ഏറ്റവും രക്തരൂഷിതമായ ഒരു സംഭവമാണ് 1919 ഏപ്രിൽ 13 ലെ ജാലിയൻ വാലാബാഗ് കൂട്ടക്കൊല. ബ്രിട്ടിഷ് പോലീസ്

ഉദ്യോഗസ്ഥനായ ബ്രിഗേഡിയർ ജനറൽ ഡയർ ആണ് ഈ കൂട്ടക്കൊലക്ക് ഉത്തരവ് നൽകിയത്. ചില സ്വാതന്ത്ര്യസമര സേനാനികളുടെ അറസ്റ്റിനെ പ്രതിഷേധിക്കാൻ വേണ്ടി സമാധാനപരമായി തടിച്ചുകൂടിയ ജനത്തിനു നേരേ ഒരു പ്രകോപനവും ഇല്ലാതെയാണ് നിറയൊഴിക്കാൻ ഡയർ ഉത്തരവിട്ടത്. പുറത്തേക്കുള്ള ഒരേ ഒരു വഴിയിൽ നിലയുറപ്പിച്ച പോലീസിന്റെ വെടിയേറ്റു മരിച്ചവരുടെ എണ്ണം ഇപ്പോഴും വ്യക്തമല്ല.

അമൃത്സറിലെ തിരക്കും വാഹനങ്ങളുടെ ബാഹുല്യവും സാരഥികളുടെ സമചിത്തത നിരന്തരം പരീക്ഷിച്ചു കൊണ്ടിരിക്കുന്ന കാഴ്ചയാണ്.

ജാലിയൻവാലാബാഗിൽ നിന്നു ഞങ്ങൾ 45 മിനിറ്റ് യാത്ര ചെയ്യേണ്ട വാഗാ ബോർഡറിലേക്കാണു പോയത്. അമൃത്സറിന്റെയും പാകിസ്ഥാനിലെ ലാഹോറിന്റെയും ഇടക്കുള്ള ഗ്രാന്റ് ട്രങ്ക് റോഡിലാണ് വാഗാ ബോർഡർ. ഇതിലൂടെയാണ് വിവാദ റാഡ്ക്ലിഫ് രേഖ കടന്നു പോകുന്നത്. വാഗാ എന്നത് ആ ഗ്രാമത്തിന്റെ പേർ ആണ്. വാഗാ അതിർത്തിയിൽ എത്തുമ്പോൾ തന്നെ ഭാരതത്തിന്റെയും പാകിസ്ഥാന്റെയും നീണ്ട അതിർത്തി വേലികൾ നമുക്കു കാണാം. വളരെ വിശാലമായ പാർക്കിങ്ങിൽ വാഹനം നിറുത്തി ഞങ്ങൾ നീണ്ട വരിയിലേക്കു പ്രവേശിച്ചു. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം വരികളാണ്. പരിശോധന കഴിഞ്ഞാൽ പിന്നെ ഒന്നിച്ചു മുന്നോട്ടു പോകാം. നടന്നു ചെല്ലുന്നത് ഒരു ബഹുനില കെട്ടിടവും കവാടവും ഗാലറിയും എല്ലാം ചേർന്ന ഒരു സമുച്ചയത്തിലേക്കാണ്. അവിടം മുഴുവൻ അതിർത്തി രക്ഷാസേനയുടെ നിയന്ത്രണത്തിലാണ്. വൈകിട്ട് നാലു മണിയോടെ ഞങ്ങൾ അകത്തു കയറി ബാൽക്കണിയിൽ ഇരിപ്പിടം കണ്ടെത്തി. ഏകദേശം അൻപതിനായിരത്തോളം പേർക്ക് ഇരിക്കാവുന്ന ആ സ്ഥലം അപ്പോഴേക്ക് പകുതിയിലധികം നിറഞ്ഞിരുന്നു. U ആകൃതിയിലുള്ള ഗാലറിയുടെ ഒരു കുറിയ വശം വലിയൊരു ഗേറ്റ് ആണ്. അത് ഇൻഡോ-പാക്ക് അതിർത്തി കവാടമാണ്. ഗേറ്റിന്റെ ഇപ്പുറം ഭാരതത്തിന്റെയും അപ്പുറം പാകിസ്ഥാന്റെയും പതാകകൾ പാറുന്നുണ്ട്. ദേശഭക്തിഗാനങ്ങൾ ഉച്ചഭാഷിണിയിലൂടെ തുടർച്ചയായി പ്രവഹിക്കുന്നതിനിടയിൽ "ഭാരത് മാതാ കീ ജയ്" എന്നും "ഹിന്ദുസ്ഥാൻ അമർ രഹോ" എന്നും മറ്റും പ്രവഹിക്കുന്നുണ്ട്. അതിർത്തിരക്ഷാ സൈനികർ കാണികളെ ആവേശത്തിന്റെ കൊടുമുടിയിൽ എത്തിക്കുകയാണ് അപ്പോൾ. രാജ്യസ്നേഹം, ദേശഭക്തി തുടങ്ങിയ പദങ്ങൾ മലയാളികൾക്ക് ഫലിതം മാത്രം ആണല്ലോ. ശത്രുവിന്റെ ആക്രമണം ഏതു നിമിഷവും പ്രതീക്ഷിക്കുന്ന നമ്മുടെ മറ്റു സഹോദരങ്ങൾ പക്ഷെ അങ്ങനെ അല്ല കരുതുന്നത്. അവരുടെ ജീവനും സ്വത്തും സംരക്ഷിക്കാൻ നിലയുറപ്പിച്ചിട്ടുള്ള ഭടന്മാരെയും ഭക്തി പൂർവ്വം ആണ് അവർ സമീപിക്കുന്നത്. പതാക താഴ്ത്തൽ ചടങ്ങാണ് പ്രധാനമെങ്കിലും സേനാംഗങ്ങളുടെ വിവിധതരം അഭ്യാസങ്ങളും കാണികൾക്ക് ഹരമേകുന്നവയാണ്. ആറു മണിക്കു മുൻപു തന്നെ ഗാലറികൾ നിറഞ്ഞു. അതിർത്തി ഗേറ്റിനപ്പുറം പാകിസ്ഥാൻ ഭടന്മാരും സമാനമായ പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. പക്ഷെ അവിടെ കാണികളുടെ എണ്ണം നൂറു തികയില്ല!!!

വൈകിട്ട് ആറരയോടെ പരിപാടികൾ അവസാനിച്ചപ്പോൾ ഞങ്ങൾ തിരികെ അമൃത്സറിലേക്ക് യാത്രയായി. ഏഴു മണിയോടെ ഹോട്ടൽ മുറിയിലെത്തി കുളിയും മറ്റും കഴിഞ്ഞ് പ്രസിദ്ധമായ സുവർണ്ണ ക്ഷേത്രദർശനത്തിനായി പുറപ്പെട്ടു. പഞ്ചാബ് സംസ്ഥാനത്തിലെ രണ്ടാമത്തെ വലിയ നഗരമാണ് അമൃത്സർ. നാലാം സിഖ് ഗുരു ആയിരുന്ന ഗുരു രാംദാസാണു 1574 ൽ അമൃത്സർ നഗരം സ്ഥാപിച്ചത്. 'ഹർമന്ദിർ സാഹിബ്' എന്ന പേരിൽ കൂടി അറിയപ്പെടുന്ന സുവർണ്ണ ക്ഷേത്രം ആണ് ഈ നഗരത്തിന്റെ പ്രധാന ആകർഷണം. ക്ഷേത്രത്തിനു മുൻപിലുള്ള മനുഷ്യനിർമ്മിതമായ വിശാലമായ ക്ഷേത്രക്കുളം ഗുരു രാംദാസ് 1577 ൽ പൂർത്തിയാക്കി. 1604 ൽ ഗുരു അർജൻ ആദിഗ്രന്ഥം ക്ഷേത്രത്തിൽ സമർപ്പിച്ചു. മുഗൾ ചക്രവർത്തിമാരുടെയും അഫ്ഘാൻ സൈന്യത്തിന്റെയും ആക്രമണങ്ങൾ പലതവണ നേരിടേണ്ടി വന്നിട്ടുള്ളതിനാൽ ഈ ഗുരുദ്വാര പലതവണ പുതുക്കി പണിയേണ്ടി വന്നിട്ടുണ്ട്. മഹാരാജാ രൺജിത്ത് സിങ് സിഖ് രാഷ്ട്രം സ്ഥാപിച്ചതിനു ശേഷം 1809 ൽ മാർബിളും ചെമ്പും ഉപയോഗിച്ച് ക്ഷേത്രം പുതുക്കിപ്പണിതു. 1830 -ൽ ശ്രീകോവിൽ സ്വർണ്ണത്തകിടുകൾ കൊണ്ട് പൊതിയുകയും ചെയ്തു. അങ്ങനെയാണ് ഹർമന്ദിർ സാഹിബ് 'സുവർണ്ണ ക്ഷേത്ര'മായി മാറിയത്.

എൺപതുകളുടെ തുടക്കത്തിൽ സുവർണ്ണ ക്ഷേത്രം സിഖ് തീവ്രവാദികളുടെ കേന്ദ്രം ആകുകയും അതിന്റെ നേതാവായ ജർണയിൽ സിങ്ങ് ഭിന്ദ്രൻവാലായെ പിടികൂടാനായി പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ബ്ലൂസ്റ്റാർ ഓപ്പറേഷൻ നടത്തുകയും ഇതിൽ ജവാന്മാരും സാധാരണ ജനങ്ങളുമായി ആയിരത്തിലധികം പേർക്ക് ജീവൻ നഷ്ടപ്പെടുകയും ചെയ്തു എന്നു മാത്രമല്ല, അകാൽ തഖ്തിനു കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ഇന്ദിരാ ഗാന്ധി, ജനറൽ വൈദ്യാ തുടങ്ങിയവരുടെ വധങ്ങളും ഇതിന്റെ ബാക്കിപത്രമാണ്.

ഞങ്ങൾ രാത്രി എട്ടു മണിയോടെ സുവർണ്ണ ക്ഷേത്രത്തിലെത്തി. ക്ഷേത്രക്കുളവും അതിനു പിന്നിൽ ദീപാലങ്കാരങ്ങളോടെ ശോഭിക്കുന്ന ക്ഷേത്രവും അതിമനോഹരമായ ഒരു കാഴ്ചയാണ്. സ്ത്രീപുരുഷ ഭേദമെന്യേ എല്ലാവരും ക്ഷേത്ര പരിസരത്ത് തല മറയ്ക്കണം എന്നത് നിർബന്ധമാണ്. സിഖ് ജനതയുടെ അനൽപ്പമായ ഭക്തിയും വിശ്വാസവും ആ വിശ്വാസങ്ങളോടുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളും മലയാളികളെ തീർച്ചയായും അമ്പരപ്പിക്കുന്നതാണ്. അതിവിശാലമായ ക്ഷേത്ര പരിസരം എപ്പോഴും ഭക്തനിബിഡമാണ്. അകാൽ തഖ്തിനെ പ്രദക്ഷിണം വെയ്ക്കാൻ ചുറ്റും നടപ്പന്തൽ ഉണ്ട്. ഇതിലൂടെ നടക്കുമ്പോൾ പല കാഴ്ചകളും പല ആരാധനാരീതികളും പല ആചാരങ്ങളും ഈ പ്രദക്ഷിണത്തിലൂടെ നമുക്കു ദർശിക്കാം. എല്ലായ്പ്പോഴും പ്രസാദം സൗജന്യമായി നൽകുന്ന ഭക്ഷണശാലയിലും എപ്പോഴും തിരക്കാണ്. ഞങ്ങൾ രണ്ടു മണിക്കൂറോളം ക്ഷേത്രപരിസരത്തു തന്നെ ചുറ്റിനടന്നു. അകാൽ തഖ്തിൽ അസാമാന്യ തിരക്ക് തന്നെ ആയിരുന്നു. അമൃത്സറിന്റെ ഓർമ്മക്കായി എനിക്ക് ഒരു വലിയ കൃപാണും കുഞ്ഞുണ്ണിക്ക് ഒരു ചെറിയ കഠാരയും വാങ്ങിച്ചു. ഏകദേശം 10.30 ഓടെ ഞങ്ങൾ തിരികെ ഹോട്ടലിലെത്തി ഭക്ഷണം കഴിച്ചു. പഞ്ചാബി ഭക്ഷണത്തിന്റെ രുചി ഒന്നു വേറെ തന്നെയാണ്, കൂടാതെ അവരുടെ മര്യാദകളും...

(തുടരും)

# ഗോകുല ബാലലീല



**രാജേന്ദ്ര വർമ്മ**
ബാംഗ്ലൂർ, മൊ. 9895011481

ഇന്നെന്റെ മയിൽപീലിയിൽ എന്തൊരു ഭംഗി
ഇന്നെന്റെ പീതാംബരം നല്ല കൈതോല നിറം
ഇന്നെന്റെ വനമാല തുളസീ ഗന്ധം മുറ്റും ദീപ്തത
ഇന്ന് ഞാൻ കാണാൻ പോണ ഭക്തന്റെ മനംപോലെ
കണ്ണടച്ചാലും ഇല്ലേലും കാണാം മുന്നിൽ കാർമുകിൽ വർണ്ണം
കണ്ണന്റെ കള്ളക്കഥ കണ്ടപോൾ നിത്യം ദൃശ്യം
കാതുകൾക്ക് സുന്ദരമധുര കുഴൽനാദം
മുകുന്ദൻ തന്റെ മുളംതണ്ടിൽ നിന്നുയരുന്ന മാസ്മര-
മധുര കർണ്ണാനന്ദ മംഗളനിർമ്മല സ്വനം കാതിൽ
മന്ദമാരുത വിഹായസ്സിൽ മൻ മന മന്ത്രർമുഖ
മെന്തൊരു മായാമയക്കമെൻ കണ്ണൻ നൽകി.
പാലും പഴങ്ങളും മധുരനറുതേനും നിവേദിയ്ക്കാം
പലവട്ടംമംഗളപ്രാർത്ഥന നടത്തും അകതാരിൽ
പാലാഴി പോലെ മന്ദസ്മിത മുഖമാർന്ന-
നിന്നിൽപങ്കജലോചനാ നിന്നെ കണ്ട്
പാടി പാടി എൻ മനം മയങ്ങട്ടെ നിത്യം

# ജ്വാല - മഹാജ്വാല



**ലളിത കെ. വർമ്മ**
പിലാത്തറ, മൊ. 9447567574

ജീവിതപാതയിൽ വളഞ്ഞും പുളഞ്ഞുമ-
ങ്ങാർത്തട്ടഹസിച്ചുകൊണ്ടോടിനടന്നിടും
ആ മഹായാഗാശ്വത്തെ നീയെന്നേ തളച്ചു
തന്നാത്മ സഖിയായിച്ചേർത്തുനിർത്തി
ആവേശഭരിതയായവൾ ചെയ്ത കർമ്മങ്ങ-
ളാഹ്ളാദ പുളകത്താൽ കണ്ടുനിന്നു.
ആയുസ്സാം പുസ്തകത്തിന്നോരോരോ ഏട്ടിലും
അത്ഭുത ചിത്രങ്ങൾ വരച്ചുതീർത്തു.
അശ്വമേധത്തിന്നു വിഘ്നമായ്ത്തീരാതെ.
ആ മഹായാഗാഗ്നിയെയണയാതെ നിർത്തുവാൻ
ആയിരം കർമ്മങ്ങൾ-സൽക്കർമ്മങ്ങൾ ചെയ്യുവാൻ
ആ മഹാശ്വത്തെ നീ ബന്ധിച്ചു നിർത്തിയോ?
സന്തോഷഭരിതമായ് ജീവിതം താണ്ടുവാൻ
സന്തത സഹചാരിയായ് ചേർത്തുനിർത്തി.
ജീവിത സമുദ്രത്തിന്നാഴവും പരപ്പുമാ-
പ്രേമാഗ്നി തന്നിൽ ജ്വലിപ്പിച്ചു നീ.
നാൾക്കുനാളഗ്നി ജ്വലിപ്പിച്ചു വീണ്ടുംവീണ്ടും
തീയൂതിയാക്കനൽക്കട്ടയങ്ങാളിയാളി
കത്തിജ്വലിച്ചാഭയേകി നിന്നീടുമ്പോ-
ളൊരുനാളിതാ ദുഃഖം വന്നണഞ്ഞു.
ഊതിയൂതിക്കനൽക്കൂമ്പാരം ജ്വലിപ്പിക്കാ-
നാവോളം പാഴ്ശ്രമം ചെയ്തെങ്കിലും.
ഒരു നിശ്വാസമൊരു മഴത്തുള്ളിയായ്
മീതെപ്പതിച്ചതും അന്നീക്കനൽ കെട്ടടങ്ങി.
അതിൽ നിന്നുയരുമാ ധൂമ പടലങ്ങൾ
എന്നെ മറച്ചിതോ? വീണ്ടുമൊരു കാർമേഘമായ്
ആ-കനൽക്കട്ടയങ്ങാറിത്തണുത്തുവോ?
ഒരുവേളയവയിനി ഉയിർത്തെഴുന്നേൽക്കുമോ?
തീനാമ്പുകളിനിയുമേ മിന്നിത്തിളങ്ങുമോ?
ഇനിയുമൊരു മഹാജ്വാലയായ് വെളിച്ചംപരത്തുമോ?
ഉയിരായെൻ ഹൃദയത്തിൽ കത്തിജ്വലിക്കുമോ?
കൺമുന്നിലെന്നും ജ്വലിച്ചുനിന്നിട്ടെന്നെ
വിണ്ണോളമുയർത്തിയ ആ മഹാജ്വാലയെ
ഇനി കത്തില്ലയെങ്കിലും എന്നെന്നുമോർക്കട്ടെ
ഈ കവിത തൻ ശ്വാസ നിശ്വാസ വചനങ്ങളാൽ!



*നവതിയിലെത്തിയ പ്രശസ്ത സിനിമാനടൻ പത്മശ്രീ മധുവിനെ വിദ്യാധിരാജാ അക്ഷര ശ്ലോകസമിതിക്കു വേണ്ടി ജി. രാമവർമ്മ പൊന്നാടയണിയിച്ചാദരിക്കുന്നു. വലത്ത് എ.സി. ഗോദവർമ്മ*

## ഡോക്ടറേറ്റ് നേടി



തമിഴ്നാട് NI University യിൽ നിന്നും മാനേജ്മെന്റ് സ്റ്റഡീസിൽ Ph.D. നേടിയ **ഡോ. നാരായണൻ പണ്ടാല സി.ആർ.** കഴക്കൂട്ടം മരിയൻ കോളേജിൽ അസി. പ്രൊഫസറും തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ ഇപ്പോഴത്തെ വൈസ് പ്രസിഡന്റുമാണ്. കൊട്ടാരക്കര ചിറ്റൂർ മഠത്തിൽ പരേതരായ രവിവർമ്മ പണ്ടാലയുടെയും കമലാംബിക കോവിലമ്മയുടെയും മകനാണ്. കോട്ടയം മറിയപ്പള്ളി പാലസിൽ ശ്രീകല വർമ്മ (LSGD ഉദ്യോഗസ്ഥ) യാണ് ഭാര്യ. മക്കൾ: പൂർണ്ണിമ വർമ്മ, വിനായക് വർമ്മ. മരുമകൻ: വിഷ്ണു

# SREEKRISHNA BALALEELA - 5



**Dr. Kumuda Bai**
Poonjar

Unnikrishna enthralled the people of Vrajam especially the Gopis with his charming plays of childhood. On getting up he would first go to mother Yasoda to be fed with breast milk , then to his father to play. He would sing and dance to please him.Sitting astride his back he would ask him to go on all fours like an elephant.Or demand to bring the Sun in the sky as a toy for him and when Nandagopa couldn't , he would surprise him by making an illusion of the Sun coming to his hands as a ball. He would play with that and send it back to the sky.He would carry his wooden puppet to Yasoda asking her to breastfeed the baby and if she was not obliging he would forcefully put her breast to its mouth. He would bathe,dress and put it to sleep.Looking at his own reflection on the glass wall he would smile, dance and hug him as his friend . Gopis hurriedly finished their household chores to come and watch all his childish pranks.When he visited them in their houses they could cajole him to do anything for a reward of fresh butter and milk.He obeyed them like a servant, exemplifying to the whole world that He is a servant of His devotees!He immersed them in total Blissful happiness!

Once an old lady selling fruits was passing through the streets. Krishna ran to her with a handful of grains, spilling most of it on the way, and put the few that were left into her basket and extended his palms for fruits.Taken up by his charm and innocence, she filled the cute lotus hands with fruits and Kannan ran back happily. She was wonderstruck to find her basket full of precious gems!

Ambadi Gokulam, where Rama and Krishna were growing up, was in a large forest and Bhagavan wished to have a change of scene for his leelas.This worked through the senior Gopas who recounted the various calamities endangering Krishna from birth and his narrow escapes from them.Upananda, an old and knowledgeable person, suggested that for the safety of the child they better shift the Vrajam to Vrindavan. He knew of this place with holy hills and lush green pastures for the cows on the banks of river Yamuna with plenty of water throughout the year, very suitable for a cattle raising community. Everybody agreed and they packed and started on their journey with ladies and children on bullock-carts, cattle and others on foot.With Balarama and Krishna to entertain them on the way nobody felt any strain of the travel.They built new houses with mud, bamboo, leaves,and wood in a half circle design and sheds for the cattle and settled down there happily. Rama and Krishna loitered around the area and were very pleased with the beauty of Vrindavan,Govardhan mountain and the sandy banks of Yamuna river.

Rama and Krishna joined the boys of same age to take the calves for grazing.After letting the calves free in a grassy field not far off from the Vrajam, they engaged in various games,played music on flute,danced like peacocks,sang like koyals, walked like swans,

# അവിരാമം

**കുമാരി വർമ്മ**
മാങ്കാവ്, കോഴിക്കോട്
മൊ. 8547813429



അവിരാമം ഒഴുകുമീ ജീവിത സാഗരത്തിൽ
മതി കെട്ടുഴലുന്നു മനുഷ്യ ജന്മങ്ങൾ നിത്യം
മോഹങ്ങൾ അവിരാമം തിരതല്ലി വന്നീടുമ്പോൾ
മോഹിച്ചതൊക്കെയും സ്വന്തമാക്കുവാൻ മോഹം

കുറ്റകൃത്യങ്ങൾ പെരുകുന്നു ഈ ലോകത്തിങ്കൽ
മനുഷ്യന്റെ ജീവന് തീരെയും വിലയില്ല
ജീവിതം സമ്പൽക്കരമാക്കാൻ നെട്ടോട്ടം ഓടുന്നു ചിലർ
ജീവിതം നശിപ്പിക്കാനായി വേറെ ചില ജന്മങ്ങളും

ഓർക്കുകിൽ വെറും വ്യാമോഹം ഈ ജീവിതം
മരണം, അത് മാത്രമേ സത്യമായിട്ടുള്ളു
ആകയാൽ അവിരാമം ഈശനെ ഉള്ളിൽ വെച്ച്
സൽക്കർമ്മങ്ങൾ ചെയ്ത് ജീവിതം വെടിയുക

ലഹരി വലയത്തിൽ പെട്ടു നശിച്ചീടുന്നു യുവത്വവും
പെറ്റ മാതാവിനേയും ബന്ധുക്കളേയും മറന്നങ്ങിനെ
മോഹാന്ധകാരത്തിൽ പെട്ട് പോയാൽ പിന്നെ
ഒരു തിരിച്ചുവരവ് അസാദ്ധ്യമെന്നോർത്തീടുക

ചുറ്റുമുള്ള ജീവിതങ്ങൾ ഒന്ന് നോക്കീടുക
ഒരുപിടി അന്നത്തിനായ് ബുദ്ധിമുട്ടുന്നവരാണേറെ
വേദനിക്കുന്നവർ തൻ രോദനം കാതോർക്കുക
അവരുടെ കണ്ണീരൊപ്പാൻ അവിരാമം ശ്രമിക്കുക.

---


→

hang on to monkeys' tails jumping from branches of trees attracting the attention of those animals and birds. Sarveswara enjoyed playing with his friends just like one of them.

Once an asura sent by Kamsa to kill Krishna came there in the guise of a baby bull.Bhagavan noticed this and secretly conveyed a message to Balarama.He slowly approached it, caressing the other calves on his way. In a brisk move he caught hold of its hindlegs and tail,lifted and whirled it overhead many times and threw it at a big tree with full force.It died instantly assuming the mountainous form of the asura. Krishna's friends praised their leader for demolishing Valsasura and saving them from danger.

Another day the boys led the calves to a pond to water them.A giant stork was standing there awaiting Krishna.It was Bakasura, brother of Poothana,looking for a chance to avenge her death. It rushed to SriKrishna and swallowed him whole. Krishna's friends fainted on the spot. Baka's mouth burned as if he had gulped a fireball. He spat out the boy and tried to kill him with its huge beaks.But Krishna easily caught its beaks in each hand and tore the bird , the gigantic demon's body falling apart lifeless in two halves.Devas showered heavenly flowers from above.The boys regained consciousness with a merciful glance from Bhagavan. Seeing their friend safe and the asura dead,they were happy and relieved.Some prostrated at Krishna's feet,others hugged him.

Vrindavanam witnessed many more of his leelas and the Vrajavasis spent time praising and singing his superhuman activities and enchanting plays blissfully unaware of any sorrows of this world. ●



# റായ്പ്പൂരിലെ സൂര്യതേജസ്സ് !



**രമേശ്ചന്ദ്ര വർമ്മ ആർ.**
കോട്ടക്കൽ, മലപ്പുറം
മൊ. 9249337928

**ഡോ. ഗായത്രി വർമ്മ ആർ.**
കോട്ടക്കൽ, മലപ്പുറം
മൊ. 9249337927

കാടും കടലും എന്നും മനുഷ്യന് ഊർജ്ജം പകരുന്ന കാഴ്ചകളാണ്; എത്ര കണ്ടാലും മതിവരില്ല. മനുഷ്യമനസ്സിന്റെ അടിത്തട്ടിലേക്കിറങ്ങിച്ചെല്ലുവാൻ കാടിനോളം, കടലിനോളം മറ്റൊന്നിനുമാവില്ല! ഇത് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ വിളിച്ചറിയിക്കുന്നു!

എന്നാൽ ഒരു നിബിഡ വനവും അതോടൊപ്പം വരുകാലങ്ങളിലെ ഊർജ്ജ പ്രതിസന്ധികളെ തരണം ചെയ്യാനുതകുന്ന ഒന്നാന്തരം ഒരു സൗരോർജ്ജ പാർക്കും കൂടി ഒത്തുചേർന്നാലോ? അതിന്റെ മനോഹാരിത ഒന്നു വേറെ തന്നെ! ഇതാണ് ഛത്തിസ്ഗഡ് സംസ്ഥാനത്തിലെ റായ്പ്പൂരിൽ സ്ഥിതിചെയ്യുന്ന രാജീവ് ഗാന്ധി സ്മൃതിവനവും അതോടു തൊട്ടുനിൽക്കുന്ന സൗരോർജ്ജ പാർക്കും നമുക്കു സമ്മാനിക്കുന്ന കാഴ്ചകൾ!

Chattisgarh Renewable Energy Development Agency (CREDA) വികസിപ്പിച്ചെടുത്തിരിക്കുന്ന സൗരോർജ്ജ പാർക്കും അതോടൊപ്പം സ്ഥിതിചെയ്യുന്ന നിബിഡ വനവും ആരുടെയും മനംകവരും! ഛത്തിസ്ഗഡിന്റെ തലസ്ഥാന നഗരിയായ, റായ്പ്പൂരിൽ നിന്നും ഏഴു കിലോമീറ്റർ അകലെ മാത്രം നിർമ്മിച്ചെടുത്തിരിക്കുന്ന പാർക്കും വനവും കാഴ്ചകൾ കണ്ടാസ്വദിക്കാനും ഒപ്പം പഠിക്കുവാനും ഉതകുന്ന തരത്തിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. രാജീവ് ഗാന്ധി സ്മൃതിവനത്തിൽ വിവധയിനം സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും പേരുകളും ചെറിയ വിവരണങ്ങളും ചേർത്തുവച്ചിരിക്കുന്നു. വനത്തിനു നടുവിലായി വലിയ ഒരു തടാകവും!

തടാകത്തിലൂടെ നമുക്ക് ബോട്ടിൽ സഞ്ചരിക്കാം! ഈ ബോട്ടാവട്ടെ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ബോട്ടാണ് എന്നത് ഏറെ കൗതുകകരം! സൂര്യനിൽ നിന്നു ലഭിക്കുന്ന ഊർജ്ജം ബാറ്ററികളിലേക്ക് സംഭരിച്ച് ബാറ്ററി കൊണ്ട് പ്രവർത്തിപ്പിക്കുന്ന ബോട്ടിലൂടെ യാത്ര ചെയ്യാം!

ധാരാളം വിനോദസഞ്ചാരികൾ വരുന്ന ഊർജ്ജ പാർക്കിലെ എല്ലാ സൗകര്യങ്ങളും പ്രകൃതിക്കനുയോജ്യമായവ തന്നെ! ഇ-ടോയ്ലെറ്റ്, സോളാർ ലാംപ് പോസ്റ്റ്, സോളാർ ഓപ്പറേറ്റഡ് ടോയ് കാറുകൾ എന്നിങ്ങനെ ഒരു നീണ്ട നിരതന്നെ സജ്ജമാക്കിയിട്ടുണ്ട്.

കേട്ടു പഠിക്കുവാനും കണ്ടു പഠിക്കുവാനും സഹായകരമായ രീതിയിൽ രൂപപ്പെടുത്തിയിരിക്കുന്ന ഒരു ഊർജ്ജ മ്യൂസിയവും നമുക്കു കാണാം.

പരമ്പരാഗത ഊർജ്ജ സ്രോതസ്സുകൾ ഭാവിയിൽ ഇല്ലാതെയാവുമെന്നും വരുംകാലത്തെ



*ഊർജ്ജ പാർക്കിലെ ഉദയസൂര്യൻ*




*രാജീവ് ഗാന്ധി സ്മൃതിവനം*

മുന്നിൽക്കണ്ട് ചില മുൻകരുതലുകൾ നാം എടുക്കേണ്ടതുണ്ടെന്നും ഓർമ്മപ്പെടുത്തുന്ന വിവരണവും ഒപ്പം നൽകുന്നുണ്ട്.

ഊർജ്ജത്തിന്റെ ചരിത്രവും വിജ്ഞാനവും വെല്ലുവിളികളും എല്ലാംകൂടി സമന്വയിപ്പിച്ചെടുത്തിരിക്കുന്ന വിവരണങ്ങൾ നമ്മെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ക്രിസ്തുവിനു മുമ്പ് (700 BC) മുതലുള്ള ചരിത്രം ആൽബർട്ട് ഐൻസ്റ്റീനിലൂടെ കടന്ന് (1905) ഏതാണ്ട് 2000 AD വരെ എത്തിനിൽക്കുന്ന ഊർജ്ജ ചരിത്രം വിസ്മയിപ്പിക്കുക തന്നെ ചെയ്യും!

തിരമാലകളിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുവാനുള്ള സാധ്യതകൾ, കാറ്റാടിയന്ത്രങ്ങളുടെ പ്രവർത്തനത്തിലൂടെ ഊർജ്ജം ഉല്പാദിപ്പിക്കേണ്ട വിധങ്ങൾ എന്നിങ്ങനെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഒരു രൂപം നമുക്കു ലഭിക്കുമെന്ന കാര്യത്തിൽ തർക്കമില്ല!

'മുപ്പത്തിയാറു കോട്ടകളുടെ നാട്' എന്നത്രേ ഛത്തിസ്ഗഡ് എന്ന പേരിനർത്ഥം! ധാരാളം വനപ്രദേശം ഉൾക്കൊള്ളുന്ന ഛത്തീസ്ഗഡ് ചരിത്രപ്രധാനമായ 'കോസല രാജ്യം' എന്നുമറിയപ്പെടുന്നു. ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ജാർഘണ്ട്, ഒഡീഷ ആന്ധ്രാപ്രദേശ്, തെലങ്കാന എന്നിങ്ങനെ ഏഴു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ഛത്തിസ്ഗഡ് സംസ്ഥാനം 2000 നവംബർ 1 നാണ് രൂപീകൃതമായത്. റായ്പ്പൂർ തലസ്ഥാനമായി രൂപീകരിച്ച ഛത്തീസ്ഗഡ് സംസ്ഥാനത്തിലൂടെ സഞ്ചരിക്കുമ്പോൾ ഒട്ടനവധി ക്ഷേത്രങ്ങളും നമുക്കു കാണാൻ സാധിക്കും. വിഷ്ണുക്ഷേത്രങ്ങളും, ശിവക്ഷേത്രങ്ങളും വളരെ പുരാതനമായവ ഇവിടെ സ്ഥിതിചെയ്യുന്നു.

രാജിം എന്ന സ്ഥലത്ത് (റായ്പ്പൂരിൽ നിന്നും ഏകദേശം മുപ്പത് കി.മീ. അകലെ) സ്ഥിതിചെയ്യുന്ന രാജീവ്ലോചൻ ക്ഷേത്രത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് (7th Century).

രാജിമിൽ മഹാനദിയുടെ ഒത്ത മദ്ധ്യത്തായി സ്ഥിതിചെയ്യുന്ന പുരാതനമായ ശിവക്ഷേത്രവും നമ്മെ അതിശയിപ്പിക്കുന്നു. തൂക്കുപാലത്തിലൂടെ ഏതാണ്ട് ഒരു കിലോമീറ്റർ നടന്നുവേണം ക്ഷേത്രസന്നിധിയിലെത്താൻ! ഛത്തീസ്ഗഡിന്റെ ഗംഗയാണ് മഹാനദി! പയറീ നദി, സോണ്ടൂർ നദി, മഹാനദി എന്നിവയുടെ സംഗമസ്ഥലമാണ് രാജിം. ഈ ത്രിവേണീ സംഗമത്തിലെ ശിവരാത്രി മഹോത്സവം കുംഭമേളയെ അനുസ്മരിപ്പിക്കുന്നതാണ്. ഒരുതരത്തിൽ ഛത്തീസ്ഗഡിലെ കുംഭമേള എന്നുതന്നെ ഇതിനെ വിശേഷിപ്പിക്കാം!

സൂര്യതേജസ്സും, കാടും മരങ്ങളും പുരാണങ്ങളും ഐതിഹ്യങ്ങളും ക്ഷേത്രങ്ങളും കൊത്തുപണികളും ടെമ്പിൾ ആർക്കിടെക്ചറും ശിൽപ്പങ്ങളും സങ്കൽപ്പങ്ങളും മാടിവിളിക്കുന്നു; ഛത്തീസ്ഗഡിലേക്കു വരൂ! വിസ്മയങ്ങളുടെ ഒരു കലവറ ദാ നിങ്ങൾക്കായി ഒരുക്കിവച്ചിരിക്കുന്നു! ●

## അഭിനന്ദനങ്ങൾ



മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് അർഹനായ കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലെ സീനിയർ CPO **ദിലീപ് വർമ്മ**. കോട്ടയം തെക്കുംകൂർ പാലസിൽ (ഇടത്തിൽ) പരേതനായ വേണുഗോപാല വർമ്മയുടെയും നന്ദിനി തമ്പാട്ടിയുടെയും മകനാണ്. ഭാര്യ: രമ്യ എൻ. മക്കൾ: ഗായത്രി വർമ്മ, കൈലാസ് വർമ്മ. (രണ്ടുപേരും വിദ്യാർത്ഥികൾ)

## പുസ്തകജാലകം




# അനുപമമായ ഒരു ഗീതാവ്യാഖ്യാനം

**ആർ. മനോജ് വർമ്മ**
തിരുവല്ല

(1) മഹാഭാരതാന്തർഗ്ഗതമായ ഭഗവദ്ഗീതയ്ക്ക് ഒരു സ്വതന്ത്ര ഗ്രന്ഥമെന്ന സമ്മതിയും പ്രചാരവും പകർന്നത് ഭഗവാൻ ഭാഷ്യകാരൻ ശങ്കരാചാര്യ സ്വാമികളാവണം. അദ്ദേഹത്തിന് പിൻപേ വിശിഷ്ടാദ്വൈത, ദ്വൈതാദി വിവിധ സമ്പ്രദായങ്ങളിൽ താന്താങ്ങളുടെ ഭാവത്തിൽ വ്യാഖ്യാനങ്ങളുണ്ടായി. ആധുനികകാലത്ത് ലോകമാന്യ തിലകന്റെ 'ഗീതാരഹസ്യം', അദ്ദേഹത്തിന്റെ ശിഷ്യകല്പനായ മഹാത്മാഗാന്ധിയുടെ 'അനാസക്തിയോഗം', ഗാന്ധിശിഷ്യനും ബഹുഭാഷാപണ്ഡിതനും മഹാ കർമ്മയോഗിയുമായ ആചാര്യ വിനോബാ ഭാവെയുടെ 'ഗീതാപ്രവചനം' എന്നിവ ശാങ്കരപക്ഷം വിട്ട് കർമ്മയോഗത്തിനു പ്രാമുഖ്യം നൽകിയ വ്യാഖ്യാനങ്ങളാണ്. ഗോരഖ്പൂർ ഗീതാപ്രസ്സിന്നായി ജയദയാൽ ഗോയങ്കയും 'ഇസ്കോണി'നായി എ.സി. ഭക്തിവേദാന്ത പ്രഭുപാദരും നിർവ്വഹിച്ച വ്യാഖ്യാനങ്ങൾ ലക്ഷക്കണക്കിനു ജിജ്ഞാസുക്കളിൽ ചെന്നെത്തി. ചിന്മയാനന്ദ സ്വാമികൾ ഗീതാജ്ഞാന യജ്ഞങ്ങൾ വഴിക്കും തന്റെ സുവിശദമായ വ്യാഖ്യാനം വഴിക്കും ഗീതാസന്ദേശം പ്രചരിപ്പിച്ചു. ശ്രീരാമകൃഷ്ണ പ്രസ്ഥാനത്തിന്റെ ആഗോളാധ്യക്ഷനായിരുന്ന ശ്രീമദ് രംഗനാഥാനന്ദ സ്വാമികളുടെ മൂന്നു വാല്യങ്ങളുള്ള ഗീതാവ്യാഖ്യാനം ആധുനിക ശാസ്ത്രത്തിന്റെയും ജീവിതാവശ്യങ്ങളുടെയും പശ്ചാത്തലത്തിൽ ഗീതയെ വ്യാഖ്യാനിക്കുന്ന ഗംഭീര കൃതിയാണ്.

മലയാളത്തിൽ മഹാ തപസ്വിയും പണ്ഡിതനുമായ പ്രകാശാനന്ദ സ്വാമികൾ രചിച്ച 'സാധനാബോധിനി' എന്ന പ്രൗഢ വ്യാഖ്യാനം ശാങ്കരഭാഷ്യത്തെ അനുവർത്തിച്ചുള്ളതാണ്. ആധുനിക മനശ്ശാസ്ത്രത്തിനും യുക്തിചിന്തയ്ക്കും അനുസൃതമായി നിത്യചൈതന്യയതി രചിച്ച ജ്യേഷ്ഠാനുജ സംവാദരൂപത്തിലുള്ള 'ഭഗവദ്ഗീതാസ്വാദ്ധ്യായം', പദച്ഛേദം, അന്വയം, അർത്ഥം എന്നിവ സഹിതം ഒരു സംസ്കൃത ഭാഷാപഠനം കൂടിയാവുന്ന വിസ്തൃത വ്യാഖ്യാനമാണ്. പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ ജീവന്മുക്തനും സത്യസാക്ഷാത്കൃതനുമായ ഒരു മഹാപുരുഷനായിരുന്നു. അദ്ദേഹത്തിന്റെ 'ശിവാരവിന്ദം മഹാഭാഷ്യം' കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധം ചെയ്തിട്ടുണ്ട്. അനുഭൂതിസമ്പന്നനും സാധകാനുഗ്രഹവ്യഗ്രനുമായ ഒരു സദ്ഗുരുവിന്റെ ഹൃദയഭാഷണം നമുക്കതിൽ കേൾക്കാം. ഒരു സംസ്കൃതേതര ഭാഷയിലെ ആദ്യ ഗീതാവ്യാഖ്യാനമായ ജ്ഞാനേശ്വർ മഹാരാജിന്റെ 'ജ്ഞാനേശ്വരി'ക്ക്



**Srimad Bhagavad Gita: Elixir of Eternal Wisdom - Vyasoushadham.**

By Ramanacharanathirtha Nochur Venkataraman

**www.voiceofrishis.org** എന്ന വിലാസത്തിൽ ഈ പുസ്തകം ലഭ്യമാണ്.

മലയാളത്തിൽ ഒന്നിലധികം തർജ്ജമകൾ വന്നിട്ടുണ്ട്.

മുൻപറഞ്ഞ വ്യാഖ്യാനങ്ങളെല്ലാം ശ്രദ്ധാപൂർവ്വം അനുസന്ധാനം ചെയ്യാൻ ശ്രമിച്ചിട്ടുള്ള ഒരാളെന്ന നിലയിൽ, രണ്ടു വ്യാഴവട്ടക്കാലമായെങ്കിലും ഗീതാനുദ്ധ്യാനം ഒരു നിത്യാനുഷ്ഠാനമായി ശീലിച്ച ഒരാളെന്ന നിലയിൽ, പുതിയൊരു വ്യാഖ്യാനത്തെ അവതരിപ്പിച്ചുകൊള്ളട്ടെ. രമണചരണതീർത്ഥ ബ്രഹ്മശ്രീ നൊച്ചൂർ വെങ്കട്ടരാമൻ രചിച്ച 'വ്യാസൗഷധം' എന്ന ഗീതാവ്യാഖ്യാനമാണത്. നമ്മുടെ കാലത്ത്, നാം ശ്വസിക്കുന്ന വായു ശ്വസിച്ച് ജീവിക്കുന്ന, ജീവൻമുക്തനും സത്യസാക്ഷാത്കൃതാത്മാവുമായ ഒരു മഹാപുരുഷനാണ് ശ്രീ നൊച്ചൂർ സ്വാമിയെന്ന് അവിടുത്തെ സത്സംഗങ്ങൾ നേരിട്ടോ നവമാധ്യമാങ്ങളിലൂടെയോ അനുഭവിച്ചിട്ടുള്ളവർക്ക് അറിയാം. കൗമാരകാലം മുതൽ തുടർന്നുവന്ന ശ്രവണ, മനന, നിദിധ്യാസനങ്ങളും ഈശ്വര ഗുരുകൃപയാൽ സിദ്ധമായ ആത്മാനുഭവവും കൊണ്ട് പൂർണ്ണമായ ഹൃദയത്തോടെ ഭഗവദ്ഗീത എന്ന അമൃതത്തെ സർവസാധകർക്കുമായി പകർന്നുതരുന്ന ഒരു മഹാഗ്രന്ഥമാണ് സരളമായ ഈ ഇംഗ്ലീഷ് വ്യാഖ്യാനം.

(2) ഭഗവദ് ഗീത ഉപനിഷത്തും യോഗശാസ്ത്രവുമാണെന്ന് ഓരോ അധ്യായത്തിന്റെയും സമാപ്തി വാക്യങ്ങളിൽ കാണുന്നുണ്ടെങ്കിലും, സർവ്വവേദാർത്ഥസാരസംഗ്രഹഭൂതമായ സ്മൃതി ഗ്രന്ഥമാണിത് എന്ന് ഭഗവാൻ ഭാഷ്യകാരൻ പറഞ്ഞിട്ടുണ്ടെങ്കിലും, അത് പ്രത്യക്ഷരം ശരിയാണെങ്കിലും, ഗീതയെ ഒരു കാവ്യമായി കാണാം എന്നാണ് ഇതെഴുതുന്നയാളിന്റെ വിനീതാഭിപ്രായം. ഭഗവാൻ ശ്രീകൃഷ്ണനെപ്പോലെ ഒരു പൂർണ്ണാവതാരപുരുഷന് തന്നിൽ ശരണാഗതിയടഞ്ഞ നിസ്സഹായനായ സുഹൃത്തിനോട് തത്ത്വം ഉപദേശിക്കണമെങ്കിൽ, അവനെ വ്യാമോഹവിമുക്തനും, കർമ്മോദ്യുക്തനും, ജ്ഞാനിയും ആക്കണമെങ്കിൽ, 'തത്ത്വമസി ശ്വേതകേതോ!' എന്നതുപോലെ ഒരു മഹാവാക്യോപദേശം മതിയാകുമായിരുന്നു. 'പ്രവൃത്തേ ശസ്ത്രസംപാതേ' (ക:20), ശസ്ത്രാസ്ത്രപ്രയോഗം തുടങ്ങിയ ഒരു യുദ്ധഭൂമിയിൽ, അതായിരുന്നു കൂടുതൽ സംഗതവും. പിന്നെ പതിനെട്ട് അദ്ധ്യായങ്ങളും 700 ശ്ലോകങ്ങളുമായി വിസ്തരിച്ചൊരു ഉപന്യാസം എന്തിനായിരുന്നു?

അത് മുമുക്ഷുക്കളും ജിജ്ഞാസുക്കളുമായ വരുംകാല സാധകർക്കെല്ലാം പോരാ, ആർത്തർക്കും ജിജ്ഞാസുക്കൾക്കും അർത്ഥാർത്ഥികൾക്കും ജ്ഞാനികൾക്കും വഴിവെളിച്ചമാകാനായിരുന്നു. ദൈർഘ്യമോ അദ്ധ്യായവിഭജനമോ മാത്രമല്ല ഈ ഉപദർശനത്തിനു നിദാനം. യുദ്ധഭൂമിയിലെ അവതരണം, നാടകീയമായ തുടക്കം, ആശയങ്ങളുടെ കാവ്യാത്മകമായ ആവർത്തനം, ആത്മ, കർമ്മ, യോഗാദി ശബ്ദങ്ങളുടെ ബഹ്വർത്ഥമായ വിനിയോഗം, സരളവും ഗാനാത്മകവുമായ ഭാഷ, എന്നിങ്ങനെ പല സൂചനകളാലും ഇതൊരു കാവ്യമാണ് ഗീതമാണ് എന്നു ധരിക്കാവുന്നതാണ്. പിന്നെയെങ്ങനെയാണിത് ഉപനിഷത്തും യോഗശാസ്ത്രവുമാവുന്നത്? അതിനൊരു പ്രധാന കാരണമുണ്ട്.

ഗീത പുരുഷോത്തമനായ ശ്രീകൃഷ്ണന്റെ വാക്കുകളാണെന്നു കരുതിയാലും, ഭഗവാൻ വേദവ്യാസന്റെ കൃതിയാണെന്നു കരുതിയാലും, ബ്രഹ്മതാദാത്മ്യം വന്ന ഒരു മഹാപുരുഷന്റെ മുഖത്തുനിന്നാണ് അത് നിർഗ്ഗളിച്ചത്. 'ബ്രഹ്മവിദ് ബ്രഹ്മൈവ ഭവതി' എന്ന് ശ്രുതി. അത്തരമൊരാൾ ഉച്ചരിക്കുന്നതെന്തും സത്യമാണ്, ശാസ്ത്രമാണ്, ഉപനിഷത്താണ്. അസാരമായി ഒന്നും അവരിൽ നിന്ന് ഉദിക്കയില്ല. സാധനയുടെ, സാക്ഷാത്കാരത്തിന്റെ, വിവിധ നിലകളിൽ നിൽക്കുന്ന സർവ്വകാലത്തെയും മുമുക്ഷുക്കൾക്ക് മാർഗ്ഗനിർദ്ദേശവും, സംശയനിവാരണവും, ആത്മവിശ്വാസവും, അനുഗ്രഹവും അരുളുക എന്നതാണ് ഭഗവദ്ഗീതയുടെ ലക്ഷ്യം. ഈ ലക്ഷ്യത്തെ സാധകാനുഗ്രഹം എന്ന ലക്ഷ്യത്തെ സർവ്വഥാ പുരസ്കരിച്ചെഴുതിയതാകുന്നു 'വ്യാസൗഷധം' എന്ന ഈ വ്യാഖ്യാനം.

6.5 x 9.5 ഇഞ്ച് വലിപ്പത്തിൽ മൂന്നു വാല്യങ്ങളിലായി 1400 പേജുള്ള ഒരു ബൃഹദ് ഗ്രന്ഥമാണിത്. മിക്കവാറും ശ്ലോകങ്ങൾക്ക് ഒന്നിലേറെ പേജു വരുന്ന വിശദമായ വ്യാഖ്യാനം ഇത് നൽകുന്നു. ചിലേടത്ത് അഞ്ചും ആറും പേജിലേക്ക് വ്യാഖ്യാനം പരക്കുന്നു. എന്നാൽ ഇതല്ലേയല്ല ഈ ഗ്രന്ഥത്തിന്റെ വൈശിഷ്ട്യം. ഗീതാകാരനായ ഭഗവാനെ സ്വാത്മാന്തർഹിതനായി തിരിച്ചറിഞ്ഞ്, അവിടുത്തോട് താദാത്മ്യം പ്രാപിച്ച്, ജീവബ്രഹ്മൈക്യം എന്ന വിട്ടുവീഴ്ചയില്ലാത്ത അദ്വൈത ഭാവന

യിലാണ് ഓരോ ശ്ലോകവും വ്യാഖ്യാനിച്ചിരിക്കുന്നത്. സാംഖ്യമോ (ജ്ഞാനയോഗം) യോഗമോ (കർമ്മയോഗം) ഏതാണ് ഭഗവാൻ ഉപദേശിക്കുന്നത് എന്ന സംശയം അർജ്ജുനനുതന്നെ ഉണ്ടാകുന്ന വിധത്തിൽ പല തട്ടിലും പല ഭാവത്തിലുമുള്ള സാധകരെ മുൻപിൽകണ്ട് രചിക്കപ്പെട്ട ഗീതയിൽ ദ്വൈതാദ്വൈതവിശിഷ്ടാദ്വൈത മതങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ മാത്രം കണ്ണിലൂടെ വ്യാഖ്യാനിക്കുന്ന പണ്ഡിതന്മാർക്ക് അസാരം പാഠവിമർദ്ദനം (text torturing എന്ന് വിവേകാനന്ദസ്വാമികൾ) നടത്തേണ്ടിവരും. എന്നാൽ സർവ്വ ഭേദബുദ്ധിയെയും ഉന്മൂലനം ചെയ്യുന്ന, ശരീരമനോബുദ്ധികളെയും പ്രപഞ്ചത്തെത്തന്നെയും അസത്തായി കാണുന്ന, 'ഞാൻ', 'ഞാൻ' എന്നു സർവ്വരിലും സദാ സ്ഫുരിക്കുന്ന ആത്മവസ്തു ഒന്നു മാത്രം സത്തായി കാണുന്ന, അനുഭൂതിയുടെ മണ്ഡലത്തിൽ നിൽക്കുന്ന ഒരു ജ്ഞാനനിഷ്ഠന് മുൻപറഞ്ഞ ദ്വന്ദങ്ങളെല്ലാം (ജ്ഞാനംഃകർമ്മം, ജീവാത്മാവ്ഃപരമാത്മാവ്, ദൃക്ഃദൃശ്യം) പ്രതീതി മാത്രം. അതുകൊണ്ടുതന്നെ, അവയനുസരിച്ചുള്ള ഉപദേശങ്ങളെല്ലാം കേവലം വ്യാവഹാരികാർത്ഥത്തിൽ മാത്രമാണെന്നും സത്യവസ്തു സച്ചിദാനന്ദഘനമായ, ഏകം ഏവാദ്വിതീയം ആണെന്നും പദാനുപദം ഓർമ്മപ്പെടുത്തുന്ന അദ്വൈത നിഷ്ഠയാണ് ഈ ഗ്രന്ഥത്തിന്റെ സവിശേഷത.

(3) മുൻപു സൂചിപ്പിച്ച വ്യാഖ്യാതാക്കളിൽ പ്രകാശാനന്ദ സ്വാമികൾ ഒഴികെയുള്ളവർ ശാങ്കരഭാഷ്യത്തെ ഒരു കൈയകലത്തിൽ നിർത്തി വ്യാഖ്യാനിക്കുന്നതായിട്ടാണ് തോന്നിയിട്ടുള്ളത്. തന്റെ കാലദേശങ്ങൾക്കനുസരിച്ചും അദ്വൈത മതസ്ഥാപനാർത്ഥവും ജ്ഞാനകർമ്മ സമുച്ചയദോഷത്തെ സദാ അകറ്റിനിർത്തിയും ആണ് ആചാര്യസ്വാമികൾ തന്റെ ഭാഷ്യം നിർവഹിച്ചിട്ടുള്ളത് എന്നതിനാൽ അതിൽനിന്ന് ആധുനിക വ്യാഖ്യാതാക്കൾ ഒരൽപ്പം അകലം പാലിക്കുന്നത് അനുചിതമല്ലായിരിക്കാം. എന്നാൽ, പദാർത്ഥ, വാക്യാർത്ഥ നിർണ്ണയത്തിൽ ആചാര്യപാദരെ ഉപജീവിച്ചും താത്പര്യ, സാംഗത്യനിർണയത്തിൽ സ്വാനുഭവത്തിലൂന്നിയുമാണ് നൊച്ചൂർ സ്വാമികൾ ഈ വ്യാഖ്യാനം നിർവ്വഹിച്ചിട്ടുള്ളത്.

മറ്റൊരു പ്രധാന ഉപജീവനം ഭാഗവതത്തിലാകുന്നു. യഥോചിതം ഭാഗവത വാക്യങ്ങൾ ഉദ്ധരിച്ചാണ് മിക്കവാറും എല്ലാ ശ്ലോകങ്ങളും ഇതിൽ വ്യാഖ്യാനിച്ചിട്ടുള്ളത്. എന്നാൽ സ്വാമിയുടെ അഭിപ്രായത്തിൽ ഗീതയുടെ അധിഷ്ഠാനം കഠോപനിഷത്തിലാകുന്നു. അതാതിടങ്ങളിൽ കഠോപനിഷത് മന്ത്രങ്ങൾ ഗീതാവാക്യസ്രോതസ്സുകളായി നിബന്ധിച്ചിരിക്കുന്നത് ഉപനിഷത് പഠിതാക്കളെ പൂർവ്വാധികം ഉത്സുകരാക്കും. ഉപനിഷത്തുകളുടെ മായികമായ സാന്ധ്യഭാഷയിലും വൈദികമായ കൽപ്പനകളിലും ശ്രദ്ധ ശകലിതമാകുന്നവർക്ക് ഗീതയുടെ വെളിച്ചത്തിൽ തിരിച്ച് അവയിലേക്കു ചെല്ലാനും ഇതുപകരിക്കുന്നു.

ഈശം, കേനം, ഛാന്ദോഗ്യം, മഹാനാരായണം, ശ്വേതാശ്വതരം തുടങ്ങി മറ്റുപനിഷത്തുകളിൽ നിന്നും മന്ത്രങ്ങൾ ഗീതയുടെ പ്രമാണങ്ങളായി ചേർത്തിട്ടുണ്ട്. അങ്ങനെ, 'സർവ്വോപനിഷദോ ഗാവോ ദോഗ്ദ്ധാ ഗോപാലനന്ദന, പാർത്ഥോ വത്സ സുധീർ ഭോക്താ ദുഗ്ദ്ധം ഗീതാമൃതം മഹത്' എന്ന ഗീതാധ്യാനശ്ലോകത്തിന്റെ താത്പര്യം ഉപനിഷത്തുക്കളെല്ലാം പശുക്കൾ, കറവക്കാരൻ കൃഷ്ണൻ, അർജ്ജുനൻ കന്നുകുട്ടി, സദ്ബുദ്ധിയുള്ളവർ പാനം ചെയ്യുന്നവർ, മഹത്തായ ഗീതാമൃതം ആ പാലുമാകുന്നു എന്ന സുന്ദരസത്യം സാർത്ഥകമാകുന്നു.

എന്നാൽ 'വ്യാസൗഷധം' എന്ന ഈ വ്യാഖ്യാനത്തെ അനന്യമാക്കുന്നത് ഇതരവ്യാഖ്യാനങ്ങളിൽ കാണാനാവാത്ത ചില ഉൾക്കാഴ്ച്ചകളാണ്. ഒന്നുരണ്ടുദാഹരണങ്ങൾ മാത്രം ഇവിടെ കുറിക്കാം. ഒന്നാം അദ്ധ്യായത്തിലെ "കൃപയാ പരയാവിഷ്ടോ വിഷീദന്നിദമബ്രവീത്" (ക:28) എന്ന വാക്യത്തിന് പരമമായ മനസ്സലിവു ബാധിച്ച് വിഷാദിയായ അർജ്ജുനൻ ഇങ്ങനെ പറഞ്ഞു എന്നാണ് സാമാന്യേന അർത്ഥം പറയാറ്. (അർജ്ജുനന്റെ മാനസികനില തെറ്റിയെന്നുവരെ ചിന്മയാനന്ദസ്വാമി തന്റെ വ്യാഖ്യാനത്തിൽ പറയുന്നു (p.27). എന്നാൽ ഇവിടെ നൊച്ചൂർ സ്വാമി പറയുന്നത്, ശ്രീകൃഷ്ണ പരമാത്മാവിന്റെ പരമകൃപയാൽ (grace) ആവിഷ്ടനായ അർജ്ജുനനിൽ വിഷാദവും, വീണ്ടുവിചാരവും, ശരണാഗതിയും ഉണ്ടായി എന്നാണ്. മുൻപും പല യുദ്ധങ്ങളിലും അർജ്ജുനൻ ഉറ്റവരെ എതിർത്തുതോൽപ്പിച്ചിട്ടുണ്ട്. അന്നൊന്നുമില്ലാത്ത ഈ വിഷാദം, പോരാ, വിഷാദയോഗം, ഇന്നുണ്ടായെങ്കിൽ അതിനു കാരണം മറ്റൊന്നല്ല. സർവ്വഭൂത

ഹൃദയനും ഹൃദയേശ്വരനുമായ കൃഷ്ണന്റെ സാന്നിധ്യം തന്നെ. ഇതൊരു കാതലായ, പരമ പ്രധാനമായ, തിരിച്ചറിവാണ്. അർജ്ജുനനെ ഇങ്ങനെ അർഹപാത്രമായി കാണുന്നതോടെ ശ്രീകൃഷ്ണൻ എന്ന ഗുരുവിന്റെ സാന്നിധ്യത്തിനും തുടർന്നുള്ള ഉപദേശത്തിനാകെയും മൂല്യമേറുന്നു.

മറ്റൊരു വ്യാഖ്യാന സന്ദർഭം നോക്കുക. 'ശക്നോതീഹൈവ യഃ സോഢും പ്രാക് ശരീര വിമോക്ഷണാത്/കാമക്രോധോദ്ഭവം വേഗം സ യുക്തഃ സ സുഖീ നരഃ' (VI:21) ഇതിന് സാധാരണ പറയാറുള്ള അർത്ഥം ശരീരപതനത്തിനു മുൻപ്, മരണത്തിനു മുൻപ്, കാമക്രോധോദ്ഭവങ്ങളായ ആവേഗങ്ങളെ അടക്കാൻ ആര് ശക്തനാകുന്നുവോ... എന്നാണ്. ശ്ലോകത്തിൽ ജീവൻ, പ്രാണൻ എന്ന വാക്കില്ല. പ്രാക് ശരീര വിമോക്ഷണാത് ശരീരം വിടുംമുൻപ് എന്നതിനോട് അന്വയിക്കാവുന്നത്, കാമക്രോധോദ്ഭവം എന്നതു മാത്രമാണ്. അപ്പോൾ അർത്ഥം, കാമക്രോധങ്ങളെ ജനിപ്പിക്കുന്ന ആവേഗങ്ങൾ ശരീരംവിട്ട് പുറത്തേക്ക് പ്രസരിക്കുന്നതിനു മുൻപ് അവയെ തടയാൻ ശക്തനാകുന്നവനാണ് യോഗയുക്തൻ, സുഖമുള്ളവൻ എന്നാകുന്നു. ഇതും കേവലം വ്യാകരണത്തിന്റെ വ്യായാമമല്ല. സാധകന് ഇതെങ്ങനെ ഫലിക്കുന്നു എന്നതിലാണ് ആചാര്യന്റെ ഊന്നൽ. കാമാക്രോധാവേഗങ്ങൾ മനസ്സിൽ മുളപൊട്ടിയാലും അവ പ്രവൃത്തമാകുംമുൻപ് അടക്കാൻ കഴിയുന്നവൻ പാതി ജയിച്ചു. അവിടെ ഒരു അന്തർമുഖത്വവും, തിരിച്ചറിവും കെട്ട വിപത്തുക്കളുടെ നിരോധവും ഉണ്ടാകുന്നു. അഭ്യാസ, വൈരാഗ്യങ്ങളാൽ മനസ്സിൽപ്പോലും അവ ഉദിക്കാതിരിക്കുന്ന ഒരു നിലയിലേക്ക് ഈ സംയമം വളരാതിരിക്കില്ല.

ഇത്ര പറഞ്ഞതിൽനിന്ന് ഈ ഗ്രന്ഥം തർക്കകർക്കശമാണെന്നൊരു ധ്വനി ഉണ്ടായിപ്പോയെങ്കിൽ അത് ഈയുള്ളവന്റെ പിഴ. അല്ലേയല്ല. ഇത്ര ഗംഭീരവും വിശദവുമായ ഒരു ആധ്യാത്മിക ഗ്രന്ഥത്തിന് ആകാവുന്നത്ര ഹൃദയലാഘവം (light heartedness) ഇതിനുണ്ട്. ആചാര്യന് സ്വതേ സിദ്ധമായ നർമ്മബോധം മാത്രമല്ല ഈ സരസതയ്ക്കു കാരണം. രസനിഷ്യന്ദികളായ ജീവിതസന്ദർഭങ്ങളാൽ സമ്പുഷ്ടമാണിത്. ശ്രീരാമകൃഷ്ണൻ, വിവേകാനന്ദസ്വാമികൾ, ബ്രഹ്മാനന്ദസ്വാമികൾ, രമണമഹർഷി, ചന്ദ്രശേഖരഭാരതി സ്വാമികൾ, കാഞ്ഞങ്ങാട്ടെ രാംദാസ് സ്വാമികൾ തുടങ്ങി എത്രയോ മഹാപുരുഷന്മാരുടെ സംഭവകഥകളും ഉപദേശങ്ങളും ഈ ഗ്രന്ഥത്തിന്റെ ഓരോ പുറത്തെയും ജീവിതഗന്ധിയാക്കുന്നു.

ഒന്നാന്തരം കടലാസിൽ, മികച്ച കെട്ടിലും മട്ടിലും അച്ചടിച്ചിരിക്കുന്ന ഈ മഹാഗ്രന്ഥം, മഹദ്ഗ്രന്ഥം, നാമോരോരുത്തരുടെയും വീടുകളിൽ സ്ഥാനംപിടിക്കട്ടെ. ഇതിലെ ഉജ്ജീവകമായ സന്ദേശം നമ്മുടെ ഹൃദയങ്ങളെ പ്രകാശമാനമാക്കട്ടെ. ●



## പ്രായം തളർത്താത്ത ഗവേഷണത്വര

എഴുപതാം വയസ്സിലും തന്റെ ഗവേഷണങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ് കണ്ണൂർ സർവ്വകലാശാലയിലെ ബയോടെക്നോളജി ആൻഡ് മൈക്രോബയോളജി പ്രൊഫസ്സറും നിലവിൽ അവിടത്തെ എമിററ്റ്സ് പ്രൊഫസ്സറുമായ ഡോ. എം. ഹരിദാസ്. അർബ്ബുദ ചികിത്സയ്ക്കു സഹായകമാകുന്ന കണ്ടുപിടിത്തം നടത്തി യുഎസ് പേറ്റന്റ് ലഭിച്ച ഗവേഷക സംഘത്തിന്റെ മേധാവിയായിരുന്നു. വയനാട് ആദിവാസികളുടെ കൃഷിക്ക് സഹായകമാകുന്ന ജൈവ കീടനാശിനിയുടെ കണ്ടുപിടിത്തത്തിന് ഇന്ത്യൻ പേറ്റന്റും ലഭിച്ചിട്ടുണ്ട്. കേരളത്തിലെയും മറ്റു സംസ്ഥാനങ്ങളിലെയും വിവിധ സർവ്വകലാശാലകളിലെ അക്കാദമിക് സമിതികൾ, വിവിധ ഗവേഷണ ഉപദേശക സമിതികൾ, കമ്മിറ്റികൾ, കേരള സർക്കാർ ബോർഡുകൾ, ദേശീയ ഗവേഷണ കേന്ദ്രങ്ങൾ, മെഡിക്കൽ സ്കൂളുകൾ, വ്യവസായങ്ങളുടെ R&D എന്നിവയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വെള്ളാങ്ങല്ലൂർ പൈങ്ങോട് മഠത്തിൽ കോവിലകത്ത് കുഞ്ഞുക്കുട്ടി തമ്പുരാട്ടിയുടെയും മാടമ്പ് സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും മകനാണ്. ഗുരുവായൂരപ്പൻ കോളേജിൽ നിന്ന് സോഷ്യോളജി അസോ. പ്രൊഫസ്സറായി വിരമിച്ച പി. അംബികാദേവിയാണ് ഭാര്യ. മകൻ ഡോ. മനു വർമ്മ കോഴിക്കോട് മെഡിക്കൽ കോളേജ് ജനറൽ സർജറി അസി. പ്രൊഫസ്സറാണ്.

ബാലവേദി/വളരുന്ന പ്രതിഭകൾ

# My First Reflections



**Soumya Varma**
Leiden University, The Netherlands

It has been a year since I moved to Leiden, the Netherlands, for undergraduate studies. I am pursuing a degree in psychology at Leiden University. In the year that I have been in the Netherlands, I have visited many places such as Amsterdam, Rotterdam, Utrecht etc. All these places are filled with vibrant energy, amazing architecture and of course, the famous canals that are an integral part of the local daily lives. As a matter of fact, Leiden actually has the most number of canals in The Netherlands. The canal boat tours are great fun, along with being a source of historical information about the place. Leiden University is one of the oldest universities in Europe, established in the year 1575. The university buildings display a number of photographs of eminent scientists whose radiation illuminated the world and are associated with the university. Prominent figures such as Albert Einstein, Robert Oppenheimer and a number of Queens and Kings of The Netherlands have studied or taught at Leiden. My faculty is social sciences. It is in a newer building with modern facilities and large lecture halls. We have expert professors in all the relevant fields and I am enjoying my academics under them. Under the psychology program, I study various subjects such as statistics, organisational psychology, cognitive psychology, bio psychology and the history of psychology etc. The university comprises of buildings at various locations spread across the city, with the oldest building at the city center. The city center area, also called Breestraat, is a gorgeous street filled with restaurants and stores and a canal parallel to it. A trip to The Netherlands is incomplete without



*Leiden University*



*Tulip Garden, Keukenhof*



# Healing Scar

**Gowri Varma**
Class 9, Whitefield Global School, Bangalore
(Chemprol Kottaram, Haripad)

Once upon a time, there lived a boy named Drystan. He was brought up in a terrible household. In his early years from one to five, his family treated him with kindness or so he thought. This was until his 6th birthday. When he woke up on his birthday, he ran to his parents but they ignored him. For the whole day, they ignored him. The worst part was that they didn't even give him food so he had to survive the day on snacks he could get his hands on. For a few days, he thought this must be a prank but soon he realised that they were ignoring his existence on purpose. Heartbroken, he cried and begged his parents to notice him. Finally giving in, the parents took him on a ride. He was excited. They stopped in front of an orphanage and told him to wait there as the two drove off without him. He was abandoned. He felt hurt and betrayed by the ones who were meant to be his supporters all through life. He stayed in the orphanage after that.

As a ten year old, he loved going on short strolls around a nearby park. One day, he noticed that a small puppy was tied to a fence. He was waiting for his owner to return but the poor thing was starving and cold. Drystan knew the feeling of abandonment so he took it to the orphanage. The matrons took it to the vet and gave it to him for his birthday. Drystan would've said no but realised that maybe this was meant to be. He could understand how it felt. Being only 3 months old, all it had to give was undying love. As they had gone through the same neglect and abandonment, they got along well. Soon, a caring family adopted both the little pup and the boy.

The moral of this story is that even though many bad things may happen, good things will also happen. Like this quote says, "you can't have a rainbow without rain." Scars will not disappear completely but it can heal with time and care.

---

→

a visit to the land of tulips, Keukenhof. Tulips, the national flower of The Netherlands, are presented in various colours and grounds of different shapes in endless fields. The Rijks and Van Gogh museum house some of the best art collections in the world including the famous Night Watch by Rembrandt, The Milkmaid by Vermeer and Sunflowers by Van Gogh. I have thoroughly enjoyed visiting various cities in the Netherlands. Each one has its own charm. The Dutch are the forerunners in windmill technology, wooden shoes, cheese and pottery. They enjoy cycling as a hobby and an essential practice for health maintenance. The country itself, the low land, exists due to the protective wall called the Dijk.

# Taylor Swift

**Malavika Gopal**
Chicago, USA



Let me introduce the great singer of this era ‘Taylor Swift’.

Taylor Alison Swift, born on December 13, 1989, is an American singer-songwriter, perhaps one of the most renowned, successful, and adored across the United States. She’s one of the best-selling artists, with more than 200 million records sold internationally. On track to being a billionaire, Taylor Swift is the most followed/streamed female artist across the globe on audio streaming service ‘Spotify’. Currently, Taylor is positioned as the second most followed artist. With ten studio albums, three re-recorded albums, with countless singles, live performances and numerous deluxe editions, Taylor Swift is easily one of the most iconic singers of this generation.



Taylor Swift signed her deal with Big Machine Records at age 15, when she began her musical career. This deal ended in 2018. Big Machine Records would hold all rights to her masters (i.e. original recordings). Taylor signed onto a new label at Republic Records. Part of the new deal was that she owned the rights to her masters. Unfortunately, this didn’t apply to the music she had previously released with her former label. This left Taylor with ultimately no control of how her music would be used. This led Taylor to begin re-recording her ûrst six albums with her new label, giving Taylor ownership to that music. Currently, she has re-recorded three of the six albums. Legally, she’s entitled to record depending upon her liking.

### Ownerships

Of the many albums Taylor Swift has re-corded, rerecorded and released, she only owns the rights to nine of them, including four studio albums (Lover, Folklore, Evermore, Midnights), three re-recorded albums (Fearless, Red, Speak

Now) and two live albums [Folklore: The Long Pond Studio Sessions and Lover (Live from Paris)]. All these albums were recorded after 2018 with her new label. The only exception is her second live album, 'Live from Clear Channel Stripped 2008'. This album was recorded in 2008, when Taylor was with her old record. However, she never released it. When Taylor signed onto her new label and lost the ownership of that unreleased album, the new owner of Big Machine Records, Scooter Braun, released it in 2020. Taylor took to social media to denounce this album, calling it 'shameless greed in the time of CoronaVirus'. She encouraged fans to not stream or purchase the album, resulting in only 33 units being sold in the U.S. within the first week. The album was deemed unsuccessful.

### The Era's Tour

'The Era's Tour' refers to the sixth and ongoing concert by Taylor Swift. This tour has been one of her biggest, most expansive tours to date, with 146 shows across five continents. Taylor decided to name it 'The Era's Tour' as a tribute to her musical 'era', taking us throughout her entire career. Taylor Swift released her very first single, 'Tim McGraw', in 2006 and her first few albums and singles were entirely country-based. Now, in 2023, we see how Taylor's voice has truly matured, how she let go of her country-style roots and is making history as one of the most phenomenal musicians of the world. The Eras Tour displays how far Taylor Swift has come in her career. The tour began on March 17, 2023, and is set to end on November 24, 2024. The first leg of the tour was the United States and Canada, but over the remainder of the tour, Taylor will be going international. The Era's Tour is en-route to making big history as the highest grossing tour ever, breaking nearly 2.2 billion dollars. Fun fact, while Taylor was in Seattle, United States, it was reported that according to a seismologist that fans caused a 2.3 magnitude earthquake, which was detected on local radars.

Taylor took the opportunity to announce '1989 (Taylor's Version)' during the tour on August ninth. 1989 (TV) has had more purchases in the first week or so than Midnights had in the first two months, which shows how popular this album is and will be among the Taylor Swift fandom. Fans eagerly await for October 27th to come around, as that is when the re-recorded album will be released. Earlier on the tour was when she announced Speak Now (TV). All in all, Taylor Swift is one of the best singers of US, one who has faced a lot of social criticism but got through it; someone who has bent and broken rules and made history; someone who worked hard relentlessly to get to where she is today. Taylor Swift is the epitome of what an amazing singer is and what pop culture is really all about.

# The Mischievous boy



**Madhav Hari Pandalai**
Ernakulam

Once there lived a boy called Siddu. He always got scolded every time and every day. One day his father Hari said ‘‘Let us go on a trip and there is also a warning that no mischief during the journey, Okay.” Siddu nodded his face. While on the trip Hari said “Can I switch off the A/C as it is not very hot now?” Siddu agreed to his dad’s suggestion and asked, ‘‘Can I open the window?" Hari said “Yes You can”. After a while Siddu put his hand out of the window but nobody noticed it. And a racing car came zoom and hurt his finger. It started bleeding. Siddu cried and said “Papa a racing car cut my finger.’’

Hari immediately took him to a hospital nearby and told Siddu ‘‘My dear son, please do everything thoughtfully and carefully so that you don’t meet with such accidents.’’ Siddu nodded and replied “Yes papa, I will not do any mischief hereafter. Then onwards he became a careful and responsible boy. It was a nice change to Siddu. His school teachers also started loving him more because of his careful and helping behaviour.

---

# कृष्ण मेरे प्रिय



**നന്ദന വർമ്മ**
ചൊവ്വര കോയിക്കൽ മഠം, കാഞ്ഞൂർ

चिडियों का मधुरगीत जैसे कृष्णबाँसुरी की मधुरवाणी।
कमल जैसे कोमल चरण, गुलाब जैसे सुंदर नेत्र,
हवा में लहराते मोरपंख मुकुट पर।

राधा के प्राणसखा, रुक्मिणी के जीवनसाथी।
बलराम के साझी, बुलाते उनको पार्थसारथी।

ग्वाले और धेनु सदैव उनके साथ,
माखन और खीर हमेशा उनके पास।

कंस जरासंध - शिशुपाल जैसे अधर्मियों का विनाश,
संसार में धर्मस्थापना ही उनका उद्देश्य।
यशोदा के लाडला कृष्ण ही मेरे प्रिय।

# THE OUTBREAK

**Mythili Varma**
Vaikom



*(വിദ്യാർത്ഥികളുടെ സാഹിത്യ അഭിരുചി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ച് ദേശീയതലത്തിൽ നടത്തിയ CBSE Budding Authors പ്രോഗ്രാമിൽ ഇംഗ്ലീഷ് വിഭാഗം രചനയിൽ ഇന്ത്യയിലെ വിവിധ CBSE സ്കൂളുകളിൽ നിന്നും പല വിഭാഗങ്ങളിലായി കുട്ടികൾ അയച്ച ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലെ ചെറുകഥകളിൽ ഇംഗ്ലീഷ് വിഭാഗം രചനയിൽ കേരളത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏക ചെറുകഥ. വൈക്കം പായ്ക്കാട്ട് കോവിലകത്ത്, അംബികാഭവനിൽ നിപുൺവർമ്മ സുമജാവർമ്മ ദമ്പതികളുടെ മകളാണ്. വൈക്കം വാർവിൻ സ്കൂളിലെ ഏഴാംക്ലാസ്സ് വിദ്യാർത്ഥിനിയാണ്)*

Deep inside the jungle, there was a savanna that stretched for several miles. A large group of tigers who had occupied this space long ago had set up their own village here. The tiger village, later known as 'Tier Dorpie', had the most intelligent, most advanced, and most powerful tigers living in absolute harmony with the nature.

Kgosi, the head of the group, lived with his family in the middle of the village. It was the onset of spring. Flowers bloomed and birds chirped loudly. The rivers moved peacefully, and waterfalls went rushing. As had been their usual practice, Kgosi and his family were about to set off for their yearly picnic.

On the night before their trip, his wife Aberash was cooking rabbit soup for dinner. Kgosi was watching next day's weather forecast on TNN (Tiger News Network) news. Their two daughter cubs, Itri and Zuri were busy packing their toys.

"Cubs come over right now." Kgosi's unusually serious tone made the cubs stop what they were doing. They ran to their dad.

"We can't go tomorrow. There is a human outbreak in the forest!" Kgosi sounded tensed.

"Humans? What are they? Any monsters?" Itri asked.

"Yes, kind of. They are extremely dangerous. With their handmade weapons, they kill for fun. Not just other animals, they don't even mind killing other humans." Kgosi explained.

"Oh, God!" Zuri sounded nervous.

"Till this outbreak is contained, we should stay indoors. I must go right now to address the village. Will be back in an hour." Saying this, Kgosi went out.

An urgent village meeting was arranged right away at the riverbank.

Kgosi took his place on top of a large boulder and started speaking in a loud and firm voice. The group of tigers listened intently.

"Brothers and sisters, there is a suspected human outbreak in the jungle. All of us must stay quarantined till this threat is over. Remember, this tiny two-legged creature called

# Flying beyond the horizons

**Bharath Prasad**
Mumbai



As airplanes are slowly covering the skies of India, one would wonder where is this aviation sector soaring off to. Is the supposed boom in aviation industry in India a myth or a reality? Let's delve into this together and find the answer.

Aviation in India can be said to have started with a bang as the first airmail service of the world was launched in Allahabad, India on February 18, 1911, during the Kumbh mela. A Humbler biplane was flown by Henry Piquet from Allahabad to Naini carrying 6500 letters. The first international flight of India was introduced from London to Karachi to Delhi by the collaboration of Indian state air services and the British imperial airways in December 1912. And lo behold, today India is all set to surpass the same United Kingdoms to become the 3rd largest aviation market by 2024. Post-covid, while global aviation industry saw a lull, in India it continues a sustained growth. According to OAG (Official Aviation Guide of the Airways), regional jet flights have registered a 4% growth in co-persons between 2019 and 2022. We have already surpassed the pre-covid high of air →

---

→

humans are the most dangerous animals on the earth! No available vaccines can protect us from them."

"Your Highness, we are more powerful than them. Can't we attack them?" Amari- a young tiger from the group asked.

"Amari, power isn't about strength. Strength that we possess, is NOT to attack but to defend. Nothing is more powerful than loving and protecting each other. Recklessness is a human trait. Let us not be like them. Let us stay true to what we are."

" YES!" there was a cheer from the crowd.

"Stay indoors, keep a safe distance from humans, stay safe till the threat is over." Kgosi concluded the meeting.

"Your Highness, is there a permanent solution for this threat?" Amari came near

Kgosi and asked.

"See Amari. Humans aren't happy with what they have. They can never live peacefully. Our medical team is working on a new medicine called 'Liefde'*. Once ready, we will arm every arboreal animal, load every tree branch with dosages of this medicine. The moment humans are inside the jungle, this medicine will be sprinkled all over them. Within a few seconds, the medicine will start taking effect. Humans will feel peaceful, harmonious, and relaxed. The medicine will trigger that long forgotten feeling of love within them. More of them will come to the jungle in search of peace. Slowly, we will be able to transform these monsters through love. But till then, let us stay indoors and keep ourselves safe."

Kgosi led everyone back to their dens. Locking themselves indoors, Tier Dorpie village braced for the human virus attack.

**Liefde is the Afrikaans word for love*


passenger traffic in 2023. The fuel for all this growth can be traced to the increasing demand in tier-2, tier-3 and tier-4 cities.

Amidst all these figures, let me bring back my readers to our actual mission of understanding what's in store for this industry in the long run in India. The population of India is a young one with a mean age of 28.6 years and which is set to come down in the next decade. This age group will drive the growth engine for India which means a bright future for the aviation industry. But the fact remains that large portion of the potential of this sector is still untapped in India. With the right government policies, the track for an exponential growth can be prepared for the aviation sector in India. The arrival of new aircraft operators like Akasa airlines and mushrooming RCS (Regional Connectivity Scheme) airports under the UDAAN scheme are rays of hope for the industry.

So there we have reached the end of this short journey of finding the truth. Parting with an aircraft analogy:

**Let the speed of growth be kept above the stalling speed so that the progress made till now won't come crashing down.**

# അഭിനന്ദനങ്ങൾ



2023 സെപ്തംബർ 10–ാം തീയതി ചെന്നൈയിൽ വെച്ച് നടന്ന ദേശീയ അബാക്കസ് കോമ്പറ്റീഷനിൽ മാസ്റ്റർ **അഭിനന്ദ് പി. വർമ്മ** ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. തിരുനല്ലൂർ 'രവിനിവാസ്'ൽ പരേതനായ പ്രദീപ് കുമാറിന്റെയും ശ്രീജയുടെയും മകനാണ്.



തൃപ്പൂണിത്തുറ നഗരസഭയുടെ 2023 അത്തം കലാസാംസ്കാരിക മത്സരത്തിൽ ജൂനിയർ വിഭാഗം ശാസ്ത്രീയ സംഗീതം, കുച്ചിപ്പുടി, മോഹിനിയാട്ടം, കേരള നടനം, ഫോക്ക് ഡാൻസ് എന്നിവയിൽ ഒന്നാം സ്ഥാനവും, ഭരതനാട്യത്തിന് രണ്ടാം സ്ഥാനവും **മീനാക്ഷി എസ്. വർമ്മ** കരസ്ഥമാക്കി. പൂണിത്തുറ സനാതന ധർമ്മപഠനകേന്ദ്രത്തിന്റെ ശാസ്ത്രീയസംഗീത ബാലപ്രതിഭ പുരസ്കാരവും ലഭിച്ചു. എറണാകുളം ഭവൻസ് വിദ്യാമന്ദിർ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനിയാണ്. എറണാകളം യൂണിറ്റ് ക്ഷത്രിയ ക്ഷേമസഭാ സെക്രട്ടറി സതീഷ് വർമ്മയുടെയും (എറണാകുളം മംഗള മഠം) ദീപ വർമ്മ (പൂഞ്ഞാർ കൊട്ടാരം) യുടെയും മകളാണ്.

പൊൻകുന്നം സുരഭിയിൽ സുരേന്ദ്രവർമ്മയുടെയും ദീപയുടെയും മകൾ **അക്ഷര എസ്. വർമ്മ**യ്ക്ക് സംസ്ഥാന ക്ഷത്രിയ ക്ഷേമസഭ അനുവദിച്ച എച്ച്.എച്ച്. മഹാറാണി സേതു പാർവ്വതി ബായി സ്കോളർഷിപ്പ് കോട്ടയം ക്ഷത്രിയ ക്ഷേമസഭ പ്രസിഡന്റ് യു. അജിത്ത് വർമ്മ സമ്മാനിക്കുന്നു.



# In the Womb

**Meenakshi S. Varma**
Bhavan's Vidya Mandir, Ernakulam



Surprised…
Hoping to see the world at once,
Hoping to feel the beauty of the wings
Of the sun, that flies from sea
To the other,
And hides in it.

Hoping, to feel the Sweet sea breeze
That hugs me tight,
Wishing to see my reflection
On the heart of the water with a bright,
Long Smile.
And I love her, in each beat of my heart.



## അഭിനന്ദനങ്ങൾ



കൊല്ലവർഷം 1199 (2023–2024) ശബരിമല സന്നിധാനം മേൽശാന്തിയെ തെരഞ്ഞെടുക്കുന്നതിനായി പന്തളം കൊട്ടാരത്തിലെ മിഥുൻ എസ്.എച്ച്. ശീവൊള്ളി മന (Hug A Plant Aluva) യുടെയും ഡോ. പ്രീജ ആർ. വയലിക്കോടത്തു മന (Assistant Professor FISAT) യുടെയും പുത്രൻ **വൈദേഹിനെ** തെരഞ്ഞെടുത്തു.

മാളികപ്പുറം മേൽശാന്തിയെ തിരഞ്ഞെടുക്കുന്നതിനായി പന്തളം ശ്രാമ്പിക്കൽ കൊട്ടാരത്തിൽ ഗോപീകൃഷ്ണന്റെയും (സോഫ്റ്റ് വെയർ എഞ്ചിനീയർ) എഴുമറ്റൂർ ചെങ്ങഴശ്ശേരി കോയിക്കൽ ദീപശ്രീ വർമ്മയുടെയും (ഐ.സി.ടി. അക്കാദമി ഓഫ് കേരള) മകൾ **നിരുപമ ജി. വർമ്മയെ** തെരഞ്ഞെടുത്തു.

## ഒന്നാം റാങ്ക് കരസ്ഥമാക്കി

പന്തളം പുത്തൻ കൊട്ടാരത്തിൽ പ്രസാദ് വർമ്മയുടേയും, ജ്യോതി വർമ്മയുടേയും മകൾ **അനഘ പ്രസാദ് വർമ്മ** എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് പോളിമെർ കെമിസ്ട്രിയിൽ ഒന്നാം റാങ്കോടെ വിജയം കൈവരിച്ചു. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് വിദ്യാർത്ഥിനിയായിരുന്നു.



# അഭിനന്ദനങ്ങൾ



കഴിഞ്ഞ അധ്യയന വർഷത്തെ (2022–23) അപ്പർ സെക്കൻഡറി സ്കോളർഷിപ്പിന് (USS) അർഹയായ സ്നിഗ്ധ നിരീഷ്. മലപ്പുറം എടവണ്ണപ്പാറ ചന്ദ്രാലയത്തിൽ നിരീഷ് ഹരിദാസിന്റെയും കാഞ്ഞൂർ ചൊവ്വര കോയിക്കൽ മഠത്തിൽ (നന്ദനം) രാകേന്ദു വർമ്മയുടെയും മകളാണ്.



കൊല്ലം ഗവ. മെഡിക്കൽ കോളേജിൽ നടന്ന കേരള ആരോഗ്യ സർവ്വകലാശാല സൗത്ത് സോൺ കലോത്സവത്തിൽ EASTERN PERCUSSION വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ **സൗരവ് പി വർമ്മ**. പന്തളം വടക്കേടം കൊട്ടാരത്തിൽ പ്രമോദ്–ലേഖ ദമ്പതികളുടെ മകനാണ്.



കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഫ്യൂച്ചർസ് സ്റ്റഡീസിന്റെ എം.ടെക്. (ടെക്നോളജി മാനേജ്മെന്റ്) പരീക്ഷയിൽ ഒന്നാം റാങ്ക് നേടി വിജയിച്ച **നീരജ വർമ്മ എസ്.**

തിരുവനന്തപുരം തിരുമല 'സാരംഗി'യിൽ ഗോദവർമ്മരാജയുടെയും (കാരാഴ്മ കൊട്ടാരം) സാവിത്രി ദേവിയുടെയും മകളാണ്.




**Caricature by Rohini Ajay Varma, Trivandrum**



സ്കൂൾ കലോത്സവത്തിൽ കേരള നടനത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ പന്തളം നാലുകെട്ട് കൊട്ടാരത്തിൽ **കാഞ്ചനാ വർമ്മ**ക്ക് ഒന്നാം ഗ്രേഡ് ലഭിച്ചു. കേരള വർമ്മ (നാരായണൻ) - സീതാലക്ഷ്മി ദമ്പതിമാരുടെ മകളാണ് കാഞ്ചന. പന്തളം എൻ.എസ്സ്.എസ്സ്. ഗേൾസ് ഹൈസ്കൂൾ വിദ്യാർത്ഥിനിയാണ്




'കലഉത്സവ് 2023–24' ൽ ശാസ്ത്രീയ നൃത്തയിനങ്ങളിൽ സംസ്ഥാന മത്സരത്തിലേക്കു പത്തനംതിട്ട ജില്ലയിൽ നിന്നും **പി. ശിശിരാ വർമ്മ** തെരഞ്ഞെടുക്കപ്പെട്ടു. പന്തളം വടക്കേടം കൊട്ടാരത്തിൽ പ്രമോദ് -ലേഖ ദമ്പതികളുടെ മകളാണ്.

## തിരുവനന്തപുരം യൂണിറ്റ് ഭാരവാഹികൾ



പ്രസിഡന്റ്: **ആർ. കിഷോർ കുമാർ**



സെക്രട്ടറി: **പി.കെ. ജയചന്ദ്ര വർമ്മ**

## കുറ്റിലഞ്ഞി യൂണിറ്റ് ഭാരവാഹികൾ



പ്രസിഡന്റ്: **കൃഷ്ണ വർമ്മ.**



സെക്രട്ടറി: **സുരേഷ് വർമ്മ**

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ 2022-23-ലെ വാർഷിക പൊതുയോഗം ഒക്ടോബർ 8 ഞായറാഴ്ച രാവിലെ കോട്ടയ്ക്കകം രംഗവിലാസം ഹാളിൽ വച്ച് നടന്നു. പ്രസിഡന്റ് രാഘവ വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ജയചന്ദ്രൻ പി.കെ. വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ കെ.കെ. വേണുഗോപാൽ വർമ്മ 2022-23 സാമ്പത്തിക വർഷത്തെ കണക്ക് അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം വേണ്ട ഭേദഗതികളോടെ പാസ്സാക്കി. തുടർന്ന് 2023-25-ലെ പുതിയ ഭരണസമിതിയംഗങ്ങളെ യോഗം തെരഞ്ഞെടുത്തു.

കിഷോർ കുമാർ വർമ്മ (പ്രസിഡന്റ്), ഡോ. നാരായണൻ പണ്ടാല (വൈസ് പ്രസിഡന്റ്), ജയചന്ദ്രൻ പി.കെ. (സെക്രട്ടറി), കൃഷ്ണ ജയകുമാർ (ജോയിന്റ് സെക്രട്ടറി), കെ.കെ. വേണുഗോപാൽ വർമ്മ (ട്രഷറർ) എന്നിവരെയാണ് തെരഞ്ഞെടുത്തത്. കമ്മിറ്റി അംഗങ്ങളായി ജി. രാമവർമ്മ, അജയകുമാർ വർമ്മ എസ്., കെ.എൻ. രാമവർമ്മ, ജയകുമാർ എം.കെ. നരേന്ദ്ര വർമ്മ, അജിത് വർമ്മ, സൂരജ് വർമ്മ, എം. അഭിലാഷ് വർമ്മ, വിഘ്നേഷ് വർമ്മ, രാജീവ് വർമ്മ, വിജിത്ത് വർമ്മ, ശോഭനാ വർമ്മ, രമണി വർമ്മ, ശ്രീകലാ വർമ്മ, സ്മിതാ വർമ്മ, വിദ്യാ വർമ്മ എന്നിവരെയും തെരഞ്ഞെടുത്തു. എക്സ്. ഓഫീഷ്യോ കെ. രാഘവ വർമ്മയും ഉപദേശക സമിതി അംഗങ്ങളായി ആർ. രാജരാജവർമ്മ, പി.ജി. ശശികുമാർ വർമ്മ, ആർ. രാമവർമ്മ, കെ.എൽ. ശ്രീകൃഷ്ണദാസ് എന്നിവരെയും ഉൾപ്പെടുത്തി. അന്നുതന്നെ തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ വനിതാ വിഭാഗം വാർഷിക പൊതുയോഗം പ്രസിഡന്റ് ഉഷാ രാമവർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടി. സെക്രട്ടറി ശ്രീകല വർമ്മ വാർഷിക റിപ്പോർട്ടും ട്രഷറർ അഡ്വ. രശ്മി വർമ്മ കണക്കും അവതരിപ്പിച്ചത് യോഗം ഐക്യകണ്ഠേന പാസ്സാക്കി. തുടർന്ന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. രമണി വർമ്മ (പ്രസിഡന്റ്), ഉഷ ഉദയൻ (വൈസ് പ്രസിഡന്റ്), ശ്രീകല വർമ്മ (സെക്രട്ടറി), സുമാ വേണുഗോപാൽ (ട്രഷറർ) എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു. മികച്ച പ്രവർത്തനമാണ് വനിതാ വിഭാഗം നടത്തിയതെന്ന് യോഗത്തിൽ അഭിപ്രായപ്പെട്ടു. സഭയുടെ ഭരണസമിതിയിൽ കിളിമാനൂർ കൊട്ടാരത്തിലെ ഒരംഗത്തിനെ അവരുടെ നിർദ്ദേശപ്രകാരം ഉൾപ്പെടുത്താമെന്ന് യോഗത്തിൽ തീരുമാനിച്ചു.

### 2023-ലെ കുടുംബ സമ്മേളനവും ഓണാഘോഷവും

2023-ലെ കുടുംബ സമ്മേളനം ഒക്ടോബർ 8 ഞായറാഴ്ച രാവിലെ 10.30 മുതൽ കോട്ടയ്ക്കകം രംഗവിലാസം ഹാളിൽ വച്ച് രാകേന്ദു വർമ്മയുടെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. തിരുവിതാംകൂർ



രാജകുടുംബാംഗം H.H. പ്രിൻസ് ആദിത്യവർമ്മ വിളക്ക് കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു. രാഘവ വർമ്മ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മുഖ്യാതിഥി പ്രസിദ്ധ സിനിമാ - സീരിയൽ നടൻ

എം.ആർ. ഗോപകുമാർ ആയിരുന്നു. പത്മനാഭ സ്വാമി ക്ഷേത്രത്തിലെ ആചാരങ്ങളിൽ സഭയിലെ എല്ലാ അംഗങ്ങളും പങ്കെടുക്കേണ്ടത് അത്യാവശ്യ മാണെന്ന് പ്രിൻസ് ആദിത്യവർമ്മ ഉത്ഘാടന പ്രസംഗത്തിൽ ആവശ്യപ്പെട്ടു. സദസ്സിനു മുന്നിൽ കൊച്ചു കുട്ടികളും മുതിർന്ന അംഗങ്ങളും മാത്ര മാണ് കാണുന്നതെന്നും യുവജനങ്ങൾ ഇത്തരം സഭാ പ്രവർത്തനങ്ങളിൽ മുന്നോട്ടു കൊണ്ടുവരു വാൻ ഭരണാധികാരികളും രക്ഷകർത്താക്കളും ശ്രമിക്കണമെന്നും മുഖ്യാതിഥിയായി പങ്കെടുത്ത എം.ആർ. ഗോപകുമാർ സൂചിപ്പിച്ചു. തുടർന്ന് കേന്ദ്രസഭാ പ്രസിഡന്റ് ഡോ. എം. ലളിതാംബിക ആശംസകൾ നേർന്നു. കേന്ദ്രസഭാ ജനറൽ സെക്ര ട്ടറി മധുകുമാർ വർമ്മ, ട്രഷറർ സൂര്യകുമാർ വർമ്മ, മധ്യമേഖലാ പ്രതിനിധി സഞ്ജയ് വർമ്മ എന്നി വരും സന്നിഹിതരായിരുന്നു. 2023 സെപ്റ്റംബർ 27-ന് രാവിലെ മുതൽ വൈകിട്ട് വരെ നടന്ന കലാ കായിക മത്സരങ്ങളിൽ വിജയിച്ച 18 പേർക്കും കർക്കിടക മാസത്തിൽ നടന്ന രാമായണ പാരായണ മത്സരത്തിൽ വിജയിച്ച കൃഷ്ണകുമാരി (ഒന്നാം സമ്മാനം) ശ്രീജിത ആർ. വർമ്മ (രണ്ടാം സമ്മാനം) എന്നിവർക്കും പ്രിൻസ് ആദിത്യ വർമ്മ, മുഖ്യാ തിഥി എം.ആർ. ഗോപകുമാർ എന്നിവർ സമ്മാന ദാനം നടത്തി. സെക്രട്ടറി ജയചന്ദ്ര വർമ്മ നന്ദി പ്രകാശിപ്പിച്ചു.

തുടർന്ന് വനിതാ വിഭാഗം അവതരിപ്പിച്ച തിരുവാതിരകളിയോടെ ആഘോഷത്തിന് തുടക്കം ആയി. സഭയിലെ ഗായികസംഘം ഓണപ്പാട്ടുകൾ കോർത്തിണക്കി അവതരിപ്പിച്ച സംഘഗാനം, കൃഷ്ണദേവ്, ധനഞ്ജയ്, കിരൺദേവ് എന്നീ കൊച്ചു കുട്ടികൾ അവതരിപ്പിച്ച ഫ്യൂഷൻ ഡാൻസ്, ചൈത്ര വർമ്മ അവതരിപ്പിച്ച മോഹിനി



യാട്ടം കഥക്, ലേഖ നന്ദകുമാർ, രാജീവ് വർമ്മ, ശ്രീജിത ആർ. വർമ്മ, അജയകുമാർ വർമ്മ, സുരേഷ് വർമ്മ, ശ്യാമള വർമ്മ, കൃഷ്ണകുമാർ വർമ്മ, വേദിക രാജ, വൃന്ദാ വർമ്മ എന്നിവരുടെ ഗാനങ്ങൾ, വൈഷ്ണവി വർമ്മ വയലിനിൽ അവതരിപ്പിച്ച സോളോ പെർഫോമൻസ്, ശിവപ്രിയ, ശ്രീഹരി വർമ്മ, ശ്രീനിധി വർമ്മ, കിരൺദേവ് എന്നീ കൊച്ചു കുട്ടികളുടെ ആക്ഷൻ സോംഗ്, എന്നിവ ഏറെ ആകർഷകമായിരുന്നു. തുടർന്ന് ജി. രാമവർമ്മ, കിഷോർ വർമ്മ, ഉഷാ രാമവർമ്മ എന്നിവർ അവതരിപ്പിച്ച 'മേശ' എന്ന ലഘു നാടകം ഏറെ കൗതുകം ഉണർത്തിച്ചു. ഉച്ചയ്ക്ക് വിഭവ സമൃദ്ധമായ ഓണസദ്യയിൽ തിരുവനന്ത പുരം സഭയിലെ 185 പേരോളം പങ്കെടുത്തു. ചടങ്ങിൽ ചെന്നെ അബാക്കസ് കോമ്പറ്റീഷൻ ബെസ്റ്റ് പെർഫോമറും സി.ബി.എസ്.ഇ. സംസ്ഥാന കലോത്സവത്തിൽ ലളിതഗാനത്തിന് എ ഗ്രേഡും നേടിയ വേദിക രാജയെ നിയുക്ത പ്രസിഡന്റ് കിഷോർ കുമാർ ഉപഹാരം നൽകി ആദരിച്ചു. രാവിലെ മുതൽ വൈകിട്ട് 6 മണി വരെ നടന്ന ഈ ആഘോഷവേളയുടെ അവസാനം നടന്ന നറുക്കെടുപ്പിൽ ഭാനുമതി തമ്പുരാട്ടി, രമണി വർമ്മ, അജയ് വർമ്മ എന്നിവർക്ക് 500 രൂപ വീതം സമ്മാനം നൽകി. പങ്കെടുത്ത എല്ലാവർക്കും നിയുക്ത വൈസ് പ്രസിഡന്റ് ഡോ. നാരായണൻ പണ്ടാല നന്ദി അറിയിച്ചു.

## തിരുവല്ല

### വാർഷിക പൊതുയോഗം, പൊതുസമ്മേളനം, കുടുംബ സംഗമം ഓണാഘോഷം

തിരുവല്ല ക്ഷത്രിയ ക്ഷേമസഭയുടെ 2022-23 വർഷത്തെ വാർഷിക പൊതുയോഗം, പൊതു സമ്മേളനം, കുടുംബസംഗമം എന്നിവ 2023 സെപ്റ്റംബർ 3-ാം തീയതി മാവേലിക്കര മണ്ണൂർ മഠം കൊട്ടാരത്തിൽ വെച്ച് നടന്നു. പൊതുയോഗ ത്തിൽ സഭാ പ്രസിഡന്റ് പി.ആർ. വർമ്മ അദ്ധ്യ ക്ഷനായിരുന്നു. സൂര്യകുമാറിന്റെ ഈശ്വരപ്രാർത്ഥ നയോടു കൂടി യോഗ നടപടികൾ ആരംഭിച്ചു. അതി നുശേഷം 2021-22 വർഷത്തെ പൊതുയോഗ ത്തിനുശേഷം നിര്യാതരായ സഭാംഗങ്ങൾക്കും തിരുവല്ല സഭയുടെ പരിധിയിൽപ്പെട്ട മറ്റു സമുദാ യാംഗങ്ങൾക്കും അനുശോചനം രേഖപ്പെടുത്തി.

അദ്ധ്യക്ഷപ്രസംഗത്തിൽ REACT നെക്കുറിച്ചും തിരുവല്ല ക്ഷത്രിയ ക്ഷേമസഭയുടെ കാരുണ്യ പദ്ധതിയെപ്പറ്റിയും പ്രതിപാദിക്കുകയും എല്ലാ സമുദായാംഗങ്ങളുടെയും സാമ്പത്തികസഹായം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. സഭയുടെ പ്രവർത്തനത്തിന് യുവജനങ്ങളുടെ പങ്ക് അത്യന്താപേക്ഷിതമാണെന്നും സഭയുടെ ഭാവി അവരുടെ കൈകളിലാണെന്നും പറഞ്ഞു.

തുടർന്ന് സെക്രട്ടറി ജയകുമാരവർമ്മ സഭയുടെ 2022–23 ലെ പ്രവർത്തന റിപ്പോർട്ട്, കണക്ക്, 2023–24 ലെ ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ചു. സഭാംഗങ്ങൾ കൈയടിയോടെയാണ് ഇത് സ്വീകരിച്ചത്. അതിനുശേഷം ഇതിൻമേൽ ചർച്ചകൾ നടന്നു. കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ എത്രയും വേഗം നടത്തണമെന്നും അതിനുവേണ്ടി മാറ്റിവെച്ചിരിക്കുന്ന തുക കുറഞ്ഞത് 2 ലക്ഷമായി ഉയർത്തണമെന്നും സഞ്ജയ് വർമ്മ പറഞ്ഞു. സഭയുടെ പ്രവർത്തനങ്ങൾക്ക് യുവജനങ്ങളെ കൂടുതൽ പങ്കാളികളാക്കണമെന്നും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ അവരുമായി ചർച്ച ചെയ്യണമെന്നും സുരേഷ് വർമ്മ പറഞ്ഞു. അവരുടെ പ്രതിനിധിയായി എത്തിയ പ്രഫുൽ വർമ്മയെ അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു. കൂടാതെ സാഹിത്യരംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകണമെന്നും അദ്ദേഹം പറഞ്ഞു.

മേൽപറഞ്ഞ കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കാമെന്ന് പ്രസിഡന്റ് അറിയിച്ചു.

പ്രവീണാവർമ്മ സ്വാഗതവും രാമവർമ്മ കൃതജ്ഞതയും രേഖപ്പെടുത്തി.

പിന്നീട് നടന്ന പൊതുസമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ ഇൻഡ്യയുടെ ബഹിരാകാശ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന അഭൂതപൂർവ്വമായ വളർച്ചയെക്കുറിച്ച് പ്രതിപാദിക്കുകയും ഇതിന് പങ്കു വഹിക്കുന്ന ISRO ശാസ്ത്രജ്ഞന്മാരെ അഭിനന്ദിക്കുന്നതായും അറിയിച്ചു. ചന്ദ്രയാൻ, സൗരയാൻ എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. യുവജനങ്ങൾക്ക് ഇങ്ങനെയുള്ള ശാസ്ത്രീയ വിഷയങ്ങളിൽ താൽപ്പര്യം ഉണ്ടാകുന്നതിനും, അഭിരുചി വളർത്തുന്നതിനും വേണ്ടിയാണ് ഇത് പറയുന്നതെന്ന് അറിയിച്ചു. സംസ്ഥാന സഭയ്ക്ക് മീറ്റിംഗ് കൂടുന്നതിനും മറ്റു സാമൂഹ്യപ്രവർത്തനങ്ങൾ ചെയ്യുന്നതിനുമായി ഒരു കെട്ടിടം പ്രാവർത്തികമാകുന്നതായി അറിയിച്ചു. ഇതിന് ചുക്കാൻ പിടിക്കുന്ന സംസ്ഥാന ജനറൽ സെക്രട്ടറിയെ അഭിനന്ദിക്കുന്നതായും അറിയിച്ചു.

തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ സംസാരിച്ചു. ക്ഷത്രിയരുടെ സെൻസസ്സ് എത്രയും വേഗം പൂർത്തീകരിക്കണമെന്നും സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന യുവജന സംഘടന ഇതിന് മുൻകൈ എടുക്കണമെന്നും അറിയിച്ചു. മാവേലിക്കരയിൽ ക്ഷത്രിയ സഭയുടെ ഒരു യൂണിറ്റ് ഉണ്ടാക്കുന്നതു സംബന്ധിച്ച് മധുകുമാർ വർമ്മ പരാമർശിച്ചു.

REACT Secretary പി.കെ. രഘുവർമ്മ, REACT ഇപ്പോൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് സംസാരിച്ചു. REACT ന്റെ പ്രാരംഭകാല പ്രവർത്തനം മുതൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും അദ്ദേഹം പ്രതിപാദിച്ചു. സാമ്പത്തിക പ്രതിസന്ധി മൂലം പല അപേക്ഷകളും തീർപ്പാക്കാൻ സാധിക്കുന്നില്ലെന്നും ഇതിനു വേണ്ട സാമ്പത്തിക സഹായം എല്ലാ സമുദായാംഗങ്ങളിൽ നിന്നും ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസം, ചികിത്സാ സഹായം എന്നിവയ്ക്കു പുറമെ അർഹരായ സമുദായാംഗങ്ങൾക്ക് വീട് പണിതുകൊടുക്കുന്നതിനുള്ള സാമ്പത്തിക സഹായവും REACT ചെയ്തുവരുന്നു. പാമ്പാടി (അറ്റകുറ്റപണി), ചെങ്ങളം (അറ്റകുറ്റപണി), തിരുവല്ലയിലെ കീഴ്വായ്പൂര് (പൂർണ്ണമായൊരു വീട്) എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. പല കമ്പനികളിൽ നിന്നും കിട്ടുന്ന CSR ഫണ്ട്, സമുദായാംഗങ്ങൾ നൽകി വരുന്ന സാമ്പത്തിക സഹായം എന്നിവ കൊണ്ടാണ് ഇത് സാധിക്കുന്നത്. സാമ്പത്തിക സഹായം കൂടാതെ ഇതിന്റെ പ്രവർത്തനത്തിന് സഹായിക്കുന്ന അംഗങ്ങളുടെ സേവനം എടുത്തു പറയേണ്ടതാണ്. പാലക്കാട് ഒരു വീട് പൂർണ്ണമായി ചെയ്തുകൊടുക്കുന്നതിന്റെ പ്രവർത്തനമാണ് REACT ഇപ്പോൾ ഏറ്റെടുത്തു നടത്തുന്നത്. ISRO യുടെ മുൻ ചെയർമാൻ ആയിരുന്ന ഡോ. ജി. മാധവൻ നായരെ തിരുവനന്തപുരത്തു വെച്ച് ആദരിച്ച കാര്യം അദ്ദേഹം അറിയിച്ചു.

ചന്ദ്രയാൻ-1 ന്റെ ഡോക്യുമെന്ററിയും ആ ദിവസം പ്രദർശിപ്പിച്ചിരുന്നു. REACT ന്റെ പ്രവർത്തനത്തിന് സഹായകരമായി പ്രവർത്തിക്കുന്ന തിരുവല്ല സഭയെ അദ്ദേഹം അഭിനന്ദിച്ചു.




തിരുവല്ല സഭയുടെ കാരുണ്യഫണ്ടിൽ നിന്നും 15, 000/- രൂപയുടെ ഒരു ചെക്ക് പ്രസിഡന്റ് പി.ആർ. വർമ്മ REACT ന്റെ കൂടി ചെയർപേഴ്സൻ ആയ ഡോ. എം. ലളിതാംബികയ്ക്ക് നൽകി.

തുടർന്ന് സഭയുടെ സ്കോളർഷിപ്പ്, മെറിറ്റ് അവാർഡ് എന്നിവയുടെ വിതരണവും നടന്നു. സഭയുടെ കാരുണ്യ ഫണ്ടിൽ നിന്നാണ് സ്കോളർഷിപ്പ് വിതരണം നടത്തുന്നത്. മെറിറ്റ് അവാർഡ് അംഗങ്ങളുടെ പ്രിയപ്പെട്ട ബന്ധുക്കളുടെ പേരിൽ സ്പോൺസർഷിപ്പായി മരണാനന്തരം നൽകി വരുന്നതാണ്.

സ്കോളർഷിപ്പിന് 14 കുട്ടികളും മെറിറ്റ് അവാർഡിന് 4 കുട്ടികളും അർഹരായി. 1000/- രൂപ മുതൽ 3000/- രൂപ വരെയുള്ള തുകകളാണ് സ്കോളർഷിപ്പിനായി നൽകിവരുന്നത്.

വിവാഹ വാർഷികദിനമായ സെപ്റ്റംബർ 3-ാം തീയതി ലേഖ, രവിവർമ്മ ദമ്പതിമാരെ സഭ ആദരിച്ചു.

ലോക ഫുട്ബോൾ പ്രവചന മത്സരത്തിൽ വിജയിച്ച സമുദായ അംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി.

എഴുമറ്റൂർ കുടുംബാംഗങ്ങൾ ഏർപ്പെടുത്തിയ കാര്യസ്ഥൻ അവാർഡിന് രാജേന്ദ്ര വർമ്മ അർഹനായി.

പ്രതിഭകളായ മീനാക്ഷി വർമ്മ (വോക്കൽ), ഹരിശങ്കർവർമ്മ (വയലിൻ), നന്ദകിഷോർ വർമ്മ (മൃദംഗം) എന്നീ കുട്ടികൾക്ക് പ്രത്യേകം ആദരവ് നൽകി. തുടർന്ന് അവരുടെ പാട്ടുകച്ചേരി നടന്നു.

യുവജന സംഘടനയുടെ തിരുവല്ല യൂണിറ്റ് സെക്രട്ടറി പ്രഫുൽവർമ്മയെ ആദരിച്ചു. അദ്ദേഹത്തെ യുവജനങ്ങളുടെ പ്രതിനിധിയായി സഭയുടെ കമ്മിറ്റിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. അദ്ദേഹം മറുപടി പ്രസംഗം നടത്തി. സൂര്യകുമാർ സ്വാഗതവും മോഹനവർമ്മ കൃതജ്ഞതയും പറഞ്ഞു.

യോഗാവസാനം അംഗങ്ങളുടെയും കുട്ടികളുടെയും കലാപരിപാടികൾ നടന്നു. ഓണാഘോഷത്തോടനുബന്ധിച്ച് ഇട്ട അത്തപൂക്കളം വളരെ മനോഹരമായിരുന്നു.

## കുറ്റിലഞ്ഞി

കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭയുടെ ഓണാഘോഷവും 2023-ലെ വാർഷിക പൊതുയോഗവും ഇക്കഴിഞ്ഞ സെപ്റ്റംബർ മാസം മൂന്നാം തീയതി ചക്കനക്കാവ് ദേവീക്ഷേത്ര ഊട്ടുപുരയിൽ വളരെ മംഗളകരമായി നടന്നു. സംസ്ഥാന ക്ഷത്രിയ ക്ഷേമസഭയുടെ ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയുടെയും റിയാക്ട് സെക്രട്ടറി രഘുവർമ്മയുടെയും മെസ്സേജുകൾ ചടങ്ങിൽ വായിച്ചു. കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭയുടെ മുൻകാല രക്ഷാധികാരി പരേതനായ എഴുമറ്റൂർ രവിവർമ്മ (ഓമനക്കുട്ടൻ ചേട്ടൻ) അനുസ്മരണവും ഫോട്ടോ അനാച്ഛാദനവും നടന്നു. കുറ്റിലഞ്ഞിയിലെ മുതിർന്ന അംഗം രാമവർമ്മ തിരുമുൽപ്പാട് ആയിരുന്നു വിശിഷ്ടാതിഥി. നവതി പിന്നിട്ട അദ്ദേഹത്തെ മുതിർന്ന അംഗം പി.വി.ആർ. തിരുമുൽപ്പാട് കുറ്റിലഞ്ഞി ക്ഷത്രിയ സഭയുടെ പേരിൽ ആദരിച്ചു. പ്രശസ്ത ഗായിക നിഷാ വർമ്മയായിരുന്നു ചടങ്ങിലെ മുഖ്യാതിഥി. കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭയുടെ ഉപഹാരവും ആദരവും നിഷാ വർമ്മയ്ക്ക് നൽകി. കഥകളി ഗാനരംഗത്ത് പ്രവർത്തിക്കുന്ന അനിൽ കുമാർ വർമ്മയെയും ചടങ്ങിൽ ആദരിച്ചു. നിഷാ വർമ്മയുടെ ഗാനമേളയും അനിൽകുമാർ വർമ്മയുടെ കഥകളിപ്പദവും ചടങ്ങിനു മാറ്റുകൂട്ടി. കുറ്റിലഞ്ഞി വനിതാ മെമ്പർമാരുടെ നേതൃത്വത്തിലുള്ള തിരുവാതിരകളിയും കുട്ടികളുടെയും മുതിർന്നവരുടെയും നൃത്തവും ഗാനങ്ങളും മോണോ ആക്ട്, ഓണം ക്വിസ് പരിപാടി എന്നിവ ചടങ്ങുകൾക്ക് കൂടുതൽ മിഴിവേകി.



കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭയുടെ കലാകാരന്മാരെയും കലാകാരികളെയും ചടങ്ങിൽ ആദരിക്കുകയുണ്ടായി. വിദ്യാഭ്യാസരംഗത്ത് ഉന്നത വിജയം കൈവരിച്ച കുട്ടികളെ സഭ അംഗീകാരം നൽകി ആദരിച്ചു. യു.എ.ഇയിലെ 'VAU' എന്ന സംഘടനയുടെ സ്കോളർഷിപ്പ് മാളവിക വർമ്മയ്ക്ക് ചടങ്ങിൽ കൈമാറുകയുണ്ടായി. 'VAU'വിനോടുള്ള നന്ദി സഭ അറിയിക്കുന്നു. കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭയുടെ കഴിഞ്ഞ കാല റിപ്പോർട്ട് സെക്രട്ടറി കൃഷ്ണകുമാർ അവതരിപ്പിച്ചു. വരവ്-ചെലവ് കണക്കുകൾ ട്രഷറർ വിജയ വർമ്മയും പൊതുയോഗത്തിൽ അവതരിപ്പിച്ചു.

സഭയുടെ പുതിയ പ്രസിഡണ്ടായി കൃഷ്ണ വർമ്മയെയും സെക്രട്ടറിയായി സുരേഷ് വർമ്മയെയും തിരഞ്ഞെടുത്തു. നിലവിലെ സെക്രട്ടറിയായിരുന്ന കൃഷ്ണകുമാർ സഭയുടെ പുതിയ വൈസ് പ്രസിഡന്റും പ്രദീപ് വർമ്മ സഭയുടെ പുതിയ ജോയിന്റ് സെക്രട്ടറിയുമായി തെരഞ്ഞെടുക്കപ്പെട്ടു. വിജയ വർമ്മ ട്രഷററായി തുടരുന്നതാണ്. ഓണാഘോഷവും പൊതുയോഗവും വമ്പിച്ച വിജയമാക്കിത്തീർത്ത കുറ്റിലഞ്ഞി സഭയിലെ എല്ലാ അംഗങ്ങൾക്കും പുതിയ ഭരണസമിതിയുടെ പേരിൽ നന്ദി രേഖപ്പെടുത്തി. തുടർന്നും കൂട്ടായ പ്രവർത്തനം ആവശ്യമായ സമയത്ത് ഉണ്ടാകും എന്നും യോഗം തീരുമാനിച്ചു. എല്ലാ മാസവും നടത്തിവരാറുള്ള കുടുംബയോഗങ്ങളാണ് യൂണിറ്റിന്റെ ശക്തി എന്നും അത് തുടർന്നും നടപ്പാക്കേണ്ടത് ആവശ്യമാണ് എന്നും സഭയുടെ എല്ലാ കുടുംബങ്ങളിലും മാറിമാറി കുടുംബയോഗങ്ങൾ നടത്തി യൂണിറ്റിന്റെ ശക്തി വർധിപ്പിക്കണമെന്നും അംഗങ്ങൾ തീരുമാനിച്ചു.

കുറ്റിലഞ്ഞിയിലെ പ്രദീപ് എന്ന ചെറുപ്പക്കാരന്റെ ചികിത്സാ ഫണ്ടിലേക്ക് സഭയുടെ പേരിൽ സമാഹരിച്ച തുകയിൽ 20,000 രൂപ പ്രസിഡന്റ് കൃഷ്ണ വർമ്മ ചികിത്സാ സഹായനിധിയുടെ ചുമതലക്കാർക്ക് കൈമാറി. വനിത, യൂത്ത് കമ്മിറ്റികൾ രൂപീകരിക്കാനും തീരുമാനമായി.

## കൊരട്ടി

കൊരട്ടി ക്ഷത്രിയസഭയുടെയും കൊരട്ടി സ്വരൂപം ട്രസ്റ്റിന്റേയും സംയുക്ത വാർഷിക പൊതുയോഗവും കുടുംബ സംഗമവും ഓണാഘോഷവും 2023 ഓഗസ്റ്റ് 31 ന്, വാളൂർ മഹേശ്വരി ഹാളിൽ വച്ച് നടത്തി. പ്രസിഡന്റ് ടി.കെ. ആദിത്യവർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എൺപതോളം പേർ പങ്കെടുത്തു..

പാർവ്വതിയുടെ ഈശ്വരപ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അടുത്ത കാലങ്ങളിൽ നമ്മെ വിട്ടുപിരിഞ്ഞ പ്രിയപ്പെട്ടവരെ അനുസ്മരിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

സ്വാഗതപ്രസംഗത്തിൽ വരുംകാലങ്ങളിൽ നടത്താനുദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച്, പി. ഗോദവർമ്മ, വിശദീകരിച്ചു. പിന്നീട് സെക്രട്ടറി അവതരിപ്പിച്ച വാർഷിക റിപ്പോർട്ട് യോഗം അംഗീകരിച്ചു. ഒരു വർഷത്തെ വരവ്-ചെലവ് കണക്കുകൾ ട്രഷറർ അവതരിപ്പിക്കുകയും അംഗങ്ങൾ അംഗീകരിക്കുകയും ചെയ്തു.

പ്രസിഡന്റിന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ സഭാംഗങ്ങളുടെ പങ്കാളിത്തത്തെ അഭിനന്ദിക്കുകയും, വരും കാലങ്ങളിൽ കൂടുതൽ ഇടപെടലുകൾ ഉണ്ടാവണം എന്ന് പറയുകയും ചെയ്തു. ട്രസ്റ്റ് സെക്രട്ടറി അശോക് കുമാറിനെയും ട്രഷറർ

രാജ് മോഹനെയും അവരുടെ നിസ്വാർത്ഥ സേവന ങ്ങൾ പരാമർശിച്ച് അഭിനന്ദിച്ചു.

പഠനത്തിലും കലാ-കായികരംഗങ്ങളിലും മികവു പുലർത്തിയ സഭാംഗങ്ങളുടെ മക്കളെ അനുമോദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

ദീർഘകാലത്തെ പ്രവർത്തനങ്ങളെ അഭിന ന്ദിച്ചും ആശംസിച്ചും ടി.കെ. ആദിത്യ വർമ്മയെ കുടുംബത്തിലെ മുതിർന്ന അംഗം രാധാഭായി തമ്പുരാട്ടി പൊന്നാട അണിയിച്ചു. ട്രസ്റ്റ് സെക്രട്ടറി അശോക് കുമാർ നന്ദി പറഞ്ഞു.

തുടർന്ന് കുട്ടികളുടേയും മുതിർന്നവരുടേയും കലാപരിപാടികളായിരുന്നു. വനിതകളുടെ പൂക്ക ളവും കൈകൊട്ടിക്കളിയും ഓണപ്പരിപാടികൾക്ക് മാറ്റു കൂട്ടി, പങ്കെടുത്ത എല്ലാവർക്കും സമ്മാനം നൽകി.

പരിപാടിയുടെ സംഘാടനത്തിനും നടത്തി പ്പിനും നേതൃത്വം നൽകിയത് സഭാ സെക്രട്ടറി ആര്യ സജീവും, പ്രവർത്തക സമിതി അംഗങ്ങ ളായ സജീവും, അനുപമ വർമ്മയുമാണ്. അതി വിശിഷ്ടമായ ഓണസ്സദ്യയും കഴിച്ച്, സന്തോഷ ത്തോടെ എല്ലാവരും പിരിഞ്ഞു.

## പന്തളം

ഭരണസമിതി യോഗങ്ങൾ യഥാസമയങ്ങളിൽ ചേരുകയും പുതിയ തീരുമാനങ്ങൾ എടുക്കുകയും, നടപ്പാക്കി വരികയും ചെയ്യുന്നു.

### വരിസംഖ്യാ സമാഹരണം

2023 - 24 വർഷത്തെ വരിസംഖ്യ- 'ക്ഷാത്ര സ്പന്ദനം' തുക സമാഹരണം എന്നിവ സെപ്തംബർ 25 ന് സഭാ ഭാരവാഹികൾ ഭവന സന്ദർശനം നടത്തി പൂർത്തിയാക്കി.

### ഓണച്ചിട്ടി

2022-23 വർഷത്തെ ഓണച്ചിട്ടി വിതരണം വിജ യകരമായി വിതരണം പൂർത്തിയാക്കി. 500 രൂപ മുതൽ 5000 രൂപ വരെയുള്ള പ്രതിമാസ ചിട്ടിയിൽ ചേർന്ന 29 പേർക്കായി 5,15,500/- രൂപ വിതരണം ചെയ്തു. സഭയുടെ ഓണസമ്മാനമായി ഉപ്പേരി വറുത്തതും, ശർക്കര വരട്ടിയും ഇതോടൊപ്പം നൽകി. 2023-24 വർഷത്തെ ഓണച്ചിട്ടി സെപ്തംബർ മാസം തന്നെ ആരംഭിച്ചു. 29 പേരിൽ നിന്നായി 51,000/- രൂപയാണ് ആദ്യ തവണ നിക്ഷേപം.

### പ്രദോഷം

വെളുത്തപക്ഷത്തിലെ പ്രദോഷദിനത്തിൽ കൊട്ടാരംവക ശിവക്ഷേത്രത്തിൽ, സഭാംഗങ്ങളു ടെയും ബന്ധുജനങ്ങളുടെയും പ്രാർത്ഥനാസംഗമം നടന്നുവരുന്നു. പ്രദോഷ വഴിപാടുകൾ കൂടിയ സാഹചര്യത്തിൽ മലയാളമാസത്തിലെ രണ്ട് പ്രദോഷ ദിവസങ്ങളിലും പൂജകൾ നടത്തിവരുന്നു. 2015 മുതൽ പ്രദോഷപൂജ മുടക്കം കൂടാതെ തുടരുന്നു.

### 41-ാം വാർഷിക യോഗം

2023 ഒക്ടോബർ 24 ചൊവ്വാഴ്ച്ച വൈകിട്ട് 4 മണിക്ക് സഭാ പ്രസിഡന്റ് പി. രാഘവവർമ്മയുടെ അദ്ധ്യക്ഷതയിൽ പന്തളം പാലസ് വെൽഫെയർ സൊസൈറ്റി രാജരാജശേഖര അന്നദാന ഹാളിൽ വച്ച് ഈശ്വര പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയും, സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മയും പങ്കെടുത്തു. യൂണിറ്റ് വൈസ് പ്രസിഡന്റ് അരുൺ കുമാർ വർമ്മ ഏവരേയും സ്വാഗതം ചെയ്ത് സംസാരിച്ചു. തുടർന്ന് പ്രസിഡന്റിന്റെ ഉപക്രമമായിരുന്നു. ഈ കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞു പോയ ബന്ധുക്കൾക്ക് അനുശോചനം രേഖപ്പെടുത്തി, ഒരു മിനിറ്റ് മൗനമാചരിച്ചു. സഭാ കാര്യങ്ങൾ സംസാരിച്ച്, ശേഷം വാർഷികം ഉദ്ഘാടനത്തി നായി മധുകുമാർ വർമ്മയെ ക്ഷണിച്ചു. സംസ്ഥാന



ജന. സെക്രട്ടറിയും, സംസ്ഥാന ട്രഷററും ചേർന്ന് നിലവിളക്കു കൊളുത്തി യോഗം ഉദ്ഘാടനം ചെയ്തു.

സഭാ പ്രവർത്തനങ്ങളെപ്പറ്റി വിശദമായി സംസാരിച്ച ജന. സെക്രട്ടറി ആശംസകൾ അർപ്പിച്ചു. കുട്ടികൾക്ക് സമ്മാനവുമായെത്തിയ

സൂര്യകുമാർ വർമ്മ ആശംസകൾ നേർന്നു സംസാരിച്ചു.

തുടർന്ന് സെക്രട്ടറി ഈ കാലഘട്ടത്തിലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ വരവ് - ചെലവ് കണക്കുകൾ; പ്രദോഷപൂജയുടെ കണക്കുകൾ എന്നിവ അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ യോഗം റിപ്പോർട്ടും, കണക്കുകളും അംഗീകരിച്ചു പാസ്സാക്കി. മധുകുമാർ വർമ്മ സഭയുടെ ഓഡിറ്ററായ നീരജ് ആർ. വർമ്മയെ ആദരിച്ചു.

പന്തളം യൂണിറ്റിന്റെ സംഭാവനയായി REACT ലേക്ക് 10,000 രൂപ നൽകുകയുണ്ടായി..

തുടർന്ന് S S L C, Plus Two മറ്റ് ഉന്നത വിദ്യാഭ്യാസ മേഖലകളിൽ വിജയിച്ച കുട്ടികളെ അനുമോദിച്ചു, അവർക്കുള്ള cash prize ജന. സെക്രട്ടറി നൽകി, അതിനോടൊപ്പം സൂര്യകുമാർ വർമ്മ കുട്ടികൾക്ക് ശ്രീമദ് ഭഗവത്ഗീത സമ്മാനമായി നൽകി.

നാൽപ്പത്തി അഞ്ചോളം അംഗങ്ങൾ പങ്കെടുത്ത വാർഷിക പൊതുയോഗത്തിൽ പാലസ് വെൽ ഫെയർ സൊസൈറ്റിയുടെ പ്രസിഡന്റ് ഗിരീഷ് കുമാർ 'ക്ഷത്രിയർ സംഘടിച്ചു ശക്തരാകണം' എന്ന് ഉദ്ബോധിപ്പിച്ചു കൊണ്ട് ആശംസകൾ നേർന്നു സംസാരിച്ചു. സഭയുടെ മുതിർന്ന അംഗം പി. രാമവർമ്മ രാജ ആശംസകൾ നേർന്നു സംസാരിച്ചു. തുടർന്ന് കലാപരിപാടികൾ അരങ്ങേറി.

നയനാനന്ദകരമായ ശാസ്ത്രീയ നൃത്തവിരുന്നൊരുക്കി, സഭാംഗങ്ങളായ വടക്കേടം പാലസിലെ ശിശിര പി. വർമ്മയും; നാലുകെട്ട് കൊട്ടാരം - 'സാകേത'ത്തിലെ കാഞ്ചനാ കെ. വർമ്മയും, കുട്ടി നർത്തനവുമായെത്തിയ പൂജ വർമ്മയും എല്ലാം വാർഷികത്തിന്റെ സന്ധ്യകളെ മനോഹരമാക്കി. ഏറെ ആകർഷിച്ച നൃത്തവിരുന്നൊരുക്കിയ കുട്ടികൾക്ക് അഭിനന്ദനങ്ങൾ നേർന്നു. പാലസ് വെൽഫെയർ സൊസൈറ്റി പ്രസിഡന്റ് ഗിരീഷ് കുമാർ സ്വന്തം കവിത അതിമനോഹരമായി ആലപിച്ചു. സെക്രട്ടറി ജ്യോതി വർമ്മയും വിജയ ദശമി ആശംസകൾ നേർന്നു, കവിതകൾ ആലപിച്ചു. തെക്കേടത്ത് കൊട്ടാരത്തിൽ ആദിത്യ വർമ്മ അയ്യപ്പ ഭക്തി ഗാനം ആലപിച്ചു. വടക്കേ കൊട്ടാരത്തിൽ ലീല തമ്പുരാട്ടി ഒരു ഭക്തി ഗാനം ആലപിച്ചു.

സഭയുടെ എല്ലാ ഉദ്യമങ്ങൾക്കും, പ്രത്യേകിച്ച് വാർഷിക പൊതുയോഗം ചേരുവാൻ എല്ലാ സൗകര്യങ്ങളും ഒരുക്കി തന്ന പാലസ് വെൽ ഫെയർ സൊസൈറ്റി ഭാരവാഹികൾക്കും ക്ഷണം സ്വീകരിച്ച് യോഗത്തിലെത്തിച്ചേർന്ന എല്ലാ ബന്ധു ജനങ്ങൾക്കും നന്ദി പ്രകാശിപ്പിച്ചു

## തൃശൂർ

തൃശൂർ ക്ഷത്രിയ ക്ഷേമസഭ 2023-ലെ ഓണാഘോഷവും 2022-23 കാലയളവിന്റെ ജനറൽ ബോഡിയും 24-09-2023 ഞായറാഴ്ച അഞ്ചേരിയിലുള്ള വളർക്കാവ് - അഞ്ചേരിക്കാവ് ദേവസ്വം ഹാളിൽ വെച്ച് 10.15 ന് പ്രസിഡണ്ട് ഡോ. പി.സി. സുധീർ വർമ്മയുടെ അദ്ധ്യക്ഷതയിൽ വിദ്യാ കശ്യപ് വർമ്മയുടെ പ്രാർത്ഥനാലാപനത്തോടെയാരംഭിച്ചു. വി. എൻ. മനോജ് വർമ്മ കഴിഞ്ഞ ഓണാഘോഷത്തിനു ശേഷം നമ്മെ വിട്ടുപിരിഞ്ഞ നല്ലവരായ ബന്ധുക്കളുടെയും അഭ്യുദയകാംക്ഷികളുടെയും പട്ടിക വായിക്കുകയും സദസ്സ് ഒരു മിനിറ്റ് എഴുന്നേറ്റു നിന്ന് പ്രാർത്ഥിക്കുകയും ചെയ്തു. സെക്രട്ടറി ശങ്കർ വർമ്മ സ്വാഗതം ആശംസിച്ചു. തുടർന്ന് 2023-ലെ ഓണാഘോഷം വിളക്ക് കൊളുത്തി ഉദ്ഘാടനം പന്തളം കൊട്ടാരം ഇളയതമ്പുരാൻ രവി വർമ്മ രാജ പി. നിർവ്വഹിച്ചു. കക്കാട് കാരണവപ്പാട് ദിവാകര രാജ സദസ്സിന് ഓണാശംസകൾ നൽകുകയും പദ്മഭൂഷൻ രാഘവൻ തിരുമുൽപ്പാട് വിദ്യാഭ്യാസനിധി താഴെ പറയുന്ന രണ്ടു പേർക്ക് വിതരണം ചെയ്യുകയും ചെയ്തു. +2 കുട്ടികൾ ഉണ്ടായിരുന്നില്ല. Xth CBSE



സിലബസ്സിൽ 1. വൈഷ്ണവി വർമ്മ – 90.4%, 2. ദേവനാരായണ വർമ്മ – 91%. വൈസ് പ്രസിഡന്റ് എ.കെ. കേരള വർമ്മ കൃതഞ്ജത പ്രകാശിപ്പിച്ചു. തുടർന്ന് ഓണാഘോഷ പരിപാടികൾ ആരംഭിച്ചു. ആദ്യമായിട്ട് പ്രിയാ വർമ്മ മനോഹരമായ ഒരു സെമി ക്ലാസ്സിക്കൽ ഡാൻസ് അവതരിപ്പിച്ചു. വിദ്യാ കശ്യപ് വർമ്മ നൃത്തം അവതരിപ്പിച്ചു. ശ്രീധര വർമ്മയും ഡോ. രവീന്ദ്ര വർമ്മയും ഗാനങ്ങൾ അവതരിപ്പിച്ചു.

ഉച്ചയ്ക്ക് 12 ന് ജനറൽ ബോഡിയാരംഭിച്ചു. വി. എൻ. മനോജ് വർമ്മ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ ഡോ. സുധീർ വർമ്മ അദ്ദേഹത്തിന്റെ ഉപക്രമ പ്രസംഗത്തിൽ സദസ്സിന്റെ അഭിപ്രായ സമന്വയത്തിന് വേണ്ടി കുറച്ച് കാര്യങ്ങൾ അവതരിപ്പിച്ചു. തുടർന്ന് സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ പി.സി. ദിലീപ് വർമ്മ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളവതരിപ്പിച്ചത് ഐക്യകണ്ഠേന പാസ്സാക്കി. അദ്ധ്യക്ഷന്റെ ആശയങ്ങളെ കൃഷ്ണ വർമ്മ പ്രകീർത്തിച്ച് സംസാരിച്ചു. പിന്നീട് ജോ. സെക്രട്ടറി. പ്രവീൺ വർമ്മ നന്ദി പ്രകാശിപ്പിച്ചു. വിഭവസമൃദ്ധമായ ഓണസദ്യയ്ക്കു ശേഷം 2.20 ന് കലാപരിപാടികൾ പുനരാരംഭിച്ചു. കുമാരി വൈഷ്ണവി വർമ്മയുടെ ഭരതനാട്യം, മേധാ വർമ്മയുടെ ഡാൻസും ഭജൻസും, അംഗിത്ത് വർമ്മ സ്വയം രചിച്ച ഇംഗ്ലീഷ് കവിതാലാപനം എന്നിവ ഹൃദ്യമായി. 3.15 ന് ദേശീയ ഗാനാലാപനത്തോടെ 2023-ലെ ഓണാഘോഷത്തിന് തിരശ്ശീല വീണു.

## പിലാത്തറ

യൂണിറ്റിന്റെ കടന്നുപോയ മാസങ്ങൾ വളരെയേറെ പ്രവർത്തനങ്ങൾ കൊണ്ട് സജീവമായിരുന്നു.

പ്രധാനമായും 3 എക്സിക്യൂട്ടീവ് യോഗങ്ങൾ ഇടവേളകളിലായി ചേരുകയുണ്ടായി അതിൽ മെമ്പർഷിപ്പ്, പ്രവർത്തന ഫണ്ട്, ‘ക്ഷാത്രസ്പന്ദനം’, ഓണാഘോഷം, റിയാക്ട് എന്നിവ ചർച്ചയായി.

ഈ വർഷം 69 കുടുംബങ്ങളിലായി 221 അംഗങ്ങൾ മെമ്പർഷിപ്പ് വരിക്കാരായി. 50 ‘ക്ഷാത്ര സ്പന്ദനം’ വരിക്കാർ ഈ വർഷവും ഉണ്ടായി.



സഭ ഈ വർഷവും ഓണക്കാലത്ത് മാവേലിയെ വരവേൽക്കുന്നതിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തി. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ആഗസ്റ്റ് 31-ന് യോഗക്ഷേമസഭ, ജില്ലാ മന്ദിരം ഏഴിലോട് നടന്ന ഓണാഘോഷമായിരുന്നു.

രാവിലെ 10 മണിക്ക് നടന്ന സാംസ്ക്കാരിക സദസ്സിന് ലീലാ ഭായി ടീച്ചറുടെ പ്രാർത്ഥനയോടെ തുടക്കം കുറിച്ചു. സെക്രട്ടറി മനോജ് കുമാർ എസ്.കെ. സ്വാഗതമോതിയ ചടങ്ങിന് പ്രസിഡന്റ് പി.കെ. മോഹനവർമ്മ അധ്യക്ഷത വഹിച്ചു. പിന്നീട് നമ്മളെ വിട്ട് പിരിഞ്ഞ കുടുംബാംഗങ്ങൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. പ്രശസ്ത വാഗ്മിയും, ബാങ്കറുമായ ഡോ: ടി.സി.ജി. നമ്പൂതിരി ദീപ പ്രോജ്ജ്വലനവും അനുഗ്രഹ പ്രഭാഷണവും, ഉദ്ഘാടനവും ചെയ്ത ശേഷം കെ.എൻ. പത്മനാഭൻ മുഖ്യപ്രഭാഷണം നടത്തി.

ആശംസ അർപ്പിച്ച് കൃഷ്ണവർമ്മ രാജ നീലേശ്വരം, ഡോ, കെ, തമ്പുരാൻ, കെ.എൻ. രാമകൃഷ്ണൻ മാസ്റ്റർ, എസ്.കെ. നളിനാക്ഷൻമാസ്റ്റർ, ജനാർദ്ദനൻ സി. എന്നിവർ സംസാരിച്ചു. തുടർന്ന് കഴിഞ്ഞ വർഷം ഉന്നത വിജയം നേടിയ കുട്ടികൾക്ക് എൻഡോവ്മെൻറ് വിതരണം നടത്തി. സി.കെ. പുരുഷോത്തമൻ നന്ദി അർപ്പിച്ച് ചടങ്ങ് പരിസമാപ്തമായി.

തുടർന്ന് വനിതാ വിഭാഗത്തിന്റെ തിരുവാതിര, കലാപരിപാടികൾ, വിഭവസമൃദ്ധമായ ഓണസദ്യ, എസ്.പി. സജിൻ മാസ്റ്ററുടെ മെഗാ ക്വിസ്, കായിക മത്സരങ്ങൾ, മെഗാ ലക്കി ഡിപ്പ് എന്നിവയുണ്ടായിരുന്നു. മെഗാ ക്വിസിന് ഒന്നാം സ്ഥാനത്ത് രാജശേഖരൻ പി.കെയും മെഗാ ലക്കി ഡിപ്പിന് സുരേഷ് കുമാർ എസ്.കെയും അർഹരായി. പിന്നീട് പരിപാടി അവതരിപ്പിച്ചവർക്കും മത്സരത്തിൽ പങ്കെടുത്ത

വർക്കും സമ്മാനം നല്കുകയും ശേഷം വൈകുന്നേരം 5 മണിക്ക് ദേശീയ ഗാനത്തോടെ ഓണാഘോഷ പരിപാടികൾക്ക് പരിസമാപ്തിയാകുകയും ചെയ്തു.

## നീലേശ്വരം

ക്ഷത്രിയക്ഷേമസഭ നീലേശ്വരം യൂണിറ്റിന്റെ കുടുംബ സംഗമവും അനുമോദനവും 06/08/2023 നു കക്കാട്ട് മഠത്തിൽ കോവിലകത്ത് വെച്ച് ചേർന്നു. യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണ വർമ്മ രാജയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജോയിന്റ് സെക്രട്ടറി സുഭാഷ് സ്വാഗതം പറഞ്ഞു. യോഗം നീലേശ്വരം അള്ളടസ്വരൂപം



കക്കാട്ട് മഠത്തിൽ കോവിലകത്ത് രാമവർമ്മ രണ്ടാംകൂർ രാജാ ഉദ്ഘാടനം ചെയ്തു. തുടർന്ന് മികച്ച വിജയം കരസ്ഥമാക്കിയ കുടുംബാംഗങ്ങളുടെ കുട്ടികൾക്ക് ക്യാഷ് അവാർഡും മെമെന്റോയും സമ്മാനിച്ചു. ആശംസ അർപ്പിച്ച് എ.സി. നന്ദകുമാർ, ടി.സി. ഭാഗ്യപ്രഭ, എം.സി. മഹാപ്രഭത്തമ്പുരാട്ടി തുടങ്ങിയവർ സംസാരിച്ചു. ടി.സി. കൃഷ്ണവർമ്മ രാജ നന്ദിയും പറഞ്ഞു.

## വെള്ളാരപ്പിള്ളി

### വാർഷികവും ഓണാഘോഷവും

വാർഷികവും ഓണാഘോഷവും 24-09-23 ഞായറാഴ്ച കോയിക്കൽ ക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. കോയിക്കൽ കുടുംബത്തിലെ ഏറ്റവും പ്രായംചെന്ന അംഗമായ കേരള വർമ്മ (ഹരിച്ചേട്ടൻ) നിലവിളക്കു കൊളുത്തി ഉദ്ഘാടനം നടത്തി.



യോഗത്തിൽ പ്രസിഡണ്ട് അധ്യക്ഷനായി. ശർമ്മിള വർമ്മ സ്വാഗതം ആശംസിച്ചു. സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ മുഖ്യപ്രഭാഷണം നടത്തി. ദക്ഷിണമേഖലാ സെക്രട്ടറി സഞ്ജയ് വർമ്മ, കുറ്റിലഞ്ഞി സഭാ സെക്രട്ടറി സുരേഷ് വർമ്മ, തിരുവല്ല സഭയിൽ നിന്ന് രാജേന്ദ്ര വർമ്മ എന്നിവരും പ്രസംഗിച്ചു.

സെക്രട്ടറി സുധീന്ദ്ര വർമ്മ റിപ്പോർട്ടും ട്രഷറർ രാമചന്ദ്രൻ കണക്കും അവതരിപ്പിച്ചു.

ദീർഘമായ ചർച്ചയ്ക്കു ശേഷം അവ പാസ്സാക്കി. ഹയർ സെക്കന്ററി പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച രണ്ടു വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പുരസ്ക്കാരങ്ങൾ നൽകി.

വനിതാസംഘടനയുടെ പ്രസിഡന്റായി ശ്രീവിദ്യയേയും സെക്രട്ടറിയായി ശ്രീദേവിയെയും തിരഞ്ഞെടുത്തു. കൂടാതെ യുവജന വിഭാഗം പ്രസിഡന്റ് ആയി വിഷ്ണു പ്രസാദിനെയും സെക്രട്ടറിയായി കാർത്തിക് വർമ്മയെയും ജോയിന്റ് സെക്രട്ടറിയായി ദ്വിജ വർമ്മയെയും തിരഞ്ഞെടുത്തു. ശരണ്യാ വർമ്മ, അമൃത്യ വർമ്മ, വൈഷ്ണവ്

വർമ്മ, ശ്യാമിനി വർമ്മ, ധീരജ് വർമ്മ എന്നിവരും അടങ്ങുന്നതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി.

മനോഹരമായ പൂക്കളത്തോടെ രാവിലെ 10-ന് ആരംഭിച്ച ആഘോഷങ്ങൾ വൈകിട്ട് അഞ്ചു മണി യോടെയാണ് അവസാനിച്ചത്. കുട്ടികളുടേയും മുതിർന്നവരുടേയും കലാപരിപാടികളും വിവിധ മൽസരങ്ങളും ആഘോഷത്തിന് കൊഴുപ്പുകൂട്ടി. വിഭവസമൃദ്ധമായ സദ്യ ആഘോഷങ്ങൾക്കൊരല ങ്കാരമായി. കുട്ടികളടക്കം 120 ഓളം ആളുകൾ പങ്കെടുത്തു.

## വൈക്കം

കഴിഞ്ഞ മൂന്നു മാസ കാലയളവിൽ ഒരു പൊതുയോഗവും, ഒരു ഭരണസമിതി യോഗവും ചേർന്നു. CBSE ദേശീയ തലത്തിൽ നടത്തിയ CBSE budding authors program-ൽ ഏഴാംക്ലാസ് വിദ്യാർ ത്ഥിനിയായ മൈഥിലി വർമ്മയുടെ The Outbreak എന്ന ചെറു കഥ, തെരഞ്ഞെടുക്കപ്പെട്ടു. 27/8/2023 വൈക്കം കിഴക്കേ നടയിൽ ആറാട്ട് കുളങ്ങര ശ്രീകൃഷ്ണസ്വാമി ക്ഷേത്ര ഹാളിൽ വച്ച് ഈ



വർഷത്തെ ഓണാഘോഷം ആഘോഷിച്ചു. കുട്ടികളുടെയും മുതിർന്നവരുടെയും മത്സരങ്ങളും ഉണ്ടായിരുന്നു. ഓണാഘോഷപരിപാടിയിൽ 71 പേർ പങ്കെടുത്തു.

## കരിവെള്ളൂർ

യൂണിറ്റ് ജനറൽ ബോഡി യോഗം 13 -8 -2023 ന് ഞായറാഴ്ച്ച ഉച്ചക്ക് 2 മണിക്ക് യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യന്റെ വസതിയിൽ വെച്ച് നടന്നു. യോഗത്തിൽ ഇ.എം. കൃഷ്ണകുമാർ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ വിശദമായ പ്രവർത്തന റിപ്പോർട്ടും വരവ്-ചെലവ് കണക്കും അവതരിപ്പിച്ചു സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ സി.കെ. രാഘവൻ, എൻ.പി. പുരുഷോത്തമൻ, സി.കെ. കുഞ്ഞിനാരായണ വർമ്മ, എൻ.എം. പവിത്രൻ, സി.കെ. മധു, കെ. ചന്ദ്രകാന്തൻ, എൻ.പി. ബാലകൃഷ്ണൻ, എസ്.പി. ശശിധരൻ തമ്പാൻ, എന്നിവർ പങ്കെടുത്തു. തുടർന്ന് റിപ്പോർട്ടും വരവ് ചിലവ് കണക്കും അംഗീകരിച്ചു. യോഗത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത ഉത്തരമേഖലാ ഓർഗനൈസിംഗ് സെക്രട്ടറി വി.സി. കൃഷ്ണവർമ്മ (നീലേശ്വരം) സംസ്ഥാന കമ്മിറ്റി തീരുമാനങ്ങൾ വിശദീകരിച്ചു. സംസ്ഥാന ജോയിന്റ് സെക്രട്ടറി പി.കെ. മോഹനവർമ്മ പിലാത്തറ യോഗത്തിൽ പങ്കെടുക്കാമെന്ന് അറിയി ച്ചെങ്കിലും തലേദിവസം അസൗകര്യം അറിയിക്കു കയുണ്ടായി. തുടർന്ന് 2023 വർഷത്തിൽ SSLC, PLUS TWO, DEGREE പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഹരിചന്ദന കെ.ഇ. D/o എൻ.എം. പവിത്രചന്ദ്രൻ, വൈഷ്ണവി സി.ആർ. D/o വി.ടി. വാസുദേവൻ, നിവേദ് വർമ്മ S/o ടി.എം. സദാനന്ദൻ, വിഷ്ണു വി. S/o വി.ടി. വാസുദേവൻ എന്നിവർക്ക് മുഖ്യാതിഥി വി.സി. കൃഷ്ണവർമ്മ ക്യാഷ് അവാർഡും യൂണിറ്റ് രക്ഷാധികാരി വി.എം. ദാമോദരൻ സർട്ടിഫിക്കറ്റും വിതരണം ചെയ്തു. USS സ്കോളർഷിപ്പ് ലഭിച്ച അഭിനവ് കൃഷ്ണ S/o കൃഷ്ണപ്രസാദ് വർമ്മ, അഭിരാമി പി.എം. D/o ടി.എം. ഉണ്ണികൃഷ്ണൻ എന്നീ കുട്ടികളെയും ക്യാഷ് അവാർഡ് നൽകി അനുമോദിച്ചു. 2023-ലെ വരിസംഖ്യ അടക്കാൻ ബാക്കിയുള്ളവർ ഉടനെ അടയ്ക്കണമെന്ന് സെക്രട്ടറി അറിയിച്ചു. യോഗ ത്തിൽ യൂണിറ്റ് വനിതാ വിഭാഗം സെക്രട്ടറി ഡോ. എം. കവിത നന്ദി പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 21 -10 -2023 ന് ശനിയാഴ്ച്ച വൈകുന്നേരം 3 മണിക്ക് യൂണിറ്റ് പ്രസിഡണ്ടിന്റെ വസതിയിൽ വെച്ച് നടന്നു. യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ സ്വാഗതം പറഞ്ഞു. പ്രസിഡണ്ട് പി.എം. സുബ്ര ഹ്മണ്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്ര ട്ടറി റിപ്പോർട്ട് വായിച്ചു. തുടർന്ന് മഹാറാണി സേതു പാർവതിഭായ് സ്മാരക സ്കോളർഷിപ്പിന്റെ



ഗഡു സംഖ്യക്കുള്ള ചെക്കുകൾ വിതരണം ചെയ്തു. എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ ശ്രീഹരി കെ. ഇ. S/o എൻ.എം. പവിത്ര ചന്ദ്രൻ എന്ന കുട്ടിക്ക് യൂണിറ്റ് രക്ഷാധികാരി വി.എം. ദാമോദരൻ ചെക്ക് വിതരണം ചെയ്തു. എഞ്ചിനീയറിംഗ് വിഭാഗത്തിൽ സുകന്യ ടി.എം. D/o കെ. ഹരീന്ദ്രൻ എന്ന കുട്ടിക്ക് സംസ്ഥാന വൈസ് പ്രസിഡന്റ് കൂടിയായ യൂണിറ്റ് സെക്രട്ടറി ടി.എം. ശ്രീകുമാർ ചെക്ക് കൈമാറി. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഗോപിക എൻ.പി. എന്ന കുട്ടിക്ക് വേണ്ടി എൻ.പി. കാമാക്ഷിവർമ്മ യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യനിൽ നിന്നും ചെക്ക് ഏറ്റുവാങ്ങി. ഡിഗ്രി വിഭാഗത്തിൽ സ്കോളർഷിപ് ലഭിച്ച വിസ്മയ ജി.കെ. എന്ന കുട്ടിക്ക് വേണ്ടി പിതാവ് ഇ.എം. ഗോവിന്ദൻ യൂണിറ്റ് രക്ഷാധികാരി വി.എം. ദാമോദരനിൽ നിന്നും ചെക്ക് ഏറ്റുവാങ്ങി. സ്കോളർഷിപ് ലഭിച്ച കുട്ടികളെ യോഗം അഭിനന്ദിച്ചു. യോഗത്തിൽ എൻ.പി. കാമാക്ഷി വർമ്മ നന്ദി പറഞ്ഞു. യോഗം 5.30 മണിക്ക് അവസാനിച്ചു.

## ശ്രീകാമാക്ഷി ക്ഷേത്രം

ഈ വർഷത്തെ നവരാത്രി ആഘോഷം 15-10-2023 മുതൽ 24-10-2023 വരെ ഭക്തിനിർഭരമായ ചടങ്ങുകളോടെ ആഘോഷിച്ചു. പരിപാടിയുടെ ഔപചാരികമായ ആരംഭത്തിന് മേൽശാന്തി ഭദ്രദീപം തെളിയിച്ചതോടെ തുടക്കം കുറിച്ചു. ക്ഷേത്രത്തിൽ പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ട്രസ്റ്റ് അംഗം കൂടിയായ ഒരു ദേവി ഭക്തന്റെ സാമ്പത്തിക സഹായത്തോടെ പുതുതായി പണി കഴിപ്പിച്ച വഴിപാട് കൗണ്ടർ 15-10 -2023 നു രാവിലെ 10 മണിക്ക് ശബരിമല മുൻ മേൽശാന്തി ബ്രഹ്മശ്രീ കെ.സി. നാരായണൻ നമ്പൂതിരി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തോടനുബന്ധിച്ച് പാൽപ്പായസം വിതരണം ചെയ്തു. കലാസാംസ്കാരിക പരിപാടികളുടെ ഉദ്ഘാടനം ഡോ. സി.കെ. ജയകൃഷ്ണൻ നമ്പ്യാർ (തലശ്ശേരി) നിർവഹിച്ചു. കരോക്കെ ഗാനമേള, തിരുവാതിരകളി, സംഗീതനിശ, ഓട്ടൻതുള്ളൽ, ഗാനമേള, ഗാനാലാപനം, രാഗമാലിക, സിനിമാറ്റിക് ഡാൻസ്, ഗാനമധുരിമ, നൃത്തനൃത്യങ്ങൾ, എന്നീ പരിപാടികൾ വിവിധ ദിവസങ്ങളിൽ അരങ്ങേറി. എല്ലാ ദിവസവും പരിപാടികൾക്ക് വലിയ ജനപങ്കാളിത്തം ഉണ്ടായിരുന്നു. ക്ഷേത്രത്തിൽ എല്ലാ ദിവസവും നിറമാലയും മഹാനവമി ദിവസം തായമ്പക, നിറമാല, വാഹനപൂജ എന്നിവയും നടന്നു. വിജയദശമി ദിവസത്തിൽ വിദ്യാരംഭം, ഗ്രന്ഥമെടുപ്പ്, അന്നദാനം, തിടമ്പുനൃത്തം എന്നിവ ഉണ്ടയിരുന്നു. രണ്ടായിരത്തോളം പേർ അന്നദാനത്തിൽ പങ്കെടുത്തു. ക്ഷേത്ര ചടങ്ങുകൾക്കു ട്രസ്റ്റ് പ്രസിഡന്റ് സി.കെ. രാമചന്ദ്രൻ നായർ, ട്രസ്റ്റ് സീനിയർ മെമ്പർ പി.കെ. കുഞ്ഞികൃഷ്ണൻ അടിയോടി, സെക്രട്ടറി ഇ.എം. കൃഷ്ണകുമാർ, ട്രഷറർ എൻ.പി. കാമാക്ഷി വർമ്മ, ഭരണസമിതി അംഗങ്ങളായ പി.കെ. പത്മനാഭൻ അടിയോടി, സി.കെ. ഹരിദാസൻ നമ്പ്യാർ, രാധാമണി ആർ. വർമ്മ, സി.കെ. ഗോപിനാഥൻ നമ്പ്യാർ, പി.കെ. അച്ചുതൻ അടിയോടി, പി. കലാധരൻ, പി.കെ. ബാലഗോപാലൻ എന്നിവരും ആഘോഷപരിപാടികൾക്ക് ചെയർമാൻ കെ. രാഘവൻ, കൺവീനർ ബിജു, അംഗങ്ങളായ എൻ.പി. രവിവർമ്മ, എ. ശശീധരൻ, കെ.വി. ഗംഗാധരൻ, എൻ.എം. രാധാകൃഷ്ണൻ, ടി.പി. രാമചന്ദ്രൻ, എൻ.പി. സന്തോഷ്, ടി.എം. രാജമോഹനൻ, എൻ.പി. പുരുഷോത്തമൻ, എം. സുധീർ, കെ.വി. പീതാംബരൻ, ശ്യാമള മാധവൻ, ഷൈന സുധീർ, സി.ആർ. അംബിക ടീച്ചർ എന്നിവർ നേതൃത്വം നൽകി.

നവരാത്രി ആരംഭം മുതൽ വിജയദശമി ദിവസം വരെ വിശ്രമമില്ലാതെ വഴിപാട് കൗണ്ടറിൽ സേവനം അനുഷ്ഠിച്ച എൻ.പി. ബാലകൃഷ്ണന്റെ പ്രവൃത്തി മാതൃകാപരവും അനുകരണീയവും അഭിനന്ദനാർഹവുമാണ്. ക്ഷേത്രത്തിലും നടപ്പന്തലിലും സരസ്വതി മണ്ഡപത്തിലും കലാപരിപാടി നടക്കുന്ന വേദിയിലും പന്തലിലും ദീപാലങ്കാരം നടത്തുകയും, ക്ഷേത്രവും സമീപപ്രദേശങ്ങളും ദീപപ്രഭയിൽ മുങ്ങിയതും ഗീതം ഗോപിയുടെ കരവിരുത് തന്നെയാണ്. അഭിനന്ദനങ്ങൾ.

## ചരമം

### ലളിതാംബിക തമ്പുരാട്ടി




കടപ്ര-മാന്നാർ വാക്കയിൽ കോയിക്കൽ ലളിതാംബിക തമ്പുരാട്ടി (ലില്ലി - 85) അന്തരിച്ചു. പന്തളം കോയിക്കൽകുഴി കോവിലകത്ത് പരേതനായ രാമവർമ്മ തമ്പാന്റെ സഹധർമ്മിണിയാണ്. മക്കൾ: പരേതയായ ശൈലജാദേവി, ഗിരിജാദേവി, അഡ്വ. ഗിരീഷ് രാമവർമ്മ (കേരള ഹൈക്കോടതി). മരുമക്കൾ: രാമസിംഹ വർമ്മ, ഉണ്ണികൃഷ്ണ വർമ്മ, ശ്രീദേവി.

### ശ്രീകുമാരവർമ്മ



ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ പരേതരായ സുഭദ്രതമ്പുരാട്ടിയുടെയും നാരായണൻ നമ്പൂതിരിയുടെയും മകൻ ശ്രീകുമാര വർമ്മ (72) അന്തരിച്ചു. പ്രീമിയർ ടയേഴ്സ് ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ: സുധാ വർമ്മ, (റിട്ട. എസ്.ബി.ഐ.-'ലളിത വിലാസ്', മണ്ണൂർമഠം കൊട്ടാരം, മാവേലിക്കര). മക്കൾ: മീനുശ്രീ, അനുശ്രീ. മരുമക്കൾ: രവിശങ്കർ, ഗിരീഷ് രാധാകൃഷ്ണൻ.

### കേരള വർമ്മ പി.




പന്തളം നീരാഴിക്കെട്ട് കൊട്ടാരത്തിൽ കേരള വർമ്മ പി. (ശിവപ്രസാദ് - 85) അന്തരിച്ചു. എൽ.ഐ.സി (റിട്ട.) ഡിവിഷനൽ മാനേജർ ആണ്. ഭാര്യ: തൃപ്പൂണിത്തുറ മരതകക്കെട്ട് പാലസിലെ പരേതയായ പദ്മിനി തമ്പുരാൻ. മക്കൾ: വൃന്ദ നന്ദകുമാർ വർമ്മ (SBI), വന്ദന സലിൽ വർമ്മ (ടീച്ചർ കോഴിക്കോട്). മരുമക്കൾ: Dr. നന്ദകുമാർ വർമ്മ (റിട്ട. പ്രൊഫസർ, തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ്), പ്രൊഫ. സലിൽ വർമ്മ (ദേവമാതാ കോളേജ്, കോഴിക്കോട്).

### എ. ഗീതാംബിക



കോഴിക്കോട് മീഞ്ചന്ത എൻ.എസ്.എസ്. ഹൈസ്കൂൾ റിട്ട. അധ്യാപിക കാരാപ്പുഴ ഇളയ കോവിലകം എ. ഗീതാംബിക (68) അന്തരിച്ചു. ഭർത്താവ്: ചാലക്കുടി തെക്കേമഠം പരേതനായ ടി.കെ. കേരള വർമ്മ. മക്കൾ: ഡോ. ഇ.കെ. കൃഷ്ണപ്രിയ (സയന്റിസ്റ്റ്, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, തിരുവനന്തപുരം), ഇ.കെ. ജിഷ്ണു വർമ്മ. (ടോറന്റ് ഫാർമസ്യൂട്ടിക്കൽസ്, കൊച്ചി). മരുമക്കൾ: ജിമ്മി ജോസ്, ഇന്ദു പി. വാസു.

### ശശീന്ദ്രവർമ്മ



വൈക്കം ക്ഷത്രിയ ക്ഷേമ സഭയുടെ ഭരണസമിതി അംഗമായിരുന്ന ശശീന്ദ്രവർമ്മ (74), ശിവാഞ്ജലി, ദിവംഗതനായി. ഭാര്യ: ഓമന. മകൻ: ശ്രീജിത്ത്.

### കനകം തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ 'ലക്ഷ്മി വിലാസം' പാലസ് നമ്പർ 45-ൽ കനകം തമ്പുരാൻ (85) നിര്യാതയായി. ഭർത്താവ്: കൊടുങ്ങല്ലൂർ ചിറക്കൽ കോവിലകത്ത് ചന്ദ്രമോഹനൻ രാജ. മക്കൾ: സുജാത, കൃഷ്ണകുമാർ. മരുമക്കൾ: രവിവർമ്മ, ശ്രീദേവി.

### ശ്രീകുമാര വർമ്മ



വെണ്ണിക്കുളം തേക്കനാൽ കോയിക്കൽ പരേതനായ രാഘവ വർമ്മയുടേയും ലീല തമ്പുരാട്ടിയുടേയും പുത്രൻ ശ്രീകുമാര വർമ്മ (60) നിര്യാതനായി.

### ടി.എം. ദേവി വർമ്മ



തിരുവനന്തപുരം പെരുന്താന്നി സുഭാഷ് നഗർ Plot No. 41, പരേതനായ കേരളവർമ്മ തിരുമൽപ്പാടിന്റെ (റിട്ട. ജോ. സെക്രട്ടറി, സംസ്ഥാന ഗവ.) സഹധർമ്മിണി നെല്ലായ കിഴ

ക്കേപ്പാട്ട് കുടുംബാംഗം ടി.എം. ദേവി വർമ്മ (അമ്മു-89) നിര്യാതയായി. മകൾ: ടി.എം. ജയശ്രീ വർമ്മ (റിട്ട. കാത്തലിക് സിറിയൻ ബാങ്ക്). മരുമകൻ: ഭവദാസൻ T (റിട്ട. മാതൃഭൂമി).

### രാജേന്ദ്രരാജ




കോട്ടക്കൽ കോവിലകത്തെ രാജേന്ദ്രരാജ (71) നിര്യാതനായി. ഭാര്യ: സി.കെ. സുജാത വർമ്മ (ചിറക്കൽ കോവിലകം). മകൻ: സി.കെ. അതുൽ വർമ്മ. മരുമകൾ:- സാന്ദ്ര (ശ്രീ).

### രാജേഷ് വർമ്മ



ആലങ്ങാട്ട് സ്വരൂപം, ദേശം പടിഞ്ഞാറെ മഠത്തിൽ പരേതനായ ആദിത്യവർമ്മ രാജയുടെയും സ്രാമ്പിക്കൽ മഠത്തിൽ വിമലകുമാരി തമ്പുരാട്ടിയുടെയും മകൻ രാജേഷ് വർമ്മ (52) നിര്യാതനായി. ഭാര്യ: ശ്രീജ വർമ്മ.

### രാമവർമ്മ ദുർഗ്ഗാദത്തൻ തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ പാലസ് നമ്പർ 15 ലെ (തോപ്പ് പാലസ്) രാമവർമ്മ ദുർഗ്ഗാദത്തൻ തമ്പുരാൻ (അപ്പൻ തമ്പുരാൻ - 78) നിര്യാതനായി. ഭാര്യ: പരേതയായ സുമ വർമ്മ (പൂഞ്ഞാർ പാലസ്)

### രഞ്ജിത്ത് വർമ്മ



ഇടപ്പള്ളി കോശ്ശേരി മഠത്തിൽ സ്നേഹ പ്രഭാവർമ്മ (ഓമന) യുടെയും ഇളങ്കുന്നപ്പുഴ നടയ്ക്കേ കോവിലകത്ത് പരേതനായ സുകുമാരൻ തമ്പാന്റെയും മകൻ രഞ്ജിത്ത് വർമ്മ (55) വാഷിംഗ്ടൺ ഡി.സി.യിൽ നിര്യാതനായി. ഭാര്യ: ബിന്ദു വർമ്മ, മംഗളമഠം, തൃപ്പൂണിത്തുറ. മക്കൾ: വരുൺ വർമ്മ, നിഖിൽ വർമ്മ (മൂവരും അമേരിക്കയിൽ)

### വിലാസിനി കെ. വർമ്മ



ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരം കുടുംബാംഗം വിലാസിനി കെ. വർമ്മ (81) അന്തരിച്ചു. ചാഴൂർ കോവിലകാംഗം പരേതനായ സി.കെ. കേരള വർമ്മയാണു ഭർത്താവ്. മക്കൾ: പരേതയായ സുധാ വർമ്മ, ലേഖാ വർമ്മ, സുധീർ വർമ്മ. മരുമക്കൾ: ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, ഭവദാസ് തമ്പുരാൻ, നയനാ വർമ്മ.

### നാരായണ വർമ്മ വി.കെ.



ചെന്നിത്തല കോമള ഭവനത്തിൽ നാരായണ വർമ്മ വി.കെ. (62- റിട്ട. സീനിയർ അക്കൗണ്ടന്റ് AG' s Office.Kottayam) നിര്യാതനായി. ഭാര്യ: ആർ. ലേഖ. (ബ്രാഞ്ച് മാനേജർ, കേരള ബാങ്ക്, നിരണം). മക്കൾ: ഭരത് വർമ്മ (Fingent Global), ഭാവന വർമ്മ (വിദ്യാർത്ഥിനി).

### ഭദ്രാ വർമ്മ



വടക്കേ മാളിയേക്കൽ മഠം കുടുംബാംഗം ഭദ്രാ വർമ്മ (80) നിര്യാതയായി. ഭർത്താവ്: ചേർത്തല പരിമണത്ത് കോവിലകത്ത് പരേതനായ രാമചന്ദ്ര വർമ്മ. മക്കൾ: ഇന്ദു വർമ്മ, പരേതനായ അജിത് വർമ്മ. മരുമകൻ: ഹരി വർമ്മ.

### പി.കെ.സി. തമ്പുരാട്ടി



മലപ്പുറം മങ്കട ഹൈസ്കൂൾ റിട്ട. പ്രധാനാധ്യാപിക പി.കെ.സി. തമ്പുരാട്ടി (പി.കെ. ചെറമ്പാട്ടി തമ്പുരാട്ടി-87) നിര്യാതയായി. ഭർത്താവ്: മങ്കട കോവിലകത്തെ പരേതനായ എം.സി. കൃഷ്ണവർമ്മ രാജ (കുഞ്ഞനി

യൻ രാജ). മക്കൾ: പി.കെ. ശശികുമാർ (മലിനീകരണ നിയന്ത്രണ ബോർഡ് റിട്ട. ഉദ്യോഗസ്ഥൻ), ജ്യോതി പ്രദീപ്. മരുമക്കൾ: ചിത്ര ശശികുമാർ (അദ്ധ്യാപിക, ബേപ്പൂർ ഹയർ സെക്കന്ററി സ്കൂൾ), ജി. പ്രദീപ് വർമ്മ (കാനറാ ബാങ്ക് റിട്ട. എ.ജി.എം.)

### എം.എം. രാധാമണി




അറത്തിൽ എം.എം. രാധാമണി (68) അന്തരിച്ചു. ഭർത്താവ്: വിമുക്തഭടൻ പരേതനായ എസ്. വി.ആർ. രാജ. സഹോദരങ്ങൾ: നാരായണൻ ഉണ്ണിത്തിരി (തൃപ്പൂണിത്തുറ), വാസന്തി (തിരുവനന്തപുരം), രാധാകൃഷ്ണൻ (ചെന്നൈ).

### ശ്രീകുമാര വർമ്മ



മാവേലിക്കര ഉതൃട്ടാതിപ്പുരയിൽ ഭവാനി അമ്മ തമ്പുരാട്ടിയുടെയും കിളിമാനൂർ ചാവടി കൊട്ടാരത്തിൽ രാമവർമ്മയുടെയും മകനായ ശ്രീകുമാര വർമ്മ (83) അന്തരിച്ചു. ഭാര്യ: കൈപ്പുഴ നാലുകെട്ട് കൊട്ടാരത്തിൽ നളിനി വർമ്മ. മക്കൾ: സന്തോഷ് വർമ്മ (ചെന്നൈ), സഞ്ജയ് വർമ്മ.

### കെ. രാജരാജ വർമ്മ



എറണാകുളം മംഗള മഠത്തിൽ കെ. രാജരാജ വർമ്മ (97) Rtd. Supdt. Engr - PWD, ദിവംഗതനായി. പത്നി: ഇടപ്പള്ളി വടക്കേ കോശ്ശേരി മഠത്തിൽ പരേതയായ രമണി ആർ. വർമ്മ. മക്കൾ: അജിത് വർമ്മ, പരേതയായ ആശ വർമ്മ, ഉഷ വർമ്മ. മരുമക്കൾ: ശുഭ വർമ്മ, സതീഷ്കുമാർ ടി.എൻ., നന്ദകുമാർ വർമ്മ.

### പൂരംനാൾ മംഗല തമ്പുരാട്ടി



പന്തളം തോന്നല്ലൂർ നാലുകെട്ട് കൊട്ടാരത്തിൽ പൂരംനാൾ മംഗല തമ്പുരാട്ടി (കൊച്ചമ്മിണി തമ്പുരാട്ടി - 87) അന്തരിച്ചു. ദീർഘകാലം പന്തളം കൊട്ടാരം നിർവ്വാഹകസംഘം ഭരണസമിതി അംഗമായിരുന്നു.ഭർത്താവ്: ആറന്മുള കൊച്ചുകോയിക്കൽ കൊട്ടാരത്തിൽ പരേതനായ രവിവർമ്മ. മക്കൾ: ശോഭത്തമ്പുരാട്ടി, കെ.രവിവർമ്മ (ബഹ്റൈൻ), കെ.ആർ. കേരളവർമ്മ. മരുമക്കൾ: സുരേഷ്, അശ്വതി, സീതാലക്ഷ്മി.

### ഇന്ദിര വർമ്മ




പടിഞ്ഞാറെ ചാലക്കുടി വടക്കേ മഠത്തിൽ ഇന്ദിര വർമ്മ (77) അന്തരിച്ചു. അഷ്ടമിച്ചിറ ഗാന്ധി സ്മാരക ഹൈസ്കൂൾ റിട്ട. അധ്യാപികയാണ്. ഭർത്താവ്: സുരേന്ദ്ര വർമ്മ. മക്കൾ: സുനിത, സരിത, മരുമക്കൾ: സജീവ്, മുരളി.

### മോഹന വർമ്മ



ചേർത്തല ചെങ്ങണ്ട രാമവില്ലാ കോവിലകത്ത് മോഹന വർമ്മ (80) അന്തരിച്ചു. ഭാര്യ: ശാന്തകുമാരി വർമ്മ. മക്കൾ: സന്തോഷ് വർമ്മ (തിരുപ്പൂർ), രാജേഷ് വർമ്മ (കിറ്റെക്സ്, കൊച്ചി). മരുമക്കൾ: രജിനി വർമ്മ വരന്തരപ്പള്ളി, ജ്യോതി വർമ്മ ഒല്ലൂർക്കര.

### രാമവർമ്മ കുഞ്ഞപ്പൻ തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ ശാന്തിനികേതൻ പാലസിൽ രാമവർമ്മ കുഞ്ഞപ്പൻ തമ്പുരാൻ (90) അന്തരിച്ചു. ഭാര്യ: മണ്ണാർക്കാട് കുന്നത്താട്ട് മാടമ്പിൽ സൗദാമിനി വർമ്മ. മക്കൾ: ഡോ. ശ്രീദേവി വർമ്മ, ശ്യാമള വർമ്മ, രമ്യ വർമ്മ. മരുമക്കൾ: ജയദേവൻ, കൃഷ്ണകുമാർ, ജഗദീഷ്.

## വരനെ ആവശ്യമുണ്ട്

### BOX No. 2341

| | | | |
|---|---|---|---|
| മ | | | |
| ശി | ഗ്രഹനില | | മാ |
| ഗു | | | ല സ |
| | ശു കു | | ര ച ബു |

| | | | |
|---|---|---|---|
| ബു മാ | | ര ശി | ഗു |
| മ | നവാംശം | | ല ശു |
| | | | |
| | സ | | ച കു |

ജന്മശിഷ്ടം: 4 വർഷം 0 മാസം 2 ദിവസം കുജദശ

Kshatriya girl (Samantha Eradi) 26 yrs. (03 October 1997; Kanni 1173), Chithira Star, Fair, Vegetarian, MBBS; Working as RMO in Mothers Care Hospital, Mannarkkad. Seeks alliance from well educated boys from Kshatriya/Ambalavasi Community.

Contact : **9744469368, 7907020116**

### BOX No. 2342

| | | | |
|---|---|---|---|
| ഗു | മ | | മാ |
| ല ശു | ഗ്രഹനില | | ച സ |
| ര ബു ശി | | | |
| | | കു | |

| | | | |
|---|---|---|---|
| സ | | ല ബു മ മാ | ര |
| | നവാംശം | | |
| | | | ഗു |
| കു ശു | | ച | ശി |

ജന്മശിഷ്ടം: 9 വർഷം 0 മാസം 2 ദിവസം ശനിദശ

Kshathriya Girl, 24 years (31-01-1999- 1174 Makaram 17), Pooyam Star, 154 cm tall, Post Graduate seeks suitable alliance from pure vegetarian Kshathriya or similar caste boys preferably below 30 years

Contact : **9447117623, 7907966867**

## വധുവിനെ ആവശ്യമുണ്ട്

### BOX No. 2343

| | | | |
|---|---|---|---|
| ല ശി മാ | | | |
| ശ മ | ഗ്രഹനില | | |
| കു ബു | | | ച |
| ഗു മ | | | സ |

| | | | |
|---|---|---|---|
| കു ശി | ബു | | ഗു |
| | നവാംശം | | |
| മാ | | | ച |
| | ര | മ ശ | ല സ |

ജന്മശിഷ്ടം: 19 വർഷം 9 മാസം 26 ദിവസം ശുക്രദശ

ക്ഷത്രിയ യുവാവ്, 27 വയസ് (10-01-1996-11.24 am) പൂരം നക്ഷത്രം, 174 സെ.മീ., ഗ്രാഫിക്സ് & ആനിമേഷനിൽ ബിരുദം, വിഷ്വൽ ആനിമേറ്ററായി ബാംഗ്ലൂരിൽ ജോലിചെയ്യുന്നു. അനുയോജ്യരായ ക്ഷത്രിയ/സാമന്ത പെൺകുട്ടികളുടെ ആലോചനകൾ ക്ഷണിക്കുന്നു.

Contact. **9495395192**

## BOX No. 2344

| | | | |
|---|---|---|---|
| | ശി | | മാ കു |
| ല മ | ഗ്രഹനില | | ച |
| | | | ര |
| | | ഗു ശു സ | ബു |

| | | | |
|---|---|---|---|
| കു | ല | സ | |
| ബു ഗു മ | നവാംശം | | |
| | | | ര ച |
| മാ | ശി | ശു | |

Post Graduate Kshatriya boy, 29 years (02.09.1994), Pooyam star, height 5.7 ft. fair, pure vegetarian, working in a Pvt. Bank at Kozhikode as Dy. Manager. Mother from Kannur, father from Mankav, now settled at Kozhikode. Seeks suitable alliance from qualified, career oriented, like-minded girls from reputed families. Contact. **95676 04545**

## BOX No. 2345

| | | | |
|---|---|---|---|
| ച മാ | ശി | | |
| ര മ | ഗ്രഹനില | | കു ല |
| ബു ശു | | | |
| | ഗു | സ | |

| | | | |
|---|---|---|---|
| ര ശു മാ | മ | | |
| സ | നവാംശം | | ബു |
| കു ഗു | | | ശി |
| | | ച | ല |

ജന്മശിഷ്ടം: 6 വർഷം 8 മാസം 16 ദിവസം ശനിദശ

Namboodiri boy 28 yrs. (03 March 1995; 19 Kumbham 1170); Uthrittathi Star, 5 feet 7 inch tall, B.Com., MBA (Finance) from IFMR-Working as Senior Manager, L&T Finance, H.O-Mumbai. Seeks suitable alliance from Brahmin or Intercaste Brahmin, Kshatriya, Ambalavasi preferably Malayalam knowing, having job or completed job oriented education.

Contact No: **9446056314**

## BOX No. 2346

| | | | |
|---|---|---|---|
| ച | ശി ല | | കു |
| മ മാ | ഗ്രഹനില | | |
| | | | ര ബു |
| | | ഗു സ | ശു |

| | | | |
|---|---|---|---|
| | മാ | ര സ | |
| ഗു മ | നവാംശം | | ശു ല |
| കു | | | ച |
| | ശി | | ബു |

ജന്മശിഷ്ടം: 16 വർഷം 5 മാസം 4 ദിവസം ശനിദശ

Kshatriya boy 28 yrs. (23 August 1994; 07 Chingam 1170); Uthrittathi Star, M.Sc. Physics, B.Ed., Working as UPST, SMVHSS, Poonjar, Kottayam (Govt. Aided School). Seeks suitable alliance from well educated Kshatriya, Ambalavasi girls.

Contact No: **9447089350, 8574337623**

## BOX No. 2347

| | | | |
|---|---|---|---|
| കു | ച | ബു ശു | ല ര ഗു |
| | ഗ്രഹനില | | ശി |
| മ സ | | | മാ |
| | | | |

| | | | |
|---|---|---|---|
| | ഗു | സ | |
| | നവാംശം | | ബു |
| കു ഭൃ മ | | | |
| ല മാ | ര ച ശി | | |

ശിഷ്ടദശ: ശുക്രൻ 0 വർഷം, 10 മാസം, 11 ദിവസം

Kshatriya boy 33 yrs (20 Jun 1990), Bharani star, 165 cm., B. Tech. (Electronic & Communication Engg). Freelance Software Engineer, Entrepreneur, Running an NGO, Co-founder of Dakshin Vrindavan Gaushala (dakshinvrindavan.org). Seeks suitable alliance from parents of Kshatriya community.

Contact: **9447072138, 9995052138**

# ബാഷ്പാഞ്ജലി

*In Loving Memory of*



## ആർ. രാമവർമ്മ [ദാസൻ–ഠ]

'അംബികാ നിവാസ്', ബുധനൂർ പി.ഒ., ചെങ്ങന്നൂർ

**സന്തപ്ത കുടുംബാംഗങ്ങൾ**

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha

October 2023
Annual Subscription ₹ 200

# വിവാഹ മംഗളാശംസകൾ



ഡോ. എസ്. സുവർണ്ണാദേവിയുടെയും
രമേഷ് പുതിയ കോവിലകത്തിന്റെയും മകൾ
**ഡോ. അനഘാ എസ്. രാജ**യും
ഡോ. കെ. രവികുമാറിന്റെയും
ഡോ. ഐശ്വര്യ കുമാരിയുടെയും മകൻ
**ഡോ. ആർ. രാജ് കൃഷ്ണ**നും
തമ്മിലുള്ള വിവാഹം 2023 സെപ്റ്റംബർ 10
ഞായറാഴ്ച തിരുവനന്തപുരം, കഴക്കൂട്ടം
അൽ – സാജ് കൺവെൻഷൻ സെന്ററിൽ വച്ച്
സമംഗളം നടന്നു.



Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha, Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org